ഒഴിവാക്കാമായിരുന്നു എന്ന് നേതാജിയെ പോലെ ഇവരും വിശ്വസിച്ചിരുന്നു. ബർമ്മയിൽ വെച്ചാണ് ക്യാപ്റ്റൻ ലക്ഷ്മി ബ്രിട്ടീഷ് സൈന്യത്തിന്റെ പിടിയിലാകുന്നത്. ജയിൽ മോചിതയായി സ്വതന്ത്ര ഇന്ത്യയിലെത്തിയിട്ടും അവരുടെ കർമ്മബോധത്തിനും പോരാട്ടവീര്യത്തിനും യാതൊരു മാറ്റവും വന്നില്ല. കാൻപൂരിൽ സാധാരണക്കാരനു വേണ്ടി അവർ നടത്തിയിരുന്ന ആതുരശ്രുശ്രൂഷാലയത്തിലെ പ്രവർത്തനങ്ങൾക്കു പുറമേ ഇന്ത്യയിൽ നടന്ന എല്ലാ പ്രധാനപ്പെട്ട പ്രശ്നങ്ങളിലും അവരുടെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു. ബംഗ്ലാദേശ് പ്രശ്നം നടക്കുമ്പോൾ ബംഗ്ലാദേശിൽ നിന്നെത്തിയ അഭയാർത്ഥികൾക്കിടയിൽ അവർ പ്രവർത്തിച്ചു. താൽക്കാലിക ക്ലിനിക്ക് ഒരുക്കി അവരെ ശ്രുശ്രൂഷിച്ചു. ഭോപാൽ ഗ്യാസ് ദുരന്തത്തിന്റെ ഇരകളെ പരിചരിക്കുന്നതിലും ക്യാപ്റ്റൻ ലക്ഷ്മി സജീവ സാന്നിദ്ധ്യമായിരുന്നു.

ഇന്ത്യ പുരോഗമിക്കണമെങ്കിൽ ദാരിദ്ര്യം തുടച്ച് മാറ്റപ്പെടണമെന്നും സാധാരണക്കാരന്റെ ശബ്ദം നേതൃത്വത്തിൽ മുഴങ്ങി കേൾക്കണമെന്നും അവർ വിശ്വസിച്ചിരുന്നു. അടിസ്ഥാന വിദ്യാഭ്യാസം മാത്രമല്ല നിർഭയരായ പൗരന്മാരുണ്ടായാലെ ജനാധിപത്യം വിജയിക്കുകയുള്ളൂ എന്നു അവർ പറയുമായിരുന്നു. ഈ കാരണങ്ങളാലാകാം തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങൾ രാജ്യത്തിന്റെ നേതൃത്വം ഏറ്റെടുക്കണമെന്ന് അവർ ആഗ്രഹിച്ചിരുന്നത്. സഖാവ് സുർജിത്ത്, സഖാവ് ഇ.എം.എസ്, സഖാവ് എ.കെ.ജി എന്നിവരോടൊക്കെ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ 1970 – ൽ അവർ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റിൽ ചേർന്നു. ട്രേഡ് യൂണിയൻ രംഗത്തും, വനിതാ പ്രസ്ഥാനങ്ങളിലും സജീവ സാന്നിദ്ധ്യമായി. 1981– ൽ അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ രൂപീകരിച്ചപ്പോൾ ഇവർ അഖിലേന്ത്യ വൈസ് പ്രസിഡന്റായി.

1984 – ൽ ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്ന് കാൺപൂരിൽ സിക്കുകാർക്ക് നേരെ അക്രമങ്ങൾ നടക്കുമ്പോൾ തെരുവിലിറങ്ങി നിന്ന് അവർ കലാപത്തെ തടഞ്ഞു. കാൺപൂരിലെ ആര്യ നഗറിലെ ഗലിയിലുള്ള ലക്ഷ്മി സൈഗാൾ ക്ലിനിക്ക് പാവപ്പെട്ടവരുടെ ആശ്രയ കേന്ദ്രമായിരുന്നു. സമയമോ കാലമോ പണമോ നോക്കാതെ ആ ആശുപത്രിയിൽ ചികിത്സ ലഭിച്ചിരുന്നു. മരുന്ന് വാങ്ങാൻ പണമില്ലാത്ത രോഗികൾക്ക് തന്റെ കുറിപ്പുമായി ചെന്നാൽ സൗജന്യമായി കടകളിൽ നിന്ന് മരുന്ന് നൽകാനുള്ള സംവിധാനവും അവർ ചെയ്തിരുന്നു. മരുന്നിന്റെ പണം പിന്നീട് അവർ നൽകിയിരുന്നത് പലർക്കും അറിയാത്ത ഒരു രഹസ്യമാണ്.

2002 – ൽ തെരഞ്ഞെടുപ്പിൽ എ.പി.ജെ അബ്ദുൾ കലാമിനെതിരെ ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥിയായി അവർ മത്സരിച്ചു.ആ മത്സരത്തിൽ അവർ ജയിച്ചില്ല. പക്ഷേ ഇന്ത്യയിലെ പാവങ്ങളുടെ വേദനയും കണ്ണീരും തുടച്ചതിന്റെ കണക്കെടുത്താൽ അവർ ആരെക്കാളും മുന്നിലാണ്.ആശുപത്രിയിൽ ചികിത്സയ്ക്ക് സമയപരിധിയില്ലായിരുന്നത് പോലെ, പാവങ്ങൾക്ക് ചികിത്സ നൽകാൻ ക്യാപ്റ്റൻ ലക്ഷ്മിയും സമയപരിധി നിശ്ചയിച്ചിരുന്നില്ല. ആശുപത്രിയിൽ എത്താൻ സാധിക്കാത്തവരെ അവർ വീടുകളിൽ പോയി പരിശോധിച്ചിരുന്നു. കുടിലുകളെന്നോ ചേരിയെന്നോ ഭേദമില്ലാതെ ഏത് പാതിരാത്രിയും അവർ നടന്നുപോയി പ്രസവമെടുക്കുമായിരുന്നു എന്നതാണ് അവരെ കുറിച്ചുള്ള നാട്ടുകാരുടെ മറ്റൊരു ഓർമ്മ, ഏതാണ്ട് അരലക്ഷത്തോളം കുഞ്ഞുങ്ങളാണ് അവരുടെ കൈകളിലേക്ക് പിറന്ന് വീണത്. അവരെ ചികിത്സിച്ച ഡോക്ടർ പോലും അവരുടെ കൈകളിലേക്കാണ് പിറന്ന് വീണത്.

രാജ്യത്തിന്റെ പരമോന്നത ബഹുമതിയായ പത്മശ്രീ അവാർഡ് ലഭിച്ചിട്ടുണ്ട് ഈ മഹിളാരത്നത്തിന്. പത്മഭൂഷൺ പുരസ്ക്കാരം ലഭിക്കുമ്പോഴും അവരുടെ കണ്ണുകളിൽ അമിതാവേശം ഉണ്ടായിരുന്നില്ല. അഭയാർത്ഥികളുടെയും, കുടിയേറ്റ തൊഴിലാളിയുടെയും, ദരിദ്രന്റെ കണ്ണീര് മായുന്ന കാലത്ത് മാത്രമേ അവർക്ക് സ്വസ്ഥത ലഭിക്കുകയുള്ളൂ എന്ന് അവരോട് അടുത്തിടപഴകിയപ്പോഴൊക്കെ തോന്നിയിട്ടുണ്ട്. അവരുടെ സ്വപ്നത്തിന് വേണ്ടി അവർ അവസാന ശ്വാസം വരെ പോരാടി. നിതാന്തം പരിശ്രമിച്ചു. മരണം പോലും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ദീപ്തമായ മുദ്രണമാക്കിയാണ് അവർ നമ്മെ വിട്ട് പോയത്. ഭൂമിയിൽ ജീവിച്ചിരുന്ന ചെറിയ കാലയളവിൽ സാധാരണക്കാരന് എന്ത് ചെയ്യാനാവുമെന്ന് ചിലരെങ്കിലും ചോദിക്കാറുണ്ട്. ക്യാപ്റ്റൻ ലക്ഷ്മിയുടെ ജീവിതം ആ ചോദ്യത്തിനുള്ള മറുപടിയാണ്. ഓർമ്മവെച്ചകാലം മുതൽ അന്യന്റെ ദു:ഖം മാറ്റാൻ അവർ പ്രയത്നിച്ചു. സ്വന്തം ജീവനും സ്വത്തും അപകടത്തിൽപെട്ടപ്പോഴും സധൈര്യം അവർ മുന്നോട്ട് നീങ്ങി.

ഒരു യഥാർത്ഥ മാർക്സിസ്റ്റായി സമൂഹത്തിനോടുള്ള കടമ നിർവ്വഹിച്ചുകൊണ്ടിരുന്നു. ആരെയും ബോദ്ധ്യപ്പെടുത്താനോ അധികാരത്തിനോ വേണ്ടിയല്ല. അന്യന്റെ സന്തോഷം അവരുടെ ശരിയായിരുന്നതു കൊണ്ട് ആ ശരിക്ക് വേണ്ടി അവർ നിരന്തരം പോരാടി. അചഞ്ചലമായ അവരുടെ കർത്തവ്യബോധത്തിന് മുന്നിൽ, ശ്രേഷ്ഠമായ അവരുടെ ജീവിതത്തിന് മുന്നിൽ നമുക്ക് രക്തപുഷ്പങ്ങളർപ്പിക്കാം. അവർ നമുക്കിടയിൽ ജീവിച്ചിരുന്ന ഇതിഹാസനായികയ്ക്ക് വിട പറയുമ്പോൾ അവരുടെ സ്വപ്നം സാർത്ഥകമാക്കാൻ നമുക്കും പ്രതിജ്ഞയെടുക്കാം.

■



**കെ. അശോക് കുമാർ**
മുൻ രജിസ്ട്രാർ, സി-ഡിറ്റ്



# ജാപ്പനീസ് കഥ

സമകാലീന ജാപ്പനീസ് സർഗാത്മക സാഹിത്യത്തിനും ചെറുകഥാ ലോകത്തിനും സാഹിത്യ ചിന്തകന്മാർ ഒരു പുത്തൻ മുദ്ര ചാർത്തി കൊടുത്തിരിക്കുന്നു. ജാപ്പനീസ് സാംസ്കാരിക, സാഹിത്യചരിത്രം സുവ്യക്തവും അതിർവരമ്പുകളുള്ളതുമായ കാലഗണനനൽകി രേഖപ്പെടുത്തിയപോലെ. "കെൻസാബു റോ ഒയെ"യും അതിനുശേഷവും എന്നാണ് ചാർത്തപ്പെട്ട ലേബൽ. 1994 ൽ നോബൽസമ്മാനർഹനായ "ഒയെ" അങ്ങനെ കഥാചരിത്രത്തിന്റെ ഭാഗമാകുന്നു. 1968 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ ആദ്യ ജപ്പാൻകാരനായ യാസുനാരി കവാബാത്തക്ക് ശേഷം നീണ്ട 26 വർഷത്തെ ഇടവേളക്ക് ശേഷമാണ് സാഹിത്യനോമ്പൽ ഒരു ജാപ്പനീസ് എഴുത്തുകാരനെ തേടിയെത്തുന്നത്.



സെൻ ചിന്തയുടെ ആന്തരിക ചൈതന്യം പ്രസരിപ്പിക്കുന്ന സാഹിത്യപ്രപഞ്ചം തീർത്ത യാസുനാരി കവാബാത്തയുടെയും ജാപ്പനീസ് ദേശീയ ബോധത്താൽ ആവേശിക്കപ്പെട്ട് രചനകൾ നടത്തിയ യുക്കിയോ മിഷിമയുടെയും കൂട്ടരുടെയും കാലവും കടന്ന് ഒയെയിൽനി ന്ന് തുടങ്ങിയ പുത്തൻ കൂറ്റുകാരുടെ വെളിപാടുകളുടെ കാലത്തേക്ക് ജാപ്പനീസ് കലാസാഹിത്യം എത്തിയിരിക്കുന്നു. ഇത് ആഗോളവത്ക്കൃതമായ കഥാനിർമ്മിതികളുടെ കാലമാണ്.

ഈ അന്തർദേശീയവത്ക്കരിക്കപ്പെട്ട ആധുനികകഥകൾ പരക്കെവായിക്കപ്പെടുന്നുമുണ്ട്. ആദ്യകാലംമുതൽ കഥാരചനയിലെ പ്രധാന ചേരുവകളായ സാംസ്കാരിക ചിഹ്നങ്ങളും പ്രതീകങ്ങളുമടങ്ങുന്ന പാരമ്പര്യപ്രഭാവത്തിൽനിന്ന് മോചിതരാണ് ഈ പുതിയ കഥാകാരന്മാരും അവർ രചിക്കുന്ന ചെറുകഥകളും. ലോകത്തെങ്ങുമെന്ന പോലെ ഗൗരവമായ വായനയുടെ കാര്യത്തിൽ അപകടകരമായ അപചയമുണ്ടായിരിക്കുന്നു, ജപ്പാനിലും, ഇതര ലോകകഥാരംഗങ്ങളിലെ പ്രവണതകൾ ജാപ്പനീസ് അനുവാചകരെയും സ്വാധീനിക്കുന്നുണ്ട്. അതോടൊപ്പം ഒരു പുതിയ പ്രവണതകൂടി ജാപ്പനീസ് സാഹിത്യരംഗത്ത് കാണപ്പെടുന്നു. കമ്പോളത്തിന്റെ അഭിരുചിക്കിണങ്ങിയ ചൂടപ്പം പോലെ വിറ്റഴിക്കപ്പെടുന്ന സാഹിത്യം അവിടെയും അരങ്ങ് ഭരിക്കുന്നു. ചുരുക്കം ചില കഥാകാരന്മാരുടെ കൃതികൾ അഭൂതപൂർവ്വമായനിലയിൽ വിൽപ്പനയുടെ റിക്കാർഡുകൾ ഭേദിക്കുന്നു. ഹറൂകിമുറകാമിയുടെയും യോഷിമോതോ ബനാനയുടെയും കഥാസമാഹാരങ്ങളും നോവലുകളും ലോകമെങ്ങും ലക്ഷകണക്കിന് കോപ്പികൾ വിറ്റഴിക്കപ്പെടുന്നു.

രസകരമായ ഒരു താരതമ്യപഠനത്തിൽ പറയുന്നത് ഈ രണ്ട് രചയിതാക്കളുടെയും വിറ്റഴിക്കപ്പെട്ട കോപ്പികളുടെ അത്രതന്നെ മാത്രമേയുള്ളൂ ജപ്പാനിലെ ഇന്നത്തെ എല്ലാ

സാഹിത്യകാരന്മാരുടെയും വിറ്റഴിക്കപ്പെടുന്ന കൃതികൾ എന്നാണ്.

വിചിത്രരൂപിയായ ഉപഭോക സംസ്കൃതിയിൽ, വിപണനമൂല്യമുള്ള സാഹിത്യം, ഒരു സുനാമികണക്കെ പരമ്പരാഗത രചനകളെ ശാസ്ത്രകഥകളെ, ചരിത്രകഥകളെ, വൈജ്ഞാനിക രചനകളെയൊക്കെ കടപുഴക്കുന്ന നേർക്കാഴ്ചകൾ സമകാലീന ജാപ്പനീസ് ചെറുകഥാ സാഹിത്യം നമുക്ക് വെളിപ്പെടുത്തുന്നു. എങ്കിലും ഇവയൊന്നും ജനപ്രിയ സാഹിത്യത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്നില്ല. ഈ കഥാകാരന്മാർ ആത്മീയമായ ഒരുതരം ശൂന്യതാബോധം അനുഭവിക്കുന്നുണ്ട്. ഒപ്പം ഉദാത്തമായ ഒരു തലത്തിലേക്കുയരാനുള്ള ശ്രമവും നടത്തുന്നുണ്ട്.

**കഥയുടെ നാൾവഴി**

ജപ്പാനിലെ ആദ്യകാല കഥകളൊക്കെ വാമൊഴിയായിരുന്നു. ജാപ്പനീസ് ഭാഷക്ക് ലിപിഉണ്ടായിരുന്നില്ല. എ.ഡി. 794 കാലഘട്ടത്തിൽ ചൈനയിൽ നിന്നു വന്ന സഞ്ചാരികൾ ചൈനീസ് ചിത്രലിപി ജപ്പാനിൽ പ്രചരിപ്പിക്കുകയും ജപ്പാൻകാർ ആ ലിപി സ്വീകരിച്ച് കഥകൾ രേഖപ്പെടുത്തുകയും ചെയ്തു തുടങ്ങി. നാരാകാലഘട്ടത്തിലെ പുരാവൃത്ത ഇതിഹാസ കഥകളായ കോജിക്കിയാണ് അറിയപ്പെടുന്ന ആദ്യ കഥാസമാഹാരം. നിഹോൺ ഷോക്കി എന്ന കവിതാസമാഹാരവുമാണ് ആദ്യത്തെ മറ്റിതര സാഹിത്യ കൃതികൾ. എ.ഡി. 794 മുതൽ 1187 വരെയുള്ള സിയാൻ കാലഘട്ടമാണ് ക്ലാസിക്കൽ കാലഘട്ടമെന്ന് അറിയപ്പെടുന്നത്. അത് കലയുടെയും സാഹിത്യത്തിന്റേയും സുവർണ്ണകാലമായിരുന്നു. ലോകസാഹിത്യത്തിലെ ആദ്യ നോവലുകളിലൊന്നായ ഗെൻജിയുടെ കഥ രചിച്ചതും ഇക്കാലത്താണ്. കൊട്ടാരം ആസ്ഥാനമായി വിദ്വൽസദസ്സുകൾ ഉണ്ടാകുകയും കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**മദ്ധ്യകാലം**

സെൻബുദ്ധിസത്തിന്റെ ശക്തമായ സ്വാധീനം പ്രകടമാണ് മദ്ധ്യകാല കഥകൾക്ക്. ബുദ്ധമതസന്യാസിമാരും, പുരോഹിതരും സഞ്ചാരികളും തപസ്വികളായ കവികളുമൊക്കെയാണ് ഈ കഥകൾ രചിച്ചതും കഥാപാത്രങ്ങളായതും. നിരന്തരമായ ആഭ്യന്തരയുദ്ധങ്ങളും, യോദ്ധാക്കളിലെ സാമുറായി വിഭാഗത്തിന്റെ ഉദയവും കഥകൾക്ക് പ്രചോദനമായി യുദ്ധകഥകളും യുദ്ധവീരന്മാരുടെ അപദാനങ്ങളും കഥകളായി പുനർജ്ജനിച്ചു. മിനാമോത്താ, തയിര എന്നീ വിഭാഗങ്ങളുടെ യുദ്ധകഥകൾ വിവരിക്കുന്ന ഹെയിക്കെയുടെ കഥ ഈ കാലഘട്ടത്തിലെ മുഖ്യകൃതിയാണ്.

**ആദ്യകാല ആധുനികകഥകൾ (Early modern stories)**

സമാധാന കാലമായിരുന്നു, ഏതോ കാലഘട്ടം എന്നറിയപ്പെട്ട തോക്കുഗാവാ എന്ന ശക്തനായ ഭരണാധികാരിയുടെ കാലം. ടോക്കിയോ ആസ്ഥാനമാക്കി പുതിയ രാജധാനിയും അതിനു ചുറ്റും രൂപപ്പെട്ട തൊഴിലാളികളുടെയും മദ്ധ്യവർഗ്ഗത്തിന്റെയും ആവാസകേന്ദ്രങ്ങളും കഥകളെ ജനകീയമാക്കി.

കബൂക്കി എന്ന നൃത്തനാടകത്തിന്റെ കഥകൾ രൂപംകൊണ്ടത് ഇക്കാലത്താണ്. ഉക്കിയോ എന്ന ചിത്രരചനാ സമ്പ്രദായത്തിന്റെ ആവിർഭാവം കഥകളുടെ ചിത്രീകരണം ആകർഷകമാക്കി ജനങ്ങൾ സാക്ഷരരായതും വായനശാലയുടെ ആവിർഭാവവും കഥകളുടെയും മറ്റ് സാഹിത്യശാഖകളുടെയും വളർച്ചക്ക് ആക്കം കൂട്ടി. നാഗസാക്കിയിലെ ഡച്ച് സാന്നിധ്യം വിദേശസ്വാധീനത്തിന് കളമൊരുക്കി. അതുവരെ ചൈനീസ് സ്വാധീനമായിരുന്നു ജാപ്പനീസ് കഥാരചനയ്ക്ക് പ്രചോദനമായത്.


ഉഗെറ്റ്സു കഥകൾ ഹാറുസമെ കഥകൾ, ഇവയാണ് പ്രസിദ്ധ കഥാസമാഹാരങ്ങൾ ഹാസ്യകഥകൾ, കുറ്റകൃത്യകഥകൾ, സാന്മാർഗ്ഗിക കഥ കൾ, ലൈംഗിക കഥകൾ ഇവ വർണ്ണശബളമായ ചിത്രങ്ങളോടുകൂടി പ്രസിദ്ധീകരിച്ചു.

രണ്ടു നൂറ്റാണ്ടുകാലം പുറം ലോകത്തേക്കുള്ള വാതായനങ്ങൾ അടച്ച് ജാപ്പനീസ് ജനത ഒരു നിർവ്വികല്പ സമാധിയിലായിരുന്നു. അക്കാലത്ത് സ്ഫുടം ചെയ്ത് പരിശുദ്ധമാക്കപ്പെട്ട കലകളും സാംസ്കാരിക മുദ്രകളും, കഥകളും ചിത്രങ്ങളും ജാപ്പനീസ് തനിമയായി, മുദ്രയായി രൂപപ്പെട്ടു.

1868 ൽ മെയ്ജി ചക്രവർത്തിയുടെ കാലത്താണ് പാശ്ചാത്യ ലോകത്തേക്കുള്ള വാതായനങ്ങൾ തുറന്നതും വിദേശികൾക്ക് ജപ്പാനിൽ പ്രവേശനം അനുവദിച്ചു തുടങ്ങിയതും.

മെയ്ജി ചക്രവർത്തിയുടെ പുനരുദ്ധാരണം എന്ന ചരിത്രപ്രസിദ്ധമായ നടപടികളുടെ ഭാഗമായി സാമൂഹ്യജീവിതം, സാങ്കേതിക വിദ്യവിജ്ഞാനം എന്നിങ്ങനെ, പാശ്ചാത്യ മാതൃകകൾ പകർത്താൻ തുടങ്ങിയകാലം ജാപ്പനീസ് കഥയിലും പാശ്ചാത്യശൈലി കടന്നുവരുന്നു.

പുത്തൻ ആശയങ്ങളുമായി യുവ കഥാകാരന്മാർ കഥാപ്രസ്ഥാനങ്ങൾ ആരംഭിച്ചു. ഫുക്കുസാവാ യുക്കിച്ചി, നാകെ ചോമിൽ ഇവയുടെ പ്രബോധന കഥകൾ, സുബോച്ചിഷോയോ, ഫുത്താബത്തേഷിമെയി എന്നിവരുടെ യഥാർത്ഥ കഥകൾ, ഒസാക്കി കോയോ, യമുദ ബിമിയോ, തോഡോ റോഹാൻ ഇവരുടെ ക്ലാസിക് കഥകൾ, പീഡിതരായ വനിതകളെക്കുറിച്ച് ചെറുകഥകൾ രചിച്ച ഇച്ഛിയോഹിഗുച്ചിയുടെ രചനകൾ എന്നിവയൊക്കെ ജപ്പാനീസിലെ ആധുനിക കഥാസാഹിത്യത്തിന് അടിത്തറയിട്ടു.



നട്സുമെസൊസെകി, ഷിമാസാകി, തനിസാകി എന്നീ അതികായന്മാരുടെ കഥകളും ഇക്കാലത്താണ് പുറത്തുവന്നത്. കാല്പനികത, നാച്ചുറലിസം, നിയോ നാച്ചുറലിസം തുടങ്ങിയ പ്രസ്ഥാനങ്ങളും, ഞാൻ–കഥകൾ (I-Novels, I stories) എന്ന ആത്മകഥാപരമായ കഥകൾ ആരംഭിക്കുന്നതും മെയ്ജി കാലഘട്ടത്തിലാണ്. രാഷ്ട്രീയ പരിഷ്കരണ വാദവും കഥകൾക്ക് സ്വാധീനമായി. തൊഴിലാളികളുടെയും അടിച്ചമർത്തപ്പെട്ടവരുടെയും കീഴാളവർഗ്ഗത്തിന്റെയും കഥകൾ മുഖ്യധാരയിലേക്ക് വന്നു. യുദ്ധകഥകളും യുദ്ധവീരന്മാരുടെ അപദാനകഥകളും യുദ്ധത്തെ എതിർക്കുന്ന വിഭാഗവും കഥകൾക്ക് പ്രചോദനമായി. താജ്ക്കി കോബയാഷി, ടെൻജി കുറോഷിമാ, യുറീക്കോ മിയാമോത്തോ, ഇനക്കോ ടാത്തോ, അഷിനോഹിത്തോ, താറ്റ്സുസോ ഇഷിക്കാവാ, മിറ്റ് സുഹാരോ കനക്കോ, ഹിസയോ ഒഗുമാ, ജൂൺ ഇഷിക്കാവാ, തുടങ്ങിയവ മികച്ച കഥകൾക്കും നോവലുകൾക്കും രൂപം നൽകി.

### ഷോവാ കഥകൾ

ഷോവാ കാലഘട്ടത്തിലെ ജാപ്പനീസ് ചെറുകഥാസാഹിത്യം, അറുപത് സംവത്സരക്കാലത്തെ രാജ്യത്തിന്റെ ഉയർച്ചതാഴ്ചകളുടെ യുദ്ധക്കെടുതികളുടെ, യുദ്ധാനന്തര കാലത്തിന്റെ സുസ്ഥിരമായ പുരോഗതിയുടെ ഒക്കെ പ്രതിഫലനമാണ് കാഴ്ചവെയ്ക്കുന്നത്. ഷോവോ എന്ന പേര് ജപ്പാന്റെ ഏറ്റവും പ്രശ്ന സങ്കീർണ്ണവും പിന്നെ വമ്പിച്ച പുരോഗതിയുടെയും ഒക്കെയായ കാലത്ത് ഭരിച്ച ഹിരോഹിതോ ചക്രവർത്തിയുടെ ഭരണഘട്ടത്തെ സൂചിപ്പിക്കുന്നു. പാരമ്പര്യ ചിഹ്നങ്ങളിൽ നിന്നും വിത്തുകളിൽനിന്നും ഊർജ്ജം ഉൾക്കൊണ്ട പഴയകാലത്തെയും ആധുനികോത്തര കാലങ്ങളെയും ബന്ധിപ്പിക്കുന്ന കണ്ണിയാണ് ഷാവോ കഥകൾ. ഞാൻ കഥകൾ എന്നറിയപ്പെടുന്ന ആത്മ കഥാംശമുള്ള, അഹംബോധത്തിൽ കേന്ദ്രീകൃതമായ കഥകൾ, ഒരുതരം ആത്മാരാധനയുടെ തലത്തിലേക്ക് പോകുന്ന രചനാശൈലി തുടങ്ങിയവ ഒരു പ്രസ്ഥാനമാകുന്നത് ഷാവോ കാലത്തിലാണ്. സഹജീവികളുടെയും സമൂഹത്തിന്റെയും വ്യഥകളെ അവഗണിക്കുന്നു എന്നതാണ് വിമർശകർ ഇവയ്ക്ക്നേരെ ഉന്നയിക്കുന്ന പ്രധാനപ്രശ്നം.

### യുദ്ധാനന്തരകഥകൾ


രണ്ടാംലോകമഹായുദ്ധതിനുശേഷം ജപ്പാനിലെ രാഷ്ട്രീയ സാമൂഹ്യ രംഗത്ത് വമ്പിച്ച മാറ്റമുണ്ടായി. പരാജയത്തിന്റെയും കീഴടങ്ങലുകളുടെയും വ്യഥ, അതുവരെ അസ്വാതന്ത്ര്യം അനുഭവിക്കാത്ത ജനതയുടെ മേലുള്ള അധിനിവേശസേനയുടെ കടന്നുകയറ്റം,പട്ടാളകവചം ഉപേക്ഷിക്കേണ്ടിവന്ന സാമ്രാജ്യത്വ ഭരണസംവിധാനത്തിന്റെ പതനം. ജനായത്തവത്ക്കരണം എന്നിവയൊക്കെ സർഗ്ഗാത്മകരചനകളെയും കലാസാഹിത്യത്തെയും ശക്തമായി സ്വാധീനിച്ചു. സംഘടിക്കാനുള്ള സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും പുതിയ കഥാപ്രസ്ഥാനങ്ങൾക്ക് കളമൊരുക്കി.സർവ്വനാശവും, യുദ്ധക്കെടുതികളും അനിശ്ചിതത്വവും ഒക്കെ കഥാതന്തുവായി. ഇക്കാലയളവിലൊന്നും ഒരു വിദേശസ്വാധീനവും കാര്യമായി കഥകളിൽ കടന്നുവന്നില്ല. ജപ്പാന് മറ്റ് വിദേശരാജ്യവുമായി വിപുലമായ ബന്ധങ്ങളുണ്ടായിരുന്നില്ല. ചൈന ഒഴികെ, അതാവട്ടെ വിശാലവും അഗാധവുമായി ജാപ്പനീസ് ജനതയെ നിരന്തരമായി സ്വാധീനിച്ച സാംസ്കാരിക പ്രവാഹമായിരുന്നു.

പിന്നീട് വ്യവസായ വളർച്ചയുടെയും സാമ്പത്തിക അഭ്യുന്നതിയുടെയും കാലത്ത് മൗലിക രചനകളിലുണ്ടായ അപചയം ചെറുകഥകളിലും പ്രതിഫലിച്ചു.

### യാസുനാരി കവാബാത്താ

മനുഷ്യനെയും പ്രകൃതിയെയും കാവ്യാത്മകമായി ചിത്രീകരിക്കുകയാണ് യാസുനാരി കവാബാത്താ എന്ന മഹാനായ കഥാകാരൻ ചെയ്തത്. പ്രകൃതിയുടെ നിറഭേദം പോലെ മഞ്ഞുകാലവും വസന്തകാലവും ശരത്കാലവും ഒന്നിനുപിന്നാലെ ഒന്നായി മറയുന്നപോലെ മലയുടെ ഹരിതാഭയും പുഴയുടെ കളകളാരവവും, പ്രകൃതിയും മനുഷ്യമനസും ഇഴചേർത്തു നെയ്ത മായിക കഥകളാണ് യാസുനാരി കവാബാത്തയുടേത്. മനുഷ്യാവസ്ഥ പ്രകൃതിയുടെ പശ്ചാത്തലത്തിൽ കാവ്യാത്മകമായി ഒരു പ്രകൃതി ദൃശ്യം പോലെ വിരചിച്ചിരിക്കുന്നു. കവാബാത്തയുടെ കഥകളിൽ ക്ലാസിക്കൽ കാലഘട്ടത്തിന്റെ പ്രതിനിധികളായിട്ടാണ് പാശ്ചാത്യാനുവാചകരും കവാബാത്തയുടെ കഥകളെ സ്വീകരിച്ചിട്ടുള്ളത്.

കബാവാത്ത തന്റെ കഥാപാത്രങ്ങളെ വ്യത്യസ്ത കാന്തിക മണ്ഡലങ്ങളിൽ പ്രതിഷ്ഠിച്ച് അകലം സൂക്ഷിച്ചു. പരസ്പരം ഒന്നാവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും സ്വന്തം വ്യക്തിപ്രകൃതം അവരെ കാന്തികധ്രുവങ്ങളെപ്പോലെ പരസ്പരം അകലേക്ക് നയിച്ചു.



വിഭ്രാത്മകമായ ഒരു ലോകത്തിലേക്ക് നയിക്കുന്ന സർ റിയലിസ്റ്റിക്ക് ഫാന്റസികളും കവാബാത്തയുടെ കൃതികളുടെ വേറിട്ട രചനാ ശൈലിയായി ഒറ്റക്കൈ തുടങ്ങിയ കൃതികൾ ഇതിനുദാഹരണങ്ങളാണ്. ഫ്യൂജി പർവ്വതത്തിലെ ആദ്യമഞ്ഞുകണം, കൈപ്പത്തിയുടെ കഥ, മലയുടെ ശബ്ദം, പഴയ രാജധാനി, ആയിരംകൊക്കുകൾ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കഥാസമാഹാരങ്ങൾ. ഹൈക്കു

എന്ന കുഞ്ഞുകവിത പോലെ, ഒരു സെൻചിത്രം പോലെ സ്നേഹം, ഏകാന്തത, സാമൂഹ്യമാറ്റം, ജീവിതത്തോടും മരണത്തോടുമുള്ള അഭിവാഞ്ഛ, ലൈഗികാഭിനിവേശം തുടങ്ങിയവ ഒരു മാജിക്കൽ റിയലിസത്തിന്റെ രചനാ വൈഭവത്തോടെ കവാബാത്തയുടെ വരികളെ ഒരു ആത്മീയതലത്തിലേക്ക് ഉയർത്തുന്നു. എഴുതിയ വരികളേക്കാൾ, വരികൾക്കിടയിലെ വായനയാണണ് കവാബാത്തയുടെ രചനയിൽ നിന്നു ലഭിക്കുന്ന അനുഭൂതി.

**മിഷിമയുടെ കഥകൾ**

ലോകശ്രദ്ധയാകർഷിച്ച, ആഗോള അനുവാചകരെ സൃഷ്ടിച്ച കഥാകാരനായിരുന്നു, യുക്കിയോ മിഷിമ. അന്തർദേശീയ അംഗീകാരം കിട്ടുന്ന ആദ്യ ജാപ്പനീസ് കഥാകാരനെന്ന് മിഷിമയെ വിശേഷിപ്പിക്കാം. മിഷിമയുടെ കഥകളും നോവലുകളും പ്രസിദ്ധീകരിച്ചപ്പോഴൊക്കെ വൈകാതെതന്നെ ഇംഗ്ലീഷ് തർജ്ജമകളും പുറത്തുവന്നുകൊണ്ടിരുന്നു.

ജാപ്പനീസ് ലാവണ്യ ശാസ്ത്രത്തെ പാശ്ചാത്യ സാഹിത്യ പാരമ്പര്യവുമായി ഇണക്കിച്ചേർത്തതാണ് മിഷ്മയുടെ പ്രശസ്തിക്ക് ഒരു കാരണം.

1970 ൽ ഹരാകിരി എന്ന അനുഷ്ഠാന ആത്മബലിയിലൂടെ മിഷിമ വീണ്ടും ലോകശ്രദ്ധയാകർഷിച്ചു. പിന്നെ ആ കൃതികൾ വിലയിരുത്തപ്പെട്ടത്, ആ ജീവിതവും മരണവും സംബന്ധിച്ച നിഗൂഢമായ സമസ്യയെ മന: ശാസ്ത്രപരമായി അപഗ്രഥിച്ചുകൊണ്ടാണ്. അത്തരം പഠനങ്ങൾ ധാരാളമുണ്ടായി. വളരെ സാവധാനം വികസിക്കുന്ന രംഗാവിഷ്കരണവും നിഗൂഢമായ, മനുഷ്യമനസ്സിന്റെ വ്യാകുലതകളും ഉൾപ്രേരണകളും ആണ്, മിഷിമയുടെ കഥകളുടെ കാതൽ. മരണം മിഷിമയുടെ രചനയിലെ മുഖ്യഘടകമാണ്. ഭീതിജനകമായ ഒരു തരം സൗന്ദര്യവല്ക്കരണത്തോടും, ബഹുമതിയോടുംകൂടി മരണത്തെ ആഘോഷിക്കുന്നു. മിഷിമക്കഥകൾ, മദ്ധ്യവേനലിലെ മരണം, മൂന്നു മില്യൻ യെൻ, തെർമോ ഫ്ളാസ്ക്, ശിഗാക്ഷേത്രത്തിലെ പൂജാരിയും, കാമുകിയും, ഏഴുപാലങ്ങൾ തുടങ്ങിയവയാണ് മിഷിമയുടെ മുഖ്യകഥകൾ.

**ഹറുകി മുറകാമി**

ജപ്പാനീസ് സമകാലീന ചെറുകഥകളും, നോവലുകളും ഇന്ന് ലോകമെങ്ങും അറിയപ്പെടുന്നത്, ഹറുകി മുറകാമി യോഷിമോത്തോ ബനാനാ എന്നീ രണ്ട് രചയിതാക്കളിലൂടെയാണ് ഇവർ നയിക്കുന്ന പുതിയ സംഘം കഥാകാരന്മാർ എഴുതി പഴകിയ ജാപ്പനീസ് ബിംബങ്ങളിൽ നിന്നും ക്ലീഷെകളിൽനിന്നും യുദ്ധക്കെടുതികളുടെയും സാമ്രാജ്യത്വത്തിന്റെയും പ്രേതങ്ങളിൽനിന്നും മോചനം നേടിയവരാണ്.

മികച്ച വിവർത്തകനായ മുറകാമി അമേരിക്കൻ കൃതികൾ വിവർത്തനം ചെയ്തത്. യുദ്ധാനന്തര ജാപ്പനീസ് കഥകളെ ബാധിച്ചിരുന്ന ആത്മകഥാപരമായ വിവർത്തനങ്ങളെയും യഥാർത്ഥ പ്രസ്ഥാനത്തിന്റെ പരിചിതത്വങ്ങളെയും വകഞ്ഞുമാറ്റി ആധുനിക ചെറുകഥകളെയും നോവലുകളെയും പുതിയ ഭാവുകത്വത്തിലേക്ക് നയിക്കുക എന്ന ചരിത്രപരമായ കടമ കൂടി മുറകാമി നിർവ്വഹിക്കുന്നുണ്ട്. ജാപ്പനീസ് സാംസാകാരിക, സാമ്പത്തിക വ്യാപാരകേന്ദ്രമായ ക്യോട്ടോ, ഒസാക്ക, കോബേ പ്രവിശ്യകളിലായിരുന്നു മുറകാമിയുടെ ബാല്യം. വ്യാപാരകേന്ദ്രമായ കോബെയിൽ ധാരാളമുണ്ടായിരുന്ന വിദേശപുസ്തകശാലകളും വായനശാലകളും ലോകസാഹിത്യത്തെ അടുത്തറിയാൻ മുറകാമിയെ സഹായിച്ചു. അത്തരമൊരു അന്തരീക്ഷത്തിൽ വളർന്നുവന്ന പാശ്ചാത്യസംഗീതഭ്രാന്തനായ മുറകാമി, ടോക്കിയോ നഗരപ്രാന്തത്തിൽ ഒരു ജാസ് ബാറും നടത്തിയിരുന്നു. രചനയിലും ജീവിതശൈലിയിലും സംഗീതസാന്ദ്രമായിരുന്ന മുറകാമി, ജാസ്, ഫോക്ക്, ക്ലാസിക്കൽ, റോക്ക് എന്നിങ്ങനെ എല്ലാ സംഗീത രീതികളിലും ആകൃഷ്ടനായിരുന്നു. ആദ്യനോവലിന്റെ പേര്തന്നെ ഉദാഹരണമാണ്. "കാടിന്റെ സംഗീതം ശ്രവിക്കൂ" എന്നാണ് ആ കൃതിയുടെ പേര്. ഭൂചലനത്തിനുശേഷം, നൂറുശതമാനം അനുരൂപയായ പെൺകുട്ടി, രണ്ടാം ബേക്കറി ആക്രമണം. ആന മായുന്നു, ജന്മദിന കഥകൾ തുടങ്ങിയവയാണ് മുറകാമിയുടെ പ്രധാനകഥാസമാഹാരങ്ങൾ.

**യുദ്ധാനന്തര ജാപ്പനീസ് കഥകളെ ബാധിച്ചിരുന്ന ആത്മകഥാപരമായ വിവർത്തനങ്ങളെയും യഥാർത്ഥ പ്രസ്ഥാനത്തിന്റെ പരിചിതത്വങ്ങളെയും വകഞ്ഞുമാറ്റി ആധുനിക ചെറുകഥകളെയും നോവലുകളെയും പുതിയ ഭാവുകത്വത്തിലേക്ക് നയിക്കുക എന്ന ചരിത്രപരമായ കടമ കൂടി മുറകാമി നിർവ്വഹിക്കുന്നുണ്ട്.**

ചെയ്തുകൊണ്ടാണ സ്വർഗ്ഗ രചന ആരംഭിക്കുന്നത്. സ്വാട്ട് ഫിറ്റ്നസ് ജറാൾഡ്, ട്രൂമാൻ കാപ്പോ, ജോൺ ഇർവിങ്ങ് ഇവരുടെ കൃതികളാണ് മൊറകാമിയുടെ മികച്ച വിവർത്തനങ്ങൾ. അമേരിക്കൻ ജീവിതങ്ങളിൽ നിന്നും വിവർത്തനങ്ങളിൽനിന്നും ലഭിച്ച വിദേശസാഹിത്യഅനുഭവജ്ഞാനം പുതിയ രചനകൾക്ക് വഴിത്തിരിവായി. വിപണിക്കനുയുക്തമായി സൃഷ്ടിക്കപ്പെടുന്ന മുറകാമിയുടെ കഥകളും നോവലുകളും ഇംഗ്ലീഷിൽ രചിച്ച് ജാപ്പനീസിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതാണന്ന് പറയപ്പെടുന്നു. എങ്കിലും മൗലികതയുള്ള, ദുരൂഹതയില്ലാത്ത, ലളിതവും വ്യക്തവുമായ ആഖ്യാനത്തെ ഒരു കുതിപ്പിലൂടെ, അമ്പരപ്പിക്കുന്ന ഭാവനാശക്തിയിലൂടെ താളാത്മകമായി ഇഴചേർക്കുകയാണ് മുറകാമി തന്റെ സവിശേഷമായ കഥനശൈലിയിലൂടെ

■

cinema

# കഥേതര സിനിമകളുടെ അസ്തിത്വം



**കെ.കെ.ചന്ദ്രൻ**

**നോ**ൺ ഫിക്ഷൻ സിനിമകൾക്ക് അല്ലെങ്കിൽ കഥേതര സിനിമകൾക്ക് ലോകത്തിൽ ഒരു പ്രത്യേക സ്ഥാനവും അസ്തിത്വവുമുണ്ട്. നമ്മുടെ ഇന്ത്യയിൽ ഈ സ്ഥാനത്തെ സിനിമ വ്യവസായത്തിലെ രണ്ടാമൂഴമായി മാത്രം കണക്കാക്കുന്നുണ്ടെങ്കിലും ഇന്ത്യക്കു പുറത്ത് കഥേതരസിനിമക്ക് മഹനീയമായ സ്ഥാനമാണുള്ളത്. നോൺഫിക്ഷൻ വിഭാഗത്തിലെ ഏറ്റവും ജനകീയമായ സിനിമകളിൽ ഭൂരിഭാഗവും എന്നെന്നും ഒരു വിനോദോപാധിയായി മാത്രം നിലനിന്ന് കൊണ്ടിരിക്കേ ഡോക്യൂമെന്ററികളെയും അവ നിർമ്മിക്കുന്നവരെയും രാജ്യത്തിന്റെ പൊതുസ്വത്തായി കണക്കാക്കിവരുന്നു. എണ്ണമറ്റ നൂറ്റാണ്ടുകളിലൂടെ ഉരുത്തിരിഞ്ഞുവന്ന ചിലച്ചിത്രമാദ്ധ്യമത്തിൽ ആദ്യം ഉണ്ടായത് ഡോക്യുമെന്ററികളാണ്. ഇന്നത്തെ ടി.വി ചാനലുകളുടെ സ്വഭാവത്തോട് ഇതിനെ താരതമ്യപ്പെടുത്താം. ഒരു ടി.വി ചാനൽ ആരംഭിക്കുന്നത് ന്യൂസ് മാത്രം സംപ്രേക്ഷണം ചെയ്തു കൊണ്ടാണല്ലോ. പിന്നെ കാലുറച്ചുനിൽക്കാറാകുമ്പോഴാണ് വിനോദത്തിലേക്കും വഴിവിട്ടുള്ള വിനോദോപാധികളിലേക്കും തലതിരിഞ്ഞുപോകുന്നതും ലാഭങ്ങളുണ്ടാക്കുവാൻ മെനക്കെടുന്നതുമെല്ലാം.

ജീവിതത്തിൽ, ആശയവിനിമയ രംഗത്ത് നോൺഫിക്ഷൻ സിനിമകൾക്കുള്ള സ്ഥാനം മറ്റൊന്നിനും അവകാശപ്പെടുവാൻ കഴിയുകയില്ല. നമ്മുടെ പത്രമാദ്ധ്യമങ്ങൾ, ആകാശവാണി, ടെലിവിഷൻഎന്നിവയൊക്കെയുണ്ടെങ്കിലും മനുഷ്യജീവിതത്തെ കാര്യമായി ബാധിക്കുന്ന ഏതൊരു വിഷയത്തെക്കുറിച്ചും ഒരു ഡോക്യുമെന്ററിസിനിമ ആദ്യമായി വരുന്നു. ഡോക്യുമെന്ററിസിനിമ ഒരു വ്യക്തിയാണുണ്ടാക്കുന്നതെങ്കിലും ആ വ്യക്തി ഒരു രാജ്യത്തിന്റെയോ, ഒരു വർഗ്ഗത്തിന്റെയോ, ഒറു കാലഘട്ടത്തിന്റെയോ പ്രതിനിധിയായിവർത്തിച്ചുകൊണ്ടാണ് തന്റെ കർമ്മം സത്യസന്ധമായി നിർവഹിക്കുന്നത്.

സൈലന്റ് വാലിയുടെ ഹൃദയഭാഗങ്ങളെക്കുറിച്ച് ഒരു നിശ്ചലചിത്രം പോലും ഇല്ലാതിരുന്ന കാലത്താണ് ഞങ്ങൾ 28 ദിവസം ആ അപൂർവ്വ വസന്തങ്ങളെക്കുറിച്ച് 30 മിനിട്ടോളം ദൈർഘ്യമുള്ള ആ ഡോക്യുമെന്ററി നിർമ്മിച്ചത്.ലോകത്തിലെ പല സ്ഥാപനങ്ങളിലും അതിന്റെ പ്രിന്റ് സൂക്ഷി




ച്ചിട്ടുണ്ടെങ്കിലും അതെടുത്തവരെക്കുറിച്ച് ആരും ഓർക്കാറില്ല. ഡോക്യുമെന്ററിയും ഫീച്ചർ കഥാസിനിമകളും തമ്മിലുള്ള പ്രധാന വ്യത്യാസവും ഇത് തന്നേയാണ്.

ഡോക്യുമെന്ററിയുണ്ടാക്കിയ വ്യക്തിയേക്കാൾ ഓർക്കുന്നത് ആ ഡോക്യുമെന്ററിയുണ്ടാക്കിയ നാടിനെയോ സ്ഥാപനത്തെയോ ആണ്.

സിഡിറ്റിന്റെ ഡോക്യുമെന്ററി, ഫിലിംസ് ഡിവിഷന്റെ ഡോക്യുമെന്ററി, ബി.ബി.സി, നാഷണൽ ജിയോഗ്രാഫി, ഡിസ്കവറി എന്നീ ചാനലുകളെടുത്ത ഡോക്യുമെന്ററികൾ എന്നൊക്കെ കേൾക്കാമെങ്കിലും ഒരു ഡോക്യുമെന്ററി സംവിധായകനെക്കുറിച്ച് ഫീച്ചർ ഫിലിമിലാണെങ്കിൽ നേരെ തിരിച്ചാണ്. എത്രയോ കാലം കഴിഞ്ഞാലും ഒരു കഥാചിത്രം അറിയപ്പെടുക. അതിന്റെ സംവിധായകന്റെ പേരിലായിരിക്കും പഥേർപഞ്ചാലി എന്നും സത്യജിത്ത് റേയുടെ ഫിലിം മാത്രമാണ്.

എന്നാൽ ഞാൻ തന്നെ എത്രയോ ഡോക്യുമെന്ററികൾ ചെയ്തു. ഒന്നും എന്റെ പേരിൽ അറിയപ്പെടുന്നില്ല, അറിയപ്പെടണമെന്നുമില്ല. സ്വന്തം പേരിനെ വലുതായി കാണുന്നവന് ഡോക്യുമെന്ററി എടുക്കുവാൻ യഥാർത്ഥമായ താൽപര്യം ഉണ്ടാവണമെന്നില്ല..

ഈ പ്രസ്ഥാനം തുടങ്ങിയ കാലത്തുണ്ടായ ഒരു സംഭവം തന്നെ ഉദാഹരണമായി പറയാം. 1872-73 കാലത്ത് കാലിഫോർണിയയിൽ ഒരു തർക്കം പൊട്ടിപ്പുറപ്പെട്ടു അത് ഇപ്രകാരമായിരുന്നു. അവിടെ ഗവർണ്ണറായിരുന്ന ലീലാന്റ് സ്റ്റാൻഫോർഡിന്റെ പന്തയക്കുതിരയോടുമ്പോൾ നിലം തൊടുന്നില്ലെന്ന സ്റ്റാൻ ഫോർഡിന്റെ വാദമായിരുന്നു തർക്കത്തിന് കാരണം. അവസാനം ലീലാന്റിന് നിൽക്കക്കള്ളിയില്ലാതായപ്പോൾ എഡ്വിയേർമെയ്ബ്രിഡ്ജ് എന്ന ഒരു സ്റ്റിൽ ക്യാമറകളുണ്ടാക്കി.ഈ ക്യാമറകൾ നിരത്തിൽ വെച്ച് പ്രസ്തുത കുതിരയോടുമ്പോഴുള്ള ഒരു സെക്കന്റിലെ ചിത്രങ്ങൾ എടുത്ത് ജനങ്ങളെ കാണിച്ചു. ഈ പരീക്ഷണത്തിൽ നിന്നും വലിയൊരു കാര്യം ലോകമറിഞ്ഞു. വസ്തുക്കളുടെ ചലനം നമ്മൾ മനുഷ്യർ കാണുന്നതു പോലെയല്ല യഥാർത്ഥമായി സംഭവിക്കുന്നത്. ഏതൊരു ചലനത്തിന്റെയും സത്യാവസ്ഥ അറിയണമെങ്കിൽ അത് ചലച്ചിത്രമാദ്ധ്യമത്തിലാക്കി പരിശോധിച്ച് നോക്കണം എഡ്വിയേർഡ്മെയിബ്രിഡ്ജിന്റെ പരീക്ഷണത്തിൽ നിന്ന് സ്റ്റാൻഫോർഡ് ഒരു സത്യം മനസ്സിലാക്കി. അതായത് അയാളുടെ കുതിരയോടുമ്പോൾ 1/24 സെക്കന്റ് നേരം മാത്രമേ നിലം തൊടാതെ നിൽക്കുന്നുള്ളുവെന്ന സത്യം. അതുപോലെ തന്നെ ജനങ്ങളും ഒരു കാര്യം അറിഞ്ഞു.ഒരു കുതിര വേഗതയിലോടുമ്പോൾ അതിന്റെ നാലുകാലും ഒരോ സെക്കന്റിടവിട്ട് 1/24 സെക്കന്റ് നേരം തറയിൽ തൊടുന്നില്ലെന്ന സത്യം അപ്പോൾ ചലനത്തിന് രണ്ട് വസ്തുവിന്റെ ചലനത്തെ കാണുമ്പോൾ നമുക്കുണ്ടാകുന്ന അനുഭവം. രണ്ടാമതായി അതേ ചലനത്തെത്തന്നെ ഒരു ക്യാമറ വഴി ചിത്രീകരിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്ന അത്ഭുതകരമായ സത്യം.ഈ സത്യങ്ങൾ രണ്ടിനേയും ഒരു ഡോക്യുമെന്ററിയിലൂടെ ഒരു പ്രത്യേക ക്രിയാത്മമായ അനുപാതത്തിൽ ഏകീകരിക്കുമ്പോഴാണ് നല്ല ഒരു ഡോക്യുമെന്ററിയുടെ ഒരു ഷോട്ട് ഉണ്ടാകുന്നത്. ഐസൻസ്റ്റീൻ പറഞ്ഞിരിക്കുന്നതുപോലെ 'യഥാർത്ഥമായ പ്രകൃതിയിൽ ഒളിഞ്ഞിരിക്കുന്ന സത്യത്തെ വെളിപ്പെടുകയെന്നതാണ്. ഒരു ഡോക്യുമെന്ററി ഷോട്ടിന്റെ പരമമായ ലക്ഷ്യം'.

നമ്മുടെ കെ.എസ്.എഫ്.ഡി.സി,



സി-ഡിറ്റ് ഫിലിംസ് ഡിവിഷൻ, ദൂരദർശൻ എന്നിങ്ങനെ പണിയെടുക്കുന്ന ഞങ്ങൾക്ക് വല്ലപ്പോഴും മാത്രമേ ഇത്തരം ഡോക്യുമെന്ററി ചിത്രീകരണത്തിനുള്ള അവസരം കിട്ടാറുള്ളൂ.കഴിഞ്ഞ പത്തുവർഷത്തിനിടയിൽ അപ്രകാരം ചില ഡോക്യുമെന്ററികൾ ചെയ്യുവാനുള്ള അവസരം ഉണ്ടായത് ഇവിടെ ഓർത്ത് പോകുന്നു. ഇതൊരു ചെറിയ ലേഖനമാകയാൽ കഥാരൂപത്തിലുള്ള ഒരു വിവരണം പ്രതീക്ഷിക്കേണ്ടതില്ല. ഏതൊരു ഡോക്യുമെന്ററിയുടെ ചിത്രീകരണവും രസാവഹവും എന്നാൽ അത്രതന്നെ ദുഷ്കരവുമാണ്. രണ്ടായിരാമാണ്ടിന്റെ ആദിയിൽ നിയോലിത്തിക്ക് റവലൂഷൻ എന്ന പേരിൽ 10000 ബി.സിയിലെ മനുഷ്യ ജീവിതത്തെ അടിസ്ഥാനമാക്കി ഒരു ഡോക്യുമെന്ററി 'മാനവോദയം' എന്ന പേരിൽ സിഡിറ്റിനു വേണ്ടി ചെയ്യുകയുണ്ടായി. കേരളത്തിലെ മറയൂർ, വയനാട്, നിലമ്പൂർ എന്നീ കാടുകളുടെ അന്തർഭാഗങ്ങളിൽ ഉള്ള ചില നിയോലിത്തിക്ക് സൈറ്റുകൾ ഇതിന് വേണ്ടി ചിത്രീകരിക്കുകയുണ്ടായി ഞാനും, സാബു ജെയിംസ്, അജയൻ കുന്നിൽ, ബിജു, ഡോ.തമ്പി, സന്തോഷ് എന്നിങ്ങനെയുള്ള വിദഗ്ദ്ധരും, ശ്രീരാജ് എന്ന എന്റെ അസിസ്റ്റന്റും രണ്ടു സഹായികളുമടങ്ങുന്ന ചെറിയൊരു യൂണിറ്റായിരുന്നു. ചിത്രീകരണത്തിനു പോയത്. മഴക്കാലമായിരുന്നതിനാൽ ധാരാളം അട്ടകളും, ആനകളും, മഴയും.... ഇടമുറിഞ്ഞു കടക്കേണ്ട നദികളിലെല്ലാം വെള്ളവും കൂടിയിരുന്നത് കൊണ്ട് മറയൂരിൽ വെച്ച് ഡോ. തമ്പിയും ശ്രീരാജും കാന്തല്ലൂർ പുഴയിലൂടെ ഒലിച്ചു പോയെങ്കിലും അവരുടെ ആയുസ്സിന്റെ ബലം കൊണ്ട് ഒരു പാറയിടുക്കിൽ തടഞ്ഞുനിന്നു. നിലമ്പൂരിൽ അളകളിൽ അപ്രതീക്ഷിതമായ കാൽ വഴുതലുകളും വീഴ്ചകളും അപകടങ്ങളുമുണ്ടായി. വിദേശികൾ ഇത്തരം ചിത്രീകരണത്തിന് പോകുന്നതിന്റെ നൂറിലൊരംഗം പോലും ബജറ്റോ സൗകര്യമോ നമുക്കില്ലെന്നതാണ് പരമാർത്ഥം. ഡോക്യുമെന്ററി ചെയ്യുന്നവർ ചിത്രീകരണത്തിനിടയിൽ മരിച്ചുപോയാലും ഒരു അത്ഭുതപ്പെടാനില്ല. ഒരു പൈസയും കിട്ടിയെന്നും വരില്ല, ഈ രംഗത്ത് നിന്നു പ്രവർത്തിക്കുന്നവർക്ക് അതൊരു രസമാണ്. ഞാൻ വെള്ളത്തിലേക്ക് താഴുമ്പോൾ എന്നെ പിടിച്ചുകയറ്റിയ അജയനോടും കുന്നിൻമുകളിൽ നിന്നും കാൽ വഴുതി തഴോട്ട് വരുന്ന അജയനെ താങ്ങിനിർത്തിയ എനിക്കും പിരിഞ്ഞിരിക്കുമ്പോൾ അന്യോന്യം ഓർക്കാതിരിക്കുവാൻ കഴിയുമോ? ആ ഓർമകളും സ്നേഹവും സംസ്കൃതിയുമാണ് ഡോക്യുമെന്ററി ചിത്രീകരണത്തിന്റെ പ്രത്യേകതയും മഹത്തായ നേട്ടവും. ■



mediaPro
AUDIO VISUAL PVT. LTD.
Trivandrum | Kochi | Chennai | Bangalore
T.C.4/2628(1), Kuravankonam, Vayalikkada Road,
Kowdiar P.O., TVM Ph: 0471 2539935 Fax: 2539936
Mob: 9497636363 Email: indiasales@mediaproav.com
www.mediaproav.com
India | Dubai | Abu Dhabi | Qatar

| LED Wall | P-6 |
| Watch out Systems |
| Light Sound & Roof truss for Proshows & Conference |
| 10,000 Lumens DLP Braco Projectors |

→Multi Camera with Triax - Sony D55
→Single Camera-DSR 400
→JIMMY JIB 40" Feet (360 Dutch Head)
→Plasma Tvs →Lap Tops, LCD Projectors.
→J11 Cannon wide Angle Lens

short story



# ഒന്നാമ്പരം

ഡോ. എം.എസ്. രാജൻ

**അ**സ്തമയ സൂര്യന്റെ മങ്ങിയ പ്രകാശത്തിൽ ബീച്ചിലെ കടൽക്കാറ്റിൽ മനസ്സിന് തെല്ലൊരാശ്വാസം തോന്നി. ഓർമ്മവച്ച നാളുമുതൽ എന്നും ഏകാന്തതയുടെ പരിലാളനം മാത്രം. സായം സന്ധ്യയിൽ അച്ഛന്റെ കൂടെയുള്ള യാത്ര മനസ്സിന് അല്പം സന്തോഷവും കൂടെ സങ്കടവും. സ്കൂളിൽ അഞ്ചാം ക്ലാസ്സുവരെ എല്ലാറ്റിലും ഒന്നാമതായി പിന്നിട്ടുള്ള നാളുകളിൽ പഠനം പിന്നോട്ടോടിപ്പോയി. ഒന്നിനും ഒരന്ത്യമില്ലാതെ കഴിഞ്ഞുപോയ നാളുകളുടെ ഓർമ്മ ഇതാ കൺമുമ്പിൽ.

എല്ലാ വർഷവും ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന പൊന്നിൻ ചിങ്ങമാസം. ഓണാവധിക്ക് അച്ഛനും അമ്മയുമൊത്തുള്ള നാട്ടിലേയ്ക്കു തീവണ്ടിയാത്രയിൽ നെൽപ്പാടങ്ങളും, പുഴകളും, ചെറുകുന്നുകളും മനസ്സിന് എന്തെന്നില്ലാത്ത സന്തോഷം നൽകി. ഗ്രാമത്തിനടുത്തുള്ള തീവണ്ടിയാപ്പീസിൽ രാത്രിയേറെ വൈകിയെത്തിയപ്പോൾ അച്ഛൻ എന്നെയെടുത്തു പുറത്തിറങ്ങി. പിന്നാലെ പെട്ടിയുമെടുത്ത് അമ്മയും. ഇനി ഏതാനും വാര നടന്നാൽ വീട്ടിലെത്താം. മനസ്സോടി അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും അടുത്തെത്തി. എല്ലാവരും ഒത്തുകൂടാറുള്ള നാട്ടിലെ ഏക ഉത്സവം- 'പൊന്നിൻ ചിങ്ങത്തിലെ തിരുവോണം' നീണ്ട കാത്തിരിപ്പിന് രാവേറെ ചെന്നിട്ട് വിരാമം നൽകി. അമ്മയുടെ ലാളനത്തിന്റെ ആലസ്യത്തിൽ ഉറങ്ങിയതെപ്പൊഴെന്നറിഞ്ഞില്ല.

അതിരാവിലെ തന്നെ തൊടിയിൽ കുട്ടികളുടെ കോലാഹലം. ഓണപ്പരീക്ഷ കഴിഞ്ഞ് സ്കൂളടച്ചതിന്റെ സന്തോഷം. ഇനിയുള്ള ഏതാനും ദിവസങ്ങൾ ഉത്സവത്തിന്റെ തയ്യാറെടുപ്പുകൾ. കൊയ്ത്തു കാലമായതിനാൽ മുറ്റംനിറയെ കതിർക്കറ്റകൾ. രാവിലെ മഞ്ഞുതുള്ളികളേറ്റു വാങ്ങി സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്ന സുവർണ്ണ നെൻമണികൾ. കോലായിലും കളീലിലും പുന്നെല്ലിന്റെ പൂമണം. അതിരാവിലെ തന്നെ ഞാൻ വീട്ടിൽ നിന്നും ഉറക്കമുണർന്ന് പുറത്തേക്ക് പോയി. പാടത്ത് ഒറ്റ വരിയായി നിന്ന് നാല് കാലുകൾ ഒരുമിച്ച് നിലം കിളയ്ക്കുന്നു. നിമിഷ നേരംകൊണ്ട് പാടത്തിന്റെ ഒരറ്റത്തു നിന്ന് മറ്റേയറ്റം വരെ ചെളിയും വൈക്കോലും നിറഞ്ഞ കട്ടകൾ മറിച്ചിടുന്നു. "അത്തം പത്തിനു പൊന്നോണം" – അതിനു മുമ്പ് കൃഷിപ്പണികൾ ഓരോന്നായി തീർക്കണം.



നാട്ടിലെ കുട്ടികൾ എല്ലാവരും രാവിലെതന്നെ തെക്കേപ്പറമ്പിലെ തെങ്ങിൻ തോപ്പിൽ കൂടി. ആരേയും നല്ല പരിചയം ഇല്ല. ഏകനായി ഞാനവരുടെ അടുത്ത് ചെന്നു നിന്നു. കു

ട്ടിക്കളികളിൽ മുഴുകി. ചിലർ പട്ടം പറത്തുന്നു. മറ്റുചിലർ ഓലപ്പന്തുകളി. അവസാനം കിളിത്തട്ടുകളിക്കാർക്ക് ഒരാളിനെ വേണ്ടി വന്നപ്പോൾ എന്നേയും കൂട്ടി. നിമിഷങ്ങൾക്കകം ഞാനവരിലൊരാളായി. അങ്ങനെ ഒരാഴ്ച പോയതറിഞ്ഞില്ല. വിഭവ സമൃദ്ധമായ ഓണ സദ്യയ്ക്കുശേഷം ഞങ്ങൾ അച്ഛന്റെ ജോലി സ്ഥലത്തേയ്ക്ക് യാത്രയായി. പുതിയ കൂട്ടുകാരെ പിരിഞ്ഞതിലുള്ള വിഷമം പഠിച്ചിരുന്ന സ്കൂളിൽ തിരിച്ചെത്തിയതിനുശേഷം ഒരല്പം ദുഃഖവും തോന്നി.

നാട്ടിൽ നിന്നും തിരിച്ചുള്ളയാത്രയിൽ അച്ഛനും അമ്മയും സംസാരിക്കുന്നത് ഞാൻ കേട്ടില്ല. ഓരോദിവസവും രാത്രിയിൽ ഞാൻ അവരുടെ ഇടയിൽകൂടി പുറത്തിറങ്ങിയിരിക്കും. രണ്ടുപേരും പഴയ കാലങ്ങളെപ്പറ്റി പരസ്പ്പരം കലഹിക്കും. പിന്നീടുള്ള ദിവസങ്ങളിൽ രാത്രി ഏറെ വൈകിയാണ് അച്ഛൻ വീട്ടിൽ വന്നിരുന്നത്. ഞാനും അമ്മയും രാത്രി അച്ഛനു വേണ്ടി കാത്തിരുന്നിട്ടുണ്ട്. അമ്മ തന്ന ചോറ് കഴിച്ച് ഉറങ്ങിയതെപ്പോഴെന്നറിഞ്ഞില്ല. ദിവസങ്ങൾ ആഴ്ചകൾ, മാസങ്ങൾ, വർഷങ്ങൾ പലതും കഴിഞ്ഞുപോയി. അതൊടൊപ്പം അച്ഛനും അമ്മയും തമ്മിലുള്ള ബന്ധം അകന്നുതുടങ്ങി.

കുടുംബക്കോടതിയുടെ വരാന്തകളിൽ തനിച്ചിരിക്കുന്ന എന്നെ

സഹതാപത്തോടെ പലരും നോക്കി. ആ നോട്ടത്തിന്റെ പൊരുളറിയാതെ മണിക്കൂറുകൾ തള്ളിനീക്കി. അകത്ത് എന്തൊക്കെയോ നടക്കുന്നു. ഒന്നും മനസ്സിലാകുന്നില്ല.

സഹതാപത്തോടെ പലരും നോക്കി. ആ നോട്ടത്തിന്റെ പൊരുളറിയാതെ മണിക്കൂറുകൾ തള്ളിനീക്കി. അകത്ത് എന്തൊക്കെയോ നടക്കുന്നു. ഒന്നും മനസ്സിലാകുന്നില്ല. വൈകുന്നേരത്ത് അമ്മയുടെ കൂടെ കുടുംബ വീട്ടിലേക്ക് മടങ്ങി. അച്ഛൻ ഒന്നും സംസാരിക്കാതെ തന്റെ ജോലിസ്ഥലത്തും. മാറി മാറിയുള്ള വിദ്യാലയ ജീവിതം. സ്കൂളിലും വീട്ടിലും ഒറ്റപ്പെട്ടതിന്റെ തീരാദുഃഖം. പത്താംക്ലാസ്സിലെ വാർഷികപ്പരീക്ഷയ്ക്ക് എന്തെഴുതിയെന്നറിയില്ല. ഫലം വന്നപ്പോൾ അടുത്ത വർഷം ഒന്നുകൂടി പ്രസ്തുത ക്ലാസ്സിൽ പഠിയ്ക്കാനുള്ള വിധി. ഒരു കാര്യത്തിലും താല്പര്യമില്ല. ഭക്ഷണം, ഉറക്കം എന്നിവയുടെ അഭാവത്തിൽ ദിനചര്യകൾക്ക് താളംതെറ്റി. വീട്ടിൽ ഒറ്റയ്ക്ക് ഏകനായിരിക്കുന്ന എന്നെ വൈദ്യശാസ്ത്രം കൈവെടിഞ്ഞു. ഒരന്ത്യമില്ലാത്ത യാത്രയിൽ ഒരു നാൾ ബീച്ചിലെ കടപ്പുറത്തുറങ്ങിയപ്പോൾ – 'ദാമു' എന്നുള്ള അച്ഛന്റെ വിളികേട്ട് ഞെട്ടിയുണർന്നു. വെട്ടിത്തിരിഞ്ഞപ്പോൾ ആർത്തുവന്ന തിരമാലകൾ ഓടിവന്ന് എന്റെ കൈകാലുകൾ കൂടി അമ്മയുടെ അടുത്തേക്ക് പറഞ്ഞുവിട്ടു.

പരസ്പരം സ്നേഹത്തിലും സന്തോഷത്തിലും പിറവിയെടുത്ത കുഞ്ഞുങ്ങൾ തകർന്ന കുടുംബ ബന്ധങ്ങളുടെ നടുവിൽ ഒറ്റപ്പെട്ട് ഏകനായി ജീവിക്കുന്ന മനുഷ്യകോലങ്ങൾ – ആധുനിക സമൂഹത്തിന്റെ മറ്റൊരു വശം തുടർന്നു പോകുന്നു. ■

*Perfect destination for book lovers*

MODERN BOOK CENTRE

mbc

Welcome to our showroom at
Gandhari Amman Kovil Road, Thiruvananthapuram 695 001
Tel: 0471 233 1816/233 1826 Fax: 233 3186
email: modern@asianetindia.com

**books for**

teachers professionals
students
children
general readers
teenagers

*books on all* **Subjects**

MODERN BOOK CENTRE
*Knowledge sharing since 1979*



സി.റ്റി.വിജയൻ

# വിളക്കണയ്ക്കാതെ ഉറങ്ങുമ്പോൾ

**രാ**ത്രി നിഗൂഢതകളെ ഒളിപ്പിച്ച കള്ളൻ. തുറന്നിട്ട ജനലിന് അപ്പുറത്ത് പതിയിരിക്കുന്നു. ഈ ലൈറ്റ് കൂടി ഓഫ് ചെയ്യുമ്പോൾ ധൃതിയിൽ കടന്നുവരാൻ. പക്ഷേ, ഞാൻ ഈ നിയോൺ വെളിച്ചത്തിലാണ് ഉറങ്ങാറ്. ഓരോ രാത്രിയിലും ഓരോ നൊമ്പരങ്ങളെ ഞാൻ സ്വീകരിക്കും എന്നിട്ട് രാത്രിയുടെ ദൗർഘ്യം വെട്ടികുറച്ച് ചെറുതായുറങ്ങും. കൂടുതൽ ഉറങ്ങാൻ ഭയമാണ്. കാരണം, എന്റെ ജീവിതത്തിലെന്നപോലെ എന്റെ ഉറക്കത്തിലും അവർ പിന്തുടരുന്നു. എന്നെ ഭീക്ഷണിപ്പെടുത്തുന്നവർ, അധികാരത്തിന്റെ മുഷ്ക്ക് കാണിക്കുന്നവർ, അവകാശമായി കിട്ടിയ ഒരുന്നേരത്തെ ആഹാരത്തിൽ വിസർജ്ജിച്ച് ആനന്ദിക്കുന്നവർ. തുടുത്തകവിളും, കറുത്ത കണ്ണാടിയും വെച്ച് പ്രവാചകന്റെ പ്രതിരൂപമായി എന്റെ നിർമ്മല സ്വപ്നത്തിലേക്കും അവർ കടന്നു വരും മുൻപ് ഉണരാൻ ഞാൻ എന്നും വൈകിയുറങ്ങുന്നു. അതുവരെ നൊമ്പരങ്ങളെ സ്വീകരിക്കുന്നു.

മകൻ ഇതുവരെ വന്നിട്ടില്ല. അവസാന ബസ്സുവരെ അവൻ കാത്തിരിക്കുന്നത് പതിവല്ല. രാവിലെ ഓടിച്ചുവായിച്ച ചില ദുശ്ശകുന വാർത്തകളുടെ ബാക്കി ഒന്നുകൂടി നോക്കി. മകന്റെ ഫോൺ വരുന്നുണ്ട്. ആദ്യമേ അവൻ പറഞ്ഞു 'ദേഷ്യപ്പെടരുത് ഞാനിപ്പോൾ വിക്കിയുടെ കൂടെ ആശുപത്രിയിലാണ് പേടിക്കാനൊന്നുമില്ല....' ബാക്കി വിവരങ്ങളും പറഞ്ഞ് അവൻ ഫോൺ വിച്ഛദിച്ചു. കൈയ്യിലിരിക്കുന്ന പത്രം ഞാൻ മടക്കി വെച്ചു. മകൻ പറഞ്ഞ കാര്യങ്ങൾ നൊമ്പരമായി മനസ്സിൽ നിറയുന്നു. എന്റെ മകനും, സുഹൃത്തുക്കളും വിവിധതലത്തിൽ ഡിഗ്രി പഠനം കഴിഞ്ഞ സമപ്രായക്കാരാണ്. അവരുടെ ഏറ്റവും അടുത്ത അഞ്ച് സുഹൃത്തുക്കളിൽ ഒരാളാണ് 'വിക്കി' അവന്റെ അനുജൻ എന്റെ മകൾക്കൊപ്പം സ്കൂളിൽ പഠിച്ചിട്ടുണ്ട്. ഒരു പതിനേഴു വയസുകാരൻ. ഒരു കുഞ്ഞിന്റെ പ്രകൃതം രാവിലെ മുതലുള്ള സഹിക്കാവുന്ന വേദന അത്രയും അനുഭവിച്ചു കഴിഞ്ഞപ്പോൾ അവൻ അമ്മയോട് പറഞ്ഞു അവനെ ആശുപത്രിയിലാക്കണമെന്ന്. സാധാരണ ഒരുമാതിരി വേദനയെന്നും അവൻ ആരെയും അറിയിക്കാറില്ല. ജ്യേഷ്ഠനും, സുഹൃത്തുക്കളും വട്ടം കൂടുമ്പോൾ അവൻ നന്നായി ചിരിക്കും നർമ്മം പറഞ്ഞ് സമയം നീക്കും. അത്രയും നേരം വേദമറക്കും. അതാണ് അവന്റെ പ്രകൃതം. പക്ഷേ ഇന്നവൻ ആശുപത്രിയിൽ പോകണമെന്ന് പറഞ്ഞയുടൻ അവർ പോകാൻ തയ്യാറായതും അതുകൊണ്ടാണ്. രാത്രിയോടെ അവർ മെഡിക്കൽ കോളേജിലെത്തി അപ്പോഴാണ് മകൻ എന്നെ വിളിച്ചത്.


ദീർഘകാലാമയി ആ കുഞ്ഞ് ചികിത്സയിലാണ്. ഒരു മനുഷ്യ ശരീരത്തിൽ എവിടെയെക്കെ, എന്തോക്കെ

**വേദനയിൽ പുളയുന്ന ഏതൊരു കുഞ്ഞും എനിക്കൊന്നും നൊമ്പരംതന്നെയാണ്. കുഞ്ഞുങ്ങൾ മാത്രമല്ല. ഏതൊരു ജീവനും തളർന്ന മനസ്സും, ശരീരവും, മുഖഭാവങ്ങളുമായി ഒറ്റപ്പെട്ടലയുന്ന ഒരു അമ്മയും കുഞ്ഞും, ഒരനാഥ ബാല്യവും, ശപിക്കപ്പെട്ട നിമിഷങ്ങളുടെ ദു:ഖം ഒരു പെൺകുട്ടിയും, എല്ലാം നഷ്ടപ്പെട്ടിട്ടോ അല്ലെങ്കിൽ സ്വയം ഉൾവലിഞ്ഞോ, ചപ്പുചവറുകൾക്കിടയിൽ ഒരു നാണയത്തിനായി കാക്ക ചിക്കുമ്പോലെ തിരയുന്ന വാർദ്ധക്യവും എന്റെ ഹൃദയത്തിന് വേദനയാണ്.**

അസുഖം വരാം എന്ന് ഒരു പ്രത്യേക പഠനത്തിന്റെ ആവശ്യമില്ല ഈ കുഞ്ഞ് ഇങ്ങനെയിവിടെയുള്ളപ്പോൾ. കുറച്ചു കൊടുത്ത മരുന്നുകളുടെ കുറുപ്പടികൾക്ക് ഒരു തലയിണയുടെ കനം ഉണ്ട്. രാത്രി ഏറെ വൈകി പരിശോധഫലം വന്നപ്പോൾ ഡോക്ടർ പറഞ്ഞു 'വളരെ വഷളാണ് സ്ഥിതി. ഹൃദയത്തിന്റെ തകരാർ അതുപോലെയുണ്ട്. കരൾ പ്രവർത്തിക്കുന്നില്ല. കിഡ്നിയും പ്രതികരിക്കുന്നില്ല... പിന്നെ മഞ്ഞപ്പിത്തവും ബാധിച്ചിട്ടുണ്ട്. ഒരു ബാല്യത്തിന്റെ ഭാവവും, അതിനപ്പുറത്തെ പക്വമായ മനസ്സുമുള്ള ഈ കൗമാരക്കാരന്റെ ശരീരത്തിൽ പ്രതികരിക്കാനും, ഇനിയെന്തു ബാക്കി.'

രാത്രി പിന്നെയും എന്നെ ഉറ്റു നോക്കുന്നു. ചുറ്റിവരുന്നൊരു ഇളം കാറ്റിൽ ചെറിയ ഇലയനക്കങ്ങൾ കേൾക്കാം. അത് പതുങ്ങിവരുന്ന മരണത്തിന്റേതാകാതിരിക്കാൻ ഞാൻ ജനൽ പാളികളടച്ചു. കാരണം രാത്രിയിലെപ്പോഴെങ്കിലും വിദ്യുച്ഛക്തി പോയാലോ. ആ കുഞ്ഞിന് ഒന്നും സംഭവിക്കാതിരിക്കാൻ ഞാൻ മനസ്സിൽ പ്രാർത്ഥിച്ചു ആശ്വസിച്ചു. വേദനയിൽ പുളയുന്ന ഏതൊരു കുഞ്ഞും എനിക്കൊന്നും നൊമ്പരംതന്നെയാണ്. കുഞ്ഞുങ്ങൾ മാത്രമല്ല. ഏതൊരു ജീവനും തളർന്ന മനസ്സും, ശരീരവും, മുഖഭാവങ്ങളുമായി ഒറ്റപ്പെട്ടലയുന്ന ഒരു അമ്മയും കുഞ്ഞും, ഒരനാഥ ബാല്യവും, ശപിക്കപ്പെട്ട നിമിഷങ്ങളുടെ ദു:ഖം ഒരു പെൺകുട്ടിയും, എല്ലാം നഷ്ടപ്പെട്ടിട്ടോ അല്ലെങ്കിൽ സ്വയം ഉൾവലിഞ്ഞോ, ചപ്പുചവറുകൾക്കിടയിൽ ഒരു നാണയത്തിനായി കാക്ക ചിക്കുംപോലെ തിരയുന്ന വാർദ്ധക്യവും എന്റെ ഹൃദയത്തിന് വേദനയാണ്. പക്ഷേ, എന്നെയറിയുന്നവർ, പരിചയക്കാർ, ഉറ്റവർ ഇവരൊക്കെ എന്റെ ധാർഷ്ഠ്യവും, നിഷേധവും, അവിവേകവും ഒക്കെ ഒരു യോഗ്യതയായി എനിക്ക് ചാപ്പകുത്തിത്തന്നിട്ടുണ്ട്. ഈ മുദ്രയിലൂടെ ഒലിച്ചിറങ്ങുന്ന വേദയാണെന്റെ മനുഷ്യത്വം. അതുകൊണ്ടാണ് ഞാൻ കരയുന്നത്. അസമയത്ത് സംഭവിച്ചുപോകുന്ന ഒരു അത്യാഹിതത്തിന് സഹായിയായി അവസാന അഹങ്കാരിയെ തിരയുന്നതും അതുകൊണ്ടാണ്. കാരണം മറ്റുള്ളവർ ജീവിത നിഷ്ഠ ഉള്ളവരാണ്. രാത്രിയായാൾ അവർ മൊബൈൽ ഫോൺ ഓഫ് ചെയ്തു വെക്കും.

എല്ലായ്പ്പോഴും രക്ഷകനാകാൻ കഴിഞ്ഞില്ലെങ്കിലും ഒരു ദുരന്തത്തിന്റെ ഒലിയടങ്ങും മുമ്പ് ഞാൻ നിയോഗത്തിന്റെ ഭാഗമായിത്തീരാറുണ്ട്.





**വൈദ്യശാസ്ത്രത്തിനു നന്ദി പറയണോ, ഒരു പകൽ മുഴുവൻ നീ ശാസ്ത്രക്രിയ നടത്തി തളർന്ന ഒരു ഡോക്ടർ വായാഹ്ന വിശ്രമത്തിനും അതിനുമപ്പുറത്തെ ഉസത്തിനും മുതിരാതെ കർമ്മ മണ്ഡലത്തോടു കാട്ടിയ പ്രതിബദ്ധ തയ്ക്കും അതിനു മപ്പുറത്തെ മനുഷ്യ നന്മയും നന്ദി പറയണോ.....?**

മാസങ്ങൾക്കു മുൻപുള്ള ഒരു പകൽ അവസ്ഥമിക്കുന്നതങ്ങനെയായിരുന്നു. അനുഗ്രഹീത കലാകാരനും, നാടകനടനും, മനുഷ്യസ്നേഹിയുമായ സുഹൃത്ത് പി.ജെ.രാധാകൃഷ്ണൻ അത്യാസന്ന നിലയിൽ ആശുപത്രിയിലായി. അതിനു തൊട്ടുമുമ്പ് ഒരു പകൽ മുഴുവൻ നീണ്ട ഉറക്കത്തിനിടയിലാണ് മരണം അയാളുകൂടെ ശയിക്കാനെത്തിയത്. മകളും, ഭാര്യയും, ഇടയ്ക്കിടെ വന്ന സുഹൃത്തുകളും വിളിച്ചെങ്കിലും അയാൾ ഉണരാൻ തുടങ്ങിയാൽ ഒരാന്നന്നര ഉറക്കമെങ്ങ് ഉറങ്ങിക്കളയും. പക്ഷേ, നിവിണക്കാരൻ വൈകുന്നേരം മൂന്നു മണി കഴിഞ്ഞപ്പോൾ വിളിച്ചുണർത്താനെത്തി. അന്നു വൈകുന്നേരം ദൂരദർശനിൽ ട്രാൻസിഷൻ ഡ്യൂട്ടിയിലായിരുന്ന രാധാകൃഷ്ണൻ അതുവരെ എത്താതിരുന്നതിനാൽ മേലുദ്യോഗസ്ഥൻ നിർബന്ധിച്ചു വിളിച്ചുണർത്താൻ പ്രേരിപ്പിക്കുകയായിരുന്നു. മകൾ പിന്നെയും അച്ഛനെ കുലുക്കി വിളിച്ചു.

പണ്ടും ഒട്ടും കുലുങ്ങാത്ത രാധാകൃഷ്ണൻ അപ്പോഴും കുലുങ്ങിയില്ല. മകളും ഭാര്യയും അമ്പരന്നു തണുത്ത് വിറച്ച് മുതപ്രായനായിത്തീർന്നിക്കുന്നു രാധാകൃഷ്ണൻ അപ്പോൾ. ഒന്നോടി വരാൻ ഒന്നു സഹായിക്കാനാരുമില്ല അടുത്ത്. എല്ലാവരും അകലെ ദൂരെ ഷൂട്ടിംഗ് തിരക്കിലായിരുന്ന കലാധരനും, ഷിബുവും, അവിടെ നിന്നെത്തി രാധാകൃഷ്ണനെ ആശുപത്രിയിലെത്തിക്കുകയായിരുന്നു. കേട്ടറിഞ്ഞവർ, പറഞ്ഞറിഞ്ഞവർ എല്ലാവരും ഓടിയെത്തി അപ്പോഴേക്കും രാധാകൃഷ്ണനെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവശിപ്പിച്ച് പരിശോധനകൾ തുടങ്ങിയിരുന്നു. രാവിലെ മുതലുള്ള നിരന്തരം ശാസ്ത്രക്രിയ കഴിഞ്ഞ് ക്ഷീണിതനായി വീട്ടിലേക്കു തിരിക്കാൻ തിടുക്കും കൂട്ടിയ ഡോക്ടറുടെ മുമ്പിലേക്കാണ് മിടിപ്പുകൾ മാത്രം ബാക്കിയായ രാധാകൃഷ്ണന്റെ ശരീരം എത്തിച്ചത്. ഉടൻ അടിയന്തിര ശാസ്ത്രക്രിയ തീരുമാനിച്ച ഡോക്ടർ ക്ഷീണിതന്റെ നിലമറന്നു. പരിശ്രമിക്കാം പക്ഷേ, അഞ്ചുശതമാനത്തിൽ താഴെയാണ് ജീവന്റെ പ്രതീക്ഷയെന്ന് ഡോക്ടർ പറഞ്ഞു. ഞങ്ങൾ കാത്തിരുന്നു. രാത്രി ഏറെ വൈകി. കട്ടൻ കാപ്പിയും, വൈദ്യശാസ്ത്രത്തിന്റെ സാദ്ധ്യതകളും ഞങ്ങൾക്കു മുന്നിൽ നേരമ്പോക്കുകാരായുണ്ടായിരുന്നു. പുലരുന്നതിനു മുമ്പ് ഡോക്ടർ പുറത്തു വന്നു. ജീവന്റെ ശതമാനം ഇനിയും താഴേക്കു പോകാതിരിക്കാനുള്ള പരിശ്രമം നടത്തിയതായി ഡോക്ടർ പറഞ്ഞു. ഞങ്ങൾ അദ്ദേഹത്തിനു നന്ദി പറഞ്ഞു യാത്രയാക്കി. അടുത്ത ദിവസം രാധാകൃഷ്ണന്റെ ശരീരം പ്രതികരിച്ചു തുടങ്ങി. പിന്നെ രാധാ

കൃഷ്ണനും പ്രതികരിച്ചു തുടങ്ങി. ഇളക്കി മാറ്റിയ തലയോട്ടിയില്ലാതെ ബാൻഡേജ് ചുറ്റി അയാൾ മാസങ്ങളോളം ഈ നാടായ നാടാകെ സഞ്ചരിച്ചു. ഇക്കഴിഞ്ഞ മാസം തലയോട്ടി തിരികെ തുന്നിച്ചേർത്ത്, രംഗബോധമില്ലാത്ത കോമാളിയെ കീഴടക്കി പഴയ നാടകക്കാരനായി, മനുഷ്യസ്നേഹിയായിണങ്ങൾക്കുമുന്നിൽ വന്നു. അത്ഭുതങ്ങൾ വല്ലപ്പോഴുമേ സംഭവിക്കൂ. ഇവിടെ വൈദ്യശാസ്ത്രത്തിനു നന്ദി പറയണോ, ഒരു പകൽ മുഴുവൻ നീണ്ട ശാസ്ത്രക്രിയ നടത്തി തളർന്ന ഒരു ഡോക്ടർ വായാഹ്ന വിശ്രമത്തിനും അതിനുമപ്പുറത്തെ ഉസത്തിനും മുതിരാതെ കർമ്മ മണ്ഡലത്തോടുകാട്ടിയ പ്രതിബദ്ധതയ്ക്കും അതിനുമപ്പുറത്തെ മനുഷ്യ നന്മയും നന്ദി പറയണോ.....? ചിലപ്പോഴങ്ങനെയാണ്. വൈദ്യശാസ്ത്രം നമ്മെ കോരിത്തരിപ്പിക്കും. മറ്റു ചിലപ്പോൾ നമ്മൾ അതിനെ ശപിച്ചുപോകും.

വിക്കിയുടെ അനുജനും, എല്ലാ കുഞ്ഞുങ്ങളെയും പോലെ ആരോഗ്യവാനും. മിടുക്കനും, സുന്ദരനുമായിരുന്നു. പണ്ടെപ്പോഴോ ബാല്യത്തിൽ ഒരു ചെറിയ പനിവന്നപ്പോൾ അവനെയും കൊണ്ട് അച്ഛനമ്മമാർ ആശുപത്രിയിലെത്തി ചികിത്സിച്ചു. മരുന്നു കഴിച്ചു. പിന്നെ നിരന്തരം അസുഖത്തിന്റെ പിടിയിലായ ആ കുഞ്ഞു വേദനകൾക്കടിപ്പെടുകയായിരുന്നു. അവന് വളർട്ടയില്ലാതെയായി. വിളറിവെളുത്തു, ശരീരം വീണ്ടു കീറി, ഹൃദയഭിത്തികൾക്ക് കട്ടികൂടി, ശ്വാസകോശം വികസിക്കാതെയായി കരളിന്റെയും കിഡ്നിയുടെയും പ്രവർത്തനം മന്ദഗതിയിലായി. പിന്നെയും മരുന്നുകൾ പരീക്ഷിച്ചു. അവൻ ആഹാരം മറന്നുപോയി. വേദനയിന്നവന് പ്രാണവായുപോലെയാണ്.

നമുക്കെന്തു ചെയ്യാൻ കഴിയും. ഓരോ നിമിഷം കഴിയുമ്പോഴും പിടഞ്ഞു തീരുന്ന കുരുന്നു ജീവനാണ് അവൻ. ഇടുങ്ങിയ വഴിയിലൂടെ നടക്കുന്ന ഒരു ശുഷ്കിച്ച ജീവിതവും അതിനപ്പുറത്തെ അഗാധഗഞ്ഞവും അവൻ തിരിച്ചറിഞ്ഞു കഴിഞ്ഞു. ആ നിമിഷം അടുത്തവാരാതിരിക്കാൻ അവന്റെ അച്ഛനമ്മമാരും, ബന്ധുക്കളും, ജ്യേഷ്ഠനും, സുഹൃത്തുക്കളും ഒക്കെ പ്രാർത്ഥിക്കുന്നു. പരിശ്രമിക്കുന്നു. മരണം അനിവാര്യമെന്ന് എല്ലാവർക്കും അറിയാം. പക്ഷേ അതിനെ അടുത്തു കാണാൻ ഭയമാണ്. അതു സൃഷ്ടിക്കുന്ന ശൂന്യത വലുതാണ്. മരണം ഒരു വേർപാടല്ല, ഓർമ്മകളുടെയും അനുഭവങ്ങളുടെയും സമ്പത്തിലേക്ക് കുമിഞ്ഞു കൂടുന്ന കുറ്റബോധത്തിന്റെയും മനസ്സാക്ഷിയില്ലായ്മയുടെയും കണക്കെടുപ്പാണിത്. ഒരു ഉറുമ്പിനെപ്പോലും കൊല്ലാതിരിക്കാൻ നാം പ്രതിജ്ഞാബന്ധരാണെങ്കിലും, എല്ലാവരും ഉറുമ്പിനെ കൊന്നു പോകും. പക്ഷേ, മനുഷ്യനെകൊല്ലാൻ എല്ലാവർക്കും കഴിയില്ല, കഴിയുന്നവന് മനസ്സലിയും, കുറ്റബോധവും, സാമൂഹിക കടപ്പാടും തീരെ ഉണ്ടാവുകയുമില്ല. ഇവയില്ലാത്തവന് ദർശനങ്ങളും പ്രത്യയശാസ്ത്രവും കാണുകയുമില്ല. ഞാൻ ഒരു കമ്മ്യൂണിസ്റ്റ് കാരനാണ്. മറ്റുള്ളവരുടെ വേദനയിൽ മനസ്സു പിടിക്കുന്നവനാണ്. പിന്നെ, എനിക്കെങ്ങനെ മറ്റൊരാളെ കൊല്ലാൻ കഴിയും, എനിക്കു പ്രതികാരങ്ങൾ ഉണ്ടെങ്കിൽ പോലും. ■






രവീന്ദ്രൻ

# ഒരു വലിയ സ്വയംകൃതാനർത്ഥം

സംസ്ഥാനത്തിന്റെ ഉത്തമതാൽപര്യങ്ങൾക്കനുസരിച്ച് സർക്കാരുകൾ സമയബന്ധിതമായി പ്രവർത്തിക്കാത്തതിന്റെ അനന്തരഫലമാണ് ഇന്നത്തെ ഊർജ്ജപ്രതിസന്ധി. ഒപ്പം നിക്ഷിപ്തതാൽപര്യങ്ങൾക്കുവേണ്ടിയുള്ള ആ ദൃശ്യം അതിശക്തവുമായ ചരടുവലികൾ മറ്റേതൊരു സാമൂഹിക സാമ്പത്തിക മേഖലയിലെന്നപോലെ ഈ രംഗത്തും സജീവമാണ് എന്ന വസ്തുതയും വൻകിട ജലവൈദ്യൂതപദ്ധതികളാണ് അവരുടെ ഇഷ്ടരംഗം. മൂന്നുദശകങ്ങൾക്കുമുൻപ് തുടങ്ങുകയും പാതിവഴിയിൽ ഇഴയുന്നതുമായ കല്ലട, കാരാപ്പുഴ തുടങ്ങിയ ജലസേചന പദ്ധതികളും ഈ നിക്ഷിപ്തതാൽപര്യക്കാരുടെ ഇരകളാണ്. മരം മുറിച്ചുമാറ്റുക നിർമ്മാണകരാറുകൾ നടത്തുക എന്നിവയിലൂടെ പരമാവധിമൂല്യം ചോർത്തിയെടുക്കുക എന്നതുതന്നെയാണ് ലക്ഷ്യം കേരളത്തിന്റെ ഇന്നത്തെ സാമൂഹ്യരാഷ്ട്രീയ കാലാവസ്ഥയിൽ ആതിരപ്പള്ളി ജലവൈദ്യൂതി പദ്ധതി വന്നാൽ അത് ഒന്നരദശകം കൊണ്ടെങ്കിലും പൂർത്തിയാകും എന്ന് ഉറപ്പിക്കാൻ കഴിയില്ല. ഇതിനകം സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധി പലഘട്ടങ്ങൾ കഴിഞ്ഞുപോയിരിക്കും. കേവലം 100 മെഗാവാട്ടിനടുത്തുമാത്രം വൈദ്യൂതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഈ പദ്ധതിക്കുവേണ്ടി നഷ്ടപ്പെടുത്തുന്നത് അത്യപൂർവ്വമായ ജൈവവൈവിധ്യവും നീണ്ടുപോകുന്ന നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി ഉപയോഗിക്കുന്ന അമൂല്യധനവും. രണ്ടും ഒരു വിധത്തിലും തിരിച്ചെടുക്കാൻ കഴിയില്ല. കേന്ദ്രസർക്കാർ അംഗീകരിച്ചിരിക്കുന്ന മാധവ്ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരായും ആതിരപ്പള്ളി ജലവൈദ്യൂത പദ്ധതിക്കനുകൂലമായും രൂപപ്പെട്ടിരിക്കുന്ന രാഷ്ട്രീയസമന്വയം സംസ്ഥാനത്തിന്റെ ഭാവിക്ക് അങ്ങേയറ്റം അശുഭോദർക്കമാണ്.

## എനർജി മാപ്പിംഗ് വേണം

ഇന്നത്തെ പ്രതിസന്ധിനേരിടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള ഒരു കർമ്മപരിപാടിയാണ് ആവശ്യം. അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം ഓർമ്മയിൽ വരുന്നത്. ശ്രീ പിണറായി വിജയൻ വൈദ്യൂതി മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന ചൈനീസ് മാതൃകയിലുള്ള ചെറുകിട ജലവൈദ്യൂതിപദ്ധതികളാണ്. എന്നാൽ പിന്നീട് അതിന് വേണ്ട ഊന്നൽ നൽകിയില്ല. നടത്തിപ്പുകാർക്കു ഗുണംകിട്ടുന്നതുകുറയുമെന്നുള്ളതുകൊണ്ടാണോ അത് ഉപേക്ഷിക്കപ്പെട്ടത്. വിവിധ ഉറവിടങ്ങളിൽ നിന്ന് സമയബന്ധിതമായി ഊർജ്ജോൽപ്പാദനം നടത്താനുരാകുന്നതരത്തിലുൽ കേരളത്തിന്റെ ഒരു എനർജിമാപ്പിംഗ് നടത്തുകയാണ് അടിയന്തിരമായി വേണ്ടത്.

## കാറ്റിൽ നിന്നു വൈദ്യൂതി

ജലവൈദ്യൂതി പദ്ധതികളിൽ നിന്നു കിട്ടുന്നതിന്റെ പതിൻമടങ്ങു വൈദ്യൂതി സംസ്ഥാനത്തുതന്നെ കാറ്റിൽ നിന്ന് ഉൽപ്പാദിക്കാമെന്ന് ഇതിനകം മനസ്സിലാക്കിയിട്ടുണ്ട്. രാമക്കൽമേട്ടിൽ 40 മെഗാവാട്ട് ശേഷിയുള്ള കാറ്റിൽ നിന്ന് വൈദ്യൂതി ഉൽപ്പാദി

പ്പിക്കാമെന്ന് പദ്ധതിയുടെ ഉദ്ഘാടനത്തിൽ പങ്കെടുത്ത ശേഷം അതിന്റെ നിർമ്മാണം നടത്തിയ കമ്പനി പത്രസ മ്മേളനത്തിൽ വെളിപ്പെടുത്തിയത്. ആ പഞ്ചായത്തിൽ നിന്നുമാത്രം 1000 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്ന് ഉൽപ്പാദിപ്പിക്കാമെന്നാണ്. ഇടുക്കി ജില്ലയിൽ തന്നെ ഇതുപോലെത്തെ നിരവധി പഞ്ചായത്തുകളുണ്ട്. അതുപോ ലെ വാളയാർ, വാഗമൺ, അട്ടപ്പാടി തുടങ്ങിയ മറ്റു പ്രദേശ ങ്ങളും കാര്യമായി ഒന്നും തടയാൻ ഇടയില്ലാത്ത ഇത്തരം പദ്ധതികളുടെ വക്താക്കളാകാൻ ആരും തയ്യാറാവുന്നില്ല എന്നതാണ് സത്യം.



### സൗരോർജ്ജം

സൂര്യപ്രകാശത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കു ന്നതിൽ ഗുജറാത്ത്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങൾ വലിയ മുന്നേറ്റമാണ് നടത്തിയിരിക്കുന്നത്. നമുക്ക് ഈ രംഗത്ത് എന്നെങ്കിലും കാര്യമായി ചെയ്യാൻ കഴിയില്ലേ എന്ന ചോദ്യക്കുമ്പോൾ ഉയരുന്ന തടസ്സ വാദമുണ്ട് കേരളം വൃക്ഷനിബിഡമാണ്. സൗരോർജ്ജ പദ്ധതികൾക്കനുകൂ ലമല്ല. നമ്മുടെ വിശാലമായ കായൽപ്പാടങ്ങളും (ഇപ്പോൾ മിക്കവാറും തരിശായി കിടക്കുന്നു.) പാലക്കാട് ജില്ലയും മറയൂർ, കാന്തല്ലൂർ രാജാക്കാട്, കാമാക്ഷി തുടങ്ങിയ പ്രദേ ശങ്ങളും, കാസറഗോഡ് ജില്ലയുടെ വടക്കൻ പ്രദേശങ്ങളു മെല്ലാം നമ്മൾ മറന്നുപോകുന്നു. സൗരോർജ്ജപദ്ധതികൾ കാര്യക്ഷമമായി നടത്താൻ പറ്റിയ ഒട്ടനവധി പ്രദേശങ്ങൾ കേരളത്തിൽ തന്നെയുണ്ട്. മനസ്സുമാത്രം ഉണ്ടായാൽ മതി.

ആതിരപ്പള്ളി ജലവൈദ്യുതപദ്ധതിക്കുവേണ്ടി, 'നാഴി കയ്ക്കു നാൽപ്പതുവട്ടം' വായ്ത്താമിടുന്നവർ കുടംകുളം ആണവനിലയത്തിൽ നിന്ന് വൈദ്യുതി ലഭ്യമായാൽ കൊണ്ടുവരുന്നതിനുള്ള വൈദ്യുതിലൈൻ ഇതുവരെ യും ഇവിടെ പൂർത്തിയാക്കിയിട്ടില്ല എന്നുള്ള കാര്യം മറ ക്കരുത്. മറ്റെല്ലാകാര്യത്തിലുമെന്നപോലെ നിക്ഷിപ്ത താൽപര്യങ്ങൾ ഇവിടെയും നമ്മെ പിറകോട്ട് വലിക്കു ന്നു. അതുകൊണ്ട് ഇങ്ങനെയൊക്കയേ നടക്കൂ. ■



general

# Poovar
## Workshop

October 11, 2012





പൂവാറിൽ നടത്തപ്പെട്ട Corporate Strategy Workshop-നെ ജീവനക്കാർ വീക്ഷിച്ചത്. നിലവിലെ ടീമുകളുടെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട വിവിധ ഗ്രൂപ്പുകളുടെ പൊതു ചർച്ചയിലൂടെ ഉയർന്നുവന്ന നൂതന ആശയങ്ങൾ, പുതിയ പ്രവർത്തന മേഖലകൾ എന്നിവ ഏറെ പ്രതീക്ഷയുണർത്തിയെങ്കിലും വിശിഷ്ടാതിഥികളായി എത്തിയ വിദഗ്ദ്ധരെ അപമാനിക്കുന്നതിനും തികഞ്ഞ ഗൗരവത്തോടെ പുതിയ പ്രവർത്തന മേഖലകൾ സംബന്ധിച്ച കാഴ്ചപ്പാടുകൾ അവതരിപ്പിച്ച ടീം മേധാവികളെ രാഷ്ട്രീയ ദുഷ്ടലാക്കോടെ ഡയറക്ടറുടെയും രജിസ്ട്രാറുടെയും സാന്നിധ്യത്തിൽ ആക്രമിക്കുന്നതിനും ചില സംഘടിത നീക്കങ്ങൾ നടന്നുവെന്നത് സ്ഥാപനത്തോടു കൂറുള്ള ഏവർക്കും വേദനിക്കുന്ന ഓർമ്മയായി അവശേഷിക്കുന്നു. ഇതിനെ തുടർന്ന് തികച്ചും അപക്വമായ നിലയിൽ യാതൊരുവിധ ദീർഘ വീക്ഷണവും ഇല്ലാതെ നടപ്പാക്കിയ 'Restructuring' പൂവ്വാർ സമ്മേളന ചർച്ചയുടെ അന്തസത്ത പൂർണമായും നിരാകരിക്കുന്നതായിരുന്നുവെന്നത് വർത്തമാനകാല ചരിത്രം. ■










# C-DIT City Office

## Foundation Laying

## പ്രതിപക്ഷ നേതാവിനെ ഒഴിവാക്കിയതിൽ പ്രതിഷേധിച്ചു




**സി**-ഡിറ്റിന് പട്ടത്ത് ലഭിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിലാസ്ഥാപനകർമ്മം 4.06.2012 ബഹു മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി (ചെയർമാൻ സി-ഡിറ്റ്) നിർവ്വഹിച്ചു. സി-ഡിറ്റിന്റെ വകുപ്പു മന്ത്രി ശ്രി. കെ.സി. ജോസഫ്, മന്ത്രി ശ്രീ. വി.എസ്. ശിവകുമാർ, ആരാദ്ധ്യയായ കോർപ്പറേഷൻ മേയർ, എം.എൽ.എമാർ എന്നിവർ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തത്. തിരുവനന്തപുരം നഗരത്തിൽ സിറ്റിസെന്റർ നിർമ്മിക്കുന്നതിന് 2010 ൽ 15 സെന്റ് സ്ഥലം അനുവദിച്ചത് അന്നത്തെ മുഖ്യമന്ത്രിയും സി-ഡിറ്റിന്റെ ചെയർമാനുമായിരുന്ന ശ്രീ. വി.എസ്.അച്യുതാനന്ദനായിരുന്നു. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതു മുതൽ സി-ഡിറ്റിന് നഗരത്തിൽ സ്ഥലം അനുവദിക്കുന്നതിനുള്ള ശ്രമം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തി. പുതിയ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സ്ഥാപനത്തിന്റെ ചെയർമാനെന്ന നിലയിൽ നാല് വർഷം അദ്ദേഹം നടത്തിയ നിരന്തരപരിശ്രമത്തിന്റെ ഭാഗമായിട്ടാണ് സി-ഡിറ്റിന് സ്ഥലം അന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. സി-ഡിറ്റിന് സ്ഥലം നൽകിയ അന്നത്തെ ചെയർമാനായ ഇന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ അവർകളെ സി-ഡിറ്റിന്റെ മാനേജ്മെന്റും സർക്കാരും പ്രസ്തുത ചടങ്ങിൽ നിന്നും ഒഴിവാക്കി. ബഹു. പ്രതിപക്ഷ നേതാവിനെ പ്രസ്തുത ചടങ്ങിൽ ഔദ്യോഗികമായി ക്ഷണിക്കാത്തതിൽ സി-ഡിറ്റ് ജീവനക്കാർ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. Green Technology യെ അടിസ്ഥാനമാക്കി 6 നിലകളിലായി നിർമ്മിക്കുന്ന ആസ്ഥാന മന്ദിരം 8 മാസത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. നിർമ്മാണ സാങ്കേതിക വിദ്യ സംബന്ധിച്ച അവതരണം ആർക്കിടെക്റ്റ് നടത്തി. ■



short story



# മോർച്ചറി

**സജിനി. എസ്**
എ.ഒ., സി.ഡിറ്റ്



**അ**തിന്റെ കൺപോളകൾക്കു താഴെ സ്വപ്നങ്ങളുടെ ഒരു പാളി തന്നെ ഉണ്ടായിരുന്നിരിക്കണം. മോർച്ചറിയിലെ ഇരുട്ടിൽ, ജീവിതത്തിന്റെ നിസ്സഹായതകൾ കണ്ടുകണ്ട് നിരന്തരമായി ചിലച്ച് ബഹളം വെച്ചിരുന്ന ഒരു പല്ലിയാണ് ഈ നിഗമനത്തിലെത്തിച്ചേർന്നത്.

"നിനക്ക് അല്ലേലും ഒരു മുടിഞ്ഞ കവിത്വമുണ്ട് ഏതിനും" – പെൺ പല്ലിയുടെ മറുമൊഴി. പല്ലികൾ രണ്ടും, അതിന്റെ നീലിമ നിലച്ച കൺപോളകൾക്കും മുകളിലെ പഴയ ചോരമണക്കുന്ന നിറംകെട്ട തുണിക്കും മുകളിലായി പതിവുതെറ്റാതെ തന്നെ ഇണചേർന്നു. 'സ്വപ്നങ്ങളുടെ പാളിക്കുമേൽ ഒരിണ ചേരൽ'. രണ്ടു പല്ലികളും ആത്മഗതം നടത്തിയിരിക്കണം.

ഈ സമയം നിരന്തരമായി ജീവിതം കുത്തിത്തുളച്ചുകൊണ്ടിരുന്ന മരണത്തിന്റെ തനിസ്വരൂപം കണ്ടുകണ്ട് കണ്ണുകൾ താനേ അടഞ്ഞുപോയ ഒരെലി അതിന്റെ പാദങ്ങളിൽ മൃദുവായൊന്നു തൊട്ടു.

എന്തെല്ലാമോ തേടിനടന്ന് തേഞ്ഞുപോയ പാവം കാലുകൾ എന്ന് വിചാരിച്ച എലിയുടെ അടഞ്ഞ കണ്ണുകളിൽ കനിവ് കിനിഞ്ഞു. എലി, അതിനെ ശല്യപ്പെടുത്താതെ അടുത്ത് കന്യകാത്വം പരിശോധിക്കപ്പെട്ട് ദീനതയോടെ അന്തമില്ലാത്ത ശൈത്യം പുതച്ചുകിടന്ന ഒരു പെൺകുട്ടിയുടെ മുറിഞ്ഞുകിടക്കുന്ന ഞരമ്പുകൾക്കു മുകളിലൂടെ പതുങ്ങി കടന്നുപോയി.

എറുമ്പുകളാകട്ടെ മോർച്ചറിയുടെ നാലുചുവരുകളെ ഒരു ശത്രുപാളയത്തെ എന്നപോലെ വലം വയ്ക്കുകയാണ്.

രാത്രി കാവൽക്കാരന്റെ ചാരായം മണക്കുന്ന തമിഴ് പാട്ടുകൾക്കും സകലതിനോടുമുള്ള വിരക്തി നിറഞ്ഞ പുലഭ്യം പറച്ചിലുകൾക്കും, തറയിൽ പൊടിഞ്ഞു ചിതറിയ പരിപ്പുവടയുടെ അവശിഷ്ടങ്ങൾക്കും ഉറുമ്പുകളെ തുരത്തുവാനായി പണ്ട് ഏതോ ചതിയൻ വിതറിയ ഡി.ഡി.റ്റിയുടെ മഞ്ഞപുരണ്ട തീഷ്ണതയ്ക്കും മുകളിലൂടെ അവ യാത്ര തുടർന്നു. ഉറുമ്പുകളുടെ അന്തമില്ലാത്ത പ്രയാണം. എന്നാൽ അതിനെ ആക്രമിക്കാതിരിക്കുവാൻ ഉറുമ്പുകൾ പ്രത്യേകം ശ്രദ്ധ ചെലുത്തി. പാവം, അതിന്റെ പുറത്തേക്ക് തെറിച്ചു നിന്ന ഒരു വിരൽത്തുമ്പിൽ നിന്നും നഖം അടർന്നുപോയതെങ്ങനെ എന്ന് ഏതൊക്കെയോ ഉറുമ്പുകൾ സംശയം പ്രകടിപ്പിച്ചിരിക്കാം. മരണത്തിന്റെ സത്യസന്ധതയെ സംശയിക്കുന്നത് ഉറമ്പുകൾക്ക് ചേർന്ന പണിയല്ല എന്ന് ഏതെങ്കിലും ഒരുറുമ്പ് മറുപടിയും പറഞ്ഞിട്ടുണ്ടാകാം.

പാവം, അതാകട്ടെ, സകല ജീവിത നിരാസങ്ങൾക്കും അറുതി വരുത്താനെന്നവണ്ണം അനന്തതയിലേക്ക് സ്വയംനടന്നിറങ്ങിപ്പോയ ഒരച്ഛനായിരിക്കാം. സ്വപ്നങ്ങൾ താങ്ങാനാവാതെ ഹൃദയം നുറുങ്ങിപ്പോയ ഒരു ഭർത്താവായിരിക്കാം. അതുമല്ലെങ്കിൽ ജീവിതക്കൊളുത്തിൽ നിന്ന് കണ്ണിപൊട്ടി നിലംപതിച്ചുപോയ ഒരു മകനോ സഹോദരനോ കാമുകനോ ആയിരിക്കാം. എന്തായാലും പല്ലികളുടേയും എലിയുടേയും ഉറുമ്പുകളുടേയും തത്വശാസ്ത്രങ്ങളുടെ കെട്ടുകളിലേക്ക് അത് ചെറുതായ ഒരു ചിരി എറിഞ്ഞിരിക്കാം. ■

general

# മരണമെന്ന വാതിലിനപ്പുറം



സപ്നേഷ് വരച്ചൽ

'മരണമെന്ന വാതിലിനപ്പുറം' നിത്യചൈതന്യ യതിയുടെ പ്രശസ്തമായ പുസ്തകത്തിന്റ പേരാണ്. മരണമെന്ന അവസ്ഥയെ അപനിർമ്മിക്കാൻ ശ്രമിച്ച ഒരു തത്വചിന്തകൻ കൂടിയായിരുന്നു യതി. മരണത്തിന്റെ രഹസ്യമന്വേഷിച്ച പുരാണകഥാപാത്രം നചികേതസ് മുതൽ മരണത്തെ അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ശ്രമിച്ച തത്വചിന്തകർ നിരവധിയുണ്ട് ലോകചരിത്രത്തിൽ. കൺഫൂഷ്യസും ഗൗതമബുദ്ധനും സാർത്തും ക്യാമുവും ഇമ്മാനുവേൽ കെന്റും ഫ്രഡ്രറിക്ക് നീഷെയും വാൾട്ടർ കാഫ്മാനും ബർട്ടാന്റ് റസ്സലും അൽഫ്രഡ് താസ്ക്കിയും ലൂയി അൽത്തൂസറും ഹെഗലും രമണ മഹർഷിയും തുടങ്ങി രജനീഷ് ഓഷോയിലൂടെ നോം ചോംസ്ക്കിയിലൂടെ തുടരുന്നു ആ നിര. മരണത്തെയും മരണാനന്തര ജീവിതത്തെയും പ്രമേയമാക്കി നിരവധി ഗ്രന്ഥങ്ങളും സിനിമകളും ഉണ്ടായിട്ടുണ്ട്. മനുഷ്യന്റെ അതിരുകളില്ലാത്ത ഭാവനയിൽ മരണം കഥാപാത്രമായും അവസ്ഥയായും ആവർത്തിക്കപ്പെട്ടുകൊണ്ടിരുന്നു. ഈ അടുത്തകാലത്ത് ശാസ്ത്രലോകം ആദികണം കണ്ടെത്തിയിരുന്നു. അപ്പോഴും മരണം, വ്യാഖ്യാനിച്ചവരെയും അപഗ്രഥിച്ചവരെയും അപനിർമ്മിച്ചവരെയും മറികടന്ന് നമ്മുടെ തൊട്ടരുകിൽ നിൽക്കുന്നു... അദൃശ്യസാന്നിധ്യമായി.

ഇത് മരണത്തെക്കുറിച്ചുള്ള ലേഖനമല്ല. മരണമെന്ന സംജ്ഞ ഉത്പാദിപ്പിക്കുന്ന നിഗൂഢമായ ഭയത്തെക്കുറിച്ചുള്ള വ്യാഖ്യനവുമല്ല. അത്രയൊന്നും ആത്മബന്ധം ഇല്ലാത്ത ഒരാളുടെ, അരുൺ പണിക്കരുടെ മരണം എന്നിലുണ്ടാക്കിയ അവസ്ഥയെക്കുറിച്ചുള്ള കുറിപ്പാണിത്. ഞാനും അരുണും സുഹൃത്തുക്കളല്ല.. എപ്പോഴോ ഒരിക്കൽ സി-ഡിറ്റ് ക്യാന്റീനിലെ ഒരു മേശക്കിരുപുറവും ഇരുന്ന് ഭക്ഷണം കഴിച്ചതൊഴിച്ചാൽ പറയത്തക്ക സൗഹൃദമൊന്നും തന്നെ നമുക്കിടയിലില്ല. പിന്നെ ഫേസ്ബുക്കിലെ ഫ്രണ്ട്സ് ലിസ്റ്റിൽ അറിയുന്നതും അറിയാത്തതുമായ നിരവധി സുഹൃത്തുക്കളിൽ ഒരാൾ മാത്രം, അതെ അത്ര മാത്രം.

കഴിഞ്ഞ മാസം 23-ാം തീയതി രാത്രി പതിവ് ആലസ്യങ്ങളുമായി ബൈന്യാമന്റെ 'മഞ്ഞവെയിൽ മരണങ്ങൾ' എന്ന നോവൽ വായിച്ചുകൊണ്ടിരിക്കുമ്പോഴാണ് തൊട്ടരികിൽ ബ്രൗസ്സ് ചെയ്തുകൊണ്ടിരുന്ന ശ്യാഗിന്റെ ഫോണിലേക്ക് ഒരു കോൾ വന്നത്. കിടന്ന് ഫോണിൽ സംസാരിക്കുകയായിരുന്നു ശ്യാഗിൻ പെട്ടെന്ന് ചാടിയെണീറ്റു. നിങ്ങൾ ഇപ്പോൾ സംസാരിച്ചു കൊണ്ടിരിക്കുന്ന ഫോണിന്റെ ഉടമ ഒരു അപകടത്തിൽപ്പെട്ടിരിക്കുകയാണെന്നും പെട്ടെന്ന് പ്ലാമൂട് ജംഗ്ഷനിൽ എത്തണമെന്നുമായിരുന്നു ആ കോളിലെ ഉള്ളടക്കം. ശ്യാഗിൻ സംസാരിക്കുന്ന ഫോണിൽ ഡിസ്പ്ലേ ഇല്ലാത്തതുകാരണം ആരുടെ ഫോണിൽനിന്നാണ് വിളിച്ചതെന്ന് അറിയാൻ കഴിഞ്ഞില്ല. ഉപയോഗിച്ചുകൊണ്ടിരുന്ന ഫോണിൽ

> **ഇത് മരണത്തെക്കുറിച്ചുള്ള ലേഖനമല്ല. മരണമെന്ന സംജ്ഞ ഉത്പാദിപ്പിക്കുന്ന നിഗൂഢമായ ഭയത്തെക്കുറിച്ചുള്ള വ്യാഖ്യനവുമല്ല. അത്രയൊന്നും ആത്മബന്ധം ഇല്ലാത്ത ഒരാളുടെ, അരുൺ പണിക്കരുടെ മരണം എന്നിലുാക്കിയ അവസ്ഥയെ ക്കുറിച്ചുള്ള കുറിപ്പാണിത്.**

നെറ്റ് കണക്ടിവിറ്റ് ഇല്ലാത്തതുകൊണ്ടാണ് മറ്റൊരു ഫോണിലേക്ക് സിം മാറ്റിയിട്ടത്. പെട്ടെന്നുതന്നെ സിം മാറ്റി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫോണിലിട്ട് അതിൽ നോക്കി അവൻ പറഞ്ഞു അരുണാണ്. അരുണാണ് കുറച്ച് നേരത്തെ എന്നെ വിളിച്ചത്.

'ഏതരുൺ'.
'സി-ഡിറ്റിലെ'
'ആ നമ്പറിലേക്കൊന്ന് തിരിച്ചു വിളിക്കൂ' ഞാൻ പറഞ്ഞു

ശ്യാഗിൻ വിളിച്ചു. മറുവശം ഒരു പോലീസുകാരൻ ഫോൺ എടുത്ത് പെട്ടെന്ന് പട്ടം പ്ലാമൂട് ജംഗ്ഷനിൽ എത്താൻ പറഞ്ഞു. ഞങ്ങൾ രണ്ടുപേരും പെട്ടെന്ന് ബൈക്കെടുത്ത് അങ്ങോട്ടേക്ക് പോയി.

'കഴിഞ്ഞ ദിവസമായിരുന്നു അവന്റെ വിവാഹ വാർഷികം... കുറച്ച് മുമ്പ് വിളിച്ചത് അവന്റെ അടുത്തേക്ക് താമസം മാറ്റുന്നതിനെക്കുറിച്ച് പറയാനായിരുന്നു' ബൈക്കിന്റെ പിറകിലിരുന്ന് ശ്യാഗിൻ പറയുന്നുണ്ടായി

രുന്നു.  ഇത് പറയുന്നതിടയിൽ അവൻ സതീശേട്ടനേയും രോഹിത്ത് പണിക്കരേയും വിളിച്ച് വിവരം പറഞ്ഞു. പിന്നെയും ആരെയൊക്കെയോ അവൻ വിളിച്ചു. അപ്പോഴും അരുണിന്റെ മുഖം എന്റെ മനസ്സിൽ വന്നില്ല. ശ്യാഗിൻ അവന്റെ രൂപത്തെക്കുറിച്ച് പറഞ്ഞപ്പോഴും എനിക്കാളെ മനസ്സിലായില്ല. എനിക്കറിയാനിടയില്ലെന്നുറപ്പിച്ച് ബേക്കറി ജംഗ്ഷനിലെ പമ്പിൽനിന്നും പെട്രോളടിച്ച് ഞങ്ങൾ പ്ലാമൂട് ജംഗ്ഷനിലേക്ക് പോയി. ബൈക്കിന്റെ പിറകിലിരുന്ന് ശ്യാഗിൻ വേഗത കൂട്ടാൻ പറഞ്ഞുകൊണ്ടിരുന്നു. പോലീസുകാരന്റെ ഫോണിലെ



സംസാരം എന്നിൽ ഇതിനകം ചെറുതല്ലാത്ത ഭയം ഉണ്ടാക്കിയിരുന്നു.

പി.എം.ജി. ജംഗ്ഷനിൽനിന്നും പ്ലാമൂട് ജംഗ്ഷനിൽ എത്തയപ്പോൾ അവിടെ നാലഞ്ച് പോലീസ് ജീപ്പുകൾ, നിറയെ പോലീസുകാർ

'ഇവിടെ തന്നെയായിരിക്കും' ശ്യാഗിൻ പറഞ്ഞു.

ഞാൻ ബൈക്ക് ഒതുക്കി നിർത്തി. ശ്യാഗിൻ ഇറങ്ങി കൂട്ടം കൂടി നിൽക്കുന്ന പോലീസുകാരുടെ അടുത്തേക്ക് പോയി പറഞ്ഞു.

'നേരത്തേ ഫോൺ വിളിച്ചത് എന്നെയാണ്'

പോലീസുകാർ ഞങ്ങളെ നോക്കി. പിന്നെ അരുണിന്റെ സ്ഥലവും പേരും ചോദിച്ചു. അരുണിന്റെ ചുവന്ന മൊബൈൽ ഫോൺ ഒരാൾ കാണിച്ചുതന്നു.

'ഇത് അരുണിന്റെ ഫോണാ' ശ്യാഗിൽ പറഞ്ഞു.

'ഇതിലെ റീസന്റ് കാൾ ലിസ്റ്റിൽ നിന്നാണ് നിങ്ങളുടെ നമ്പർ കിട്ടിയത്.

കുറേപേരെ വിളിച്ചു. എടുത്തവരോടൊക്കെ കാര്യം പറഞ്ഞിട്ടുണ്ട്.'

തൊട്ടപ്പുറത്തെ കടയിലെ ജീവനക്കാരനാണയാൾ.

'ആളെ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയിട്ടുണ്ട്.'

അടുത്ത് നിൽക്കുന്ന എസ്.ഐ. പറഞ്ഞു.

'അരുൺ എന്നാണ് പേര്.

സി-ഡിറ്റിലാണ് ജോലി ചെയ്യുന്നത്.

ഓച്ചിറയാണ് സ്വദേശം' പോലീസുകാരൻ വയർലെസിൽ സന്ദേശം കൊടുക്കുന്നുണ്ടായിരുന്നു.

'ശരി ആളെ ഐഡന്റിഫൈ ചെയ്യൂ.

സാധനം ഇപ്പോ കാഷ്വാലിറ്റിയിൽ വച്ചിരിക്കുകയാ.

അവരോട് മെഡിക്കൽ കോളേജിലേക്ക് വരാൻ പറയൂ'

പെട്ടെന്നെന്റെയുള്ളിൽ ഒരു വെള്ളിടി പാഞ്ഞു. 'സാധനം' അതെ അങ്ങനെ തന്നെയാണയാൾ പറഞ്ഞത്. ഒരാൾ അരുണിന്റെ ചുവന്ന മൊബെലിൽനിന്നും ചില ചിത്രങ്ങൾ കാണിച്ചു. അവനും ഭാര്യയുമായുള്ള യാത്രയ്ക്കിടയിലെപ്പോഴോ അരുൺ തന്നെയെടുത്ത ചിത്രങ്ങൾ.

അരുണിനെ എനിക്ക് മനസ്സിലായി. മൃദുവായി ചിരിക്കുന്ന, സൗമ്യനായ അരുൺ. കഴിഞ്ഞ ദിവസമാണല്ലോ അവന്റെ വെഡ്ഡിംഗ് ആനിവേഴ്സറി ഫോട്ടോസിന് ഞാൻ ലൈക്ക് ചെയ്തത്.

'പട്ടികൾ പിന്നാലെ കുരച്ച് ഓടിച്ചതാണ്. നിയന്ത്രണം വിട്ട് ഫുട്ട് പാത്തിലെ ബാരിക്കേഡിൽ ഇടിക്കുകയായിരുന്നു. ഞങ്ങൾ അപ്പോത്തന്നെ അവിടെ ഓടിയെത്തി. ഒന്ന് രണ്ട് തവണ ശ്വാസമെടുത്തു. പിന്നെ...  ഞങ്ങൾ

ഒന്ന് രണ്ട് വണ്ടിക്ക് കൈകാണിച്ചു. ആരും നിർത്തിയില്ല. പിന്നെ 108ൽ വിളിച്ച് പറഞ്ഞു, അവർ അപ്പോത്തന്നെ വന്നു. നോക്കിയിട്ട് പറഞ്ഞു മരിച്ചു. ഈ ആമ്പുലൻസിൽ കൊണ്ടുപോകാൻ പറ്റില്ല. പോലീസ് വരണമെന്ന്. ഉടൻ തന്നെ പോലീസ് ആംബുലൻസ് വന്നു. ഇപ്പോ മെഡിക്കൽ കോളേജിലേക്ക് കൊണ്ടു പോയതെയുള്ളു...' ആക്സിഡന്റ് സമയം അവിടെ ഉണ്ടായിരുന്ന ഒരാൾ സംഭവം വിശദീകരിച്ച് പറഞ്ഞു.

ശ്യാഗിൻ സതീശേട്ടനെ വിളിച്ച് കാര്യം പറഞ്ഞു. ഈ സമയം ഞാൻ രോഹിത്തിനെ വിളിച്ചു.

'എന്ത് പറ്റി' രോഹിത്ത് ചോദിച്ചു.

'കഴിഞ്ഞു' അല്ലാതെ ഞാനെന്ത് പറയാൻ. 'നിങ്ങൾ പെട്ടെന്ന് വരൂ'

'എവിടേക്കാണ് വരേണ്ടത്'

'ഇവിടെ പ്ലാമൂട്ടിൽ വരൂ, അരുണിനെ മെഡിക്കൽ കോളേജിലേക്ക് കൊണ്ടു പോയിട്ടുണ്ട്'

'ശരി ഞങ്ങളിപ്പോ വരാം'



ഫോൺ കട്ട് ചെയ്ത് അപകടം നടന്ന സ്പോട്ടിലേക്ക് നടന്നു. ഒരു പോലീസുകാരൻ എനിക്ക് മുന്നിൽ നടന്നു. അവിടെ ബൈക്കിടിച്ച് തകർന്ന ബാരിക്കേഡ്

'അവിടെ ചവുട്ടല്ലേ' അവിടെ നിന്നിരുന്ന ആൾ പെട്ടെന്ന് എന്റെ കൈ പിടിച്ച്പറഞ്ഞു. അപ്പോഴേക്കും ഞാൻ ചവുട്ടിയിരുന്നു. ഞാൻ കാൽവച്ചിരിക്കുന്നത് അരുണിന്റെ രക്തം തളം കെട്ടി നിൽക്കുന്നിടത്താണ്. ഹൊ എന്റെ അശ്രദ്ധയെ ഞാൻ പഴിച്ചു.

കാല് പൊക്കിയപ്പോൾ ചെരിപ്പിനടിയിൽ രക്തം പറ്റിയിരുന്നു..!

തൊട്ടപ്പുറത്തായി അരുണോടിച്ച ബൈക്ക്, മുൻവശം പൂർണമായും തകർന്ന് കിടക്കുന്നു. പിന്നെ പൊട്ടിയ കുറേ ഫൈബർ/പ്ലാസ്റ്റിക് കഷ്ണങ്ങൾ. ഞാൻ തിരിഞ്ഞു നടന്നു.

**'അവന്റെ വീട്ടിൽ അറിയിച്ചോ' രോഹിത്തിനോട് ഞാൻ ചോദിച്ചു. 'ബന്ധുക്കളെ അറിയിച്ചു കൊണ്ടിരിക്കയാ. വീട്ടിൽ പറഞ്ഞില്ല പതുക്കെ പറയാം'**

അപ്പോഴേക്കും സതീശേട്ടനും സാജൻ അമ്പാടിയും വന്നു. അവരോട് ശ്യാഗിനും പോലീസുകാരും ചേർന്ന് കാര്യങ്ങൾ പറയുകയാണ്. കുറച്ച് കഴിഞ്ഞപ്പോൾ അരുണിന്റെ കൂടെ ജോലി ചെയ്യുന്ന അനീസും സുധീഷും എത്തി. അനീസ് വിവരമറിഞ്ഞതോടെ കുറച്ച് സമയം ശ്വാസംപോലും കിട്ടാതെ വീർപ്പുമുട്ടി. ആരൊക്കെയോ വെള്ളം കൊടുത്തു. അവനതിൽ നിന്നും കരകയറാൻ കുറച്ച് സമയമെടുത്തു. പെട്ടെന്നു തന്നെ രോഹിത്തും ഗണപതിയും എത്തി. അവിടെ ഉണ്ടായിരുന്ന സി.ഐ. രോഹിത്തിനോട് കാര്യങ്ങൾ വിശദീകരിച്ചു. രോഹിത്തിനോട് സ്റ്റേഷനിൽ വരാൻ പറഞ്ഞ് സി.ഐ. ജീപ്പിൽ കയറി. പിറകിൽ ഒരു പോലീസുകാരൻ അരുണോടിച്ച ബൈക്ക് തള്ളി സ്റ്റേഷനിലേക്ക് കൊണ്ടു പോയി. ഞാനും ശ്യാഗിനും കുറച്ച് നേരം കൂടി അവിടെ നിന്നു. പിന്നെ ബൈക്കിൽ കയറി മെഡിക്കൽ കോളേജിലേക്ക് പോയി.

മെഡിക്കൽ കോളേജിൽ എത്തിയപ്പോൾ കാഷ്വാലിറ്റിയിൽ അനീസും സുധീഷും ലാൽ മോഹനും അജീഷും പിന്നെ പരിചയമില്ലാത്ത മൂന്ന് നാല് പേരും. ദുഃഖം താങ്ങാനാവാതെ കരയുകയാണ്. അവരെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇടക്കെപ്പോഴോ സതീശേട്ടനും നിയന്ത്രണം വിട്ട് വിതുമ്പുന്നുണ്ടായിരുന്നു.

ആരെങ്കിലും അരുണിനെ കണ്ടോ എന്നറിയില്ല. സാജൻ അമ്പാടി എനിക്ക് കാണാൻ കഴിയില്ലെന്ന് പറഞ്ഞു. ശ്യാഗിൻ എനിക്ക് വയ്യെന്നും പറഞ്ഞ് മാറി നിന്നു. ഞാൻ പതുക്കെ കാഷ്വാലിറ്റിയുടെ അകത്തേക്ക് കടന്നു. അവിടെ നിന്ന വാച്ച്മാൻ എനിക്ക് വഴി കാണിച്ചുതന്നു. ചെറിയ ഇടനാഴിയുടെ ഓരം ചേർന്നുള്ള മുറി. ഞാൻ അകത്തേക്ക് കയറി. അതിനകത്ത് ഒരാൾ ഉണ്ടായിരുന്നു. ഡോക്ടറാണോ നഴ്സാണോ എന്നെനിക്ക് അറിയില്ല. സ്ട്രെക്ചറിൽ അരുൺ കിടക്കുന്നു. അവന്റെ സ്വതസിദ്ധമായ സൗമ്യമുഖത്തോടെ.

'ശരീരത്തിന് ഒന്നും പറ്റിയിട്ടില്ല.. തലയാണ് ഇടിച്ചത്, ഇടിയുടെ ആഘാതത്തിൽ കുറേ രക്തം പോയി..' പിന്നെയും അയാൾ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു.

സ്വപ്നങ്ങളും ആഗ്രഹങ്ങളും തൃഷ്ണയും എല്ലാമുള്ള അരുൺ ഒരു 'സാധന'മായി, വിലാപഗീതം പോലെ എന്റെ മുന്നിൽ കിടക്കുന്നു. അപ്പോഴും തലയുടെ ഭാഗത്ത് രക്തം തളംകെട്ടി നിൽക്കുന്നുണ്ടായിരുന്നു. അരുണിന്റെ കുറച്ച് സാധനങ്ങൾ (വാച്ചും മോതിരവുമാണെന്ന് തോന്നുന്നു) അവർ എന്റെ കൈ

യിൽ തന്നു.

'എന്റെ കൈയിൽ തരേണ്ട. അരുണിന്റെ ചേട്ടൻ ഇപ്പോൾ വരും' എന്ന് ഞാൻ പറഞ്ഞ് പുറത്തേക്കിറങ്ങി.

പത്ത് വർഷങ്ങൾക്ക് മുമ്പ് ഇങ്ങനെ ചേതനയറ്റ ശരീരങ്ങൾ ഞാൻ ഒരുപാട് തവണ കണ്ടിട്ടുണ്ട്. തലശ്ശേരി ജനറൽ ആശുപത്രിയുടെ വരാന്തയിൽ കിടത്തിയ രാഷ്ട്രീയ പ്രവർത്തകരുടെ ചോരയിൽ കുളിച്ച ശരീരങ്ങൾ. തലശ്ശേരിയിലെ വിദ്യാർത്ഥി സംഘടനാപ്രവർത്തകനെന്ന നിലയിൽ പലപ്പോഴും ആശുപത്രിയിൽ ആദ്യമെത്തുന്നവരിൽ ഞാനുമുണ്ടാകും. നിരവധി വെട്ടുകളേറ്റ ആ ശരീരങ്ങൾ ചെങ്കൊടി പുതിപ്പിച്ച് വിലാപയാത്രകളായി കൊണ്ടുപോകുന്നതുവരെയുള്ള സമയം മുദ്രാവാക്യം വിളികളുടെ നിലക്കാത്ത ആരവങ്ങളായിരിക്കും ആശുപത്രിയുടെ പരിസരം. അവർ രക്തസാക്ഷികളാണ് ജീവിച്ചിരിക്കുന്നവർക്ക് വഴി കാണിച്ച് വിജയത്തിലേക്കുള്ള യാത്രയിൽ വീണുപോയവർ. വീഴ്ത്തപ്പെട്ടവർ.

പത്ത് വർഷത്തിനുശേഷം വീണ്ടും ഒരു ചേതനയറ്റ ശരീരത്തിന് കാവലാളാവുക.

നിശ്ശബ്ദത തളം കെട്ടി നിൽക്കുന്ന കാഷ്വാലിറ്റിയുടെ ഇടനാഴിയിൽ വിതുമ്പി കരയുന്നവരെ സാന്ത്വനിപ്പിക്കാൻ ആരൊക്കെയോ ശ്രമിക്കുന്നു. രോഹിത്തും ഗണപതിയും വന്ന് അരുണിനെ കണ്ടു. അകത്തുള്ളവർ അരുണിന്റെ സാധനങ്ങൾ രോഹിത്തിനെ ഏൽപ്പിച്ചു. ഞാൻ പുറത്തേക്കിറങ്ങി പുറത്ത് റോഡരികിൽ ഒരാൾ ഫോണിലൂടെ ആരെയോ അരുണിനെക്കുറിച്ച് പറഞ്ഞ് പൊട്ടിക്കരയുന്നുണ്ടായിരുന്നു. ഞാൻ അടുത്ത് ചെന്ന് സംസാരിച്ചു. അയാളെ റെയിൽവേ സ്റ്റേഷനിൽ കൊണ്ടുവിടാനായിരുന്നു മറ്റൊരു സുഹൃത്തിന്റെ ബൈക്കുമെടുത്ത് അരുൺ പോയത്. മടങ്ങി വരുമ്പോഴായിരുന്നു തെരുവ് നായ്ക്കൾ അരുണിനെ മരണത്തിലേക്ക് തള്ളിയിട്ടത്. വിവരമറിഞ്ഞ് അയാൾ യാത്ര മതിയാക്കി മടങ്ങിയെത്തിയതാണ്.

അരുണിന്റെ മോർച്ചറിയിലേക്ക് മാറ്റി. മോർച്ചറിക്ക് മുന്നിലെ സോഡിയം ലാബിന്റെ മഞ്ഞവെളിച്ചത്തിനു കീഴെ എല്ലാവരും ഇരുന്നു.

'അവന്റെ വീട്ടിൽ അറിയിച്ചോ' രോഹിത്തിനോട് ഞാൻ ചോദിച്ചു.

'ബന്ധുക്കളെ അറിയിച്ചുകൊണ്ടിരിക്കയാ. വീട്ടിൽ പറഞ്ഞില്ല പതുക്കെ പറയാം'

രോഹിത്ത് ഫോണിൽ അങ്ങേയറ്റം പക്വതയോടെ അരുണിന്റെ വിവരം

ആരെയൊക്കെയോ ധരിപ്പിക്കുന്നു.

'ഡോക്ടർ വന്നിട്ടാണോ ഡത്ത് കൺഫേം ചെയ്തത്..?

അല്ല ബ്ലഡ് പോയ്ക്കൊണ്ടിരുന്നു'

തിരിഞ്ഞ് നടക്കുമ്പോൾ രോഹിത്ത് എന്നോട് ചോദിച്ചു

ഞാൻ നിശ്ശബ്ദനായി നിന്നു.

'അല്ല ഇനി പറഞ്ഞിട്ട് കാര്യമില്ല. എന്നാലും'

രോഹിത്തിന്റെ കണ്ണുകൾ നിറയുന്നത് എനിക്ക് കാണാം.

സതീശേട്ടൻ പോസ്റ്റുമോർട്ടം നേരത്തെയാക്കാൻ ആരെയൊക്കെയോ വിളിക്കുന്നുണ്ടായിരുന്നു. കുറേ കഴിഞ്ഞപ്പോൾ സതിശേട്ടന്റെ പറഞ്ഞു.

'ഇനിയിപ്പോ ഇവിടെ നിൽക്കേണ്ട കാര്യമില്ല.

നാളെ രാവിലെ വന്നാൽ മതിയല്ലോ..

പത്ത് മണി കഴിയും പോസ്റ്റുമോർട്ടം തുടങ്ങുമ്പോൾ'

ഓരോരുത്തരായി പിരിഞ്ഞു. ഞാനും ശ്യാഗിനും ബൈക്കിൽ റൂമിലേക്ക് തിരിച്ചു.

'മോർച്ചറിയിൽ അരുണിന്റെ ശരീരം മരവിച്ച് തുടങ്ങിക്കാണും അല്ലേ..?'

പിറകിലിരുന്ന് ശ്യാഗിൽ ചോദിച്ചു.

'നാളെ രാവിലെ ഒരു ഷൂട്ടുണ്ട്. മറ്റന്നാൾ പ്രിവ്യൂ ആണ്' ഞാൻ വിഷയം മാറ്റി.

മെഡിക്കൽ കോളേജ് മുതൽ പൂജപ്പുരവരെയുള്ള, തണുത്ത കാറ്റുകൊണ്ടുള്ള യാത്രയിൽ റോഡിൽ നൂറ് കണക്കിന് തെരുവ് നായ്ക്കളെ കണ്ടു. രാത്രി നഗരം അവർക്കുള്ളതാണ്.

റൂമിലെത്തുന്നതുവരെ നമ്മൾ ഒന്നും സംസാരിച്ചതേയില്ല.

റൂമിലെത്തുമ്പോൾ പുലർച്ചെ നാലു മണിയോടടുത്തിരുന്നു.

**ഒരാൾക്ക് അപകടം പറ്റി ബോധം നഷ്ടപ്പെട്ട് മരണം എത്തുന്നതുവരെയുള്ള സമയം അയാളുടെ അബോധമനസ്സിൽ നടക്കുന്ന ക്രമരഹിതമായ ചിന്തകളായിരുന്നു കഴിഞ്ഞ കുറച്ച് നാളുകൾക്ക് മുമ്പ് ഞങ്ങൾ ചെയ്ത 'ദ മാച്ച് ബോക്സ്' എന്ന ഷോർട്ട് ഫിലിമിന്റെ പ്രമേയം.**

പുറത്ത് മഴ പെയ്തു തുടങ്ങി. ഒരാൾക്ക് അപകടം പറ്റി ബോധം നഷ്ടപ്പെട്ട് മരണം എത്തുന്നതുവരെയുള്ള സമയം അയാളുടെ അബോധമനസ്സിൽ നടക്കുന്ന ക്രമരഹിതമായ ചിന്തകളായിരുന്നു കഴിഞ്ഞ കുറച്ച് നാളുകൾക്ക് മുമ്പ് ഞങ്ങൾ ചെയ്ത 'ദ മാച്ച് ബോക്സ്' എന്ന ഷോർട്ട് ഫിലിമിന്റെ പ്രമേയം. അരുണിന്റെ അബോധമനസ്സ് ചിന്തിച്ചത് എന്തായിരിക്കുമെന്ന് വെറുതെ ഞാനാലോചിച്ചു കൊണ്ട് ഞാൻ കിടന്നു.

ശ്യാഗിൻ രാവിലെ തന്നെ മെഡിക്കൽ കോളേജിലേക്ക് പോയി. ഞാൻ ഗോർക്കിയിലേക്കും. അരുണിന് ആദരാഞ്ജലികൾ എഴുതിയ പോസ്റ്ററുകൾ ഗോർക്കിയുടെ ചുവരിൽ പതിപ്പിച്ചുണ്ട്. രാവിലെ നടത്താനിരുന്ന ഷൂട്ട് അരുണിനെ മെയിൻ ഓഫീസിൽ പൊതുദർശനത്തിന് വെച്ചതിന് ശേഷം മതിയെന്ന് ഞങ്ങൾ തീരുമാനിച്ചു. പിന്നെ ക്യാമറയും മറ്റും വണ്ടിയിൽ കയറ്റി ഞങ്ങൾ തീരുവല്ലത്തേക്ക് പോയി. കുറേ കഴിഞ്ഞപ്പോൾ അരുണിനെയും കൊണ്ടുള്ള ആംബുലൻസ് വന്നു. അരുണിനെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ കിടത്തി. സഹ

പ്രവർത്തകർ അവനെ അവസാനമായി കണ്ട് പുഷ്പ ങ്ങളർപ്പിച്ചു. അപ്പോഴും അരുണിന്റെ ഇടത് കണ്ണിന്റെ അരികിൽനിന്നും കട്ട പിടിക്കാൻ കൂട്ടാത്ത ഒരു തുള്ളി രക്തം പുറത്തേക്ക് കിനിഞ്ഞ് നിൽക്കുന്നു.

അരുണിന്റെ ഒടുവിലത്തെ യാത്രയിൽ പങ്കുചേരാൻ കുറേപേർ സി-ഡിറ്റ് ബസിൽ കയറിയിരുന്നു. ആംബു ലൻസിന് പിന്നാലെ ബസും പോയി. ഞങ്ങൾ ഷൂട്ടി ങ്ങിനുള്ള വണ്ടിയിൽ കയറി. സഹപ്രവർത്തകന്റെ അവസാന യാത്രയിൽ നിശ്ശബ്ദമായി അവനെ അനു ഗമിക്കാൻ പറ്റിയില്ലല്ലോ എന്നോർത്ത് എനിക്കെന്നോട് തന്നെ പുച്ഛം തോന്നി. ഇങ്ങനെയൊക്കെ ജോലി ചെയ്തിട്ടും സ്ഥാപനം നമുക്കെന്താണ് തിരിച്ചു നൽകു ന്നത്, അവഗണനയും അവമതിപ്പുമല്ലാതെ..!



വൈകുന്നേരം ഷൂട്ട് കഴിഞ്ഞ് മടങ്ങുമ്പോൾ നമ്മുടെ വാഹനം പ്ലാമൂട് ജംഗ്ഷൻ വഴി കടന്നു പോയി. തലേ ദിവസം രാത്രി അപകടം നടന്നതിന്റെ ലക്ഷണമായി ഒടിഞ്ഞ ഫുട്പാത്ത് ബാരിക്കേടും ബൈക്കിന്റെ കുറേ ഭാഗങ്ങളും വേഗത നിലച്ച സ്പീഡോ മീറ്ററും. റോഡിലെ രക്തം പുലർച്ചെ പെയ്ത മഴയിൽ ഒലിച്ച് പോയിരിക്കുന്നു. ഒടിഞ്ഞ ബാരിക്കേടിൽ രണ്ട് അന്യ സംസ്ഥാന തൊഴിലാളികൾ ചാരി നിന്ന് എന്തൊ ക്കെയോ സംസാരിക്കുന്നു. ആക്സിഡന്റിനെപറ്റിയും അരുണിനെ കുറിച്ചും സംസാരിച്ച് ഞങ്ങൾ മടങ്ങി.

എല്ലാം എല്ലാവരും മറക്കും. അരുണിന്റെ കുടുംബ ത്തിന് ജീവനക്കാർ ചേർന്ന് പിരിച്ചെടുക്കുന്ന തുക നൽകും. സർക്കാർ 2 ലക്ഷം രൂപയും ഭാര്യക്ക് ജോലിയും നൽകാൻ തീരുമാനിച്ചത്രെ, നല്ലത്. അരുൺ കോൺട്രാക്ട് സ്റ്റാഫായതുകൊണ്ട് ഒന്നും ചെയ്യാൻ പറ്റില്ലെന്ന് മാനേജ്മെന്റ് മുടന്തൻ ന്യായം ഉരുവിട്ടു. കൊള്ളാം, ആറ് വർഷത്തിലധികം ഉറക്കമൊഴിച്ചും, വി യർപ്പൊഴുക്കിയും ജോലി ചെയ്ത ഒരു ജീവനക്കാരനേ ാട് സ്ഥാപനം കാണിക്കേണ്ട മാന്യത ഇതുതന്നെയാ ണ്. നന്നായിട്ടുണ്ട് സാറൻമാരെ. അധികാരം ഉപയോ ഗിച്ച് സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പ്രഭുക്കന്മാർ എല്ലായ്പ്പോഴും ഇങ്ങനെയാണ് അവർക്കനുകൂലമായി ഏത് നിയമത്തെയും വളച്ചൊടിക്കും, സാധാരണ ജീവനക്കാരന്റെ കാര്യം വരുമ്പോൾ നിയമത്തിന്റെ കാർക്കശ്യം പുലമ്പും. എല്ലാ ഏകാധിപധികളും ആദ്യം പറയുക ജനാധിപത്യത്തെ കുറിച്ചാണ്. സ്വയം സോഷ്യ ലിസ്റ്റാണെന്ന് മേനി നടിക്കും. പിന്നെ അധികാരങ്ങൾ തങ്ങളിലേക്ക് കേന്ദ്രീകരിപ്പിക്കും. ഇവർക്ക് കൂട്ടായി എപ്പോഴും അനുചരന്മാരായ ഉപജാപകവൃന്ദം കൂടെയു ണ്ടാകും. ഒന്നോർത്താൽ നന്ന്. ലോകത്തൊരു ഏകാധി പതിയും ആയുസ്സെത്തി ഒടുങ്ങിയിട്ടില്ല, അകാല ചരമവും അപമൃത്യുവുമാണ് അവരെ കാത്തിരുന്നത്. ഓർമ്മകളുണ്ടായാൽ നല്ലത്.

നമ്മളിപ്പോഴും ഔപചാരിക ജനാധിപത്യ വ്യവസ്ഥ നിലനിൽക്കുന്ന രാജ്യത്താണ് ജീവിക്കുന്നതെന്ന്.

സി-ഡിറ്റിലെ ജീവനക്കാർക്ക് ഇതുവരെയും ഇൻ ഷുറൻസ് പരിരക്ഷയോ മറ്റ് ആനുകൂല്യങ്ങളോ നടപ്പി

**സി-ഡിറ്റിലെ ജീവനക്കാർക്ക് ഇതുവരെയും ഇൻഷുറൻസ് പരിര ക്ഷയോ മറ്റ് ആനുകൂല്യങ്ങളോ നടപ്പിലാക്കിയിട്ടില്ല. ഏതൊരു സ്ഥാപനവും ഉന്നതങ്ങളിലേക്ക് വളരു ന്നത് ആ സ്ഥാപനത്തിലെ ജീവനക്കാ രുടെ ക്രിയാത്മകമായ ക്രയശേഷിയെ ചൂഷണം ചെയ്തുകൊണ്ടാണ്.**

ലാക്കിയിട്ടില്ല. ഏതൊരു സ്ഥാപനവും ഉന്നതങ്ങളി ലേക്ക് വളരുന്നത് ആ സ്ഥാപനത്തിലെ ജീവനക്കാരുടെ ക്രിയാത്മകമായ ക്രയശേഷിയെ ചൂഷണം ചെയ്തു കൊണ്ടാണ്. നിർഭാഗ്യവശാൽ സിഡിറ്റ് ചൂഷണം ചെയ്യുന്ന് ഇവിടെ ജോലി ചെയ്യുന്നവരുടെ ഗതികേടിനെയാണ്. തുച്ഛമായ വേതനം പറ്റി ഇവിടെ ജോലി ചെയ്യുന്നവരുടെ ജീവന് ഒരു വിലയുമില്ലെന്ന് മാനേജ്മെന്റ് പറയാതെ പറഞ്ഞ് കൊണ്ടിരിക്കയാണ്. അരുണിന്റെ കുടുംബത്തിന് പറ്റാവുന്നതൊക്കെയും ചെയ്യുമെന്ന് തോന്നിപ്പിക്കുന്ന യാതൊരു നടപടിയും മാനേജ്മെന്റിന്റെ ഭാഗത്ത് നിന്ന് ഇതുവരെയുണ്ടായി ട്ടില്ല. ഉണ്ടായാൽ നല്ലത്. അന്തസ്സോടെ, ആത്മാഭിമാന ത്തോടെ ജോലി ചെയ്യാൻ അത് ജീവനക്കാരനെ പ്രേ രിപ്പിക്കും.

അല്ലെങ്കിൽ നമ്മൾ വാങ്ങിക്കുന്ന ശമ്പളത്തിന് ചോരയുടെ ഗന്ധമുണ്ടാകും.

ഓർമ്മിക്കുക, മരണം എല്ലാവരോടപ്പവുമുണ്ട്. ഒരു മനു ഷ്യൻ ദിവസം ശരാശരി 28800 തവണ ശ്വാസം വലി ക്കുന്നുണ്ടെന്നാണ് വൈദ്യശാസ്ത്രത്തിന്റെ കണക്ക്. ഇതിൽ 30 എണ്ണം ഒരുമിച്ച് നിലച്ചാൽ ഒരു ചോക്ലേറ്റ് ബാറിന്റെ അത്രയും ഭാരമുള്ള നമ്മുടെ ഹൃദയം നില ക്കും. പിന്നെ മണ്ണടരുകളിൽ ലയിച്ചു ചേരുന്ന സ്വാഭാ വിക പരിണാമം മാത്രം ബാക്കി.

ഞാനിതെഴുതുമ്പോഴും പുറത്ത് മഴ പെയ്യുന്നുണ്ട്. ചില മരണങ്ങൾ അപ്രതീക്ഷിതമായി പെയ്യുന്ന മഴപോലെയാണ്. പെയ്തൊഴിയുമ്പോൾ ഹൃദയം വല്ലാതെ കല്ലിച്ചിരിക്കും.

■



article

# നാടുനീങ്ങുന്ന നാടൻകലകൾ



**മണ്ണിന്റെ മണമുള്ള നാടൻ പാട്ടുകളും കാർഷിക സംസ്കൃതി വിളിച്ചോതുന്ന നാട്ടിപ്പാട്ടുകളും സന്താന സൗഭാഗ്യത്തിനു വേണ്ടി രൂപം കൊടുത്ത നാഗത്താൻ പാട്ടും ഒരുകാലത്ത് കേരള ജനതയ്ക്ക് ഒഴിച്ചുകൂടാൻ പറ്റാത്തവയായിരുന്നു.**

**സുധാകരൻ**
റീജിയണൽ സെന്റർ, കണ്ണൂർ

**പു**രാതന കാലംമുതൽതന്നെ കലാസാഹിത്യരംഗങ്ങളിലും നാടൻ കലകളിലും പേർപെറ്റ പ്രദേശമായിരുന്നു കേരളം. മണ്ണിന്റെ മണമുള്ള നാടൻ പാട്ടുകളും കാർഷിക സംസ്കൃതി വിളിച്ചോതുന്ന നാടൻപ്പാട്ടുകളും സന്താന സൗഭാഗ്യത്തിനു വേണ്ടി രൂപം കൊടുത്ത നാഗത്താൻ പാട്ടും ഒരുകാലത്ത് കേരള ജനതയ്ക്ക് ഒഴിച്ചുകൂടാൻ പറ്റാത്തവയായിരുന്നു. ജാതിമതചിന്തകൾക്ക് അതീതമായി ദൈവക്കോലങ്ങൾ (തെയ്യം) കെട്ടിയാടുകവഴി അടിമത്വത്തേയും ജന്മിത്വത്തേയും നിശിതമായി വിമർശിച്ച പാരമ്പര്യം ഉൾക്കൊണ്ട നാടാണ് കേരളം. മാപ്പിളപ്പാട്ട്, ദഫ്മുട്ട്, ഒപ്പന, മാർഗ്ഗംകളി, തിരുവാതിരകളി എന്നീ നാടൻ കലകൾ മതാചാരവുമായി ബന്ധപ്പെട്ട് ഉണ്ടായവയായിരുന്നു. മംഗലംകളി, കേതാമൂരിപ്പാട്ട്, മുടിയാട്ടം, കൂത്തിയോട്ടം, മുടിയേറ്റ്, എന്നിങ്ങനെ ഒട്ടനവധി ആചാര അനുഷ്ഠാനകലകൾ ഇന്നത്തെ യുവതലമുറയ്ക്ക് ഹരം പകരാതെ മൺമറഞ്ഞ് പോകുന്ന കാഴ്ചയും നാം ഒരുവശത്ത് കാണുന്നുണ്ട്. മലബാറിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വേരോടുന്നതിന് നാടൻ പാട്ടുകളും വിപ്ലവഗാനങ്ങളും ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മാനവീകതയുടെ മഹത്തായ തത്വശാസ്ത്രം ഗ്രാമീണഹൃദയങ്ങളിൽ അനുസ്മരിപ്പിക്കാനും ജാത്യാചാരങ്ങൾ നിരർത്ഥകമാണെന്ന് ഓരോ മനുഷ്യനേയും വിളിച്ചറിയിച്ച 'നീങ്കളെകൊത്ത്യാലും ഒന്നല്ലേചോര, നാങ്കളെകൊത്ത്യാലും ഒന്നല്ലേ ചോര' എന്ന സമൂർത്തമായ ഉദാഹരണങ്ങൾ കൊണ്ട് ചൂണ്ടിപ്പറഞ്ഞ പൊട്ടൻ തെയ്യവും മറക്കാനാവാത്ത നാടൻ സംസ്കാരത്തിന്റെ ഭാഗമായിരുന്നു. മർത്ത്യജീവിത്തെ ജീവിതങ്ങളുടെ യാഥാർത്ഥ്യങ്ങളിലേക്ക് വിരൽചൂണ്ടുന്നതിന് പലതരത്തിലുള്ള നാടൻകലകളും പ്രചോദനമേകിയിട്ടുണ്ട്. കളരിപ്പയറ്റും പരിചമുട്ടുകളിയും കോൽക്കളിയും ഇന്നലകളെ സമ്പന്നമാക്കിയ നാടൻ കലാരൂപങ്ങളായിരുന്നു. ഇതിന്റെയെല്ലാം നേതൃസ്ഥാനത്ത് നിന്ന ഒട്ടനവധി നാടൻ കലാ കുലപതിൾകേരളത്തിൽ ജീവിച്ചിരിപ്പുണ്ടായിരുന്നു. ഗർഭിണികളുടെ പ്രസവരക്ഷയ്ക്കുവേണ്ടി രൂപംകൊടുത്ത ഒരു അനുഷ്ഠാന കലയാണ് കന്ത്രോൻപാട്ട്. ഇത് കളമൊഴിഞ്ഞിട്ട് ഏറെകാലമായി. പുതിയതലമുറയിലെ ചിലരെങ്കിലും ഇത്തരം നാടൻകലകളെ ഏറ്റെടുത്തു കൊണ്ടുപോകുന്നുണ്ട് എന്നുള്ളതാണ് നേരിയ ആശ്വാസം. കുഞ്ചൻ നമ്പ്യാരുടെ തുള്ളലിനോട് ഏറെകുറെ സാമ്യമുള്ള മറ്റൊരു നാടൻകലയാണ് വിൽപ്പാട്ട് അഥവാ വില്ലടിച്ചാൻപാട്ട്. ആനുകാലിക സംഭവങ്ങൾ കോർത്തിണക്കികൊണ്ട് ആക്ഷേപഹാസ്യത്തോടെയാണ് ഇത് അവതരിപ്പിച്ചുവരാറുള്ളത്. തെരഞ്ഞെടുപ്പ്കാലങ്ങളിൽ പ്രചാരണയോഗങ്ങളിൽ എതിരാളികളെ പരിഹസിച്ചുകൊണ്ട് വിൽപ്പാട്ട് അവതരിപ്പിച്ചുവരാറുണ്ട്. എന്നാൽ ഇത് നാടൻ കലാസംഘടനകൾ വിൽക്കലാമേള എന്നപേരിൽ ഉത്സവപറമ്പുകളിലും മറ്റും അവതരിപ്പിച്ചുവരാറുണ്ട്.

പാലക്കാട് തൃശ്ശൂർ ഭാഗങ്ങളിൽ അയ്യപ്പൻകാവുകളിൽ സർപ്പപ്രീതിക്ക് വേണ്ടി പുള്ളുവർ നടത്തുന്ന ഒരു അനുഷ്ഠാന കലാരൂപമാണ് തിരിയുഴിച്ചിൽ. പത്തോ പന്ത്രണ്ടോ വലിയ തിരികൾ ഒന്നിച്ച്ചേർത്ത് വെളിച്ചെണ്ണയിൽ മുക്കി കത്തുന്ന ഭാഗമൊഴിച്ചുള്ളത് വാഴപ്പോളകൊണ്ട് പൊതിഞ്ഞ് അത് സ്വന്തം ശരീരത്തിൽ മുഴുവൻ ഉഴിഞ്ഞ് കാർമ്മികൻ നൃത്തം ചെയ്യുന്നു. അതിസാഹസീകമായ ഒരു അനുഷ്ഠാന കലയാണിത്. നാഗയക്ഷി പ്രീതിക്കും സന്താനലബ്ധിക്കും കണ്ണേറ് ഒഴിയുന്നതിനുമാണ് തിരിയുഴിച്ചിൽ സാധാരണ നടത്തിവരാറുള്ളത്. എന്നാൽ ഈ അനു

ഷ്ഠാന കല അന്യം നിന്ന അവസ്ഥയിലാണ് ഇപ്പോഴുള്ളത്. അണ്ണാവിപ്പാട്ട്(ക്രിസ്തീയ നാടോടിപ്പാട്ട്) ഇതിന് പെസഹാ പാട്ടെന്നും പിച്ചിപ്പാട്ടെന്നും പറയപ്പെടാറുണ്ട്. അയ്യപ്പൻ തീയ്യാട്ട്, ഓച്ചിറക്കളി, കണ്ണ്യാർകളി, പടയണി, ശാസ്താംപാട്ട് ഇത്തരത്തിലുള്ള ഒട്ടനവധി നാടൻ കലകൾ നാടിന്റെഐശ്വര്യത്തിനും സമ്പൽസമൃദ്ധിക്കുവേണ്ടി ആചരിക്കപ്പെട്ട അനുഷ്ഠാന കലകളായിരുന്നു.

സംഘകാലത്തേക്കപ്പുറം വേരുകൾ നീളുന്ന ഉച്ചബലി എന്ന മന്ത്രാനുഷ്ഠാന നർത്തന രൂപം വടക്കെ മലബാറിലെ ചിലകാവുകളിൽ കാണാം. മലയവിഭാഗം അവതരിപ്പിച്ചുവരുന്ന ഈ അമൂല്യകലാരൂപം നരവർഗ്ഗത്തിന് ആദിമദിശകളിലേക്കുള്ള ചൂട്ടുകറ്റകളാകുന്നു. കേരളത്തിലെ ചില ഉൾനാടൻ ഗ്രാമങ്ങളിലെ ആചാര അനുഷ്ഠാന കലകളെക്കുറിച്ചും അതിന്റെ ഉൾപ്പൊരുളുകളിലേക്കും സമർപ്പണചേതസ്സുകളായി സഞ്ചരിച്ച ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ, ഡോ. എം.വി. വിഷ്ണുനമ്പൂതിരി എന്നിവർ ഈ രംഗത്ത്ദിശാബോധം നൽകിയ പ്രതിഭാധനന്മാരാണ്. നാടൻ കലകളെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എത്തിക്കുകയും അത്വരും തലമുറയ്ക്ക് പഠനശാഖയാണെന്ന് സ്ഥാപിക്കുകയും ചെയ്തത് ഡോ.രാഘവൻ പയ്യനാട്ടായിരുന്നു. ഒരുകാലത്ത് തെയ്യവും തെയ്യക്കാവുകളും നൂറ്റാണ്ടുകളായി ഇന്നാട്ടിലെ ജനതയുടെ സദാചാരബോധത്തേയും സാംസ്കാരികജീവിതത്തെയും സാധ്യമാക്കിത്തീർത്ത ശക്തിശ്രോതസ്സുകളായിരുന്നു. എല്ലാം കാണുന്ന ആ മഹാശക്തിയുടെ നിഗ്രഹാനുഗ്രഹ ശേഷികളെക്കുറിച്ച് ചെറുപ്പത്തിൽത്തന്നെ കേട്ടുപരിചയിച്ച കഥകൾ അവനെ ധാർമ്മിക ജീവിതം നയിക്കാൻ പ്രേരിപ്പിച്ചിരുന്നു. ഇന്നത്തെ നിയമവ്യവസ്ഥയെപ്പോലെ തന്നെ അന്നത്തെ തെയ്യത്തിന്റെയും സമുദായത്തിന്റെയും ചിട്ടയും വ്യവസ്ഥകളുംഅവരെ ദുഷ്കർമ്മങ്ങൾ ചെയ്യുന്നതിൽ നിന്നുംഅകറ്റി നിർത്തിയിരുന്ന കഥ പഴയതലമുറകൾപറയാറുണ്ട്. ആചാരങ്ങളും അനുഷ്ഠാനങ്ങളും നാടൻ കലാരൂപങ്ങളായി മനുഷ്യനിൽ പലതരത്തിലുള്ളമാറ്റങ്ങളും വരുത്തിയിട്ടുണ്ട്. എന്നാൽ ഇന്നത്തെ കാലഘട്ടത്തിൽ പലകലാരൂപങ്ങളെയും കച്ചവട മന:സ്ഥിതിയോടുകൂടിയാണ് പലരുംകാണുന്നത്. അതുകൊണ്ട്തന്നെ ഇത്തരം കലാരൂപങ്ങൾക്ക് മൂല്യച്യൂതി വന്നുകൊണ്ടിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യവും നാം മനസ്സിലാക്കേണ്ടതുണ്ട്.

ഉത്തര കേരളത്തിലെ മറ്റൊരു ഗ്രാമീണ കലാരൂപമാണ് കുറത്തിയാട്ടം. തൃശ്ശൂർപ്പൂരം കാണാൻ പോയ കുറവനും കുറത്തിയും വെടിക്കെട്ടിനിടയിലുണ്ടായ തിക്കിലും തിരക്കിലും പെട്ട് വഴിപിരിഞ്ഞ് പരസ്പരം അന്വേഷിച്ച് ഊര്തെണ്ടി നടക്കുന്നു. പിന്നീട് ഇവർക്കുണ്ടാകുന്ന പല അനുഭവങ്ങളും, സ്വാതന്ത്ര്യസമരത്തിന്റെ സന്ദേശവും ഹരിജനോദ്ധാരണവും മദ്യാസക്തി കൊണ്ടുണ്ടാകുന്ന ദൂഷ്യഫലങ്ങളും, നാരായണഗുരുവിന്റെ സന്ദേശവുമെല്ലാം കുറത്തിയാട്ടത്തിൽ പ്രതിപാദിക്കുന്നുണ്ട്. കേൾക്കാനിമ്പമുള്ള ഗാനങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ ഗാനനാടകമായാണ് ഇത് അവതരിപ്പിക്കാറുള്ളത്. അതുപോലെതന്നെ മറ്റൊരു അനുഷ്ഠാന കലയാണ് പൂരക്കളി. മീനമാസത്തിലെ കാർത്തിക നാൾതൊട്ട് പൂരം നാൾവരെ, വടക്കൻകേരളത്തിലെ ചില കാവുകളിലും ക്ഷേത്രങ്ങളിലും മാത്രമാണ് ഈ അനുഷ്ഠാന കല കണ്ട് വരുന്നത്. കാമദേവനെ പ്രീതിപ്പെടുത്തുന്നതിന് വേണ്ടി ഗോപസ്ത്രീകളാണ് ഇത് ആദ്യമായി അവതരിപ്പിച്ചതെന്നും പിൽക്കാലത്ത് പുരുഷന്മാരിലേക്ക് ഈ അനുഷ്ഠാന കലഎത്തി എന്നുള്ളതാണ് ഐതീഹ്യം.

നാടൻ കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി നാടൻകലാ അക്കാദമി പ്രവർത്തിച്ചുവരുന്നുണ്ട്. എണ്ണിയാൽതീരാത്ത അത്രയും നാടൻ കലാരൂപങ്ങളുടെ ഉറവിടമാണ് കേരളം. അവ ഏതൊക്കെയെന്ന് കണ്ടറിഞ്ഞും തൊട്ടറിഞ്ഞും വരും തലമുറക്ക് പരിചയപ്പെടുത്താനും പഠിപ്പിച്ചുകൊടുക്കാനുമുള്ള ആവേശം ഇന്നത്തെ തലമുറ കാണിച്ചില്ലെങ്കിൽ ചരിത്രപുസ്തകത്തിലും ചിത്രപ്രദർശനങ്ങളിലും മാത്രം ഒതുങ്ങിപ്പോകും എന്നുള്ള യാഥാർത്ഥ്യം നാം തിരിച്ചറിയപ്പെടേണ്ടതാണ്. നാടൻ കലകൾ നമ്മുടെ ഇന്നലകളിലേക്ക് വിരൽ ചൂണ്ടുന്ന അമൂല്യകലകളാണ്. ചരിത്രപുസ്തകതാളുകളിൽ ഇത്രയെങ്കിലും വസ്തുതകൾ ഇവ വിളിച്ചോതുന്നു. പുതിയ അധിനിവേശപകർച്ചകളിൽ ഓരോ നാടിനും പ്രാദേശികമായ പ്രതിരോധത്തിന് ഇവ ആയുധങ്ങളാകുന്നു. നാടുനീങ്ങുന്ന നാടൻ കലകളെക്കുറിച്ച് ഈ ഒരു അവബോധമാണ് നമുക്ക് ഉണ്ടാവേണ്ടത്.

■


# HITACHI AIRCONDITIONERS

## ABSONIC AGENCIES

KULANGARA LANE,OPP.LIC, PATTOM,TRIVANDRUM

Tel: 0471 2447064 Mob: 9847069191 | E-mail: absonicagencies@yahoo.co.in

Preferred Sales & Service Dealer of:

HITACHI HOME & LIFE SOLUTIONS (INDIA) LTD



ജി. സജിനാരായണൻ

# തൃപ്തനോ ദേവൻ ഭദ്രേ?



എന്താണു സുഖമെന്നാൽ?
എന്താണു തൃപ്തിയെന്നാൽ?
കാലങ്ങൾ മാറുംതോറും
മാറുമോ ഇവ രണ്ടും?
വാത്സല്യം നിറഞ്ഞേക്കും
ചീരതൻ ഒരുവറ്റ്
സൗഹൃദം തുളുമ്പുന്ന
അവിലിൻ ഒരുപിടി
പകർന്നു നൽകിയേറെ
പറഞ്ഞാൽ തീരാത്തത്ര
സുഖവും സംതൃപ്തിയും
പഴയ കഥയത്രെ.
കൂടുമ്പോളിമ്പമേറും
കുടംബം പോലെ ഞങ്ങൾ
സ്നേഹിച്ചു കഴിയവെ
പതുങ്ങി വന്നുചിലർ
കൂട്ടിന്റെ കാലുവാരി
ചതിച്ചു വെട്ടിക്കേറി
ചേതന മരവിച്ച
പണ്ടൊരു വിരുതനാം
വാമനൻ വന്നെരന്നു
എങ്ങുമേ കാണാതുള്ള
സമ്പത്തും സമൃദ്ധിയും
ഞങ്ങടെ സ്വപ്നങ്ങളെ
ഞങ്ങടെ സമ്പത്തിനെ
അളന്നു തിരിക്കുന്നു
വാമനർ നിരവധി
തൃപ്തനോ ദേവൻ ഭദ്രേ?

തൃപ്തനായിരിക്കില്ല
തൃപ്തരാകാത്ത ദേവ -
ദേവണ്ടാർ വന്നു നിത്യം
പൂക്കളം ചമയ്ക്കുന്നു
അന്തിമാനത്തു കാണാം!
കഠിന ഹൃദയണ്ടാർ
മർക്കട കരതലേ
പൂമാനപോലെ കഷ്ടം!
നല്ലതു തച്ചുടച്ചു
പറത്തി പലദിക്കിൽ




# Website
## for State Conference

സി.പി.എം. സംസ്ഥാന സമ്മേളനത്തിന്റെ ഔദ്യോഗിക വെബ്ബ് സൈറ്റ് രൂപകല്പന ചെയ്യുന്ന തിനും അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനും പാർട്ടി സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് സി.ഇ.എ.യുടെ നേതൃത്വനിരയിലെ പ്രധാന സഖാക്കൾ ഏതാണ്ട് മൂന്നുമാസം വെബ്ബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ നടത്തി. സി.ഇ.എയുടെ പ്രവർത്തനങ്ങളെ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയും സമ്മേളന സ്വാഗതസംഘവും ജില്ലാ കമ്മിറ്റിയുമെല്ലാം പ്രശംസിക്കുകയുണ്ടായി. സൈറ്റ് കേരളത്തിനകത്തും പുറത്തുമായി 50,000 ലധികം പേർ സന്ദർശിക്കുകയുണ്ടായി. വളരെ ആകർഷകമായ രീതിയിൽ അതിന്റെ ഹോംപേജും ലിങ്കുകളും രൂപപ്പെടുത്തിയിരുന്നു. 25 മേഖലയിലായി തയ്യാറാക്കിയിരുന്ന വിവിധ ലിങ്കുകളിലെ ഉള്ളടക്കം അതിന്റെ വ്യാപനം വർദ്ധിപ്പിച്ചു. പാർട്ടിയുടെ ചരിത്രം, കഴിഞ്ഞകാല നേതാക്കൾ നൽകിയ മറക്കാൻ കഴിയാത്ത സേവനം, എല്ലാ ജില്ലയിലെയും രക്തസാക്ഷികളുടെ വിവരങ്ങൾ, പാർട്ടി സമ്മേളനങ്ങളുടെ ചരിത്ര മുഹൂർത്തങ്ങൾ, ഫോട്ടോ ആന്റ് വീഡിയോ ഗ്യാലറി, സാംസ്കാരിക രംഗം, ആനുകാലിക വിഷയങ്ങൾ സംവദിക്കുവാനുള്ള പേജ്, പൊതു വിഷയങ്ങളിൽ ജനങ്ങൾക്ക് പ്രതികരിക്കു വാനുള്ള അവസരം, അഭിപ്രായ വോട്ടു രേഖപ്പെ ടുത്തൽ തുടങ്ങിയവ വെബ്ബ് സൈറ്റ് പ്രവർത്തനത്തിൽ പുത്തൻ അനുഭവമായി. പുതുമകൊണ്ട് ഏറെ




ശ്രദ്ധിക്കപ്പെട്ട വെബ്ബ്സൈറ്റിന്റെ ഉദ്ഘാടനം ബഹു: പ്രതിപക്ഷ നേതാവ് സ: വി.എസ്. അച്യുതാനന്ദൻ നിർവ്വഹിച്ചു. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങൾ, കമ്മിറ്റി അംഗങ്ങൾ, ജില്ലാ സെക്രട്ടറിയും സ്വാഗത സംഘം ജനറൽ സെക്രട്ടറിയുമായ സ: കടകംപള്ളി സുരേന്ദ്രൻ സംസ്ഥാന കമ്മിറ്റി അംഗവും സ്വാഗത സംഘ ചെയർമാനുമായ സ: എം. വിജയകുമാർ, സ: പിരപ്പൻകോട് മുരളി തുടങ്ങി ഒട്ടനവധി നേതാക്കൾ ചടങ്ങിൽ സംബന്ധിച്ചു. സമ്മേളനം തുടങ്ങുന്നതിനും ഒരു മാസം മുമ്പ് തന്നെ സൈറ്റിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. സമ്മേളനത്തിന്റെ ഭാഗമായുള്ള സെമിനാർ, സമാപന സമ്മേളനം എന്നിവ കൊല്ലം cpmweblive-ന്റെ സഹായത്തോടെ ലൈവായും ടെലികാസ്റ്റ് ചെയ്യുവാൻ കഴിഞ്ഞു. സി.ഇ.എ ജനറൽ സെക്രട്ടറി വെബ്ബ്സൈറ്റിന്റെ സബ് കമ്മിറ്റി കൺവീനറായും സ: പ്രശാന്ത്, പ്രതീപ്, ഉണ്ണികൃഷ്ണൻ, ഗോപീകൃഷ്ണൻ, ജയഹരി, അജിത് അരവിന്ദ്, ബൈജു എന്നിവർ അംഗങ്ങളായും ചുമതലകൾ ഏറ്റെടുത്ത് പ്രവർത്തിച്ചു.

general

ശ്രീലത കെ.എസ്
പ്രോഗ്രാമർ ട്രെയിനി




# ബാക്കിയാവുന്ന അക്കൗണ്ടുകൾ

എന്നും രാവിലെ ഓഫീസിലെത്തിയാൽ അൽപ സമയം മെയിലും ഫെയ്സ് ബുക്കും ഒക്കെ നോക്കുന്നത് ഞങ്ങളുടെ പതിവായിരുന്നു. സത്യത്തിൽ ഫേസ്ബുക്ക് നോക്കുന്നത് തന്നെ പഴയ കൂട്ടുകാരുടെ വിശേഷങ്ങൾ അറിയാൻ വേണ്ടിയായിരുന്നു. കല്യാണം കഴിച്ച വർ, കുട്ടികൾ ഉള്ളവർ, നാട്ടിലുള്ളവർ, വിദേശത്ത് ഉള്ളവർ അങ്ങനെ ആരൊക്കെ ഏതൊക്കെ നിലയിൽ എന്ന് അറിയുക എന്നതായിരുന്നു ഒരു പ്രധാന ഉദ്ദേശ്യം...

എന്നത്തേയും പോലെ പോസ്റ്റുകൾക്ക് ലൈക്കും, അൺലൈക്കും, ഷെയർ ചെയ്തും ചിലരുടെ ഫോട്ടോയ്ക്ക് കമന്റ് ചെയ്തുംകൊണ്ടിരുന്നപ്പോഴാണ് ഓർക്കൂട്ട് അക്കൗണ്ടിനെപ്പറ്റി ഓർമ്മവന്നത്. എനിക്ക് ഓർക്കൂട്ട് ആയിരുന്നു കൂടുതൽ ഇഷ്ടം പ ക്ഷേ ഇപ്പോൾ ഞാൻ അത് നോക്കാറേ ഇല്ല. ചിലപ്പോൾ മനഃപൂർവ്വം അല്ലെങ്കിലും നാം ഒക്കെ പുതുമയുടെ ഭാഗമായി മാറാറു ണ്ട്. ഷേക്സ്പിയറിന്റെ ഒരു കടുത്ത ആരാ ധിക എന്ന നിലയിൽ "Love at first sight" ൽ വിശ്വസിച്ചിരുന്നു. അത് കൊണ്ടാവാം ഓർക്കുട്ടിലെ എന്റെ ആദ്യത്തെ സുഹൃത്ത് എനിക്ക് പ്രിയപ്പെട്ടതായിരന്നു. ഞാൻ ആണായാൽ എങ്ങനെയായിരുക്കുമോ അത് പോലെയായിരുന്നു അഭിരാമേട്ടൻ. അഴയെയും, പത്മ രാജനെയും, നെരുദയെയും, പോലെയെയും, പെലെയെയും, കോവൂരനെയും, ചെഗുവേരെ യെയും ഒരു പോലെ ഇഷ്ടപ്പെട്ടിരുന്ന എന്റെ സുഹൃത്ത് ഞങ്ങളുടെ പ്രൊഫൈലുകളിൽ പോലും അസാമാന്യ മായ സാദൃശ്യം ഉണ്ടായിരുന്നു. ഇഷ്ട സിനിമയായ തൂവാനത്തുമ്പികൾ, ഭക്ഷണം കപ്പയും മീനും, വായിച്ച ബുക്കുകൾ, കളികൾ എന്തിന് ഒരിക്കൽ അപ്ഡേറ്റ് ചെയ്ത നന്ദിതയുടെ കവിതയിലെ വരികൾ പോലും സാമ്യം ആയിരുന്നു.

"എന്റെ ഗുൽമോഹർ പൂക്കാതെ കാത്തിരിക്കുന്നു... നീയിനിയുമെത്താതെന്തേ"

ഞാനായിട്ട് കണ്ടെത്തിയ കാമുകന് പോലും അഭിരാ മേട്ടന്റെ അത്രയും സാമ്യം എന്നോടില്ലെന്ന് ഒരിക്കൽ ഞാൻ പറഞ്ഞിരുന്നു. ചില ബന്ധങ്ങളും സൗഹൃദങ്ങ ളും മനസ്സിന്റെ ഏതെങ്കിലുമൊരു കോണിൽ എന്നും മായാതെ നിലനിൽക്കുന്നുണ്ടാവും. അതായിരിക്കാം ഓർക്കൂട്ടിനെപറ്റി ഓർത്തപ്പോൾ ആദ്യം അഭിരാമേട്ടനെ ഓർമ്മവന്നത്. ആള് എന്റെ ഫേസ്ബുക്കിൽ സൗഹൃത്ത് അല്ലായിരുന്നു. അത്കൊണ്ട് ഫേസ്ബുക്കിൽ സേർച്ച് ചെയ്ത് ഞാൻ ഒരു ഫ്രണ്ട് റിക്വസ്റ്റ് അയച്ചു.

വൈകിട്ട് മെയിലിൽ നിന്ന് സൈൻഔട്ട് ചെയ്യാൻ നേ രം റിഫ്രഷ് ചെയ്തപ്പോൾ അഭിരാമേട്ടൻ എന്റെ ഫ്രണ്ട് റിക്വസ്റ്റ് സ്വീകരിച്ചുകൊണ്ടുള്ള മെയിൽ ഉണ്ടായിരുന്നു.

പിറ്റേ ദിവസം രാവിലെ ഹോസ്റ്റലിൽ നിന്ന് ഇറങ്ങിയപ്പോൾ നല്ല മഴയായിരുന്നു. മഴക്കാലമൊന്നുമല്ല പക്ഷേ തോന്നുമ്പോഴൊക്കെ പെയ്യുകയും പെയ്യാതിരിക്കുകയും ചെയ്യുന്ന മഴയോ ടെനിക്ക് അതിന്റെ സ്വാതന്ത്ര്യത്തെപ്പറ്റി അസൂയ തോന്നി. "ഇന്ന് ചെല്ലാൻ നമ്മൾ താമസിക്കുമെന്ന്" പറഞ്ഞപ്പോൾ. എന്റെ സുഹൃത്ത് പറഞ്ഞത് താമസിക്കും തോറും ഫേസ്ബുക്ക് നോക്കാനുള്ള സമയമാണ് പോകുന്നതെന്ന് അവളാകട്ടെ ഒരു ദിവസം ഫേസ്ബുക്ക് നോക്കിയിരുന്നു പതിവായി അച്ഛനെ വിളിക്കാറുള്ളത് പോലും മറന്നതാണ്. അത്രമേൽ സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ നമ്മൾ ചിലരുടെയെങ്കിലും ജീവിതത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട് ഇപ്പോൾ എന്റെ നാട്ടിൻപുറത്തെ സ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾ പോലുമെനിക്ക് റിക്വസ്റ്റ് അയക്കുമ്പോൾ ഞാൻ ഓർക്കാറുണ്ട് ഒന്നുമില്ലെങ്കിൽ എന്റെ നാട് ഫേസ്ബുക്ക് അംഗത്വത്തിന്റെ കാര്യത്തിലെങ്കിലും സമ്പൂർണ്ണ സാക്ഷരത കൈവരിക്കുമെന്ന്. ഇപ്പോൾ യാതൊരു ഇഷ്ടവുമില്ലെന്ന് പറയുമ്പോഴും പഴയ കാമുകന്റെ ഫേസ്ബുക്കിൽ ആദ്യം നോക്കിയത് അവന്റെ പുതിയ കാമുകി "Friend" ആണോ എന്നായിരുന്നു. എന്ത് അപ്ഡേറ്റ്സ് വേണമെങ്കിലും മറ്റ് സൈറ്റുകളേക്കാൾ ഫേസ്ബുക്ക് റിഫ്രഷ് ചെയ്യുന്നതാണ് നല്ലതെന്ന് തോന്നിപ്പോയിട്ടുണ്ട് ചിലപ്പോൾ. അതുകൊണ്ട് നന്മലഭിച്ചവരും കാണും. സ്വാതികൃഷ്ണ എന്ന കുട്ടിക്ക് ഫോസ്ബുക്കിലെ പോസ്റ്റ് കണ്ട് സഹായിച്ച ഒരാളെങ്കിലും കാണും ഫേസ്ബുക്ക് കൂട്ടായ്മയിൽ. ചിന്തകൾ ഒരു വിധം അവസാനിച്ചത് ഓഫീസിൽ ബസ് എത്തിയപ്പോഴാണ്. അധികം താമസിച്ചിട്ടില്ല ഫേസ്ബുക്ക് നോക്കാൻ സമയമുണ്ടെന്ന് സുഹൃത്തിനോട് ഞാൻ പറഞ്ഞു.

കാബിനിൽ ചെന്നിരുന്ന് മെയിലും ഫേസ്ബുക്കും പതിവ്പോലെ ഓപ്പൺ ചെയ്തു. കുറെ അപ്ഡേറ്റ്സ് ഉണ്ടായിരുന്നു. ഫേസ്ബുക്കിൽ തട്ടത്തിൻ മറയത്ത് എന്ന സിനിമയുടെ ഡയലോഗിനെ കളിയാക്കി ഉള്ളതായിരുന്നു പലതും. അപ്പോഴാണ് സൈഡ്ബാറിൽ ഫ്രണ്ട്സ് ബർത്ത്ഡേ ലിസ്റ്റിൽ അഭിരാമേട്ടന്റെ ബെർത്ത്ഡേയുടെ നോട്ടിഫിക്കേഷൻ കണ്ടത്. അപ്പോൾതന്നെ വാളിൽ "Many many happy returns of the day. Keep in touch" എന്നും പോസ്റ്റു ചെയ്തു.

ആള് ഓൺലൈനിൽ ഉണ്ടെന്ന് കണ്ട് ചാറ്റിംഗ് വഴിയും ഒരു Happy birthday പറഞ്ഞു. കൂടെ എന്നെ ഓർമ്മിക്കുന്നുണ്ടോ സഖാവെ? എന്നൊരു ചോദ്യവും. അതിന് കുറെ സമയം കഴിഞ്ഞാണ് മറുപടി കിട്ടിയത്. അത് വായിച്ചപ്പോൾ പേ മാരി പെയ്തൊഴിഞ്ഞ മേഘം പോലെയായിപ്പോയി ഞാൻ.

Njan Abhiramite friend Annu. He is no more. Aaru maasam munpundaya our bike accidental avan maranapettu. Thalakarunnu injury. Helmet undayirunenkil oru pakshe rakshikamayirunnu. Avante ettavum valiya swathu friends aayirunnu. Avan njangalodoppam illa ennu viswasikan ithuvare kazhijitilla. Njangalude manasile pole ee virtual lokathum avan jeevichirikatte. Athinanu njangal avante profile  update cheythu kondeirikunnathu.

അപ്പോഴും എന്റെ മുമ്പിലെ സ്ക്രീനിൽ അഭിരാമേട്ടന് വേണ്ടി സുഹൃത്തുകൾ അപ്ഡേറ്റ് ചെയ്ത നന്ദിതയുടെ വരികൾ ഒരു നൊമ്പരമായുണ്ടായിരുന്നു.

"നിന്നെ മറക്കുകയെന്നാൽ മൃതിയാണെന്ന്". ■


- MNC BRANDS : HP, DELL, ACR
- SERVERS, STORAGES, DESKTOPS & LAPTOPS
- NETWORKING : CISCO, AVAYA, STRUCTURED CABLING
- LAPTOP & DESKTOP CHIPLEVEL SERVICING
- AMC, ASC PROVIDER

**ACS TECHNOLOGIES**

**computing solutions and technologies**

**TC11/952(5), Nalanda Jn, Nanthancode, Kwdiar P.O, Trivandrum 695003,**

**Phone : 0471- 306531, 3250209, Fax : 0471 -2720133**

**Website : www. acstech.in**



# ഒരു ദോശ ഉണ്ടാക്കിയ വിന



ഗോപീകൃഷ്ണൻ

**ഹാ**വു! ശനിയാഴ്ച ദിവസം ഓഫീസ് വിട്ടു വീട്ടിൽ എത്തുമ്പോൾ ഒരു വല്ലാത്ത സന്തോഷം ആണ്. നാളെ ഞായറാഴ്ച ആണല്ലോ... ഒന്ന് അർമാദിച്ചു ഉറങ്ങാം. പക്ഷെ തുണി അലക്കണമല്ലോ എന്ന് ആലോചിക്കുമ്പോഴേ ഉറക്കം പമ്പ കടക്കും. അങ്ങനെ ആ ഞായറാഴ്ചയും ഒരു ലോഡ് തുണി അലക്കി. ഒരു ലോഡ് എന്ന് പറഞ്ഞ് രണ്ട് ആഴ്ചത്തെ ആണ് കോട്ടോ. കാരണം ഞായറാഴ്ചകളിൽ ആരെങ്കിലും പണി തന്നാൽ അങ്ങനെ ആണ്... ചില വേണ്ടപെട്ടവർ ഞായറാഴ്ചകളിലെ പണി തരു. അവരെ കുറിച്ച് ഇവിടെ പറയുന്നില്ല. എട്ടിന്റെ പണി പിന്നെയും കിട്ടും. അങ്ങനെ അലക്കൊക്കെ കഴിഞ്ഞു 'ഇനി ലേശം അങ്ങട് മയങ്ങാം' എന്ന് കരുതി നോം നിദ്രാദേവതയെ (ദേവന് ആണോ എന്ന് അറിയില്ല. ആണെങ്കിൽ ക്ഷമിക്കുക) മനസ്സിൽ ആവാഹിച്ചു മയങ്ങാൻ കിടന്നു. ചില സാഹിത്യകാരൻമാർ പറയുന്നതുപോലെ നിദ്രയുടെ അഗാധതയിലേക്ക് കൂപ്പുകുത്തി തുടങ്ങിയപ്പോൾ അതാ ഒരു നിലവിലവിളി. ഞെട്ടി എണീറ്റു സ്വന്തം കാശ് കൊണ്ട് വാങ്ങിയത് ആയത് കൊണ്ട് 'വേണ്ടാ' എന്ന് വച്ചു. ഇല്ലെങ്കിൽ ഞാൻ എറിഞ്ഞു പൊട്ടിച്ചേനെ. മനസ്സിലായില്ലേ മൊബൈൽ ഫോൺ. അത്യാവശ്യത്തിനു ഉപകരിക്കും. എങ്കിലും ചില സന്ദർഭങ്ങളിൽ ഏറ്റവും വലിയ പാരയാണ് ഈ സാധനം (നിങ്ങൾക്കും അങ്ങനെ തോന്നാതിരിക്കാൻ വഴി ഇല്ല) ഫോണിനെയും വിളിച്ചവനെയും അമിട്ട് തെറി വിളിച്ചുകൊണ്ട് ഫോൺ എടുത്തു... വേണ്ടപ്പെട്ട ഒരു സുഹൃത്ത് ആണ്... അല്ല ആത്മ മിത്രം. ഒരു പാട് സുഹൃത്തുക്കൾ ഉണ്ടെങ്കിലും എപ്പോഴും ഉപകരിക്കുന്നത് അവനാണ് (ബാക്കി ഉള്ള — ശതമാനം പേരും അവരുടെ പാട് നോക്കി പുറം രാജ്യങ്ങളിൽ ആണ്) കാര്യം തിരക്കി.. ഒരു സിനിമ പ്ലാൻ ആണ്. സാധാരണ എല്ലാ ഞായറാഴ്ചകളിലും സിനിമ കാണൽ ഉണ്ട് അങ്ങനെ ഉറക്കം പോയി പിന്നെ സിനിമ എങ്കിൽ സിനിമ എന്ന് കരുതി എണീറ്റു. കുളിയൊക്കെ കഴിഞ്ഞു ഒരുങ്ങി ഇറങ്ങി. 'ഒടുക്കത്തെ ഗ്ലാമറാടാ പന്നി' എന്ന് ആരും പറയാൻ ഇല്ലാത്തത് കൊണ്ട് സ്വയം പറഞ്ഞു. ആരെങ്കിലും കേട്ടിരുന്നെങ്കിൽ അടി ഡി.എച്ച്.എൽ. ൽ വന്നേനെ. അത് സ്വയം ആസ്വദിച്ചു ചിരിച്ചു കൊണ്ട് പുറത്തേക്കു ഇറങ്ങി. ഞൻ ചിരിക്കുന്നത് കണ്ടു അച്ഛൻ സംശയത്തോടെ നോക്കുന്നത് കണ്ടു. ഞാൻ അല്ലെ... മൈൻഡ് ചെയ്തില്ല. സുഹൃത്ത് ബൈക്കുമായി വന്നു... നേരെ ഞാൻ സജെസ്റ്റ് ചെയ്ത തിയേറ്ററിലേക്ക്.

ഞായറാഴ്ച ആയതുകൊണ്ട് നല്ല തിരക്കായിരുന്നു... ടിക്കറ്റ് എടുത്തു അകത്തേക്ക് കയറി... 'സാൾട്ട് ആന്റ് പെപ്പർ' അതായിരുന്നു സിനിമ. തികച്ചും വ്യത്യസ്തമായ പ്രമേയമായത് കൊണ്ട് ബോർ അടിച്ചില്ല... പിന്നെ സ്ഥിരം നായകൻമാർ ഇല്ലാത്തതുകൊണ്ട് വല്യ ബലം പിടുത്തവും ഇല്ല. നമ്മുടെ സഖാവിന്റെ ഭാഷയിൽ പറഞ്ഞാൽ നാല്പതിന്റെ ചിന്തകളിൽ ഒരു നായകനും നായികയും അവരുടെ വേവലാതികളും പിന്നെ കുറച്ചു പാചക വിധികളും എന്തായാലും കൊള്ളാം. അങ്ങനെ സിനിമ തകർത്തു മുന്നോട്ടു പോയപ്പോഴാണ് നായിക ഫോണിൽ പറയുന്നത് 'ചേട്ടാ... ആ തട്ടിൽ കൂടി ദോശ ആറു എണ്ണം പാർസൽ അയക്കണേ' എന്ന്.

തട്ടിൽ കുട്ടി ദോശയോ???

അത് എന്തര് ദോശ!!!

ഞാൻ സുഹൃത്തനോട് ചോദിച്ചു... അവൻ പറഞ്ഞത് ഇവിടെ എഴുതാൻ കൊള്ളില്ല... അവനു സിനിമ നന്നായി ബോധിച്ചു എന്ന് അതിൽ നിന്ന് മനസിലായി. അല്ലെങ്കിലും അവൻ അങ്ങനെ ആണ്... ഒരു മാതിരി ഉള്ള സിനിമ ഒന്നും അവനു ദഹിക്കൂല തട്ട് ദോശ എന്ന് കേട്ടിട്ടുണ്ട്... ഇനി തട്ടിലെ കൂട്ടി ഉണ്ടാക്കുന്ന ദോശ ആണോ? ആണെങ്കിൽ തന്നെ കുട്ടി ആണാണോ പെണ്ണാണോ? അതോ കുട്ടി (ചെറിയ) ദോശ ആണോ... കുറെ ചിന്തകൾ വന്നു തുടങ്ങിയോ... എങ്ങനെ വരാതിരിക്കും സഹവാസം എല്ലാം നാല്പതു കഴിഞ്ഞവരോടല്ലേ (നാല്പതു കഴിഞ്ഞ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ ക്ഷമിക്കുക) അങ്ങനെ സിനിമയിലെ നായകനും നായികയും എന്തൊക്കെയോ ഉണ്ടാക്കി സിനിമ അവസാനിപ്പിച്ചു. അപ്പോഴും എന്റെ മനസ്സിൽ തട്ടിലെ കുട്ടി ദോശ ആയിരുന്നു. അത് നേരെ വയറ്റിലേക്ക് ഇറങ്ങി ഒരു ഭീകര വിശപ്പായി മാറി. അത് സുഹൃത്തിനോട് അവതരിപ്പിച്ചു. ചിലകാര്യങ്ങളിൽ മലയാളികൾക്കുള്ള ഐക്യം അപാരമാണ്. അങ്ങനെ ഞങ്ങൾ കുറച്ചു ബാർലിവെള്ളവും കുടിച്ചു ഒരു തട്ട് ലക്ഷ്യമാക്കി യാത്രയായി.

ലോകത്തെവിടെ ചെന്നാലും കാണാത്ത ചിലകാര്യങ്ങൾ നമ്മൾക്ക് മലായളികൾക്ക് മാത്രമായി ഉണ്ട്. തിരുവനന്തപുരം നഗരം അതിനു ഒരു ഉദാഹരണമാണ്. ഞങ്ങൾ അതൊക്കെ ചർച്ച ചെയ്തു... (ങാ അല്ലെങ്കിൽ വേണ്ട... അത് പിന്നെ ആകട്ടെ .. ദോശയിലേക്ക് കടക്കാം) തുട്ടുകടയിൽ എത്തി... ദോശ ഓർഡർ ചെയ്തു. ഞാനും സുഹൃത്തും കഴിച്ചു തുടങ്ങി... ദോശ എന്ന് പറഞ്ഞാൽ ഒരു ഒരു ഒന്നരദോശ... മുകളകുകറി, ചമ്മന്തി, രസവട, പപ്പടം അടിപൊളി... കുട്ടിയെ മാത്രം കണ്ടില്ല... സിനിമ സ്ക്രിപ്റ്റ് എഴുതിയവന് എവിടുന്നു കിട്ടിയോ എന്തോ... അപ്പോഴാണ് തട്ടിലെ കുട്ടിക്ക് പകരം ചേട്ടൻ ചോദിച്ചത് കുറച്ചു കപ്പ എടുക്കട്ടെ? മീൻ വറുത്തതും ഉണ്ട് എന്നാൽ പോരാട്ടെ ഞങ്ങൾ പറഞ്ഞു... അങ്ങനെ വയർ നിറച്ചു കഴിച്ചു... വിലയോ തുച്ചം. തിരുവനന്തപുരത്തെ സർക്കാർ ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും മറ്റു ജീവനക്കാർക്കും ഇതു ഒരു ആശ്വാസമാണ്. കുറഞ്ഞ വിലക്ക് തിരുപ്പതി... സോറി തൃപ്തി ആകും. അങ്ങനെ കിട്ടിയ തൃപ്തിയുമായി ഞങ്ങൾ വീട്ടിലേക്ക്...

ഭക്ഷണം അടിപൊളി എന്ന് വിചാരിച്ചു പോകുമ്പോഴേക്കും അടിപൊളിഞ്ഞോ... എന്നൊരു സംശയം യേയ്... തോന്നിയതാണോ... എന്തായാലും വീട്ടിൽ എത്തി... അകത്തുകയറി ടിവി കാണാൻ ഇരുന്നു... പക്ഷെ ഇരുന്നചഷ്ട. ഇരുന്നത് ടോക്യോയിൽ ആണ്... മനസ്സിലായില്ല അല്ലെ ടോയിലെറ്റിൽ ആണെന്ന്... ആ ഇരുപ്പ് പിറ്റേ ദിവസം ഏതാണ്ട് അതെ സമയം വരെ ഇടക്ക് ഇടക്ക് തുടർന്ന് എന്ന് പറഞ്ഞാൽ അത് കള്ളമേ അല്ലാ രണ്ടു പ്രാവശ്യം ശർദ്ദിക്കുകയും ചെയ്തു. വല്ല വിധേനെയും ഹോസ്പിറ്റലിൽ പോയി ഡോക്ടറെ കണ്ടു... ഫുഡ് പോയിസൺ ആണെന്ന്... രൂപ 1200 തീർന്നു കിട്ടി. തുച്ചമായി കിട്ടിയ തൃപ്തി പോയവഴി... അപ്പോഴാണ് ഞാൻ കണ്ട സിനിമയുടെ ക്യാപ്ഷൻ ഓർത്തത്... ഒരു ദോശ ഉണ്ടാക്കിയ കഥ... അല്ല അത് ഒരു ദോശ ഉണ്ടാക്കിയ വിന എന്നാണു എനിക്ക് തോന്നിയത്.

ഇത് എഴുതിയതിനു ശേഷം തിരുവനന്തപുരം നഗരത്തിൽ കുറച്ചു ദിവസങ്ങളായി ഫുഡ് പോയിസന്റെ ഒരു പരമ്പര തന്നെ നടന്നു. ഞാൻ ഭക്ഷണം കഴിച്ചിട്ടുള്ള മിക്കവാറും ഹോട്ടലുകൾ എല്ലാം റെയ്ഡ് ചെയ്തു പൂട്ടി (എന്റെ കാറ്റ് പോകാത്തത് ഭാഗ്യം). അതിൽ ഒരു തമാശ എനിക്ക് തോന്നിയത് നഗരത്തിലെ ഒരു പ്രധാന ഹോട്ടലിൽ നിന്നും പട്ടിയുടെ തല കിട്ടി എന്ന് പത്രത്തിൽ വായിച്ചു. അത് പൂട്ടുകയും ബുദ്ധിമാനായ ഹോട്ടൽ മുതലാളി അന്ന് മുതൽ അവിടെ അറ്റകുറ്റപണി തുടങ്ങുകയും ചെയ്തു. എന്നിട്ട് ബോർഡ് തൂക്കി... Renovation!!! എന്നിട്ടോ വീണ്ടും തുറന്നപ്പോൾ... ഭയങ്കര തിരക്ക് ആളുകളുടെ ഓരോ കാര്യങ്ങളെ. സർക്കാരോ സർക്കാർ ഉദ്യോഗസ്ഥരോ അനാസ്ഥ കാണിക്കുന്നത് മൂലം ബലി കൊടുക്കേണ്ടിവരുന്നത് നമ്മുടെ വിലപ്പെട്ട ജീവനാണ് എന്ന ഓർമ്മയോടെ മാത്രമെ ഇനി ഹോട്ടലുകളിൽ കയറാവൂ...

ഭക്ഷണം രുചിച്ചു നോക്കി പഴയതാണോ പുതിയതാണോ എന്നറിയാനുള്ള വിദ്യകൂടി പഠിക്കേണ്ടിയിരിക്കുന്നു.

ഹോട്ടലുകൾ റെയ്ഡ് ചെയ്യുമ്പോൾ തട്ട് കടകളുടെ വൃത്തി കൂടി പരിശോധിക്കുന്നത് നല്ലതായിരിക്കും. ■

(ആത്മഗതം)


With Best Compliments from :

KANNUR DISTRICT PRINTING & PUBLISHING CO-OP. SOCIETY LTD.

CO-OPERATIVE PRESS

SOUTH BAZAR, KANNUR – 670 002

TEL: 0497 2707208, 2704648, 2704545

WE OFFER:

- MULTI COLOR OFFSET
- JAPANESE FOLDING & BINDING MACHINE
- CASE MAKING
- KNIFE GRINDING
- LAMINATION

April 30,2012

# രജിസ്ട്രാർക്ക് യാത്രയയപ്പ്

Fitting Sentoff to Registrar PranavJyothi Nath I AS







photo story

# Send off

September 2,2012

to

## Reeja Thankachi





സ: റീജാ തങ്കച്ചി സി-ഡിറ്റിൽ ഓഫീസ് അസിസ്റ്റന്റായി കരാറടിസ്ഥാനത്തിൽ ജോലിക്ക് പ്രവേശിച്ച നാളു മുതൽകെ സി.ഇ.എയുടെ പ്ര വർത്തനങ്ങളിൽ സജീവമായിരുന്നു. കുറച്ചുകാലം അഡ്മിനി സ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്ത അവസരത്തിൽ ജീവനക്കാരുടെ  സർവ്വീസ് സംബന്ധമായ കാര്യങ്ങളിൽ ഏറെ ശുഷ്കാന്തിയോടെ പ്രവർത്തിക്കുകയുണ്ടായി. സി.ഇ.എ.യുടെ ജോയിന്റ് സെക്രട്ടറിയായി വനിതാ സബ്ബ് കമ്മിറ്റിയുടെ പ്രത്യേക ചുമതല വഹിക്കുകയും സി-ഡിറ്റിലെ വനിതാ ജീവനക്കാർക്ക് സംഘടിത സ്വഭാവം നൽകുന്നതിൽ നേ തൃത്വ പരമായ പങ്ക് വഹിക്കുകയും ചെയ്തു.  ചുരുങ്ങിയ കാലയളവിലെ സ: റീജയുടെ പ്രവർത്തനം ജീവനക്കാർക്കും സ്ഥാപനത്തിനും മുതൽക്കൂട്ടായി. ആലപ്പുഴ ജില്ല കോടതിയിൽ ശിരസ്തദാർ എന്ന ഉയർന്ന ജോലി ലട്ടിച്ചതിനെ തുടർന്നാണ് സി-ഡിറ്റിൽ നിന്നും വിരമിച്ചത്. സി.ഇ.എയും വനിത സബ്ബ് കമ്മിറ്റിയും സംയുക്തമായി സംഘടിപ്പിച്ച യാത്ര അയപ്പ് ചടങ്ങിൽ സി-ഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും പ്രശസ്ത ഛായഗ്രാഹകനുമായ ശ്രീ. കെ.ജി. ജയൻ ഉപഹാരം നൽകി അനുമോദിച്ചു. ചടങ്ങിൽ സി.ഇ.എ സെക്രട്ടറി ബി. സതീശൻ, അജിത് സി.എൻ., വനിതാകമ്മിറ്റി കൺവീനർ ശ്രീമതി സരിത വി.റ്റി. തുടങ്ങിയവർ സംസാരിച്ചു.

to

## Sajna



സി-ഡിറ്റിലെ ഒപ്റ്റിക്കൽ ഇമേജ് പ്രോസസിംഗ് ടീമിൽ പ്രോഗ്രാമറായി ജോലി ചെയ്ത വന്ന ശ്രീമതി ഷജിന സി.ഇ.എയുടെ അംഗവും സജീവ പ്രവർത്തകയായിരുന്നു.  ചുരുങ്ങിയ കാലംകൊണ്ട് മൊത്തം ജീവനക്കാരുടെയും സുഹൃത്തായി മാറുകയും സി.ഇ.എയുടെ വെൽഫയർ ആന്റ് റിക്രിയേഷൻ പരിപാടികളിൽ  സജീവസാന്നിദ്ധ്യവുമായിരുന്നു.  സോഫ്റ്റ് വെയർ ടെസ്റ്റിംഗ് രംഗത്ത്  സി-ഡിറ്റിൽ നിന്നും ലഭിച്ച ട്രെയിനിംഗ് ഇൻഫോസിസിലേക്ക് നല്ല ജോലി ലഭിക്കുന്നതിന് സഹായിക്കുകയും സി-ഡിറ്റിൽ നിന്നും വിരമിക്കുകയായിരുന്നു.  കൈതമുക്ക് സെന്ററിൽ ചേർന്ന യാത്ര അയപ്പ് യോഗത്തിൽ ഒ.ഐ.പി. ടീം ലീഡർ സ: സാജൻ അമ്പാടിയിൽ, സി.ഇ.എ ജനറൽ സെക്രട്ടറി ബി. സതീശൻ, സ: ശ്യാഹിൻ തുടങ്ങിയവർ അനുമോദിച്ച് സംസാരിച്ചു.  സെക്രട്ടറി സി.ഇ.എയുടെ ഉപകാരവും നൽകി.

# Send off

to

## Prabha kumari



സി-ഡിറ്റിലെ ആദ്യകാല ജീവനക്കാരിൽ ഒരാളാണ് കുമാരി പ്രഭ.  ഐ.എൻ.ടി.യു.സി. യൂണിയൻ സെക്രട്ടറിയായി പ്രവർച്ചിട്ടുണ്ട്. ജീവനക്കാരുടെ നിരവധി പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരം കാണാൻ ഏറെ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.  ഏറ്റവും ഒടുവിൽ വനിതാ പ്രശ്നപരിഹാര കമ്മിറ്റിയുടെ ചെയർപേഴ്സനായി ചുമതല വഹിച്ച് ധീരമായ നിലപാടുകൾ സ്വീകരിക്കുകയുണ്ടായി. പെൻഷനായതിനെ തുടർന്നാണ് സി-ഡിറ്റിൽ നിന്നും വിരമിക്കുകയായിരുന്നു. ഗോർക്കി ഭവനിൽ ചേർന്ന യാത്ര അയപ്പ് ചടങ്ങിൽ സി-ഡിറ്റ് ഡയറക്ടർ, രജിസ്ട്രാർ, കെ.മോഹൻകുമാർ, ഭരത് തമ്പി, ബി. സതീശൻ, രഞ്ജിത് കെ.എസ്, മനോജ് കൃഷ്ണൻ, വനിതാ സബ് കമ്മിറ്റിയെ പ്രതിനിധീകരിച്ച് സ: പ്രേംസുജ തുടങ്ങിയവർ അനുമോദന പ്രസംഗം നടത്തി. സി.ഇ.എയുടെ ഉപകാരം ബി. സതീശൻ കുമാരി പ്രഭയ്ക്ക് നൽകി.

to

## Harikrishnan



സി-ഡിറ്റിൽ ഓഫീസ് അസിസ്റ്റന്റ് (അക്കൗണ്ട്സ്) എന്ന നിലയിൽ ഒ.ഐ.പി.യിൽ പ്രവർത്തിച്ചു വരികെ ഇൻഫോസിസിൽ അക്കൗണ്ടന്റായി ജോലി ലഭിച്ചതിനെ തുടർന്ന് സ: ഹരികൃഷ്ണൻ സി-ഡിറ്റിൽ നിന്നും വിരമിച്ചു. സി.ഇ.എയുടെ വെൽഫയർ ആന്റ് റിക്രിയേഷൻ കമ്മിറ്റി അംഗമായി സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങളിലും സീൻലെറ്റിന്റെ പ്രവർത്തനങ്ങളിലും വിനോദയാത്രാപരിപാടികളിലുമെല്ലാം വളരെ സജീവമായിരുന്നു. ഹെഡ് ഓഫീസിൽ ചേർന്ന യാത്ര അയപ്പ് യോഗത്തിൽ സ: സാജൻ അമ്പാടി, പ്രോസസ് കളറിന്റെ മാനേജർ ശ്രീ. രാജീവ്, ബി. സതീശൻ തുടങ്ങിയവർ സംസാരിച്ചു. സി.ഇ.എ.യുടെ ഉപഹാരം സെക്രട്ടറിയും പ്രോസസ് കളറിന്റെ ഉപകാരം ശ്രീ. രാജീവും സമ്മാനിച്ചു.

to

## Manju

സി-ഡിറ്റിൽ ഓഫീസ് അസിസ്റ്റന്റായി ഏറെക്കാലം ജോലി ചെയ്തിരുന്ന സഖാവ് മഞ്ചു ഭർത്താവിനോടൊപ്പം ഗൾഫിൽ പോയതിനാൽ സി-ഡിറ്റിൽ നിന്നും വിരമിക്കേി വന്നു.  സി.ഇ.എ.യുടെ ട്രഷററായി കൈതമുക്ക് സെന്ററിലും ഹെഡ് ഓഫീസിലും സജീവമായി പ്രവർത്തിച്ചു. അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിലെയും മറ്റ് ഡിവിഷനിലും ജീവനക്കാർ മഞ്ചുവിന് യാത്ര അയപ്പ് നൽകി. സി.ഇ.എയുടെ ഉപഹാരം സെക്രട്ടറി നൽകി.

poem

# നേഹ അഫ്രീൻ നിനക്കായ്..



PREMSUJA B, CTT



നേഹ അഫ്രീൻ – പേരു പോലും തിരിച്ചറി
വെത്തും മുന്നേ തച്ചുടയ്ക്കപ്പെട്ട പെൺകുരുന്ന്.
പെണ്ണായ് പിറന്നതിൻ ശിക്ഷ, പുരുഷകേസരിയാം
പിതാവു തന്നെ നടപ്പാക്കിയത്രേ ബംഗളുരുവിൽ
പാൽമണമാപേറും ചുണ്ടുകളും, പുഞ്ചിരിയും
പാതിയടഞ്ഞ മിഴികളും പിഞ്ചു മെയ്യും
പ്രാണവേദയിൽ ചുരുക്കിപ്പിടിച്ചൊരാ കയ്യും
പൊന്നോമനേ – മറക്കാനാവില്ലൊരമ്മയ്ക്കും.
നരകമീ നാട്ടിലിനി നിനക്കു വേണ്ടാ പുനർജ്ജനി
വരും ജൻമങ്ങളിൽ നീ മാലാഖയാകട്ടെ –
വിടരും മുന്നേ കശക്കപ്പെടുന്നു കുഞ്ഞുകൾ.
വളരിലും, വാർദ്ധക്യത്തിലും രക്ഷയില്ല പെണ്ണിന്ന്.
പതിനാറിൻ നിറവെത്തും മകളെ പലവട്ടം രമിച്ചും
പത്തറുപതുപേർക്കു വിറ്റും കാശാക്കിയൊരച്ഛൻ!
മാധ്യമങ്ങളിലനുദിനം നിറയുന്നു പെണ്ണിൻ നഗ്നത
പാറ്റാഗുളികയ്ക്കും പാചകയെണ്ണയ്ക്കും പരസ്യമായ്!
എന്തും വിറ്റുപോകാനൊരുമുഴുമേനി കാട്ടി
യാൽ മതിയെന്നു കണ്ടെത്തിയ പുരുഷബുദ്ധി!
നിന്ദിക്കപ്പെടേണ്ടത് പെണ്ണോ? അതോയവളെ
നാനാവിധം ചൂഷണം ചെയ്യും പുരുഷനോ?
സ്നേഹച്ചൂടേകി, അന്നമേകി, ജീവനെയുദരത്തിൽ
പേറി, പേറ്റുനോവറിഞ്ഞും, പാലൂട്ടി വളർത്താനും
പെണ്ണുവേണ്ടേ? അധമൻമരെയറിയുക, നിങ്ങൾ –
അമ്മയെന്ന ഭാവമിതു താൻ പെണ്ണിൻ കരുത്ത്
അനവധി ജൻമങ്ങളിലവൾ തൻ മഹത്വവും.
മറയ്ക്കേണ്ടതു മറച്ചും, മാന്യത കൈവിടാതെയും
ഒരുവനു മുന്നിലും സ്വയം നഷ്ടപ്പെടാതെയും
കാക്കുക. മകളെ, നിൻ ചന്തവും ശുദ്ധിയും
മാനുഷ്യകത്തിനപമാനമാമിവരെ നെഞ്ചുവിരിച്ച്
തലയുയർത്തി തന്നെ നേരിടാം നമുക്ക്.
ചങ്കുറപ്പൊള്ളൊരു പെണ്ണാവുക! നാം
ആത്മാഭിമാനമുള്ളോരു പെണ്ണാവുക.
ഇനിയുമിവിടെ നിരവധി നേഹമാർ തച്ചുട-
യ്ക്കപ്പെടും, അപമാനിതരാകും, കൊല്ലപ്പെടും.
വൈകേണ്ട, ജനകീയ വിചാരണതൻ കാലമായ്
നേരിടാം, നാമൊരുമിച്ചു പോരാടാൻ നേരമായ്.

general

# തകർക്കുവാനാകില്ല... ഈ ചുവന്ന നക്ഷത്രത്തെ



**കുമാർ. ആർ**

ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച്പരിശോധിക്കുവാനും വിലയിരുത്തുവാനും സാധിക്കുന്നതരത്തിലുള്ള ചർച്ചകൾ ഉണ്ടാകേണ്ടതുണ്ട്. കാരണം ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടതുപക്ഷപ്രസ്ഥാനത്തിന്റെ പ്രത്യേകിച്ചു സി.പി.ഐ.(എം)ന് ഏറ്റെടുക്കേണ്ട ഉത്തരവാദിത്ത്വങ്ങളും കഴിഞ്ഞ കാലഘട്ടങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്ന വിഷയങ്ങളും പരിശോധിച്ചാൽ പാവപ്പെട്ടവന്റെയും നിത്യവൃത്തിക്ക് വകയില്ലാത്ത പുഴുക്കളായി ജീവിക്കുന്ന പട്ടിണിപ്പാവങ്ങളുടെയും നന്മ മാത്രം ലക്ഷ്യം വച്ചുകൊണ്ട് ഭരിക്കാനുള്ള അവസരം ലഭിക്കുമ്പോഴും ഭരണത്തെ നിയന്ത്രിക്കാൻ അവസരം കിട്ടുമ്പോഴും വലതുപക്ഷ ഭരണക്കാർക്ക് തന്നിഷ്ടം കാണിക്കാൻ അവസരം നൽകാതെ വച്ചുനീട്ടിയ മന്ത്രിപദങ്ങൾപോലും ലാഘവത്തോടെ ഒഴിവാക്കി സോപാധിക പിന്തുണ നൽകിയ കാലം നമ്മൾ മറന്നിട്ടില്ല. കാരണം അന്ന് വിലക്കയറ്റവും തൊഴിലില്ലായ്മയും ഒഴിവാക്കാനും സാമ്പത്തിക ഭദ്രത കൈമുതലായി നിലനിർത്താനും സാധിച്ചു.

ഒരാളെ ചങ്ങലകൊണ്ട് ബന്ധിക്കുന്നത് പോലെ ഇന്ത്യൻഭരണകർത്താക്കളെ ഇടതുപക്ഷത്തിന്റെ പാർലമെന്റ് അംഗങ്ങൾ ഓരോ ചങ്ങലകണ്ണികളായി ബന്ധിച്ചിരുന്ന കാലഘട്ടത്തിൽ മുതലാളിത്ത ആഗോള വത്കരണത്തിനായി ദാഹിക്കുന്ന ഒരു കൂട്ടം ഭരണകർത്താക്കളെ നാം കണ്ടതാണ്. ഒടുവിൽ ആസിയാൻ – ആണവ കരാറുകൾ ഒപ്പ് വെയ്ക്കുന്ന ഒരു സാഹചര്യം വന്നപ്പോൾ മറ്റൊന്നും ആലോചിക്കാൻ ഇടതുപക്ഷത്തിന് കഴിഞ്ഞില്ല. അങ്ങനെ നൽകിക്കൊണ്ടിരുന്ന സോപാധിക പിന്തുണ പിൻവലിച്ചു. ആ സാഹചര്യത്തിൽ ബഹു: ഇന്ത്യൻ പ്രധാനമന്ത്രി ഒരു സത്യം പറഞ്ഞത് നാം ഓർമ്മിക്കുന്നുണ്ടാകും. 'ഞാൻ ഇന്നലെ വരെ ഇടതുപക്ഷത്തിന്റെ തടങ്കലിൽ ആയിരുന്നു' എന്ന്. ഇതിൽ നിന്നുതന്നെ നമുക്ക് മനസ്സിലാകും ഇടതുപക്ഷത്തിന്റെ പ്രസക്തി എത്രത്തോളം ഉണ്ടായിരുന്നു എന്നത്. എന്നാൽ ഇന്ന് ഇടതുപക്ഷത്തിന്റെ, പ്രത്യേകിച്ചു സി.പി.ഐ.(എം) ന്റെ സ്വാധീനം ഇല്ലാതാക്കാം എന്ന അജണ്ട




യുമായി ഇങ്ങ് താഴെ പഞ്ചായത്തുതലം മുതൽ അങ്ങേയറ്റം പാർലമെന്റ് വരെയുള്ള വലതുപക്ഷ പ്രമാണിമാരും ബൂർഷ്വാമാദ്ധ്യമങ്ങളും കിണഞ്ഞ് പരിശ്രമിക്കുന്നതിന്റെ പരിണിതഫലങ്ങളാണ് നാം ഇന്ന് കണ്ട്കൊണ്ടിരിക്കുന്ന കാഴ്ചകൾ.

വെല്ലുവിളികൾ ഒട്ടേറെ നേരിട്ട് നാം ജനാധിപത്യ രീതിയിലുള്ള സമരാഗ്നിയിലൂടെ നേടിയെടുത്ത മനുഷ്യന്റെ അവകാശങ്ങൾ ഓരോന്നോരോന്നായി കവർന്നെടുക്കാൻ ഇന്ന് ഇന്ത്യ ഭരിക്കുന്ന യു.പി.എ. സർക്കാരും കേരളം ഭരിക്കുന്ന യു.ഡി.എഫ്. സർക്കാരും 'അതിവേഗം ബഹുദൂരം' പ്രവർത്തിക്കുന്ന കാഴ്ച ബൂർഷ്വാ മാധ്യമങ്ങൾതന്നെ നമ്മെ കാണിച്ചുത്തരുന്നുണ്ട് എന്നത് സന്തോഷകരമാണ്.

സാധാരണക്കാരന്റെ ജീവിതത്തിന് യാതൊരു വിലയും നൽകാത്ത പഴയകാല സാമ്രാജ്യത്വ വ്യവസ്ഥിതികൾ വീണ്ടും ഈ രാജ്യത്തുണ്ടാകുമോ എന്ന് ആശങ്കപ്പെടുന്നവരുണ്ട്. ആഗോളവത്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും പാപഭാരങ്ങൾ ഏറ്റെടുക്കേണ്ടിവരുന്നത് ഇന്ത്യയിൽ ജീവിക്കുന്ന ഇടത്തരക്കാരും പട്ടിണിപ്പാവങ്ങളാണ് എന്നത് ഒരു യാഥാർത്ഥ്യമാണ്. അതിന്റെ സൂചനകൾ ഓരോ സംസ്ഥാനങ്ങളിലും നാം കാണുന്നുണ്ട്. പട്ടിണി മരണങ്ങളും, കർഷക ആത്മഹത്യകളും, വർഗ്ഗീയ – വംശീയ കലാപങ്ങളും, കൂട്ടക്കുരുതികളും കഴിഞ്ഞ കാലത്തെതിനെക്കാൾ കൂടി വരുന്നതായി വിലയിരുത്തപ്പെടുന്നു. ജാതിമത വർഗ്ഗീയ ശക്തികളുടെ ആധിപത്യം സ്ഥാപിക്കലും ഇതിന്റെ ഭാഗമാണ്.


ഇന്ത്യയിൽ ഇന്ന് നടക്കുന്ന വലതുപക്ഷ വത്ക്കരണം നികുതികളായി പിരിച്ചെടുക്കുന്ന പൊതുസമ്പത്തിലും രാജ്യത്തുണ്ടാകുന്ന സമ്പത്തിലും ഭൂരിഭാഗവും സ്വദേശി വിദേശികുത്തകകൾക്കും മറ്റു കുബേരന്മാർക്കും ലഭിക്കത്തക്ക വിധം സർക്കാരിന്റെ നയങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. വമ്പന്മാർ നടത്തുന്ന കൊള്ളയ്ക്ക് യോജിച്ചവിധം നയങ്ങളിലും നിയമങ്ങളിലും സമൂലമായ മാറ്റം വരുത്തപ്പെടുന്നു. പൊതുമേഖലാസ്ഥാപനങ്ങൾ, വനഭൂമി, തോട്ടങ്ങൾ, മണ്ണുംവെള്ളവും, ശ്വാസവായു പോലും സ്വകാര്യ കുത്തകകൾക്ക് അടിയറവെയ്ക്കുന്ന കാലം വളരെ വിദൂരത്തല്ല എന്ന് നാം കാണണം. ദാരിദ്രരേഖ എന്ന പേരിൽ പല മാനദണ്ഡങ്ങൾ വഴി ജനങ്ങളെ പല തട്ടുകളായി വേർതിരിച്ചുകൊണ്ട് വമ്പൻന്മാരായ അംബാനിമാർക്കും റ്റാറ്റായ്ക്കും ബിർളയ്ക്കും നൽകുന്ന നികുതിയിളവുകളും സബ്സിഡികളും മാത്രം മതി സ്വതന്ത്ര ഭാരതത്തിലെ പാവങ്ങളുടെ പട്ടിണിയകറ്റാൻ.

എന്നാൽ ഇന്ന് വിലക്കയറ്റം കാരണം ക്ലേശമനുഭവിക്കാത്ത ഒരു സാധാരണ കുടുംബമെങ്കിലും ഈ രാജ്യത്തുണ്ടോ? സബ്സിഡികൾ നൽകിയും നികുതിയിളവു നൽകിയും സർക്കാർ പരിപോഷിപ്പിക്കുന്ന വമ്പൻ സ്രാവുകൾ സ്വന്തം വീടുകൾക്ക് മുകളിൽ വിമാനമിറക്കുമ്പോൾ, ഇതേമണ്ണിൽ ഭരിക്കുന്നമേലാളന്മാരുടെ ലാഭക്കൊതിയിൽ ചവിട്ടിമെതിക്കപ്പെട്ട ഒരു ജനത ഈ രാജ്യത്ത് ജീവിക്കുന്നു എന്ന് ഭരണകർത്താക്കൾ ഓർമ്മിക്കുന്നത് നന്നായിരിക്കും. സാധാരണക്കാരനെ ശവപറമ്പിലേക്കും വമ്പന്മാരെ സുഖലോലുപതയുടെ കൊട്ടാരത്തിലേക്കും നയിക്കുന്ന സാമ്പത്തിക നയം, 2 ജിയും 3 ജിയും ആദർശ് ഫ്ളാറ്റ് അഴിമതിയും ശവപ്പെട്ടി കുംഭകോണവും, സൈൻബോർഡ് അഴിമതിയും അങ്ങനെ ചില ചില്ലറ ''വമ്പൻ'' അഴിമതികൾ നടത്തി ജീവിച്ചു പോകുന്ന ഭരണകർത്താക്കളേ... വീണ്ടുമൊരു 'ജനവിധി' നേരിടാൻ നിങ്ങൾക്കുസാധിക്കുമോ എന്ന് കണ്ടറിയാം.

എണ്ണിയാലൊടുങ്ങാത്ത ധീരദേശാഭിമാനികളുടെ അഭിമാനാർഹമായ സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ ബാക്കി പത്രമാണ് നാമിന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം. രക്തസാക്ഷികളുടെ അഭിമാനമായ ചരിത്രമാണ് നമ്മെ ഭരിക്കുന്നവർ മറന്ന് പോകുന്നത്. ഒറ്റരാത്രി കൊണ്ടോ ഒന്നോ രണ്ടോ സമരം കൊണ്ടോ അല്ല ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചത്.
ഇതിനായി അരക്തസാക്ഷികളായ ധീരയോദ്ധാക്കളെ വല്ലപ്പോഴും നിങ്ങൾ സ്മരിക്കുന്നത് നന്നായിരിക്കും. കാരണം സമരമാർഗ്ഗങ്ങളെ തന്നെ നിയമനിർമ്മാണത്തിലൂടെ ഇല്ലാതാക്കാൻ, പൊതു ചർച്ചകൾനടക്കുന്നതിന് വിരാമമിടാൻ പുതിയ നിയമങ്ങളും വ്യവസ്ഥകളും കണ്ടുപിടിച്ചും പ്രയോഗത്തിൽ വരുത്തിയും വലത് പക്ഷം വർഗ്ഗീയതയ്ക്കുമുന്നിൽ മുട്ട് മടക്കി രാജ്യം ഭരിക്കുന്ന കാഴ്ച ലജ്ജയോടെ നാം കാണുന്നു. സ്വാതന്ത്ര്യം കിട്ടി എങ്കിലും കേരളം, ബംഗാൾ, തൃപുര പോലുള്ള സംസ്ഥാനങ്ങളിൽ ഇന്നില്ലാത്തതും മറ്റുസംസ്ഥാനങ്ങളിൽ ഇന്നും നിലനിൽക്കു ന്നതുമായ ജാതീയ, വംശീയ, അയിത്തഅനാചാരങ്ങളും, ജന്മികുടിയാൻ വ്യവസ്ഥിതികളും ഇടത് പക്ഷത്തിന് സ്വാധീനമുള്ള സംസ്ഥാനങ്ങളിൽ എങ്ങനെയില്ലാതായി എന്നത് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും.

ഇടത് പക്ഷ പ്രസ്ഥാനങ്ങൾക്ക് വളക്കൂറുള്ള മണ്ണ് ഈ രാജ്യത്ത് സംഭാവന നൽകിയ അധഃസ്ഥിത വർഗ്ഗത്തിന്റെ പുരോഗമനത്തിനായി പ്രവർത്തിച്ചുകൊണ്ട് എതിർപ്പുകളെ നേരിട്ട് ജീവൻ നൽകി പോരാടിയ രക്തസാക്ഷികളെ മറന്ന്കൊണ്ട് ഈ സമൂഹത്തിലെ ഒരു കൂട്ടം സ്ഥാപിത താൽപര്യക്കാരും വലതുപക്ഷ ഭരണക്കാരും ബൂർഷ്വാ മാധ്യമങ്ങളും ഒരു 'പ്രസംഗത്തെയും' ഒരു 'വധത്തെയും' വിറ്റ് കാശാക്കുന്നത് ആരും മനസ്സിലാക്കുന്നില്ല.

കയ്യൂരും, കരിവെള്ളൂരും, പുന്നപ്രയും, വയലാറും, കാവുംമ്പായും, ചോരകൊണ്ട് ഇതിഹാസമായ രക്തസാക്ഷികളെ കാണാത്തവർ,




ഇന്നും തെരുവോരങ്ങളിൽ വെട്ടിനുറുക്കപ്പെട്ട ഇടതുപക്ഷത്തിന്റെ പ്രവർത്തകരെ കണ്ടില്ലെന്ന് നടിക്കുന്നവർ, കേരളത്തിൽ രാഷ്ട്രീയ ഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളാലും ആദരിക്കപ്പെടുന്ന നേതാക്കൾ രാഷ്ട്രീയ കാരണങ്ങളാൽ കൊല്ലപ്പെട്ടിരുന്നുവെന്നത് അറിയണം. അന്നൊന്നും ഉന്നയിക്കാത്ത രീതിയിലുള്ള ആരോപണങ്ങളും സൃഷ്ടിക്കപ്പെടുന്ന വാർത്തകളുമാണെന്നത് നാം ജാഗ്രതയോടെ കാണണം.

സംസ്ഥാനങ്ങളിൽ ഭരണത്തിൽ വരുന്ന ഇടതുപക്ഷ സർക്കാരുകൾ ജനങ്ങൾക്ക് പരമാവധി ആനുകൂല്യങ്ങൾ ഏർപ്പെടുത്താനും അത് നടപ്പിലാക്കാനും ശ്രമിച്ചിട്ടുണ്ട്. സാധാരണക്കാരന്റെ ജീവിതം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ



ഷ്ചിമബംഗാൾ, കേരളം, തൃപുര എന്നീ സംസ്ഥാനങ്ങളിൽ അധികാരത്തിലിരുന്ന കാലയളവിൽ സാധാരണക്കാരന്റെ ജീവിതത്തിന് പ്രകടമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു.


പലതരം മനുഷ്യധ്വംസനങ്ങളും ജന വിരുദ്ധ നയങ്ങളും നടപ്പാക്കുന്നതിന് ഒരു മറയായി മാത്രം ഉപയോഗിച്ചു കൊണ്ടും കേരളം, ബംഗാൾ, തൃപുര എന്നിവിടങ്ങളിലെ ഇടതുപക്ഷ ത്തിനെയും സി.പി.ഐ.(എം)നെയും കുഴിച്ചുമൂടാമെന്ന മിഥ്യാധാരണ യോടെ കോഴിക്കോടും കണ്ണൂരും നടന്ന ചില വിഷയങ്ങളെ ഇതി നായി ഉപയോഗിക്കുന്നു. ഇടതു പക്ഷത്തിൻകീഴിൽ ജനങ്ങൾ മറ്റൊരുലക്ഷ്യബോധത്തോടെ മുന്നോട്ടുനീങ്ങുന്നത് ചൂഷക ഭരണകൂടത്തിന് ഭീഷണിയാകുമെന്ന് ആഗോളവത്ക്കരണ - ഉദാ രവൽക്കരണ വാദികൾ ഉൾപ്പെടെ സകല ബൂർഷ്വാ ചിന്താഗതിക്കാരും അനുഭവത്തിലൂടെ മനസിലാക്കി യതിന്റെ ഫലമായി വമ്പൻ രാജ്യ ങ്ങളുടെ സാമ്പത്തിക സഹായത്തോ ടുകൂടിതന്നെ ജനകീയ ഭരണങ്ങൾ അട്ടിമറിക്കപ്പെട്ടിട്ടുണ്ട്. ഇതിനായി ഏത് തരത്തിലുള്ള നെറികെട്ട പ്ര വർത്തനങ്ങളും സംഘടിപ്പിക്കുവാൻ ഈ വലത് പക്ഷ കുത്തകകൾക്ക് മടിയില്ലായിരുന്നു. എന്ത് വിലകൊ ടുത്തും ഭരണം നിലനിർത്തു ന്നവർ പാർലമെന്റിൽ കോടികൾ ഉയർത്തിപിടിച്ചുവിലപേശുന്ന കാഴ്ച നാം കണ്ടതാണ്. ഇത്തരത്തിൽ പിന്തിരിപ്പൻ ശക്തികളുടെ സഹായത്തോടെ ബംഗാളിലും കേരളത്തിലും ഭരണം കയ്യടക്കിയ വലതുപക്ഷ കൂട്ടായ്മക്കാർ ബംഗാളിലെ സി.പി.ഐ.(എം) നെ തകർക്കാൻ മാവോയിസ്റ്റുകളെ കൂട്ടുപിടിച്ചു നടത്തിയ നരഹത്യ യിൽ ഇരയാക്കപ്പെട്ടവർ അനവധിയാ ണ്, സി.പി.ഐ.(എം) സംസ്ഥാന നേതാക്കളെയും പ്രവർത്തകരെയും കൊലപ്പെടുത്തുകയും അവരുടെ കുടുംബാംഗങ്ങളെ പീഢനത്തി നിരയാക്കി വധിക്കുന്നതും കാണാത്ത ബംഗാളിലെ എഴു ത്തുകാരി മഹാശ്വേതാദേവി കേരളത്തിലെ ഒരു കൊലപാതകം അറിഞ്ഞ് ഞെട്ടിയതും നാം കണ്ടു. കേരളത്തിൽ ഉണ്ടായ ചില വി ഷയങ്ങളെ രാജ്യത്തിന്റെ നാശം മറ്റുള്ളവർ കാണാതിരിക്കുവാ നുള്ള മറയായി തന്നെ ഉപയോഗിച്ചു ലാഭമുണ്ടാക്കുന്നു.

അവകാശങ്ങൾ കവർന്നെടുക്കുന്ന തരത്തിൽ സകല മേഖലകളെയും താറുമാറാക്കുന്ന പുത്തൻ പരി ഷ്ക്കാരങ്ങളിലൂടെ, പുതുതലമുറയെ അവതാളത്തിലാക്കുന്നതരത്തിലുള്ള പെൻഷൻ പ്രായം വർദ്ധനയും, പങ്കാളിത്ത പെൻഷൻ നടപ്പിലാ ക്കലും, ആരോഗ്യമേഖല താറുമാറാ ക്കുകയും അതിലൂടെ സ്വകാര്യമേ ഖലക്ക് യഥേഷ്ടം വിഹരിക്കാൻ കഴി യുന്നതരത്തിൽ ഉള്ള ആരോഗ്യനയം നടപ്പിലാക്കിയും, പാവപ്പെട്ടവന്റെ മക്കൾക്ക് വിദ്യാഭ്യാസം നിഷേധി ക്കുകയും, കാലിതൊഴുത്തിൽ പോലും എയ്ഡഡ് അംഗീകാരം ന ൽകുന്ന വിദ്യാഭ്യാസനയം നടപ്പിലാക്കിയും, വമ്പൻ കയ്യേറ്റക്കാ രെ കുടിയേറ്റ കർഷകരായി ചിത്രീക രിച്ച് വൻകെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നൽകി മൂന്നാറും നെല്ലി യാമ്പതിയും, മതികെട്ടാനും കൈയേ റ്റക്കാരുടെ താവളമാക്കി മാറ്റുന്ന ഭൂന യം നടപ്പിലാക്കിയും എല്ലാറ്റിനുമൊ ടുവിൽ യുവാക്കൾ സമരം ചെയ്ത് നേടി എടുത്ത തൊഴിൽ രഹിത വേതനം വരെ നിർത്തലാക്കാൻ ഉള്ള നടപടികൾ ആരംഭിക്കുകയും, റേഷനിംഗ് സമ്പ്രദായം താറുമാറാ ക്കുകയും തുടങ്ങി ജനങ്ങളെ നേ രിട്ടുബാധിക്കുന്ന വിവിധ വി ഷയങ്ങൾ മറ്റുചിലവിഷയങ്ങളുടെ മറവിൽനിന്നുകൊണ്ട് നടപ്പിലാക്കി എടുക്കാനുള്ള കുശാഗ്രബുദ്ധിയി ലൂടെ കഴിഞ്ഞ ഇടത് ഭരണങ്ങളി ലൂടെ നടപ്പിലാക്കിയ ജനകീയ വിജയമായ പലപദ്ധതികളും അട്ടി മറിക്കപ്പെടുന്നു.

ഇടതുപക്ഷവും സംഘടിതതൊഴിലാ ളി പ്രസ്ഥാനങ്ങളും ഇല്ലാത്ത ഒരു രാജ്യം സ്വപ്നം കണ്ട് കഴിയുന്ന ബൂർഷ്വാ ചിന്താഗതിക്കാരായ വലതുപക്ഷ കോമരങ്ങളേ... ഈ സ്വപ്നം നിങ്ങൾക്ക് എന്നും ഒരു സ്വപ്നമായി തന്നെ ബാക്കി നിൽക്കും. കാരണം ഇടതു പക്ഷത്തിന്റെ പ്രാധാന്യവും സാന്നിദ്ധ്യവും ഇപ്പോൾ രാജ്യ ത്ത് ജനങ്ങൾ ആഗ്രഹിക്കുന്നു. മാർക്സിസത്തെ തകർത്ത് മുത ലാളിത്തവും സാമ്രാജ്യത്വവും മുന്നേറാനുള്ള ശ്രമത്തിന്റെഭാഗമാണ് മാർക്സിസ്റ്റ് വിരുദ്ധ ശക്തികളെ കൂട്ടുപിടിക്കുന്നത്. ഈ കൂട്ടുകെട്ടി ലൂടെ ഇടതുപക്ഷത്തെ തകർക്കാ നുള്ള ശ്രമങ്ങളാണ് അന്നും ഇന്നും നടക്കുന്നത്. ഇടതുപക്ഷത്തിന്റെ അനേകം രക്തസാക്ഷികൾ കുടികൊള്ളുന്ന ഈ രാജ്യത്ത് നഷ്ടങ്ങൾ നോക്കാതെ ജനങ്ങളുടെ നേട്ടങ്ങൾ മാത്രം ലക്ഷ്യമിട്ട് വലതു പക്ഷത്തിന്റെ ഏത് തരത്തിലുള്ള ആക്രമണങ്ങളെയും ചെറുത്ത് തോൽപ്പിക്കാൻ ഇന്ത്യയിലെ ഇടതു പക്ഷത്തിന് സാധിക്കും എന്നതാണ് യാഥാർത്ഥ്യം. ഏതുതരം വെല്ലുവി ളികളെയും നേരിടാൻ ഇടതുപക്ഷ പ്രസ്ഥാനത്തിന് ശക്തിയുണ്ട്. ജന ലക്ഷങ്ങളുടെ അംഗീകാരവും വിശ്വാ സവും ഉള്ളകാലത്തോളം ഇടതു പക്ഷമെന്ന ചുവന്ന നക്ഷത്രത്തെ തകർക്കുവാനാകില്ല...

■

# അങ്ങാടിയിൽ തോറ്റതിന് അമ്മയോട്




**സി**-ഡിറ്റിൽ അടുത്തിടെ നടപ്പിലാക്കിയ അശാസ്ത്രീയമായ പുനഃസംഘടന നടപടികളുടെ ഫലമായി സ്ഥാപനം സ്തംഭനാവസ്ഥയിലേക്ക് നീങ്ങുകയാണ്. കഴിഞ്ഞ 20 വർഷമായി സ്ഥാപനത്തിനു വേണ്ടി കഠിനാദ്ധ്വാനം ചെയ്ത് വൻസാമ്പത്തിക നേട്ടത്തിലേക്ക് നയിച്ച മുഴുവൻ ശാസ്ത്രജ്ഞന്മാരെയും സാങ്കേതിക വിദഗ്ധരെയും മറ്റ് ജീവനക്കാരെയും സങ്കുചിതമായ രാഷ്ട്രീയ താൽപര്യത്തിന്റെ ഭാഗമായി തരംതാഴ്ത്തുകയും പുനഃവിന്യാസം നടത്തുകയും ചെയ്തതുവഴി നിലവിലുള്ള പദ്ധതികൾ ഒന്ന് ഒന്നായി പ്രതിസന്ധിയിലാകുകണ്ടായി. കൂടാതെ പൊതുജനമധ്യത്തിൽ സ്ഥാപനത്തിന് അപകീർത്തിയുണ്ടാവുന്ന തരത്തിലുള്ള അഴിമതി നിയമനം സാമ്പത്തിക ധൂർത്ത് അധികാര ദുർവ്വിനിയോഗം, ഭരണകെടുകാര്യസ്ഥത തുടങ്ങിയവ ചുരുങ്ങിയ നാളിനുള്ളിൽ പുതിയ അധികാരികൾ നടത്തിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ മാധ്യമങ്ങളിൽ നിരവധി വാർത്തകൾ സി-ഡിറ്റിനെതിരെ ഉയർന്നു വരികയുണ്ടായി. അതോടൊപ്പം അശാസ്ത്രീയമായ പുനഃസംഘടനയും പുനഃവിന്യാസവും അഴിമതി നിയമനങ്ങളും പിൻവലിക്കണമെന്ന ആവശ്യം ജീവനക്കാർ ഉന്നയിക്കുകയും പ്രത്യക്ഷ സമരപ്രക്ഷോഭത്തിലേക്ക് വരികയുമുണ്ടായി. സാങ്കേതികപരിജ്ഞാനമോ ഭരണപരമായ പരിചയവുമില്ലാത്ത രണ്ട് ഭരണകർത്താക്കളും മുൻഅധികാരികളായ ചിലരും ഭരണകക്ഷി യൂണിയനും ചേർന്ന് ഭരണം നടത്തുകയും ചെയ്തുവരുന്നു. ഇതിനെതിരെ സി-ഡിറ്റിനു മുന്നിലും സെക്രട്ടറിയറ്റിനു മുന്നിലും ജീവനക്കാർ കൂട്ടധർണ്ണ നടത്തി. മാധ്യമ വാർത്തകൾക്ക് മറുപടി പറയുവാ

നായി വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ ഡയറക്ടറും രജിസ്ട്രാറും കൂടെയുണ്ടായിരുന്ന മുൻ അധികാരികളായ ചിലരും ചേർന്ന് സി-ഡിറ്റിലെ മുഴുവൻ ജീവനക്കാരെയും അപമാനിക്കുകയാണ് ചെയ്തത്. കഴിഞ്ഞ പത്തുവർഷംകൊണ്ട് 30 കോടിയിലധികം വരുമാനം ഉണ്ടാക്കിയ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കഴിവില്ലാത്തവരായും അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി നൽകിയ അമിതാധികാരം ദുർവ്വിനിയോഗം ചെയ്യുന്നവരായും ഓഫീസ് വാഹനം വീട്ടുകാര്യത്തിനായി ഉപയോഗിക്കുന്നവരായും പദ്ധതികൾ കൃത്യസമയത്ത് പൂർത്തീകരിക്കാത്തവരായും ഇവരെല്ലാം ഗൂഢാലോചന നടത്തി സ്ഥാപനത്തെ തകർക്കുന്നവരായും

പരസ്യമായി ആക്ഷേപം ഉന്നയിച്ചു. മാധ്യമങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയങ്ങളിൽ സ്ഥാപനത്തിന്റേതായ വിശദീകരണം നൽകുന്നതിനുപകരം ജീവനക്കാരുടെ മേൽ ഭീഷണി മുഴക്കുവാനാണ് തയ്യാറായത്. ഇന്നത്തെ അധികാരികൾ നടത്തിവരുന്ന അഴിമതിയും തെറ്റായ നയതീരുമാനങ്ങളും ജനാധിപത്യരീതിയിൽ സ്ഥാപനത്തിനുള്ളിൽ തുറന്നു കാട്ടുകയും വകുപ്പ് മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും മുമ്പിൽ പരാതി നൽകുകയും ചെയ്തവരെയും പ്രത്യക്ഷത്തിൽ ഒതുക്കാൻ നോക്കിയത്.

വസ്തുതകൾക്ക് വിരുദ്ധമായി പത്രസമ്മേളനത്തിൽ പ്രസ്താവനകൾ നടത്തിയതിന് പുറമേ സി-ഡിറ്റിനു പുതിയ മുന്തിയ ഇനം കാറുകൾ വാങ്ങിയതും അതിൽ വെള്ള പൂശുന്നതിന് അധികമായി സാമ്പത്തിക ദുർവിനിയോഗം ചെയ്തതും ഇപ്പോൾ നടത്തിയിട്ടുള്ള അഴിമതി നിയമനങ്ങളുമെല്ലാം ഇവർ പരസ്യമായി സമ്മതിക്കുകയായിരുന്നു.

ഒരു വർഷമായി പുതിയ പദ്ധതികളൊന്നും കൊണ്ടുവരാതെ ജീവനക്കാരുടെ മേൽ രാഷ്ട്രീയ ഗുസ്തിമാത്രം നടത്തിവരുന്ന ഇവർ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് തടസ്സമായി മാറിയിരിക്കുകയാണ്. ഔദ്യോഗികമായി സി-ഡിറ്റ് അധികാരകൾ വിളിച്ചുചേർത്ത പത്രസമ്മേളനവേദിയിൽ ഐ.എൻ.ടി.യു.സി. യൂണിയൻ സെക്രട്ടറിയുടെ അകമ്പടിയിൽ അദ്ദേഹം തൽസമയം പറഞ്ഞുകൊടുക്കുന്നവ പത്രക്കാരോട് വിളിച്ചുപറയേണ്ട ഗതികേടിലായ ഡയറക്ടറും രജിസ്ട്രാറും യഥാർത്ഥത്തിൽ അവരുടെ സി-ഡിറ്റിനുള്ളിലെ ഭരണത്തിന്റെ യഥാർത്ഥമുഖം വെളിപ്പെടുത്തുകയായിരുന്നു. ■

photo story

# Secretariat Dharna

## SAVE C-DIT CAMPAIGN

**സി-ഡിറ്റ് ജീവനക്കാർ സെക്രട്ടറിയേറ്റിനു മുന്നിൽ കൂട്ടധർണ്ണ നടത്തി**

**സി**-ഡിറ്റ് ജീവനക്കാർ സെക്രട്ടറിയേറ്റിനു മുന്നിൽ കൂട്ടധർണ്ണ നടത്തി. സി-ഡിറ്റിന്റെ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് കഴിഞ്ഞ പത്ത് വർഷമായി തുടർന്നു വരുന്നതും വൻ സാമ്പത്തിക ലാഭം നേടിയതുമായ ടീം സംവിധാനങ്ങൾ ഇല്ലാതാക്കിയിരിക്കുന്നു. ഇതിനോടൊപ്പം സ്ഥാപനത്തിലെ ഏറ്റവും സീനിയറായ ശാസ്ത്ര സാങ്കേതിക ജീവനക്കാരെ തരം താഴ്ത്തുകയും റിട്ടയർ ചെയ്തവരെ ഗ്രൂപ്പ് ഡയറക്ടർമാരായി നിയമിക്കുകയും ചെയ്തിരിക്കുന്നു. ഇക്കാരണത്താൽ സി-ഡിറ്റിന്റെ 100 ലധികം പദ്ധതികൾ പ്രതിസന്ധി നേരിടുന്നു. ജീവനക്കാർ ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനു മുമ്പായിട്ടാണ് 90 ജീവനക്കാരെ മറ്റ് പദ്ധതികളിലേക്ക് മാറ്റിയത്. ഇവയിൽ ബഹുഭൂരിപക്ഷവും സംസ്ഥാന സർക്കാരിന് സമയബന്ധിതമായി നടപ്പിലാക്കേണ്ട പദ്ധതികളാണ്. പദ്ധതി നിർവ്വഹണത്തിലൂടെ ലഭിക്കുന്ന സാമ്പത്തികത്തെ ആശ്രയിച്ചു മുന്നോട്ടുപോകുന്ന സി-ഡിറ്റിന് സർക്കാരിന്റെ പ്രസ്തുത തീരുമാനം മൂലം വൻ തിരിച്ചടിയാണ് നേരിട്ടിരിക്കുന്നത്.






മലയാള മനോരമ
INDIAN EXPRESS


ടീം സംവിധാനം
പുനഃസ്ഥാപിക്കുക.
17th GB
തീരുമാനങ്ങൾ
നടപ്പിലാക്കുക
സി – ഡിറ്റിന്റെ
പദ്ധതികളും
കോഴ്സുകളും
സംരക്ഷിക്കുക.
സി – ഡിറ്റ് ട്രെയിനിംഗ്
സെന്ററുകൾ
സംരക്ഷിക്കുക.
അശാസ്ത്രീയ പുനഃസംഘടന
സി – ഡിറ്റിനെ തകർക്കുന്നു
SAVE C-DIT
സെക്രട്ടറിയേറ്റ് ധർണ്ണ
27.06.2012
റീസ്ട്രക്ചറിംഗ് ഉത്തരവുകൾ പിൻവലിക്കുക








അശാസ്ത്രീയ പുനഃസംഘടന
സ്ഥാപനത്തെ തകർക്കുന്നു
ഉത്തരവുകൾ
പിൻവലിക്കുക
മലയാള മനോരമ
INDIAN EXPRESS














മുൻ ലോക സഭാ അംഗവും സി.പി.ഐ. സംസ്ഥാന സെക്രട്ടറിയുമായ സ: പന്ന്യൻ രവീന്ദ്രൻ ധർണ്ണയെ അഭിവാദ്യം ചെയ്തു സംസാരിച്ചു. സി-ഡിറ്റിലെ ജീവനക്കാരെ സ്ഥിരം സമരക്കാരായി സെക്രട്ടറിയേറ്റിനുമുന്നിൽ എത്തിക്കുന്ന നയസമീപനങ്ങളാണ് സർക്കാർ എടുക്കുന്നതെന്നും ഉമ്മൻചാണ്ടിയും കെ.സി. ജോസഫും അശാസ്ത്രീയമായി പുറപ്പെടുവിച്ച ഉത്തരവുകൾ പിൻവലിച്ച് മാതൃക കാട്ടാൻ സി-ഡിറ്റ് അധികാരികൾക്ക് നിർദ്ദേശം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രമുഖ ധനകാര്യ ശാസ്ത്രജ്ഞൻ പ്രൊഫ: കെ.എൻ. ഗംഗാധരൻ, ശ്രീ. കെ. ഉമ്മൻ (സെക്രട്ടറി, സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ), ശ്രീ പത്മകുമാർ സംസ്ഥാന സി.ഇ.പി. അസോസിയേഷൻ, ശ്രീ. എസ്. അശോകൻ (കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷൻ ജില്ലാ സെക്രട്ടറി), എ.കെ.ജി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് കെ. സുദർശനൻ നായർ, വാർഡ് കൗൺസിലർ ശ്രീ. എ.ജെ. സുക്കാർണോ സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ ബി. സതീശൻ എന്നിവർ സംസാരിച്ചു.

June 26,2012
Secretariat
Dharna SAVE C-DIT CAMPAIGN

Photo Story

general



# The Man behind the **Metro Revolution in India**



**അജയൻകുന്നിൽ**

**ചി**ലയാളുകൾ അങ്ങനെയാണ്. തേടിവരുന്ന അവസരങ്ങൾ സ്വയം വളരുവാനും അതോടൊപ്പം രാജ്യപുരോഗതിക്കുമായി പ്രയോജനപ്പെടുത്തുന്നു. ഇ. ശ്രീധരൻ നവസാങ്കേതിക നവോദ്ധാനത്തിന്റെ ഇടിമുഴക്കം.

ഈ നാമം ഇന്ന് രാജ്യമൊട്ടാകെയും, മലയാളികളും അഭിമാനത്തോടെ ഉച്ചരിക്കുന്നു.

അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. ഞാനൊരു മാനേജ്മെന്റ് വിദഗ്ദ്ധനല്ല. അതിനെക്കുറിച്ചുള്ള കാര്യമായ പുസ്തകങ്ങൾ വായിക്കുകയോ പരിശീലന ക്ലാസുകളിൽ പങ്കെടുക്കുകയോ ചെയ്തിട്ടില്ല. പക്ഷേ രാജ്യത്തിന് അഭമാനകരമായ രണ്ടുപദ്ധതികൾഏറ്റെടുത്തുനടത്താനുള്ള അവസരം എന്നെ തേടിവന്നു. കൊങ്കൺ റയിൽവേയും, ഡൽഹിമെട്രോയും. കൊച്ചിയിൽ ഇപ്പോൾ മെട്രോ സപ്നം കാണാൻ മലയാളിക്ക് ധൈര്യം നല്കുന്നതും ശ്രീധരൻ എന്ന വ്യക്തിയുടെ സാന്നിദ്ധ്യമാണ്. കൃത്യനിഷ്ഠയില്ലാതെ. പദ്ധതികൾ പരാജയപ്പെടുന്ന നമ്മുടെ നാട്ടിൽ ഒരു വിസ്മയമായാണ് ഓരോ പദ്ധതിയും ശ്രീധരൻ പൂർത്തീകരിച്ചത്. 750 കീ.മി നീളമുള്ളതും രാജ്യത്തെ ഏറ്റവും ബുദ്ധിമുട്ടുമുള്ള പദ്ധതിയായിരുന്നു കൊങ്കൺ റയിൽവേ, 93. ടണലുകൾ, 147 വലിയ പാലങ്ങൾ 1700 ചെറിയ പാലങ്ങൾ. ചിലപാലങ്ങളുടെ തൂണുകൾക്ക് ഡൽഹിയിലെ കുത്തബ്മീനാറുകളെക്കാൾഉയരമുണ്ട്. വെറും 7 വർഷം കൊണ്ട് പദ്ധതിപൂർത്തിയാക്കാനായി എന്നത് ഒരു വിസ്മയമാണ്.

അതേസമയം രണ്ടാമത്തെ പദ്ധതിയായ ഡൽഹിമെട്രോ ഏറെ വെല്ലുവിളികൾ ഉയർത്തുകയും വ്യത്യസ്തവുമായിരുന്നു. സ്വന്തമായി ഒരു ഓഫീസ് പോലുമില്ലാതെ ഇന്ത്യൻ റയിൽവേയുടെ ഒരു ക്യാബിൻ ഓഫീസാക്കി. അവിടെ ഇരുന്നുകൊണ്ടായിരുന്നു. ലോകോത്തര നിലവാരമുള്ള ഡൽഹിമെട്രോക്ക് ജന്മം നൽകാൻ ശ്രീധരനു കഴിഞ്ഞത്.

ചെയ്യേണ്ട ജോലി നന്നായി അറിഞ്ഞിരിക്കുക. എന്നതിന്റെ പ്രാധാന്യം എത്രയെന്ന് നമ്മേ ഓർമ്മിപ്പിക്കുവാൻ ശ്രീധരനും കഴിഞ്ഞു. മറ്റൊരു കാര്യം ഓരോ പദ്ധതിപിന്നിടുമ്പോഴും അദ്ദേഹത്തെ നയിക്കുന്നത് സാമൂഹിക ഉത്തരവാദിത്വമെന്ന കടമയാണ്. സത്യസന്ധനായിരിക്കുക, അഴിമതി വിമുക്തമാക്കുക, ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക എന്നിവയിലൂടെ ജനാഭിലാഷം പൂർത്തീകരിക്കുക. എന്നീ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്ന ഈ മലയാളിയിൽ നമുക്ക് അഭിമാനിക്കാം.

*അവലംബം: ധനം മാഗസിൻ*



# CEP
## Annual Meet, 2011

സംസ്ഥാനത്തെ ഏറ്റവും വലിയ പങ്കാളിത്ത വിദ്യാഭ്യാസ പദ്ധതിയായ സി-ഡിറ്റ് സി.ഇ.പി. വാർഷിക സംഗമവും അവാർഡ് ദാനവും 2011 ഡിസംബർ 14നു തിരുവനന്തപുരത്തു നടത്തപ്പെട്ടു. സി-ഡിറ്റ് വൈസ് ചെർമാനും സാംസ്കാരിക വകുപ്പ് മന്ത്രിയുമായ ശ്രീ. കെ.സി. ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ശ്രീ. എ.ടി. ജോർജ് എം.എൽ.എ. മുഖ്യാതിഥിയായിരുന്നു. വർഷത്തിലൊരിക്കൽ സംഘടിപ്പിക്കപ്പെടുന്ന സി.ഇ.പി. സംഗമം പിന്നിട്ട വർഷത്തെ പ്രവർത്തനപരിപാടികളുടെ അവലോകനത്തിനും പുതിയ വർഷത്തെ പരിപാടികളിൽ വരുത്തേണ്ട തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമുള്ള വേദിയായാണ് കരുതപ്പെടുന്നത്. 2010ൽ സി-ഡിറ്റ് ഏർപ്പെടുത്തിയ Business Excellence Award, Professional Excellence Award എന്നിവ മന്ത്രി വിതരണം ചെയ്തത് സി.ഇ.പി. സെന്ററുകൾക്ക് ഏറെ പ്രചോദനകരമായി. സി-ഡിറ്റും സി.ഇ.പി. സെന്ററുകളും തമ്മിലുള്ള ദൈനംദിന ബന്ധത്തിൽ വന്നു ചേർന്ന ഗുരുതരമായ തകർച്ച, കൊറിയർ സർവ്വീസ് അടക്കമുള്ള പുതിയ ഭരണ പരിഷ്കാരങ്ങളിലെ പാളിച്ച എന്നിവ സംബന്ധിച്ച ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകുന്നതിനു പകരം വേദിയിൽ നിന്നുകൊണ്ട് പുത്തൻ ഭരണക്കാർ സി.ഇ.പി. സെന്റർ ഉടമകളെ പരസ്യമായി അസഭ്യം പറഞ്ഞതും വെല്ലുവിളിച്ചതും സി-ഡിറ്റിന്റെ ചരിത്രത്തിലെ കറുത്ത അദ്ധ്യായമായി മാറി. ഡയറക്ടർ ക്ഷണിച്ചുവരുത്തിയ സ്ത്രീകൾ അടക്കമുള്ളവരെ അപമാനിച്ച് മടക്കി അയച്ചത് ഏതു രീതിയിലും ന്യായീകരിക്കാനാവുന്നതായിരുന്നില്ല. അത്യന്തം ആക്ഷേപകരമായ ഇക്കാര്യങ്ങൾ നടക്കുമ്പോൾ തികച്ചും കാഴ്ചക്കാരായി, നിസംഗതയോടെ ഉന്നത സി-ഡിറ്റ് ഭരണ ചുമതലക്കാർ വേദിയിൽ ഉണ്ടായിരുന്നുവെന്നതും പുതിയ നേതൃത്വത്തിന്റെ പിടിപ്പുകേടും ഭയവും വിളിച്ചോതുന്ന ആദ്യ സംഭവമായിരുന്നു.





# സി–ഡിറ്റ് ജീവനക്കാർ കരിദിനം ആചരിച്ചു

സി-ഡിറ്റിൽ നടപ്പിലാക്കുന്ന അശാസ്ത്രീയ ഭരണപരിഷ്കാരത്തിലും വകുപ്പുമേധാവികളെ ഒന്നടങ്കം തരം താഴ്ത്തിയതിലും പ്രതിഷേധിച്ച് ജീവനക്കാർ കരിദിനം ആചരിച്ചു. സി-ഡിറ്റിൽ പുനഃസംഘടനാവൽക്കരണം എന്ന പേരിൽ ബഹുഭൂരിപക്ഷം ശാസ്ത്ര സാങ്കേതിക വിദഗ്ധരേയും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെയും അവരുടെ പദ്ധതികളിൽ നിന്നും മാറ്റുകയുണ്ടായി. 14 ടീമുകളിലായി 100ൽ അധികം പദ്ധതികളാണ് ഇവർ മേൽനോട്ടം വഹിച്ചിരുന്നത്. 14 വകുപ്പുകളിൽ 11 വകുപ്പുമേധാവികളെയും അതിന്റെ ചുമതലക്കാരായ ഡെപ്യൂട്ടി ഡയറക്ടർമാരെയും തരം താഴ്ത്തുകയും വകുപ്പുമാറ്റം നടത്തുകയും ചെയ്തു. കൂടാതെ 90ൽ അധികം ജീവനക്കാരെ അവരുടെ നിലവിലുള്ള പദ്ധതികളിൽ നിന്നും മാറ്റി സി-ഡിറ്റിലെ ഏതാനും വ്യക്തികളുടെ താല്പര്യവും സി-ഡിറ്റിന്റെ പുതിയ മാനേജ്മെന്റിന്റെ പകപോക്കൽ രാഷ്ട്രീയത്തിന്റെയും ഭാഗമായിട്ടാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്.

സി-ഡിറ്റിന്റെ നിലവിലുള്ള പദ്ധതി നടത്തിപ്പിനാവശ്യമായ മുൻകരുതൽ ഒന്നും നടത്താനുള്ള സമയം നൽകാതെ ഉത്തരവ് പുറപ്പെടുവിച്ച അടുത്ത ദിവസം തന്നെ എല്ലാപേരും പുതിയ വകുപ്പുകളിൽ ഹാജരാകണമെന്നാണ് 20-ാം തീയതി 6 മണിക്ക് പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞത്. സി-ഡിറ്റിലെ ബഹു ഭൂരിപക്ഷം ജീവനക്കാരുടേയും അഭിപ്രായത്തെ മാനിക്കാതെ സ്ഥാപനത്തെ തകർക്കുന്ന രീതിയിൽ നടപ്പിലാക്കുന്ന പുനഃസംഘടനാ ഉത്തരവിൽ പുതിയവകുപ്പുകളിൽ ഹാജരാകാൻ നിർദ്ദേശിക്കുന്ന ദിവസം തന്നെ ജീവനക്കാർ കരിദിനമായി ആചരിച്ചു പ്രതിഷേധിച്ചു. സി-ഡിറ്റിന്റെ വിവിധ സെന്ററുകളിൽ ജീവനക്കാർ കറുത്ത ബാഡ്ജ് ധരിച്ചാണ് ജോലിക്കു ഹാജരായത്.





General

# വിരൽത്തുമ്പിൽ ഓണം



**മഹേഷ് സി.**
സൈബർശ്രീ

**അ**മ്മ പറഞ്ഞു... നാളെയാണ് തിരുവോണം അമ്മയങ്ങനെ പലതും പറയാറുണ്ട്. ഒന്നും തെളിച്ച് പറയാറില്ല. സാരമില്ല അമ്മയ്ക്കാണോ വാക്കിനാണോ തെളിച്ചമെന്നറിയാൻ ഒരു പ്രയാസവുമില്ലല്ലോ... അവൻ സെർച്ച് എൻജിനിലെ മഴക്കാലം എന്ന വാക്ക് ഡിലീറ്റ് ചെയ്ത് തിരുവോണം എന്ന് ടൈപ്പ് ചെയ്തു. പലതരം സൈറ്റുകൾ കയറിയിറങ്ങിയതിൽ നിന്നും ഒരു കിടിലൻ ആഘോഷമാണെന്ന് മനസ്സിലായി. ഏതായാലും ഇനിയൊന്ന് ഷെയർ ചെയ്യണം. അത് ട്വിറ്ററിൽ വേണോ, ഫേസ്ബുക്കിൽ വേണോ, യൂട്യൂബിൽ വേണോ... മൂന്നിലും ഒരേപോലെ ഷെയർ ചെയ്യാൻ അറിയാഞ്ഞിട്ടല്ലാ അമ്മയുടെ മഴക്കാലം എന്ന വാക്കിനെപ്പറ്റി കൂടുതൽ സെർച്ച് ചെയ്യാനുണ്ട്. ശരി ട്വിറ്ററിൽ ആവുമ്പോൾ ഒരു ഭുജി നിലവാരം കൈവരും. ഒന്നു മിനുങ്ങാൻ ഫേസ്ബുക്കാണ് നല്ലത്. 'ഫോളൊ ഓണം ഓൺ ഫേസ്ബുക്ക്' എന്ന ലിങ്കിൽ 'ഓണം വന്നേ... ഓണം വന്നേ...' എന്ന അകമ്പടിയോടെ ഷെയർ ചെയ്തു. മിനുറ്റുകൾക്കുള്ളിൽ കമന്റുകൾ വന്നു ഓണപ്പാട്ടുണ്ടൊ എടുക്കാൻ, ഇലയുണ്ണാൻ സദ്യയുണ്ടോ, സാരിയുടെ മടിക്കുത്ത് എവിടെവരും, ഏതാ ബ്രാന്റ്, മാവേലി എവിടുത്തെ മുഖ്യമന്ത്രിയായിരുന്നു. എന്നു തുടങ്ങിപ്പോവുന്നു കമന്റുകൾ.. ലൈക്കുകളുടെ എണ്ണം നിയന്ത്രണാതീതമായപ്പോൾ അവൻ 'നെട്ടോണം' എന്നൊരു ഗ്രൂപ്പുണ്ടാക്കി. ഗ്രൂപ്പിന്റെ ഓണാഘോഷം വിപുലമായി ആഘോഷിക്കാൻ തീരുമാനിച്ചു. അത്തം, പൂക്കളം, മഹാബലി, കേരളം എന്നിവയെക്കുറിച്ച് പരമാവധി വിവരങ്ങൾ ശേഖരിക്കാൻ ഓരോരുത്തർക്കും നിർദ്ദേശം നൽകി. അതൊക്കെ എഡിറ്റ് ചെയ്ത് ഒരു മെനു ഉണ്ടാക്കി. ആദ്യത്തെ ഐറ്റം കുളിച്ചൊരുങ്ങി കോടിയുടുക്കാൻ... അടുത്ത ക്ലിക്കിൽ മോടിയിൽ കോടിയുടുത്ത എല്ലാവരുടേയും ഫോട്ടോ, വീഡിയോ ഷെയർ ചെയ്തു. അതേക്കുറിച്ച് നാനാതരം കമന്റുകൾ. കൂട്ടത്തിൽ സിക്സ് പാക്കിന് കൂടുതൽ റേറ്റിംഗ് കിട്ടില്ല ഒരുത്തനെ പിടിച്ച് മാവേലിയാക്കി... മാവേലിക്ക് സിക്സ് പാക്ക് മാത്രമല്ല മീശയും ഉണ്ടായിരുന്നു എന്ന് ഒരുത്തിയുടെ കമന്റ്... ഇനി പൂക്കളം ഒരുക്കണ്ടെ എന്ന് എല്ലാവരും... അതിന് പൂവ് വേണ്ടെ എന്ന് മറ്റുചോദ്യങ്ങൾ... വിപ്ലവം മുല്ലപ്പൂവിൽ വിരിയിച്ച സൈറ്റാ... പിന്നെയാ ഒരു പൂക്കളം. ഒരു ന്യൂ വിന്റോതുറന്ന് അവൾ പൂക്കൾ വിതറാൻ തുടങ്ങി.

പൂക്കളുടെ ഗന്ധം അറിയാൻ അതിനിടയിലെ ലിങ്കിൽ ക്ലിക്ക് ചെയ്താൽ മതി. ഈ വാടാത്ത മല്ലികയെ ആർക്കും സംശയം ഉണ്ടാവില്ലല്ലോ? തെളിവിനായി ഒരുത്തൻ പൂക്കൾക്കുമേൽ പൂമ്പാറ്റയെ പറത്തി. എല്ലാവർക്കും ഏറെ സന്തോഷമായി. ഓണക്കളികളുടെ ആപ്ലിക്കേഷനുകൾ എല്ലാവർക്കും ഷെയർ ചെയ്തു. ഇനിയൊന്നു മിനുങ്ങണ്ടെ എന്നായി എല്ലാവരും, അത് ഷെയർ ചെയ്താൽ അമതിയാവില്ലല്ലൊ എന്നറിഞ്ഞപ്പോൾ, ഇനിയൊന്നു കൂടാമെന്നായി. സമയവും സ്ഥലവും നിശ്ചയിച്ച് 'അപ്പോൾ കാണാം' എന്ന് പറഞ്ഞ്... ഹായ്... ബായ്... ടേക് കെയർ എന്നൊക്കെ മൊഴിഞ്ഞ് എല്ലാവരും ലോഗൗട്ട് ചെയ്തു. ഒരു നെടുവീർപ്പോടെ അവൻ കസേരയിലേക്ക് ചാഞ്ഞു. ഗെയിമിന്റെ സൗകുമാര്യത അവനെ വല്ലാതെ ഉലയ്ക്കുന്നുണ്ടായിരുന്നു. ഞൊടിയിൽ വീണ്ടും ലോഗിൻ ചെയ്തു. ഗെയിം കളിക്കാനാരംഭിച്ചു. വിജയിക്കുന്നവർക്ക് വാമനനു ലഭിച്ചതുപോൽ മൂന്നടിക്കുള്ള അവസരം ലഭിക്കും. ഉദ്യോഗജനകമായ നിമിഷങ്ങൾക്ക് അന്ത്യം കുറിച്ച് ഗെയിം വിജയിച്ചു. ആദ്യത്തെ അടി എല്ലാം യാന്ത്രികതയുടെ തീച്ചൂളയിലേക്ക് എറിയപ്പെട്ടു... രണ്ടാമത്തെ അടി ദുരാഗ്രഹത്തിന്റെ കൊടുമുടിയും കീഴടക്കി... മൂന്നാമത്തെ അടി എല്ലാം വിരൽത്തുമ്പിലായതിന്റെ നിർവികാരതയിലേക്കും... ☐

poem

കവിത



അമ്പിളി പി.കെ.

# ബാല്യകാലത്തിലേക്ക്..



ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
അന്നാദ്യമായ് കണ്ടൊരു പൂവിനേയും
ഓമനേയെന്നു വിളിച്ചുകൊണ്ടെന്നമ്മ
ഓടിയെത്തുന്നൊരു ബാല്യകാലം

മാനത്തുമിന്നുന്നൊരമ്പിളിയമ്മാവ-
നെൻ പേരു ചൊല്ലി വിളിച്ചിടുമ്പോൾ
ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
അന്നാദ്യമായ് കേൾക്കും താരാട്ടിനേയും

അച്ഛന്റെ തോളിലായ് നീളും സപാതിയും
ആദ്യാക്ഷരം കുറിച്ചാപാഠശാലയും
കൂട്ടരുമൊത്തു കളിക്കുന്ന നേരവും
കൂട്ടിനായ് തുമ്പിയെ കൂട്ടിയ കാലവും
പൊട്ടുവളകളെ ചേർത്തുവയ്ക്കുന്നതും
പൊട്ടിച്ചിരിയാലെടുത്തെറിയുന്നതും
ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
അന്നാദ്യമായ് കേൾക്കും പഴങ്കഥയും
മുത്തുമണികളാം മഞ്ചാടി വാരിഞാ
നൊറ്റയ്ക്കു പാടി നടന്നൊരു കാലവും
പുത്തനുടുപ്പിനായ് വാശിപിടിക്കലും
കൊച്ചു  ഗമയുള്ള കുട്ടിനടത്തവും
ആശിച്ചു പോയി ഞാനാക്കാല മത്രമേ-
ലെന്നും പുലരുന്ന നേരത്തുമേ






**രശ്മി സുധീർ**
( W/o Sudheer,
Reporter, VCD)

# ഓർമ്മ

**എ**ന്തൊരു തെളിമയാണോർമ്മകൾക്ക്
വാടാത്ത മലരിൻ പുതുമയാണോ?
വിരിയാത്ത മൊട്ടിൻ പൊലിമയാണോ?
പൊഴിയാത്ത ഇലതൻ പശ്മയാണോ?

എന്തെന്തു കുളിർമയാണോർമ്മകൾക്ക്
അകലാത്ത അർക്കന്റെ ശോഭയാണോ?
കൊഴിയാത്ത മാരിതൻ ഇമ്പമാണോ?
നിലയ്ക്കാത്ത കാറ്റിന്റെ അലകളാണോ?

എന്തെന്തു നേരാണോർമ്മകൾക്ക്
നിലയ്ക്കാത്ത പുഴതന്റെ താളമാണോ?
കേൾക്കാത്ത പാട്ടിന്റെ ഈണമാണോ?
കാണാത്ത ഹൃദയത്തിന്റെ ആഴമാണോ?

എന്തെന്തു രസമാണോർമ്മകൾക്ക്
പറയാത്ത പരിഭവത്തിങ്ങലാണോ?
ഏറാത്ത പിണക്കത്തിൻ അഴലാണോ?
മായാത്ത ഇണക്കത്തിൻ അഴകാണോ?

എന്തെന്തു തനിമയാണോർമ്മകൾക്ക്
തീരാത്ത മോഹത്തിൻ ഉറവയാണോ?
മറയാത്ത സത്യത്തിൻ നിറവാണോ?
പിരിയാത്ത മനസ്സിൻ തുടിപ്പാണോ?

എന്തെന്തു വിങ്ങലാണോർമ്മകൾക്ക്
അടങ്ങാത്ത സ്നേഹത്തിളക്കാമാണോ?
അണയാത്ത സാന്ത്വനജ്വാലയാണോ?
കരിയാത്ത നോവിൻ നീറ്റലാണോ?
എന്തെന്തു തെളിമയാണോർമ്മകൾക്ക്!!



# മൗനം ഭുജിക്കുന്നവർ

കണ്ണുകൾ തുറന്നുകൊ് ഉറങ്ങുക
തലയാട്ടി സ്വപ്നം കാണുക
അന്യന്റെ ഓരോ വാക്കിൽ നിന്നും
മുളയ്ക്കുന്ന ചോദ്യങ്ങൾ
അനുസരണയോടെ കുഴിച്ചു മൂടുക...
പിന്നീട് ഉറക്കത്തിനു മുൻപ്
കുഴി മാന്തിയെടുത്ത് ചോദ്യങ്ങളെ
കുളിപ്പിച്ച് കിടത്തി ഉറക്കുക.
പിറ്റേന്ന് വീുമൊരു ജീവനായി
നാലു ചുമരുകൾക്കുള്ളിൽ
ശ്വാസം മുട്ടിക്കുന്ന നോട്ടങ്ങൾക്കും
വകുപ്പ് മേധാവിയുടെ ചോദ്യ
ങ്ങൾക്കും
മുന്നിൽ താണുകൂടിയതിന്റെ
ഒരു കൂന്...
എത്ര വലിച്ചു പുറത്തിട്ടാലും
ഉള്ളിലേയ്ക്ക് പായുന്ന നാവ്
കൈകോർത്ത് പിടിക്കാനോ
മുഷ്ടി ചുരുട്ടാനൊ കഴിയാത്ത വിധം
ഓരോരുത്തരും വെറും
ഇൻപുട്ട് ഡിവൈസുകളാകുന്നു....



**ശ്യാം ഓർണാത്ത്**
സൈബർ ശ്രീ,
സോഫ്റ്റ്‌വെയർ ട്രെയിനി



short story

സംവിധാനം : ബി. സതീശൻ

# ഒരു തെക്കൻ വീരഗാഥ



മൂന്ന് മഹാസമുദ്രങ്ങൾ സംഗമിക്കുന്ന അത്യപൂർവ്വമായ ഇടത്തിൽ നിന്നും വടക്കോട്ട് സഖ്യന്റെ കാവലിൽ നീണ്ടുനിവർന്നുകിടക്കുന്ന ഒരു ദേശം. കലകൾക്കും സംഗീതത്തിനും കാരുണ്യത്തിനുവേണ്ടി രാജ്യഭരണംപ്പോലും ഉപേക്ഷിച്ച വലിയ മനുഷ്യ സംസ്കാരത്തിന്റെ പ്രതീകം. പ്രജകളെ യജമാനന്മാരായി ആദരവോടെ കണ്ടിരുന്ന രാജാക്കന്മാരുടെയും നാടിന്റെ അമൂല്യ ശേഖരങ്ങളുടെ കലവറ സൂക്ഷിപ്പുകാരനായി എന്നും നിലകൊള്ളുന്ന ശ്രീ പത്മനാഭസ്വാമിയുടെയും സ്വന്തം നാട്. ലോകവും കാലവും മാറി. പ്രജകൾ ചൂഷണത്തിനും അടിമത്വത്തിനുമെതിരെ സംഘടിച്ചു. സ്വാതന്ത്ര്യവും ജനാധിപത്യവും ലഭിച്ചു. നാളുകൾ ഏറെ ഓടി മറഞ്ഞു. അറബിക്കടലിന്റെ തീരത്ത്
പ്രകൃതിയുടെ വരദാനമായി ലഭിച്ച ചെറുമലകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന ഒരു കുന്നിൻപ്രദേശം. അവിടുത്തെ പ്രകൃതി സൗന്ദര്യം ഒപ്പിയെടുക്കാനായി ക്യാമറകളും ചലച്ചിത്രകാരന്മാരും വന്നു. അങ്ങനെ അവിടെയൊരു ചിത്രാഞ്ജലിയുണ്ടായി. ശാസ്ത്രലോകത്തിന്റെ വളർച്ചയുടെ ഫലമായി കുറച്ച് ശാസ്ത്രജ്ഞന്മാരും ഇവിടെയെത്തിച്ചേർന്നു. ഒടുവിൽ ചിത്രാഞ്ജലി കുന്നിന്റെ ഒരു മൂലയിൽ ഒരു കൊച്ചു ശാസ്ത്ര ഗേവഷണ പ്രദേശം ഒരുക്കിയെടുത്തു. ശാസ്ത്ര വികസനത്തിനായി കൂടെയാത്ര വന്നവരാകട്ടെ ഒന്നിൽ നിന്നും മാറി മറ്റൊന്നിലേക്ക് ഇങ്ങനെ പോയ്ക്കൊണ്ടിരുന്നു. സോഷ്യലിസവും മുതലാളിത്ത്വവും ഇടക്കിടെ ഇവിടെ പരീക്ഷിച്ചു. കുറച്ചു നാളുകൾകഴിഞ്ഞതും. ശ്രീ പത്മനാഭന്റെ നാട്ടിൽ ഒരു ടെക്നോരാജ്യം സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി. പിന്നെ അങ്ങോട്ട് രാജാക്കന്മാരും മന്ത്രിമാരും അടിതട ആശാന്മാരും പടതലവന്മാരും കൂലി പടയാളികളും ഒക്കെയായി രാജ്യ ഭരണം പൊടിപൊടിച്ചു. പണ്ട് നാട്ടുരാജ്യങ്ങളിലുണ്ടായിരുന്ന നാടുകടത്തൽ ഇവിടെയും നടമാടി. രാജ്യത്തിന്റെ രക്ഷയ്ക്കായി പ്രജകൾ കൂട്ടമായി സംഘടിച്ച് ചില ഭരണാധികാരികളെ നാടുകടത്തിയെന്നതാണ് ഈ രാജ്യത്തിന്റെ പ്രത്യേകത. പ്രജകൾക്ക് ചെറിയൊരു കാലയളവിൽ ലഭിച്ച അദ്ധ്വാന സ്വാതന്ത്ര്യത്തിന്റെ ഫലമായി രാജ്യം ഏറെ സാമ്പത്തികമായി വളർന്നു. ടെക്നോരാജ്യത്തിന്റെ കീഴിൽ കൊച്ചു കൊച്ചു നാട്ടുരാജ്യങ്ങളും പ്രാദേശിക തുരുത്തുകളും ഉണ്ടായി. അങ്ങനെ 14 നാട്ടുരാജ്യങ്ങളും മൂന്ന് റീജണൽ തുരുത്തുകളും ഉണ്ടായതോടെ എല്ലാവരുടെയും ആകർഷക രാജ്യമായിമാറി. പല സ്റ്റേറ്റ് ഗവർണർമ്മാർക്കും പണ്ട് നാടുവിടപ്പെട്ടവർക്കും സ്ഥിതിമോശമായപ്പോൾ മറ്റ് നാടുകളിൽപ്പോയി കച്ചവടം ചെയ്ത് ജീവിച്ചിരുന്നവർക്കുമെല്ലാം ടെക്നോരാജ്യത്ത്വന്ന് ഒരു കൈനോക്കാൻ കൊതിയായി. ഈ അവസരത്തിൽ ടെക്നോരാജ്യത്തെ ഭരിക്കാനായി

**ഇൻ സിനിമാസ്കോപ്പ് ബ്ലാക്ക് & വൈറ്റ്**

അരങ്ങിൽ: **നിങ്ങളുടെ ഇഷ്ട കഥാപാത്രങ്ങൾ**



പുതിയ സ്റ്റേറ്റ് ഗവർണർ ഏതാനും തമ്പ്രാക്കന്മാരെ അയച്ചു. അവർ വന്ന് എങ്ങനെ തുടങ്ങണമെന്നറിയാതെ വലയുമ്പോഴേക്കും പണ്ടത്തെ തമ്പ്രാക്കന്മാരും ശിൽബന്തികളും തിരിച്ചെത്തി. ഇവരെല്ലാം കൂടി നാട്ടിലെ പ്രമാണിമാരെയും എട്ടുവീട്ടിൽ പിള്ളമാരെയും വേലുതമ്പിമാരെയും കുറുപ്പന്മാരെയും ഏതാനും 'ജീ'കളെയും വിളിച്ചു ചേർത്തു. രാജ്യത്തിന്റെ ഭരണം ആകെ അവതാളത്തിലാണെന്ന് കണ്ടെത്തി. ഉടൻതന്നെ നാട്ടുരാജ്യങ്ങളിലെയും തുരുത്തുകളിലെയും പ്രാദേശിക ഭരണവും സമ്പത്തും പിടിച്ചെടുക്കാൻ തീരുമാനിച്ചു. ഇതിനായി ഒരു വിശാലമായ പടതന്നെ രൂപീകരിച്ചു. പ്രസ്തുത സൈന്യത്തിന് നാമകരണവും നൽകി അതാണ് 'റീസ്ട്രക്ചറിംഗ്'പട.പഴയ ആയുധങ്ങൾ പലതും മിനുക്കി പതുക്കെ പുറത്ത് എടുത്ത് തുടങ്ങിയ പടക്ക് തുടക്കത്തിൽ വലിയ ഫലം കണാൻ കഴിഞ്ഞില്ല. സ്റ്റേറ്റ് എന്ന കരുംകല്ലിൽ ഉരച്ച് ആയുധങ്ങളുടെ മൂർച്ചകൂട്ടി അവർ ആഭ്യാസങ്ങൾ ഒന്ന് ഒന്നായി തുടങ്ങി. ടെക്നോ രാജ്യത്തെ പല ഡെപ്യൂട്ടി ചേകവന്മാർക്കും ആവശ്യത്തിന് മെയ് വഴക്കമില്ലാത്തതിനാൽ നല്ല പഴക്കമുള്ള പുറംകളരിയിൽ നിന്നും വിരമിച്ച ആശാന്മാരെകൊണ്ടുവന്ന് ഗ്രൂപ്പ് പടയെ നയിക്കാൻ ഏല്പിച്ചു. പുറത്തുനിന്നുവന്ന ആശാന്മാരിൽ ചിലർക്ക് തെക്കൻകളരിയിലും ചിലർക്ക് വടക്കൻ കളരിയിലുമായിരുന്നു പ്രാവിണ്യം. രണ്ട് ശൈലിയും ഒന്നിച്ചറിയാവുന്ന സാങ്കേതിക പരിജ്ഞാനവും സമയകുറവും ഉള്ളവരായതിനാൽ മുന്നിൽ നിന്ന് ഉത്സാഹിച്ച് ഫൈറ്റാൻ പറ്റുന്നില്ല. എന്നിരുന്നാലും സാങ്കേതികതയിൽ വികലതയുള്ള പടത്തലവനെ മുന്നിൽ നിർത്തി മന്ത്രിയുടെയും രാജാവിന്റെയും പിന്തുണയോടെ പരമ പ്രധാനമായ ആദ്യ റൗണ്ട് അങ്കം വെട്ടി കഴിഞ്ഞു. മുഴുവൻ നാട്ടു രാജാക്കന്മാരെയും രാജ്ഞികളെയും സ്ഥാനഭ്രഷ്ടരാക്കി ചെറിയ കൽതുറങ്കുകളിലാക്കുകയും രാജ്യം പിടിച്ചെടുക്കുകയും ചെയ്തു. എന്നാൽ അങ്കനീതി പാലിച്ചുകൊണ്ട് ശിഖണ്ഡിവംശത്തിൽപ്പെട്ട നാടുവാഴികളെ ഇതിൽ നിന്നും ഒഴിവാക്കിയെന്നത് ശ്രദ്ധേയമാണ്. പിടിച്ചെടുത്ത ടീമുകളായ നാട്ടുരാജ്യങ്ങളിലെ പ്രജകളെ ഗ്രൂപ്പ്പടതലവൻമാർ അവരവരുടെ കൂടാരത്തിലേക്ക് കൊണ്ടുപോയി. തെക്കൻ തിരുവിതാകൂർ പ്രദേശത്തെ നാട്ടുരാജ്യങ്ങളെ കീഴടക്കിയ പട വടക്കോട്ട് പടയോട്ടം നടത്തി. എന്നാൽ കായംകുളം, കൊച്ചി, വള്ളുവനാട് എന്നിവിടങ്ങളിലെ പ്രജകൾ ഇപ്പോഴും ചെറിയതോതിൽ ചെറുത്ത് നില്പ് നടത്തി വരുന്നതിനാൽ പൂർണ്ണമായും കീഴടക്കാൻ കഴിഞ്ഞിട്ടില്ല. ■

ഇവിടുത്തെ പടയാളികളിൽ ചിലർ തിരുവല്ലം കോട്ടയിൽ വന്ന് അനുഗ്രഹം വാങ്ങി പോകുന്നത ല്ലാതെ കീഴടങ്ങുന്നില്ല. ഏതാനും പ്രജകൾ കുഞ്ഞുകുട്ടിപരാധീനത കൾ മുഖ്യ പടനായകനെ ബോധി പ്പിച്ച് ആശ്വാസം നേടിയെങ്കിലും പ്രധാന അടിതട ആശാൻ ഇവരെ അവിടങ്ങളിൽ പൊറുപ്പിക്കാൻ അനുവദിക്കാത്തതിനാൽ കുട്ടിയും കുടുക്കയുമെല്ലാമായി കമലേശ്വരം കൊട്ടാരത്തിൽ വന്ന് കീഴടങ്ങാൻ തയ്യാറെടുക്കുകയാണ്.
പടയോട്ടത്തിന് നേരെ കായംകുളം രാജ്യത്തെ പ്രജകൾ മാപ്പിള ഖലാസി കളുടെ പിന്തുണയോടെ ശക്തമായ ചെറുത്തുനിൽപ്പു നടത്തുന്നു. കൂടാതെ കൊച്ചുണ്ണി സംഘത്തിന്റെ നേതൃത്വത്തിൽ തെക്കൻ തിരുവിതാംകൂറിലെ പദ്ധതികളും സമ്പത്തും അടിച്ചുമാ റ്റിയും കൊള്ളയടിച്ചും രാജ്യം നിലനിർത്തുവാനുള്ള തന്ത്രപ്പാടിലാ ണ്. ഇതെല്ലാം കണ്ട് മനംമടുത്ത് പട അവിടെ കിട്ടിയ ചില അവശ രായ പ്രജകളെ തിരുവിതാംകൂറിലെ തടങ്കലുകളിലേക്ക് മാറ്റി മുന്നോട്ട് നീങ്ങി..
കൊച്ചി കൊട്ടാരം കുറച്ചുകാലങ്ങ ളായി റിസീവർ ഭരണത്തിലായ തിനാൽ ആകെ തകർന്ന് ദാരിദ്ര്യവ ും കടവുമായി കിടക്കുന്നു. റിസീവർ പഴയ തിരുവല്ലം കൊട്ടാരത്തിലെ തമ്പുരാക്കൻമാരുടെ കാര്യസ്ഥനാ യിരുന്നതിനാൽ വലിയ ആക്രമണം നടത്തിയില്ല. തകർന്ന കൊട്ടാരം പുതുക്കി പണിത് മൈക്രോ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കേന്ദ്രമാക്കാൻ പുതിയ കിരീടവാ കാശികൾക്ക് ആലോചനയുള്ളതിന ാൽ തിരുവിതാംകൂർ പട സമയംക ളയാതെ വടക്കോട്ട് നീങ്ങുകയായി രുന്നു..
ആരോമൽ ചേകവരുടെയും ചന്തുവിന്റെയും ഉണ്ണിയാർച്ചയുടെയ ും ദേശമായ കടത്തനാട്ടിൽ സാമൂത ിരിമാരെ കീഴ്പ്പെടുത്താൻ ചെന്ന / തിരുവിതാംകൂർ കൂലിപ്പടക്ക് കടുത്ത വെല്ലുവിളിയാണ് നേരിടുന്നത്. തുളുനാടൻ കോട്ട സംരക്ഷിക്കാൻ മൽപിടുത്ത ആശാൻ കൂടിയായ സുധാകരഗോദവർമ്മ രാജയുടെ നേ തൃത്വത്തിൽ ആ ദേശത്തെ പ്രജകളും ചുവപ്പ് പടയുമെല്ലാം ഒന്നിച്ച് നിന്ന് ചെറുത്ത് നിൽപ്പ് സംഘടിപ്പിക്കുന്നു. വടക്കൻ വീരഗ ാഥകൾ ചൊല്ലി ഉറങ്ങുകയും കള രിത്തറയിൽ ജനിക്കുകയും ചെയ്യുന്ന തലമുറകളുടെ സ്വന്തം നാട്ടിൽ ഇവിടെ നിന്നും പോയ പൂഴിക്കുന്നാശാൻമാർ അവസാന ആയുധമായ പൂഴികടകം പ്രയോ ഗിക്കാൻ കാത്തു നിൽക്കുകയാണ്.
തെക്കൻ തിരുവിതാംകൂറിലെ വിവിധപ്രദേശങ്ങളിലായി തടങ്കലിൽ പാർപ്പിച്ചിട്ടുള്ളവർക്ക് നിൽക്കാനും ഇരിക്കാനും ഇടമി ല്ലാതെ, ഭക്ഷണവും വെള്ളവും വെളിച്ചവുമില്ലാതെ, ബോറടി ക്കുമ്പോൾ കളിക്കാൻ ഒരു കളി പ്പാട്ടംപോലുമില്ലാതെ ആകെ ശ്വാസംമുട്ടുകയാണ്. ചിലയിടങ്ങ ളിൽ തടവുകാരെ കൂട്ടത്തോടെ കൊണ്ടുവന്ന് മൈനിംഗ് ജോലികൾ ഏല്പിച്ചു. പുൽമേടുകളും വൃക്ഷ ത്തൈകളുമായി പച്ചപ്പിൽ കാണുന്ന ഭൂമിയുടെ ഉപരിതലം ഒറ്റനോട്ട ത്തിൽ ലോലമെന്നു തോന്നുമെ ങ്കിലും അടിത്തട്ടിലേക്ക് ചെല്ലു മ്പോൾ പാറക്കൂട്ടങ്ങൾ വേർപിരിയാൻ കഴി യാത്തവണ്ണം കിടക്കുകയായിരുന്നു. അതിനാൽ കുഴിപ്പൻമാർക്ക് മുന്നോട്ട് നീങ്ങാൻ
പറ്റിയില്ല. പണ്ടൊരു യുദ്ധക്കാലത്ത് പടയാളികൾക്ക് ശുദ്ധജലം ന ൽകാനായി അന്നത്തെ കോമകു റുപ്പൻമാർ ശബ്ദമില്ലാത്ത വെടിപ്ര യോഗം നടത്തി പാറപ്പൊട്ടിക്കാൻ നോക്കിയ സ്ഥലത്തുതന്നെയാണ് പുതിയ കുഴിപ്പൻമാർ മൈനിംഗിന ായി കുഴിച്ചുകൊിരുന്നത്. എന്നാലും പലരും ഉത്സാഹിച്ച് വെട്ടുന്നുണ്ട് പക്ഷെ കുഴിയുന്നില്ല.
രണ്ടാം ലോക മഹായുദ്ധകാലത്ത് ജർമനിയിൽ നിന്നും പിടിച്ചെടുത്ത കുറേയധികം ശാസ്ത്രജ്ഞൻമാരെ റഷ്യയും അമേരിക്കയും പങ്കിട്ടെടു ത്തു. അവരുടെ ഗവേഷണ ഫലമാ യിട്ടാണ് ഇന്നത്തെ റഷ്യയും അമേരി ക്കയും ഉണ്ടായത് . ആയതുപ്പോലെ ഇവിടുത്തെ ചില നാട്ടുരാജ്യങ്ങളിൽ നിന്നും പിടിച്ചുകൊണ്ടുവന്ന ശാസ്ത്രജ്ഞകളെയും ടെക്കികളെ യും കെട്ടിയിട്ട് ഗവേഷണം നടത്താൻ ഏല്പിച്ചു.
ആസൂത്രിതമായ ചൂഷണത്താൽ ഭൂമിയിലെ ഐടി നീരുറവകൾ എല്ലാം വറ്റിപ്പോയിരുന്നു.
ഇനി ബാക്കിയുണ്ടായിരുന്നത് അനന്തമായ ആകാശ സമ്പത്തും കടൽ സമ്പത്തുമാണ്. ഇതിൽ എളുപ്പം ശേഖരിക്കാൻ കഴിയുന്നത് ഭൂമിയുമായി ബന്ധപ്പെട്ടുകിടക്കുന്ന സൗരോർജ്ജ സമ്പത്താണ്. രാജ്യം ഊർജ്ജ ക്ഷാമം നേരിടുന്നതി നാൽ ഗവേഷക അടിമകളെ ഊർജ്ജോൽപ്പാദനത്തിന് ഇറക്കിവിട്ടു. അവശതയിലും പാവങ്ങൾ സോളാർ എനർജിയിൽ കണ്ണുംനട്ട് ഇപ്പോഴും വാനനിരീക്ഷ ണത്തിലാണ്. രാവിലെ “ഒരിടത്ത് കൊണ്ടുചെന്ന് ഇരുത്തിയാൽ പിന്നെ വൈകുന്നേരം വന്ന് എടു ത്തോണ്ട് പോയാൽമതി” എന്ന ഗണത്തിൽപ്പെട്ട ശിപായിയുടെ കീഴി ലാണെന്നതും തെക്കൻ കളരിയിലെ ചില വ്യായാമ മുറകളെകുറിച്ച് ഗവേ ഷണത്തിനായിവന്ന യുവ ബിസ്മി ലാനികൾ കൂടെയുണ്ടെന്നതുമാണ്





സോളാർ അടിമകളുടെ ഉർജ്ജം. പല ദേശങ്ങളിൽ നിന്നായി കീഴ്പ്പെടുത്തികൊണ്ട് വന്ന പ്രജകളിൽ നല്ലയിനം ഗുസ്തികാരുമുണ്ട്. ഇവരെ കുന്നിൻപുറത്തെ ഗോദകളിൽ കൊണ്ടുപ്പോയി പ്രത്യേകം പരിശീലനങ്ങൾ നൽകി. തടങ്കൽ കേന്ദ്രങ്ങളിലെ പഴയ അഭ്യാസികളെ മലർത്തിയടിക്കുക എന്നതായിരുന്നു ലക്ഷ്യം.

മയിലെണ്ണയും മെഴുവെണ്ണയും മാറി മാറിതേച്ച് ഇറങ്ങിയ തികഞ്ഞ അഭ്യാസികളായ ഇവരെ ശരിക്കും പിടിച്ചൊതുക്കാൻ ആകാത്തതിനാൽ ആസ്ഥാന ഗുസ്തിക്കാർ നിരാശയിലാണ്ട് മിക്കവരും അവശരായി പിൻമാറി.

നാട്ടുരാജ്യങ്ങളെയും പ്രജകളെയും അവിടങ്ങളിലെ സമ്പത്തും അധികാരവും കൈയിലാക്കി അങ്കപ്പുറപ്പാട് കഴിഞ്ഞ് അനന്തപുരിയിലെ തിരുവല്ലം കൊട്ടാരത്തിൽ റീസ്ട്രക്ചറിംഗ് പട തിരിച്ചെത്തുമ്പോൾ കോടികൾ വന്നു കൂടുമെന്നും അതിൽ നിന്നും വിഹിതം നൽകുമെന്നും കിട്ടുമെന്നും കരുതി കിരാത അങ്കപടയോടൊപ്പം ചേർന്ന ചതിയൻ ചന്തുമാർക്ക് മുനയൊടിഞ്ഞ കുന്തവും വാത്തലപൊട്ടിയ വാളും ഒടിഞ്ഞുതൂങ്ങിയ പരിചയും കണ്ട് വിലപിക്കേണ്ടിവന്നു.

ഒരു ദേശത്തിന്റെ സാമ്പത്തിക സ്രോതസുകളായി സമ്പന്നമായിരുന്ന നാട്ടുരാജ്യങ്ങളെയെല്ലാം നശിപ്പിച്ച് അവിടുന്ന് കിട്ടിയ അവശിഷ്ടങ്ങളുടെ കൂമ്പാരത്തിനു മുകളിൽ കയറി ഇരുന്ന് തുഗ്ലക്ക് ഭരണ പരിഷ്കാരികൾ തേർവാഴ്ച നടത്തുന്നത് കാണുമ്പോൾ രാജ പരമ്പരകളിൽ എല്ലാം തകർക്കാനായി പിറക്കുന്ന വംശനാശികളായ തമ്പുരാക്കൻമാരെയാണ് ഓർമവരുന്നത്. സമ്പൽ സമൃദ്ധിയുടെ ഒരു കാലത്തെ നശിപ്പിക്കാൻ കിരീടം വെച്ചരാജാവിന്റെ ആവശ്യമില്ല. മുടിയൻമാരായ പുത്രൻമാർ മതിയാകും. സമൃദ്ധിയിലേക്ക് ആ രാജ്യത്തെ നയിക്കാൻ നല്ലൊരു രാജാവും ഭരണവും അനിവാര്യമാണ്. അടിതട ആശാൻമാരും ചേകവൻമാരും കുറുപ്പൻമാരും കൂലിപടയാളികളും കാര്യസ്ഥൻമാരും കണക്കുപിള്ളമാരും ഗുസ്തികാരും അടിയാളൻമാരുമെല്ലാം ഭരണയന്ത്രത്തിലെ ഭാഗങ്ങൾമാത്രം.

യുദ്ധാനന്തരം എല്ലാം നഷ്ടപ്പെട്ട് പശ്ചാത്താപത്തിന്റെ യുഗത്തിലാകുന്ന മുഖ്യപടനായകനെയും മറ്റു പടതലവൻമാരെയും വേദാന്തങ്ങൾ ചൊല്ലി ആശ്വസിപ്പിക്കാനും അതു പാടിനടക്കാനും ഈതെക്കൻവീരഗാഥയിതും ഒരു പാണൻ വന്നല്ലോ എന്നതാണ് ഈ കൊച്ചു രാജ്യത്തെ പാവം പ്രജകളുടെ ആശ്വാസം.

short
story

ചെറുകഥ



# കൂട്ടുകാരി




**പോൾ പട്ടത്താനം**
**എസ്.ടി.ഡി.എസ്.ടി.സി**


**എ**ന്റെ മനസ്സിന് ദുഃഖം തോന്നുമ്പോഴൊക്കെ ഞാൻ അവളുടെ അടുത്തുപോയിരിക്കുമായിരുന്നു. എനിക്കറിയാം, അവൾക്ക് നടക്കാൻ കഴിയുമായിരുന്നെങ്കിൽ അവൾ എപ്പോഴും എന്റെ കൂടെ നടക്കുമായിരുന്നു.

അവളെ ആദ്യമായി ഞാൻ കണ്ട ദിവസം ഇപ്പോഴും നല്ലതുപോലെ ഓർമ്മിക്കുന്നു.

മലനാട്ടിൽ നിന്നും ജോലിതേടി വന്നതായിരുന്നു, ഞങ്ങൾ അഞ്ച് കൂട്ടുകാർ. ഒരു നവംബർമാസം. നാല് കൂട്ടുകാരും ചെറിയ ചെറിയ ജോലി കണ്ടെത്തി. എനിക്കുമാത്രം ജോലി കിട്ടിയില്ല. എന്റെ കഴിവുകൾ ആർക്കും ആവശ്യമില്ലായിരുന്നു.

ഒരു ഞായറാഴ്ച ഞങ്ങൾ അഞ്ചുപേരും സന്ധ്യ കഴിഞ്ഞ്

പറഞ്ഞ് ചിരിച്ചുരസിച്ചു. എനിക്കുമാത്രം അതിൽ പങ്കുചേരാൻ കഴിഞ്ഞില്ല.

എന്റെ കണ്ണുകൾ അവളിൽ ആയിരുന്നു. നീലയും കറുപ്പും കലർന്ന നിറമുള്ള അവൾ രാത്രിയിലും സുന്ദരിയായിരുന്നു.

എന്റെ നാലു കൂട്ടുകാരായിരുന്നു ജോലിയില്ലാത്ത എനിക്ക് ഭക്ഷണവും മറ്റും വാങ്ങി തന്നിരുന്നത്. എന്റെ പക്കൽ നിന്നും വാടകയും വാങ്ങിയിരുന്നില്ല.

അവർ എനിക്ക് കടലാസും ചായങ്ങളും വാങ്ങിതരുമായിരുന്നു. അവൾക്ക് ഇഷ്ടപ്പെട്ട ചിത്രങ്ങൾ ഞാൻ വരച്ചുകൊടുക്കുമായിരുന്നു. എങ്കിലും എനിക്ക് അവളുടെ ചിത്രം വരക്കാനായിരുന്നു കൂടുതൽ ഇഷ്ടം.

എന്റെ കൂട്ടുകാർക്ക് പലപ്പോഴും പുതിയ പുതിയ സ്ഥലങ്ങളിൽ പോകുന്നതിനായിരുന്നു ഇഷ്ടം. എങ്കിലും പലപ്പോഴും പല കാരണങ്ങൾ പറഞ്ഞ് അവരോടൊപ്പം പോകാതെ അവളെ കാണാൻ പോകുമായിരുന്നു.

എന്റെ കൂട്ടുകാർ കൂടുതൽ ശമ്പളം കിട്ടുന്ന ജോലി ലഭിച്ചപ്പോൾ മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോയി. എനിക്ക് ഒരു പബ്ലിസിറ്റി കമ്പനിയിൽ ചിത്രം വരയ്ക്കുന്ന ജോലി കിട്ടി. ഞാൻ എന്റെ കൂട്ടുകാരന്മാരിൽ നിന്നും ഒറ്റപ്പെട്ടു.

ഞാൻ ഏകനായി

ഞാൻ ഏകാന്തതയെ സ്നേഹിച്ചു.

അരികെ പോയിരിക്കുമായിരുന്നു.

അവൾ ഒന്നും മിണ്ടുകയില്ല.

ചിലപ്പോൾ കിലുകിലെ ചിരിക്കും.

ഒരു ദിവസം ഞാൻ അവളെ നോക്കി പറഞ്ഞു:

എന്റെ കഷ്ടതകൾ കുറച്ചുമാറി. എനിക്ക് ഒരു പരസ്യ കമ്പനിയിൽ ചിത്രം വര യ്ക്കുന്ന ജോലി കിട്ടി. ചെറിയ ശമ്പളമേ യുള്ളൂ

എന്നിട്ടും അവൾ ഒന്നും മിണ്ടിയില്ല. വെറുതെ ചിരിച്ചു.

അവളോട് ഞാൻ പറഞ്ഞു. എനിക്ക് അച്ഛനും അമ്മയും ഇല്ല. അനാഥാലയ ത്തിൽ വളർന്നു. അവിടെ നിന്നും സ്നേ ഹം കിട്ടിയില്ല. നടക്കാൻ പ്രായമായപ്പോൾ നാടുവിടാൻ തോന്നി.

ഞാൻ പുരുഷനായപ്പോൾ അവർ എന്നിൽ തെറ്റു കണ്ടെത്തി. എനിക്ക് തെറ്റായി തോന്നിയില്ല.

തന്തയില്ലാത്തവൻ

ചിലരുടെ വാക്കുകൾ

അപ്പോൾ എന്റെ അമ്മ മരിച്ചുപോയോ. എനിക്കറിയില്ല. ചിലപ്പോൾ എവിടെയെ ങ്കിലും മഹാറാണിയായി താമസിക്കുകയാ യിരിക്കും.

മാന്യതയുടെ ലോകം.

ഇപ്പോൾ എന്റെ കൂട്ടുകാരും പോയി.

ഞാൻ ഒറ്റയായി.

എനിക്ക് നിന്നെ എന്നും കാണണം. അതാണ് ഞാൻ എന്നും നിന്റെയടുത്തുവരുന്നത്.

എന്തൊരു ശാന്തത. എന്തൊരു തണുപ്പ്. എന്തിനീ നാണം. നിന്റെ ചിരി കാണാൻ എന്തുരസമാണ്.

എന്തിനാണ് നീ കൈകൾ നീട്ടി എന്റെയടുത്തേയ്ക്ക് പതപോലെ ചിരിച്ചുകൊണ്ട് വരുന്നത്. എന്നെ തൊടുന്നത് നിനക്കിഷ്ടമാണോ.

ഞാൻ അല്പം അടുത്തേയ്ക്ക് ചെന്നു. അവൾ കിലുകിലെ ചിരിച്ചു കൊണ്ട് എന്റെയടുത്തേയ്ക്ക് കൈകൾ നീട്ടി.

കക്കയും ശംഖും കിലുങ്ങുന്ന ശബ്ദം. അവളുടെ കൈവിരലുകൾ എന്റെ പാദങ്ങളെ തലോടിയപ്പോൾ ഞാൻ കോരിത്തരിച്ചുപോയി.

ഇരുളിൽ പുതച്ചുകിടക്കുന്ന അവളെ ഞാൻ സൂക്ഷിച്ചുനോക്കി. അവൾ എത്ര സുന്ദരിയാണ്. അവളുടെ മനസ്സിൽ എന്തെല്ലാം സ്വപ്നങ്ങൾ കാണും.

ഇരുളിന്റെ പുതപ്പ് ഉയർന്നുതാണു. അവളുടെ മാറിടത്തിന്റെ സ്പന്ദനം ഞാൻ കേട്ടു.

വീണ്ടും അവളുടെ വിരലുകൾ എന്റെ പാദങ്ങളിലെ വിരലുകളെ താലോടി. ഞാനും.

ഏതോ ഒരു വിളക്കുമരത്തിന്റെ പ്രകാശം ഞങ്ങളെ തലോടി കടന്നുപോയി.

എനിക്ക് ആശ്വാസമായി.

എനിക്ക് ഒരു കൂട്ടുകാരിയുണ്ട്.

നീലകടലേ നീ കറുത്ത സുന്ദരിയാണ്.

നിന്നെ കാണാൻ ഞാൻ എന്നുംവരും. നിന്റെയടുത്തു കിടന്ന് എനിക്കുറങ്ങണം.

ചന്ദ്രക്കല മേഘക്കീറുകൾക്ക് പിന്നിൽ മറഞ്ഞുനിന്നു.

■


Security Printing

The First & Only IBA Approved Security Printer in Kerala

We Undertake All Type Of Security Related Printing



Manufacturers of High Quality Blank, Pre-printed Multicolour and Multi part Computer Forms



Manufacturers of
High Quality Paper Rolls
Pre-Printed Rolls
Adding Machine Rolls
Carbonless Paper Rolls
Thermal Paper Rolls
Palm Top & ATM Rolls etc...

Manufactured & Marketed by :

EXCEL ROLLS
CONTINUOUS PAPER ROLLS

EXCEL FORMS
CONTINUOUS COMPUTER FORMS
Our Quality Your Trust

COCHIN
SECURITY PRESS PRIVATE LIMITED

Vishnupuram, Cheranellore, Kochi - 682034. Tel. : 0484-3296405, E-mail : cspcochin@ymail.com



# നിയമസഭാ ഹോളോഗ്രാഫി മ്യൂസിയം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ ആദ്യത്തെ ഹോളോഗ്രാഫി മ്യൂസിയം ആഗസ്റ്റ് 1 ബുധനാഴ്ച രാവിലെ 11 മണിക്ക് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. ആദ്യഘട്ടത്തിൽ മുൻ മുഖ്യമന്ത്രിമാരായ ഇ.എം.എസ്. നമ്പൂതിരിപ്പാട്, പട്ടം താണുപിള്ള, ആർ. ശങ്കർ, സി. അച്യുത മേനോൻ എന്നിവരുടെ പൂർണകായ ഹോളോഗ്രാം പ്രതിമകളാണ് സെക്രട്ടറിയേറ്റിലെ പഴയ നിയമസഭാ ഹാളിൽ സ്ഥാപിക്കുന്നത്. ചടങ്ങിൽ സ്പീക്കർ ജി.കാർത്തികേയൻ അദ്ധ്യക്ഷനായിരുന്നു. പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ, മന്ത്രി മാരായ പി.കെ.കുഞ്ഞാലിക്കുട്ടി, കെ.എം. മാണി, പി.കെ. അബ്ദുറബ്, കെ.സി. ജോസഫ്, എം.എൽ. എമാരായ കെ.ശിവദാസൻ നായർ, അബ്ദുറഹ്മാൻ രണ്ടത്താണി കെ.ആർ. ജ്യോതിലാൽ ഐ.എ.എസ്., പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ടി. വർഗീസ്, രജിസ്ട്രാർ സുമംഗലാദേവി എന്നിവർ പ്രസംഗിച്ചു.

അഞ്ചര അടി ഉയരമുള്ള പൂർണകായ ചിത്രങ്ങളിൽ നിന്നും 120 ഡിഗ്രി കോണിലുള്ള 200-ൽ പരം ഫ്രെയിമുകൾ തയ്യാറാക്കിയശേഷം സി.ജി. എച്ച് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഫോട്ടോ സെൻസിറ്റീവ് ഫിലിമിലേയ്ക്ക് ലേസർ രശ്മികൾ ഉപയോഗിച്ച് ആലേഘനം ചെയ്താണ് ഹോളോഗ്രാം പ്രതിമകൾ നിർമ്മിച്ചത്. പാർലമെന്ററികാര്യ വകുപ്പിനുവേണ്ടി സി-ഡിറ്റാണ് പ്രതിമകൾ തയ്യാറാക്കിയത്. വിദേശരാജ്യങ്ങളിൽ മാത്രം ആവിഷ്കരിച്ചിട്ടുള്ള ഹോളോഗ്രാഫി മ്യൂസിയം ഇതോടെ ഇന്ത്യയിൽ ഇതാദ്യമായി കേരള നിയമസഭയ്ക്ക് സ്വന്തമാവുകയാണ്. സാധാരണ ഫോട്ടോപോലെ ഫ്രെയിം ചെയ്ത് ഭിത്തിയോടു ചേർത്ത് ഉറപ്പിക്കാമെന്നതിനാൽ പ്രത്യേക സ്ഥല സൗകര്യവും ആവശ്യമില്ല. പ്രകാശ സംവിധാനങ്ങളോടെ പ്രത്യേക ഉപകരണങ്ങൾ ഇല്ലാതെ തന്നെ എത്രദൂരത്തു നിന്നും ത്രിമാനദർശനം സാധ്യമാവുന്നുവെന്നതും സി.ജി.എച്ച് സാങ്കേതികവിദ്യയുടെ സവിശേഷതയാണ്. ■


Specialised in Multicam Live event shoots with CCU's, Triax, Digital professional Switchers.

**Unique Broadcast**

37/1157,KumaranasanNagar,
Kochi-682020.
Ph:2204088,Cell:9847196855,
9847009190
Email:broadcastunique@yahoo.com

**Shoot & Hiring out:**
of all kinds of HD and
Standard Defenition professional
and semi professional Cameras

Big screen LCD, Plasma TV, LCD
Projectors, American Jimmy jib
camera remote crains
HD and Standard

# fun fun fun ha ha ha....












fun clicks

photo story

മുല്ലപ്പെരിയാർ

# Save
## Mullaperiyar Campaign




CEA's poster campaign for a new dam at Mullaperiyar





കേരളത്തിലെ സമസ്ത ജനങ്ങളും ഭീഷണിയോടെ സമീപിച്ചിരുന്ന വിഷയമാണ് മുല്ലപ്പെരിയാർ ഡാം തകർച്ചയുടെ വക്കിലെത്തി എന്ന അവസ്ഥ. 'കേരളത്തിന് സുരക്ഷ തമിഴ്നാടിന് ജലം' എന്ന മുദ്രാവാക്യം ഉയർത്തി വിവിധ മേഖലയിലെ ജനങ്ങൾ തെരുവിലിറങ്ങി സർക്കാരിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയുണ്ടായി. കക്ഷി രാഷ്ട്രീയത്തിനതീതമായി ലോകമെമ്പാടുമുള്ള മലയാളികൾ കേരളത്തിന്റെ ഉത്കണ്ഠയിൽ അനുഭാവം രേഖപ്പെടുത്തി. സി.ഇ.എ. യുടെ സാമൂഹ്യകടമ നിറവേറ്റികൊണ്ട് വിവിധങ്ങളായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി. പോസ്റ്റർ ക്യാമ്പയിൻ സി-ഡിറ്റിനകത്തും പുറത്തും നടത്തി. ഇടതുപക്ഷവും പുരോഗമനവാദികളും അണിനിരന്ന ഐക്യദാർഢ്യമനുഷ്യചങ്ങലയിൽ അനുഭാവം രേഖപ്പെടുത്തി ഐക്യദാർഢ്യമനുഷ്യചങ്ങലയിൽ സി.ഇ.എയും പങ്കെടുത്തു. രാജ്ഭവന്റെ മുന്നിൽ തീർത്ത മനുഷ്യച്ചങ്ങലയിൽ സി.ഇ.എ. അംഗങ്ങൾ കണ്ണികളായി.

# സി–ഡിറ്റ് ജീവനക്കാർ പ്രക്ഷോഭത്തിലേക്ക്




**രാ**ഷ്ട്രീയ പ്രേരിത ഉത്തരവുകൾ ഉടൻ പിൻവലിക്കുക.

അനധികൃത നിയമനങ്ങൾ പിൻവലിക്കുക

രാഷ്ട്രീയ പ്രതികാരമായി ടീം ലീഡർ, മറ്റു ജീവനക്കാർ എന്നിവരെ മാറ്റിയതും ട്രാൻസ്ഫർ ചെയ്തതും പിൻവലിക്കുക.

ഗവേണിംഗ് ബോഡി തീരുമാനങ്ങൾ നടപ്പിലാക്കുക.

50 ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രപ്പോസൽ ഉടൻ സർക്കാരിനു സമർപ്പിക്കുക.

ഡോക്കറ്റ്/ഡെയ്‌ലി വേജസ് ജീവനക്കാരെ കരാറിലേക്ക് മാറ്റുക.

കരാർ കാലാവധി പുതുക്കാൻ കാലതാമസം വന്നതിലൂടെ നഷ്ടപ്പെട്ട 10% ശമ്പള വർദ്ധനവ് ഉടൻ അനുവദിക്കുക. ഓരോ വർഷം സർവ്വീസ് പൂർത്തീകരിക്കുന്നതനുസരിച്ച് 10% ശമ്പള വർദ്ധനവ് നൽകുക.

എല്ലാവിഭാഗം ജീവനക്കാർക്കും മെഡിക്കൽ ഇൻഷ്വറൻസ്, പെൻഷൻ എന്നിവ ഏർപ്പെടുത്തുക. വീഡിയോ പ്രൊഡക്ഷൻ ജീവനക്കാർക്കും മറ്റ് ജീവനക്കാർക്കും നൽകിവരുന്ന ബാറ്റ വർദ്ധിപ്പിക്കുക.

കരാർ-ഡെയിലി വേജസ് ജീവനക്കാരുടെ ശമ്പളത്തിലുള്ള അപാകതകൾ പരിഹരിക്കുക.

ട്രെയിനിംഗ് കാലാവധി കഴിഞ്ഞവർക്ക് അവരുടെ തസ്തികയിലേക്ക് അർഹമായ ശമ്പളത്തോടെ മാറ്റം നൽകുക. തുടങ്ങി 32 ഇന അവകാശപത്രി സമർപ്പിച്ചു. കഴിഞ്ഞ രണ്ടു ഭരണകാലഘട്ടങ്ങളിൽ നി ന്നും വ്യത്യസ്തമായി സി-ഡിറ്റ് ഭരണം തികഞ്ഞ രാഷ്ട്രീയ പകപോ ക്കലുകൾ നടത്തുന്നതിലേക്കായി മാത്രം ചുരുങ്ങിയിരിക്കുന്നു. സി-ഡിറ്റിന്റെ കഴിഞ്ഞകാല ഭരണതലവന്മാർ സ്വീകരിച്ച പൊതുനിലവാരവും സംസ്കാരവും ചോർന്നു പോകുംവിധമുള്ള തീരുമാനങ്ങളും സമീപനങ്ങളുമാണ് അടുത്തിടെ ജീവനക്കാർക്ക് അനുഭവപ്പെടുന്നത്. യാതൊരുവിധ നിലവാരവുമില്ലാത്ത, നിരന്തരം നെഗറ്റീവ് എനർജി പടർത്തുന്ന ഒരു ചെറു ഗൂഢ സംഘത്തിന്റെ കൈകളിലമർന്നു പോകുന്നു. സി-ഡിറ്റിലെ ദൈനംദിനഭരണം. യാതൊരു വ്യവസ്ഥയുമില്ലാതെ ചില ഏറാമുട്ടികളായ വ്യക്തികൾ തീരുമാനിക്കുന്നവ സി-ഡിറ്റിന്റെ നി യമമായി മാറുന്ന ദുർഗതി വന്നു ചേർന്നിരിക്കുന്നു. നിലവിലുള്ള സർവ്വീസ് നിയമങ്ങൾ ഒന്നും പാലിക്കപ്പെടാതെ രാഷ്ട്രീയ വെളിച്ചപ്പാടുകൾ സി-ഡിറ്റ് ഭരണം കൈയ്യിലെടുത്ത് ആടിത്തിമിർക്കുന്ന അവസ്ഥയിലായിരിക്കുന്നു. സി-ഡിറ്റിലെ തൊഴിലന്തരീക്ഷം. സി-ഡിറ്റിന്റെ ഭാവി അനിശ്ചിതത്വത്തിലാകുന്നു എന്ന് ബോധ്യപ്പെട്ടു തുടങ്ങിയ ജീവനക്കാർ സ്ഥാപനത്തെ സംരക്ഷിക്കുന്നതിന് പ്രക്ഷോഭത്തിന്റെ പാത സ്വീകരിക്കേണ്ടിവന്നിരിന്നുകയാണ് □





# ഫ്രണ്ട്സ് പ്രോജക്ട് കായംകുളത്തേക്ക് മാറ്റിയതിൽ പ്രതിഷേധിച്ചു

June 21, 2012


**സം**സ്ഥാനതലത്തിൽ നടപ്പിൽ വരുത്തിവന്നിരുന്ന ഫ്രണ്ട്സ് പ്രോജക്ട് തിരുവനന്തപുരത്ത് ഇ-ഗവേർണൻസ് ടീമിന്റെ കീഴിലാണ് പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നയുടൻ ഐ.എൻ.ടി.യു.സി.യുടെ അഭ്യർത്ഥന കത്തിൽ വകുപ്പ് മന്ത്രി നേരിട്ട് ഉത്തരവുനൽകി പ്രസ്തുത പ്രോജക്ടും അതിനോടൊപ്പം മറ്റ് ചില പ്രോജക്ടുകളും കായംകുളത്തേക്ക് മാറ്റുകയായിരുന്നു. കോൺഗ്രസ്സ് നേതാക്കൾ കായംകുളം സെന്ററിന്റെ നേതൃത്വത്തിൽ വന്നതിനാൽ അവിടെ പ്രവർത്തിക്കാൻ പദ്ധതികൾ മറ്റ് ടീമുകളിൽ നിന്നും അടർത്തികൊണ്ട് പോകുന്നതിന്റെ തുടക്കംമായിട്ടായിരുന്നു. ഇത്തരം പദ്ധതികൾ ഹെഡ് ഓഫീസിൽ നിന്നും കായംകുളത്തേക്ക് കൊണ്ടുപോയത്. ഇതിനോടൊപ്പം പല ജീവനക്കാരെയും കായംകുളത്തേക്ക് മാറ്റുകയുണ്ടായി. മാത്രവുമല്ല കണ്ണൂർ, കൊച്ചി എന്നീ സെന്ററുകളിലെ ഫയലുകൾ കായംകുളത്തെ സെന്റർ മാനേജറന്മാർ കണ്ടാൽ മാത്രമെ ഡെപ്യൂട്ടി ഡയറക്ടറും രജിസ്ട്രാറും പാസ്സാക്കുകയുള്ളു എന്ന ഉത്തരവും ഇറക്കി. രാഷ്ട്രീയ ലാഭത്തിനുവേണ്ടിയും വ്യക്തി താല്പര്യത്തിനുവേണ്ടിയും നടത്തിയ ഹീനമായ നടപടിയിൽ പ്രതിഷേധിച്ച് ജീവനക്കാർ ഹെഡ് ഓഫീസിനുമുന്നിൽ യോഗം ചേർന്നു. യോഗത്തിൽ സ: കടകംപള്ളി സുരേന്ദ്രൻ, സ: വി. ശിവൻകുട്ടി എം.എൽ.എ., സ: എ.ജെ. സുക്കാർണോ തുടങ്ങി പ്രമുഖനേതാക്കൾ പങ്കെടുത്തു.





photo story

# CEA Protest







**സി**-ഡിറ്റിൽ 30.09.2011 ന് വൈകുന്നേരം 4.30ന് ബഹു. ഡയറക്ടർ ഒരു പ്രൊസീഡിംഗ്സ് ഇറക്കുകയുണ്ടായി. ടി.ഇ.ടി. ടീം ലീഡറായ സ: മുകേഷിനെ ടീം ലീഡർ സ്ഥാപനത്തുനിന്നും അതേ ടീമിൽ കോ-ഓർഡിനേറ്ററായി മാറ്റുകയും അദ്ദേഹത്തിന്റെ കീഴിൽ വെറും ടീം അംഗമായിരുന്ന ഒരു ജീവനക്കാരനെ ലീഡറാക്കി മാറ്റുകയും ചെയ്തുകൊണ്ടുള്ളതാണ് പ്രസ്തുത ഉത്തരവ്. സി-ഡിറ്റിലെ സീനിയറായ സ്ഥിരം ജീവനക്കാരനും ബി.ടെക് ബിരുദധാരിയുമായ ജീവനക്കാരനെ മാറ്റിയിട്ട് അതേ സ്ഥാനത്തേക്ക് യാതൊരു യോഗ്യതയുമില്ലാത്ത കാരാർ ജീവനക്കാരനെ ടീം ലീഡറാക്കിയതിലൂടെ സർവ്വീസ് മര്യാദയോ മിനിമം മാന്യതയോ പാലിച്ചില്ല. സി-ഡിറ്റിലെ മുഴുവൻ ജീവനക്കാർക്കും അറിവുള്ളതുപോലെ ഏറെ പ്രശംസനീയമായ നിലയിൽ ടീം അംഗങ്ങളെയെല്ലാം കോർത്തിണക്കി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സി-ഡിറ്റിന്റെ യശസ്സ് ഉയർത്തുന്നതിലും സാമ്പത്തിക നേട്ടം കൈവരിക്കുന്നതിനും ചുരുങ്ങിയ നാളുകൾകൊണ്ട് ടീമിനെ ശക്തമായി നയിച്ച ടീം ലീഡറെയാണ് യാതൊരു കാര










ണവും കൂടാതെ മാറ്റിയത്. വളരെ സൗമ്യതയോടെ ടീമിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലും അഴിമതിയും സ്വജനപക്ഷപാതവും നടക്കാതെ സൂക്ഷിക്കുന്നതിലും സജീവസാന്നിദ്ധ്യമായിരുന്ന ജീവനക്കാരനെയാണ് നെറികെട്ട രാഷ്ട്രീയ ഇടപെടലിന്റെ ഭാഗമായി ടീം ലീഡർസ്ഥാനത്തുനിന്നും മാറ്റിയിരിക്കുന്നത്.

സി–ഡിറ്റിൽ വരാതെ സ്വന്തം സ്ഥാപനം നടത്തി നടക്കുന്ന വർക്കുവേണ്ടി പ്രോക്സി പഞ്ചിംഗിനു സൗകര്യമൊരുക്കുക, സാമ്പത്തികമായ അഴിമതി നടത്തുന്നതിന് ഒത്താശ ചെയ്തുകൊടുക്കുക, മന്ത്രി ഓഫീസുകളിലെയും ഭരണകക്ഷി യൂണിയൻ നേതാവിന്റെയും ശുപാർശകളിൽ നിലവിലുള്ള സി.ഇ.പി. നിയമങ്ങൾ പാലിക്കാതെ സെന്ററുകൾ അനുവദിക്കുക അതിലൂടെ വൻ അഴിമതി നടത്തുക തുടങ്ങിയവയ്ക്കൊന്നും വഴങ്ങിക്കൊടുക്കാതിരുന്നതിലുള്ള വിമ്മിഷ്ടമാണ് ഇതിന്റെ പിന്നിലുള്ളത്. ☐









photo story



general

# കലയിലെ **രാഷ്ട്രീയം**



**Shajith R.B**


***"ഭാവിയെ കരുപ്പിടിപ്പിക്കുകയും എല്ലാം എല്ലാ കാലത്തേക്കുമായി പരിഹരിക്കുകയുമല്ല നമ്മുടെ പണി എന്ന് അംഗീകരിച്ചാൽ പിന്നെ ഉടനെ നാം ചെയ്യേണ്ടത് എന്താണെന്ന് കൂടുതൽ വ്യക്തമാവും. നിലനിൽക്കുന്ന എല്ലാത്തിനെയും നിർദ്ദാക്ഷിണ്യമായി വിമർശിക്കുക. ഈ ശ്രമങ്ങൾ അത് എത്തിച്ചേരുന്ന നിഗമനങ്ങളെ ഭയക്കില്ല. നിലനിൽക്കുന്നതും നിലവിൽ വരാൻ ഇടയുള്ളതുമായ അധികാരശക്തികളുമായി ഉണ്ടാകാവുന്ന സംഘട്ടനത്തെ അത്രപോലും ഭയക്കില്ല. ഈ രണ്ട് അർത്ഥത്തിലും ഈ വിമർശനം നിർദ്ദാക്ഷിണ്യമായിരിക്കും....."***

**കാറൽ മാർക്സ്**

രണ്ട് വർഷത്തിൽ ഒരിക്കൽ നടക്കുന്നതും കലാരംഗത്തെ പുതിയ പ്രവണതകൾ പ്രേക്ഷക സമൂഹത്തിന് മുന്നിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടെയുമുള്ള പ്രവർത്തനത്തെയാണ് പൊതുവെ ബിയനാലെ എന്ന് പറയുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ആദ്യ ബിയനാലെ അരങ്ങേറുന്നത്. ഏതാണ്ട് ഒരു നൂറ്റാണ്ടിന് ശേഷമാണ് ലോകമെമ്പാടും വ്യാപിച്ചത്. വിപണികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രമാണ് വിവിധ രാജ്യങ്ങളിലെ കലാകാരന്മാരുടെ സൃഷ്ടികൾ ഒരു വേദിയിലെത്തിക്കുക വഴി ഉന്നം വച്ചിട്ടുള്ളത്.ആഗോളീകരണത്തിന്റെ പ്രാദേശിക ആഘാതങ്ങൾ കലയിലേക്കുകൂടി കടന്ന് വരുമ്പോൾ സർക്കാരുകൾ അവരുടെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ് മാറാൻ തുടങ്ങി. ക്രമേണ സാമ്പത്തിക പിന്തുണകൾ പിൻവലിക്കാനും തുടങ്ങി. പത്തൊമ്പതാം നൂറ്റാണ്ടിൽ തുടങ്ങിയ വെനീസ് ബിയനാലെയെപ്പോലും ഇപ്പോൾ ഇറ്റാലിയൻ സർക്കാർ പിന്തുണയ്ക്കുന്നില്ല.

ഒരു നൂറ്റാണ്ടിനിടയിൽ ലോക മഹായുദ്ധങ്ങൾക്ക് ശേഷം വന്ന സാമ്പത്തിക ധ്രുവീകരണം, അമേരിക്ക ലോക സാമ്പത്തിക രംഗത്ത് നേടിയെടുത്ത മേൽക്കോയ്മ, തുടങ്ങിയ സംഭവവികാസങ്ങൾ കമ്പോളശക്തികളുടെ അധിനിവേശത്തിന് ആക്കം കൂട്ടി. സിവിലിയൻ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു തുടങ്ങിയ ഇന്റർനെറ്റ് ഇരുപതാം നൂറ്റാണ്ടിന് ശേഷം വിവരസാങ്കേതികവിദ്യയുടെ മാറ്റത്തിന് വഴിയൊരുക്കുന്നു. ഇന്ന് ലോകത്ത് ഏത് മുക്കിലും മൂലയിലും നടക്കുന്ന മാറ്റങ്ങൾ ഒട്ടും വൈകാതെ തന്നെ നമുക്ക് മുന്നിൽ ഈ സംവിധാനം എത്തിക്കുന്നുണ്ട്. ഗൂഗിൾ മ്യൂസിയം എന്ന സാങ്കേതികവിദ്യയിലൂടെ പ്രധാനപ്പെട്ട മ്യൂസിയങ്ങളിൽ ഇഷ്ടമുള്ള വീക്ഷണകോണുകളിൽ നിന്നും സൃഷ്ടികൾ കാണാനുള്ള സാഹചര്യം ഒരുക്കുന്നുണ്ട്.ബിയനാലെയെ നാം എതിർക്കേണ്ടി വരുന്നത് അത് അധീശ പ്രത്യയശാസ്ത്രത്തിന് വഴിയൊരുക്കുന്നു എന്നതിനാലാണ്.

ബിയനാലെ വരുന്നതോടെ അപരിചിതമായ ഒരു സൗന്ദര്യശാസ്ത്രം നമുക്കിടയിലേക്ക് കടന്നുവരും എന്നുള്ളതും പഴയ സൗന്ദര്യബോധത്തെ മാറ്റിമറിക്കുകയും അതിലൂടെ ഒരു പുതിയ കലാബോധം ഉടലെടുക്കും എന്ന് പറയുന്നതും ശരിയാണ്. എന്നിരിക്കെ തന്നെ അപരിചിതമായ ഒരു സൗന്ദര്യബോധം സൃഷ്ടിക്കുന്നതിന് ഇത് മാത്രമേ വഴിയുള്ളോ എന്ന



ചോദ്യത്തിന് ആരും ഉത്തരം നൽകുന്നുമില്ല. വ്യത്യസ്തമായതിനെ എടുത്ത് കാട്ടുകയും അതിലൂടെ ആ സൗന്ദര്യശാസ്ത്രം മുന്നോട്ട് വയ്ക്കുകയും ചെയ്യുക എന്നത് മാത്രമാണ് ബിയനാലെയ്ക്ക് പിന്നിലുള്ള ഏക ഉദ്ദേശം.

അൽപം സൈദ്ധാന്തിക ധാരണയോടെ നോക്കികാണുകയാണെങ്കിൽ ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാവും. സാമ്രാജ്യത്വം ആഗ്രഹിക്കുന്നതും ഇത് തന്നെയാണ്. പുത്തൻ സാമ്രാജ്യത്വ ശക്തികൾ ഏറ്റവും അധികം കമ്പോളവൽക്കരിക്കാൻ ആഗ്രഹിക്കുന്ന സംവർഗ്ഗമാണ് വ്യതിരിക്തത. വ്യതിരിക്തമായ എന്തിനെയും കമ്പോളവൽക്കരിക്കുക എന്ന സാമ്രാജ്യത്വ തന്ത്രമാണ് ബിയനാലെയുടെയും പിന്നിൽ. തികച്ചു അപരിചിതമെന്നും വിപ്ലവകരമെന്നും തോന്നിപ്പിക്കുന്ന കലാവസ്തുക്കൾ പുതിയ ഇടത്തേക്ക് ഇറക്കുകയും അവിടെയുള്ള സൗന്ദര്യശാസ്ത്രത്തെ തച്ചുടച്ച് പുതിയ സൗന്ദര്യശാസ്ത്രത്തിന്റെ ആരാധകരാക്കി മാറ്റുക എന്ന അധീശ പ്രത്യയശാസ്ത്രമാണ് ഈ പ്രകടനത്തിന്റെയും പിന്നിൽ പ്രവർത്തിക്കുന്നത്.

ബിയനാലെ വഴി ആഗോളശക്തികൾ ആഗ്രഹിക്കുന്നത് ഇത്രമാത്രമാണ്. അതത് ഇടങ്ങളിൽ നിലവിലുള്ള കലാരൂപങ്ങളുടെ മേൽ ആഗോള രുചി കേന്ദ്രീകൃതമായ കല അടിച്ചേൽപ്പിക്കുക. മാത്രവുമല്ല ഇതന്വേഷിക്കുന്നത് ഒരു ആഗോള വിപണിയുടെ സാധ്യതകളെയാണ്. അത് കലയുടെ വിപണിയല്ല. മറിച്ച് ടൂറിസത്തിന്റെ ഭാഗമായി നിലകൊള്ളുന്ന വിപണി മാത്രമാണ്. ബിയനാലെ തുടങ്ങിയപ്പോഴൊക്കെ അതത് സംഘാടകർ അതിന്റെ സാമ്പത്തികവശം മനസ്സിലാക്കിയിരുന്നു. അതത് പ്രദേശത്തെ കലാകാരന്മാരെയോ കലയെയോ പ്രോത്സാഹിപ്പിച്ചതായി ചരിത്രത്തിൽ അടയാളപ്പെടുത്തിയിട്ടില്ല.

ബിയനാലെ കേരളത്തിൽ നടത്തപ്പെടുമ്പോൾ ഇവിടുള്ളവർക്ക് കുറെ കെട്ടുകാഴ്ചകൾ കാണാം. അത്തരം കാഴ്ചകൾ കൊണ്ട് നിലനിൽക്കുന്ന കലാരംഗത്തെ അജ്ഞത മാറിക്കിട്ടുമോ? ഈ സമയം
കെ ജി സുബ്രഹ്മണ്യം പറഞ്ഞ വാക്കുകൾ കൂടി ഓർക്കാം. 'പ്രാദേശികമായ കലയാണ് എന്നും രാജ്യന്തര കലയായിട്ടുള്ളത്'.






*പിൻകുറിപ്പ്:*

***"യാഥാർത്ഥ്യം വികസിക്കുന്നത് കാലത്തിലൂടെയാകയാൽ യാഥാർത്ഥ്യവും അത് നിരീക്ഷിക്കുന്ന മനുഷ്യരും ഒക്കെ കടുത്ത പരിമിതികളിലാണ്.***

**ഹെഗൽ**




**അശോക് കുമാർ എൻ.**
*സൈബർ ശ്രീ*
*സോഫ്റ്റ്‌വെയർ ട്രെയിനി*


# മൂന്ന് കവിതകൾ



## നീ

ഇന്നോളം കണ്ട കിനാക്കളും
മനസ്സിൽസൂക്ഷിച്ച നന്മയും
നീയായിരുന്നു.
കുന്നോളം വാക്കൾ
ഹൃദയത്തിൽ കരുതി വച്ചു
മിഴിമ്പതുമ്പിൽ നീ എത്തുമ്പോഴേക്കും
എല്ലാം ഉമിനീരിൽ
അലിഞ്ഞുപോയിരുന്നു.

## ഞാൻ

ഇവിടെ, പ്രതീക്ഷയുടെ
തിരിയിട്ട നിലവിളക്ക്...
അണയ്ക്കാൻ ശ്രമിക്കുമ്പോഴും
ചിമ്മിതുറക്കുന്ന തിരിനാളം.

## നമ്മൾ

അടുക്കും തോറും
അകലം കൂടിവരുന്ന
നിലാമഴയത്തെ
രാവണ്ടി...!


**DELTA SECURITY SERVICES**
Reg.No.D5/571/111
(Govt. Of Kerala)

*The cosvt is long foregotten But Quality to Remembered for ever*

**Head Office** :Ground Floor Akshai Towers,
TV Centre Rd,Peeroorkada,Thiruvananthapuram-695 005
Ph:0471-3261025,Mob:9349947321 & 24,9446518962

**Branch Office:** Noufeez Building,Vendor Mukku,Kollam-10
Ph:047403293737,Mob:9387933100,8547429678
Website:www.deltasecurityservicesindia.com
Email:deltasecurityies@gmail.comv

general

# CyberSri
## function



## Review Meeting

സംസ്ഥാന പട്ടിക ജാതി – വർഗ്ഗ വികസന വകുപ്പിനുവേണ്ടി സി-ഡിറ്റ് നടപ്പിലാക്കുന്ന സൈബർശ്രീ സെന്ററിന്റെ വിവിധ പരിശീലനങ്ങളുടെ വാർഷിക റിവ്യു പട്ടികജാതി വികസന ഡയറക്ടർ ശ്രീമതി ലളിതാംബിക നടത്തി. സോഫ്റ്റ് വെയർ വികസനം, MBedded System, MatLab എന്നീ മേഖലയിലാണ് പ്രധാനമായി 2011 – 12 വർഷത്തിൽ പരിശീലനം നൽകിയത്. ആധുനിക സോഫ്റ്റ് വെയർ പരിശീലനത്തിനോടൊപ്പം സോഫ്റ്റ് സ്കിൽ വികസനത്തിനുള്ള പരിശീലനവും ഇതിനോടൊപ്പം നൽകുന്നതിന്റെ ആവശ്യകത ട്രെയിനികൾ ചൂണ്ടിക്കാട്ടി. ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം, വ്യക്തിത്വവികസനം, മുഖാമുഖം, പ്രസന്റേഷൻ പ്രാപ്തി























തുടങ്ങി ഒട്ടനവധി വ്യത്യസ്തമായ പരിശീലന രീതിയുടെ നേട്ടങ്ങൾ പരിശീലനത്തിൽ പങ്കെടുത്തവർ വിവരിച്ചു. ജോബ് പോർട്ടൽ സൈബർശ്രീ തുടങ്ങണമെന്ന് അവർ ആവശ്യപ്പെട്ടു. ട്രെയിനികളുടെ ആറുമാസത്തെ അനുഭവങ്ങൾ വിവരിച്ചതിനുശേഷം എസ്.സി. വികസന ഡയറക്ടർ സൈബർശ്രീയുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചു. കൂടാതെ വരും വർഷങ്ങളിൽ കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിനും പദ്ധതികൾ വ്യാപിക്കുന്നതിനുംമുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ചടങ്ങിൽ സംബന്ധിച്ച സൈബർശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.ബാബു ഗോപാലകൃഷ്ണൻ സൈബർശ്രീ പരിശീലന ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായ ഉദ്യോഗാർത്ഥികൾക്കു ലഭിക്കുന്ന തൊഴിലവസരത്തെക്കുറിച്ച് സംസാരിച്ചു. ഏറെ ഉത്തരവാദിത്വത്തോടുകൂടി, സാമൂഹ്യ പ്രതിബന്ധതയോടെ സി-ഡിറ്റ് നടത്തിവരുന്ന പദ്ധതിയെന്ന നിലയിൽ സൈബർശ്രീയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് സി-ഡിറ്റ് ഡയറക്ടർ പറഞ്ഞു. സൈബർശ്രീയുടെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ബി. സതീശൻ, പ്രോജക്ട് മാനേജർ ശ്രീ. സാജൻ അമ്പാടിയിൽ എന്നിവർ സൈബർശ്രീയുടെ പ്രവർത്തനങ്ങൾ വിവരിച്ചു.

general

media clippings

# Medias

## stance on c-dit current scenario

ദേശാഭിമാനി

**സി-ഡിറ്റിലെ അനധികൃത നിയമനങ്ങൾ നിർത്തിവയ്ക്കണം: ഡിവൈഎഫ്ഐ**

ദേശാഭിമാനി

● നിയമനം കോൺഗ്രസുകാർക്ക്

**വിരമിച്ചവർ കൺസൾട്ടന്റുമാർ; സി–ഡിറ്റ് തകർച്ചയിലേക്ക്**

സ്വന്തം ലേഖിക

28 ജൂൺ 2012 വ്യാഴം

മലയാള മനോരമ



സിഡിറ്റിലെ പുനഃസംഘടനാ ഉത്തരവുകൾ പിൻവലിക്കണം എന്നാവശ്യപ്പെട്ട് സിഡിറ്റ് ... സ് അസോസിയേഷൻ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തിയ ധർണ തോമസ് ഐസക് ... ഉദ്ഘാടനം ചെയ്യുന്നു.

20 ജൂൺ 2012 ബുധൻ

**സിഡിറ്റ് സ്വതന്ത്ര സോഫ്റ്റ്‌വെയർ പരിശീലനം നിർത്തി: പുനഃസംഘടന പ്രവർത്തനം അവതാളത്തിലാക്കി**

**ഉടമസ്ഥ സോഫ്റ്റ്‌വെയറിലേക്ക് മടങ്ങുകയെങ്കിൽ ഐടി നയത്തിന് എതിര്**

തിരുവനന്തപുരം● സ്വതന്ത്ര സോഫ്റ്റ്‌വെയർ പരിശീലനം സി-ഡിറ്റ് നിർത്തലാക്കി.

സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗത്തിൽനിന്നു വീണ്ടും പഴയപടി ഉടമസ്ഥ സോഫ്റ്റ്‌വെയറിലേക്കു പോകാനുള്ള നീക്കമാണിതെന്ന് ആശങ്കയുണ്ട്. അങ്ങനെയെങ്കിൽ സംസ്ഥാന ഐടി നയത്തിനെതിരാകും ഈ മാറ്റം.

കൊച്ചിയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചാരത്തിനും പരിശീലനത്തിനുമായി സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയ്നിങ് ഫോർ ഫ്രീ ആൻഡ് ഓപ്പൺസോഫ്റ്റ്‌വെയർ (ക്യാറ്റ്ഫോസ്) എന്ന സ്ഥാപനം സി-ഡിറ്റ് നടത്തിയിരുന്നു.

സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉദ്യോഗാർഥികൾക്കും ലിനക്സിൽ പരിശീലനം നൽകുകയായിരുന്നു ലക്ഷ്യം. നാലു വർഷമായി ഇവിടെ പരിശീലനം നടക്കുന്നുമുണ്ടായിരുന്നു.

ഇനി ഇത്തരം പരിശീലനം ഉണ്ടാവില്ലെന്നു സിഡിറ്റ് റജിസ്ട്രാർ അറിയിച്ചു. പകരം എൻജിനീയറിങ് കഴിയുന്നവർക്കു ഫിനിഷിങ് സ്കൂൾ നടത്തും. സംസ്ഥാനത്ത് ഐഎച്ച്ആർഡി ഉൾപ്പെടെ ഏജൻസികൾ നടത്തി കാര്യമായ വിജയം കൈവരിക്കാത്ത മേഖലയാണ് എൻജിനീയർമാരുടെ ഫിനിഷിങ് സ്കൂൾ എന്നിരിക്കെ സിഡിറ്റ് അതിലേക്കാണു പ്രവേശിക്കാൻ ഉദ്ദേശിക്കുന്നത്.

മാത്രമല്ല പുനഃസംഘടന എന്ന പേരിൽ നടപ്പാക്കുന്ന മാറ്റങ്ങൾ സിഡിറ്റിലെ പ്രോജക്ടുകളെ ആകെ സ്തംഭിപ്പിക്കുന്ന നിലയിലാണ്. 14 ടീമുകളായിരുന്നു നൂറിലേറെ പ്രോജക്ടുകൾ നടത്തിയിരുന്നത്.


പുനഃസംഘടന എന്ന പേരിൽ ഇതിൽ 11 ടീമുകളെയും ഉടച്ചുവാർത്തു. അതിൽ അംഗങ്ങളായിരുന്ന ശാസ്ത്രജ്ഞർ പരാതിയുമായി വകുപ്പുമന്ത്രിയെ സമീപിച്ചിരിക്കുകയാണ്.

വ്യത്യസ്ത ടീമുകൾക്കു പകരം കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്താനാണിത് എന്നാണു സിഡിറ്റ് ഔദ്യോഗിക നിലപാട്. ടെക്നോളജി, കമ്യൂണിക്കേഷൻ, ട്രെയ്നിങ്, ഓർഗനൈസേഷൻ എന്നു നാലു വകുപ്പുകളുണ്ടാക്കി എല്ലാ ടീമുകളെയും അവയിൽ ലയിപ്പിക്കാനാണുദ്ദേശിക്കുന്നത്. നാലു വകുപ്പുകൾക്കും ഒരു മേധാവിയായിരിക്കും.

പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സിഡിറ്റിനു പ്രോജക്ട് ടീമുകൾ ഇല്ലാതാവുന്നതു പ്രവർത്തനത്തെ ബാധിക്കുമെന്നു വിദഗ്ധർ ചൂണ്ടിക്കാട്ടി. കേന്ദ്രീകൃത സംവിധാനം സർക്കാർ ഓഫിസിൽ മുറപോലെ ജോലി ചെയ്യുന്ന സ്ഥിതിയാവും സൃഷ്ടിക്കുക.

INDIAVISION LIVE

**സർക്കാർ വെബ് സൈറ്റുകളുടെ പ്രവർത്തനം താളം തെറ്റ...**




തിരുവനന്തപുരം: സി-ഡിറ്റിലെ ഭര... പരിഷ്കാരങ്ങൾ കാരണം സർക്കാ... സൈറ്റുകളുടെ പ്രവർത്തനം അവത... പരിഷ്കാരങ്ങളുടെ ഭാഗമായി പ്ര... സർവ്വീസ് വിഭാഗം ഇല്ലാതാക്കി. ഇ... മുഖ്യമന്ത്രിയുടേത് ഉൾപ്പെടെ ഔദ്യോ... അറിയിപ്പുകൾ ലഭിക്കുന്ന സൈറ്റുക... പ്രവർത്തനം താളം തെറ്റുന്നു

സംസ്ഥാന സർക്കാരിന്റെ 90 ശത... വെബ്സൈറ്റുകളും അപ്ഡേറ്റ് ചെയ്യുന്നത് സിഡിറ്റിന്റെ വെബ്സൈറ്റ് വിഭാഗമായിരുന്ന... വിദഗ്ധരും കണ്ടന്റ് ഡവലപ്പേഴ്സും സോഫ്റ്റ്‌വെയർ പ്രോഗ്രാമേഴ്സും അടങ്ങുന്ന ടീമി... പുനഃവിന്യസിച്ചതോടെയാണ് പ്രവർത്തനം താറുമാറായത്. 20 ഓളം ജീവനക്കാരെ ഈ... നിന്ന് മാറ്റിയത് അശാസ്ത്രീയമാണെന്ന് പറഞ്ഞ് ജീവനക്കാർ മുഖ്യമന്ത്രിക്കും വകുപ്പ് മന്ത്രി... നൽകിയിട്ടുണ്ട്.

മംഗളം

**സർവകലാശാലയുടെ ഡിജിറ്റൈസേഷൻ പദ്ധതിയിൽനിന്നു സി ഡിറ്റ് പുറത്ത്**

**സി ഡിറ്റിനു നഷ്ടമായത് 50 കോടി**

ബിഗ് ന്യൂസ്

**സി ഡിറ്റിൽ പിൻവാതിൽ നിയമനം തകൃതി**

**ഐ.എൻ.ടി.യു.സി നേതാവിന്റെ ഇമെയിൽ വിലാസം സിഡിറ്റിന്റെ ഔദ്യോഗിക മെയിലാക്കി!**

## കേരളകൗമുദി

Thursday, 21 June 2

### വിജിലൻസ് അന്വേഷണം വേണമെന്ന് ആവശ്യം

# സി–ഡിറ്റ് വിഷ്വൽ കമ്മ്യൂണിക്കേഷനിൽ അഴിമതിയാരോപണം

തിരുവനന്തപുരം: സി–ഡിറ്റിലെ പരിഷ്കാരങ്ങളിലൂടെ വിവിധ പദ്ധതികളുടെ കടയ്ക്കൽ കത്തിവച്ചെന്ന ആരോപണത്തിന് പിന്നാലെ ആഴിമതി കഥകളും ഉയരുന്നു. സി–ഡിറ്റിന്റെ വീഡിയോ പ്രൊഡക്ഷൻ വിഭാഗമായ വിഷ്വൽ കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ വൻ അഴിമതിയാണ് നടക്കുന്നതെന്ന് ആരോപണം. ഈ വിഭാഗത്തിന്റെ കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തനങ്ങളും ഇവിടെ നടന്ന അഴിമതികളും വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് സി–ഡിറ്റിലെ ഒരു വിഭാഗം ജീവനക്കാർ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

സോഷ്യൽ റിയാലിറ്റി ഷോകളായ ഗ്രീൻ കേരള എക്സ്പ്രസ്, ഹരിത വിദ്യാലയം തുടങ്ങി വിവിധ പരിപാടികൾ സി–ഡിറ്റിന് വേണ്ടി ഈ വിഭാഗമാണ് തയ്യാറാക്കിയത്. എന്നാൽ പല പരിപാടികളും തയ്യാറാക്കാൻ ഇവിടെ ആവശ്യത്തിന് ആളുണ്ടായിട്ടും സ്വകാര്യ മേഖലയിലെ ചില ഏജൻസികളെക്കൊണ്ട് ചെയ്യിച്ചതായി പറയപ്പെടുന്നു. ഇവിടത്തെ ചില ഉദ്യോഗസ്ഥർ ബിനാമികളെ കൊണ്ട് പരിപാടി ചെയ്യിച്ച് പണം തട്ടുന്നുണ്ടത്രെ. സാമൂഹ്യക്ഷേമ വകുപ്പുമായി ചേർന്ന് സംഘടിപ്പിച്ച തന്റേടം ഫെസ്റ്റിനെക്കുറിച്ചും അഴിമതി ആരോപണങ്ങൾ ഉയർന്നിരിക്കുകയാണ്.

ഭരണത്തിലെ കെടുകാര്യസ്ഥത ലക്ഷങ്ങളുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കുന്നത്. മുഖ്യമന്ത്രിയുടെ സുതാര്യ കേരളം ഷൂട്ട് ചെയ്യാനായി ലക്ഷങ്ങൾ ചെലവഴിച്ച് തയ്യാറാക്കിയ ഷൂട്ടിംഗ് ഫ്ളോർ ഇപ്പോൾ പൂട്ടിയിട്ടിരിക്കുകയാണ്. ഇതിന് പകരം മാസത്തിൽ ഒരു തവണ ഷൂട്ട് ചെയ്യുന്നതിന് 1500 രൂപ ദിവസ വാടകയാ...

പല പരിപാടിക... തയ്യാറാക്കാൻ സി.ഡിറ്റിൽ ആവശ്യത്തിന് ആളുണ്ടായിട്ടു... സ്വകാര്യ മേഖ... ചില ഏജൻസി... കൊണ്ട് ചെയ്യ... പറയപ്പെടുന്ന... ഇവിടത്തെ ... ഉദ്യോഗസ്ഥ... ബിനാമികളെ... പരിപാടി ... പണം തട്ടു...


...യി മാസത... രൂപ വാട... ഫ്ളോർ ... കയാണ്. സി–... ല് കാമറ ... ഉണ്ടെങ്കി... ഒരെണ്ണം ... ഭാഗികമ... ക്കുന്നത്... ണ്ണവും ... ഹിതമാ... എട്ട് ല... കണക്... ഉപയോഗിക്കാതെ ... സംതോറും വാടക നൽകുന്നതായും ആരോപ...

---

## മലയാള മനോരമ

# സി ഡിറ്റിൽ ഡ്രൈവർ ട്രെയിനി.. സ്വീപ്പർ ട്രെയിനി.. പല ഇനം മുപ്പതോളം ട്രെയിനികൾ.. എന്താണപ്പാ ഇവിടെ നടമാടുന്നത്?

● ഡ്രൈവർ ട്രെയിനി എന്നാലെന്താ? ഫസ്റ്റ് ഗിയറിടാൻ പഠിച്ചു വന്നവരെ ബാക്കി ഗിയറുകൾ കൂടെ ഇടാൻ പരിശീലനം നൽകുന്ന ഏർപ്പാടാണോ ആവോ!




തിരുവനന്തപുരം ● സിഡിറ്റിലാകെ ട്രെയിനി വിപ്ലവം. ഡ്രൈവർ ട്രെയിനി, പാർക്കിങ് ഹെൽപ്പർ ട്രെയിനി, ഓഫിസ് അസിസ്റ്റന്റ് ട്രെയിനി, സ്വീപ്പർ ട്രെയിനി എന്നിങ്ങനെ ഡസൻകണക്കിനു ട്രെയിനികളുടെ നിയമനം നടന്നുകഴിഞ്ഞു.

...

സിഡിറ്റിൽ ഇതുൾപ്പെടെ ഏകദേശം 400 ജീവനക്കാരായി. 55 പേർ മാത്രമാണു സ്ഥിരം. കഴിഞ്ഞ കുറേക്കാലമായി പുതിയ പ്രോജക്ടുകളൊന്നുമില്ലാത്തതിനാൽ വരുമാനം ഇടിഞ്ഞു. മുൻ പ്രോജക്ടുകളിൽ നിന്നു കിട്ടിയ കരുതൽധനത്തിൽ നിന്നു മാസം തോറും പണം പിൻവലിച്ചു ശമ്പളം കൊടുക്കേണ്ട ഗതികേടിലാണിപ്പോൾ.

---

## പ്രസ്

# സർക്കാർ പരിപാടികൾ സ്വകാര്യ ഏജൻസികൾക്ക്; സി ഡിറ്റിന് ലക്ഷങ്ങളുടെ നഷ്ടം

---

## മാതൃഭൂമി

26 ചൊവ്വ

# സി–ഡിറ്റ് പുനഃസംഘടന ഒഴിവാക്കണം

...പുരം: സി–ഡിറ്റിൽ ...കേന്ദ്രീകരണത്തിന് ...പുനഃ... വരെ ഗ്രൂപ്പ് ...

---

## 27.06.2012 INDIAVISION LIVE

### സി–ഡിറ്റിൽ അനധികൃത നിയമനങ്ങൾ




---

## മംഗളം 11/06/12

# സി ഡിറ്റിൽ ഉദ്യോഗസ്ഥ പുനർവിന്യാസത്തിലും നിയമനങ്ങളിലും വൻ അഴിമതി

■ എ.എസ്. ഉല്ലാസ്
തിരുവനന്തപുരം

സി ഡിറ്റ് (സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി) ലെ നിയമനത്തിലും ഉദ്യോഗസ്ഥ പുനർവിന്യാസത്തിലും വൻ അഴിമതി. ...

---

## കേരളകൗമുദി

2012 ജൂൺ 26 ചൊവ്വ

### സി–ഡിറ്റിൽ വിവാദം പുകയുന്നു

# സി.ഇ.പി സെന്റർ നാഥനില്ലാക്കളരി

---

## INDIAN EXPRESS

# C-DIT Employees Deplore Reforms in Open Letter to CM

Kozhikode: Employees of C-DIT (Centre for Development of Imaging Technology) have submitted an open letter to Chief Minister Oommen Chandy alleging that the management is demoting qualified officials in the name of restructuring of the organisation and appointing retired officials as consultants, flouting norms thereby demoralising the present employees.

According to the employees, the management has sabotaged the 14 team-based organisational structure envisaged by expert Achuthsankar S Nair and is trying to centralise the functioning by reducing it to four groups. They alleged that the qualified deputy directors and scientists who headed the 14 teams have been demoted and the newly-constituted four groups have been made under the control of consultants. Employees also alleged that the directionless and impractical reforms of the present director who lack adequate technical and administrative experience is leading the organisation to crisis.

"The disbanding of the team-based functioning and introduction of centralised governance would badly affect the organisation. Besides, the management is appointing retired officials as consultants and they are given administrative and financial powers. Despite having strong protest against the demoralising restructuring process, the director is going ahead by appointing his companions as consultants," one of the employees told Express but preferred not to be named.

Meanwhile, when contacted, C-DIT Director Babu Go... palakrishnan denied the allega... tions and said the restructuring of the organisation has been im... plemented to make it more pro... fessional and competitive. "Te... years ago, there existed the team-based working arrangement but now organisations are becoming more centralised in order to hasten the work. While the total turn... ... par with the industry standards," he said. ENS


media
clippings

# COUNTERFEIT

# ?

**PROTECT YOUR BRAND**
**WITH HIGH SECURITY HOLOGRAMS**


# Dancing kite





**Lekshmi R .K**

Fly over the hills
My little kite,
Smile at the small plants
My little kite
Fly over the village
My little kite
Float with the cool wind
My little kite
Sing with the cold rain
My little kite
Dance over the mountains
My little kite



**Tanzeem .M.B**
Programmer

# The greatest sports carnival ever A **Flashback**







MANOJ RAMAN

The Summer Olympic Games or the Games of the Olympiad are an international multi-sport event, occurring every four years, organized by the International Olympic Committee. Medals are awarded in each event, with gold medals for first place, silver for second and bronze for third, a tradition that started in 1904. The Winter Olympics were also created due to the success of the summer Olympics.

Gagan Narang, Sushil Kumar, M C Mary Kom, Vijay Kumar, Saina Nehwal, Vijendar Singh - these are some of the now familiar names, among many others, in the contingent from India to the London Olympics of 2012. All of them may not be medal winners but they will become a part of history as Olympians.

Talking of history, when was India's first appearance at the Olympics? It came in the 1900 Games in Paris and the representation was under the Union Jack. Ironically, an Englishman, Norman Pitchard lead the delegation, rather was the only delegation from India. Pritchard came second in the 200 metres and second in the 200 metres hurdles.





first olympics in greece

The world famous Olympic Games were invented by the Ancient Greeks in honor of their gods. The early Olympics began in 700 BC, in honor of Zeus. Women were not allowed to watch the games and only Greeks could participate. The games, held in Olympia, were expanded from a one day wrestling event to 5 days with many different events. On the middle day of the festival one hundred oxen were sacrificed in honor of a god. The foot race took place on the second day of the games. There were four different types of races in Olympia: stadion, 2-stade races, long distance run, and a race in which participants wore full armor (to build strength and speed for military).

After missing three Olympics since participating in 1900, India finally sent a team to the Antwerp, Belgium Olympics in 1920. Three athletes and two wrestlers represented India but none of them won any heats or rounds. After that, too, India's journey at the Olympics has been generally disappointing so far.

However, at the beginning, it was hockey that held its own aura for a bit. At the 1928 Amsterdam Olympics, the Indian field hockey team won gold emphatically defeating hosts the Netherlands 3-0 in the finals, a winning streak that they would continue till the 1956 Games. At Los Angeles in 1932, India mauled the hosts USA 24-1, and at Berlin, in



2012 London Olympics Mascot

## India at London 2012


gold 0 silver 2 bronze 4 position **55** / 204



Gagan Narang bags a bronze medal in 10 metre air rifle event at London Olympics 1



Vijay Kumar wins silver medal for India in 25m Rapid Fire Pistol 2



Saina Nehwal kisses her bronze medal she won in the women's singles badminton singles



Mary Kom wins India's first olympic women's boxing medal 3



Yogeshwar Dutt clinched the bronze medal in the men's 60kg Freestyle wrestling 5



Sushil Kumar poses with his silver medal at the podium of the Men's 66Kg Freestyle wrestling 6

**India's sixth medal of the London Games, makes the country's most successful Olympics ever.**

CEANLET salutes the medalions...keep going





Michael Phelps
The new king of the pool with the most number of gold medals ever in olympics

1936, the team thrashed Germany 8-1 for their third consecutive gold. The star, of course, was Major Dhyan Chand.At Helsinki in1952, Khashaba Jhadav became the first Indian origin person to win an individual Olympic gold for the country by winning the bronze in the Men`s Freestyle Bantamweight.
After that, at the 1960 Rome Olympics, the ‘Flying Sikh’ Milkha Singh came agonizingly close to a medal in the 400m. He finished 4th, a decision reached only through a photo finish. At the 1984 Los Angeles Olympics, history would repeat itself as PT Usha again came agonizingly close to an Olympic medal in the 400 meters hurdles only to finish 4th, losing out the bronze by one-hundredth of a second. The games witnessed one of the strongest performances by the Indian track and field contingent as Shiny Wilson reached the semifinals of 800 metres and became the first Indian woman to reach the semi-finals of an Olympic event. Later, the Indian women`s 4x400 metre relay team compris ing P. T. Usha, Shiny Abraham, M. D. Valsamma and Vandana Rao made it to the finals. They finished last among the seven teams in the final, but set an Asian record. At Atlanta in 1996, Leander Paes won a bronze medal in Tennis, thus becoming the next Indian to win an individual medal since KD Jadhav won bronze at Helsinki more than four decades earlier. At Sydney in 2000, Karnam Malleswari won a bronze medal in weight-lifting in the Snatch and Clean and Jerk, which made her the first Indian woman to win an Olympic medal. At Athens in 2004, again only a silver medal was won by shooter Rajyavardhan Singh Rathore in Double Trap but the overall performance of the Indian contingent was inspiring.



Abhinav Bindra
the first Indian to win an individual gold medal, after winning the 10m Air Rifle event at the 2008 Beijing Olympics.

Finally, looking back at the recent past at the Beijing Olympics of 2008, India bagged a total of three medals as Abhinav Bindra won the first ever individual Olympic gold for India in the men`s 10m air rifle shooting event. Sushil Kumar won the bronze in Men`s Freestyle 66 kg event. The second bronze for India came in middleweight boxing category as Vijender Singh got the first ever Olympic medal for India in boxing.
Now with the participation of the largest contingent in the London Olympics of 2012, this is the journey, so far, of India in the modern Olympic Games, as we know it today.




Nadia Comaneci in News week cover page
The First Gymnast In Olympic History
To Score A Perfect 10 when
she was only 14-year-old

However, what is the origin of the Olympic Games itself? The first known Olympic Games were recorded in around 776 BC in Olympia, Greece. The games were then held every four years till 393 AD. They were abolished by the Christian Byzantine Emperor Theodosius I, who decreed that all such "pagan cults" be banned. The Ancient Olympic Games lasted for 1170 years. After that, the first modern Olympic Games were held in Athens in 1896. It was revived through a successful campaign started in France by a nobleman, Baron Pierre de Coubertin, late in the 19th century.




Usain Bolt wins men's 200-meter final with a world record

The Ancient Olympic Games were a series of competitions held between representatives of several city-states and kingdoms in Ancient Greece. At first the only Olympic event was a 200-yard dash, called a 'stade', which was the length of the stadium. This was the only event until 724 BC, when a two-stadia race was added. Two years later the 24-stadia event began, and in 708 the pentathlon was added and wrestling became part of the games. This pentathlon, a five-event match consisted of running, wrestling, leaping, throwing the discus, and hurling the javelin. In time boxing, a chariot race, and other events were included.The Ancient Olympic Games reached their zenith in the 6th and 5th centuries BC, but then gradually declined in importance as the Romans gained power and influence in Greece.
After the Ancient Olympic Games were banned, it was approximately 1500 years later that Baron Pierre de Coubertin began their revival. When he was young, Coubertin was a very keen sportsman. As he grew older he developed a passionate belief that sport could encourage peace throughout the world and bring people from all over the world together. Coubertin was inspired by the ancient Olympic Games and travelled around the world, spending his own money, trying to persuade people to revive them. Eventually he managed to bring together representatives of many different countries in Paris, in 1894, and the Olympic Movement was begun. At a conference, the delegates decided to have Coubertin construct an international committee to organize the Games. This committee became the International Olympic Committee (IOC).
Members of the IOC choose the next venue for the Olympic Games, which must be a city rather than a country. Any city which wishes to host the Games put their bid to the IOC. Only one city from each country can bid, and even putting forward a bid takes a huge amount of work and is very expensive.Each country has its own National Olympic Committee (NOC). The NOCs represent their countries at the Olympic Games and select their own national teams.
The Olympic sports are archery, badminton, basketball, beach volleyball, boxing, canoe / kayak, cycling, diving, equestrian, fencing, field hockey, gymnastics, handball,



Opening Ceremony


The 81-strong Indian contingent, the biggest ever, was led by wrestler Sushil Kumar, a silver medallist in the concluded 2012 London Games.

judo, modern pentathlon (shooting, fencing, swimming, show jumping, and running), mountain biking, rowing, sailing, shooting, soccer, swimming, synchronized swimming, table tennis, taekwondo, tennis, track and field, triathlon (swimming, biking, running), volleyball, water polo, weightlifting, and wrestling.

The Olympic creed is "The most important thing in the Olympic Games is not to win but to take part, just as the most important thing in life is not the triumph but the struggle. The essential thing is not to have conquered but to have fought well."

From 241 participants representing 14 nations in 1896, the Games have grown to about 10,500 competitors from 204 countries at the 2008 Olympics.

With the completion of 'The Games of the XXX Olympiad' at London, we now look forward to the 2016 Olympic Games to be held in Rio de Janeiro, Brazil.



**ശരത്നാഥ്**
സൈബർ ശ്രീ
സോഫ്റ്റ് വെയർ ട്രെയിനി



# അറിഞ്ഞിരുന്നുവോ സുഹൃത്തേ..

**വ**ർണ്ണനകൾക്കതീതമാണ്
നിന്നെക്കുറിച്ചുള്ള ഓർമ്മകൾ
അത് ഒരു നേർത്ത തലോടലായ്,
ഒരു നിശ്വാസമായ്...
സ്നേഹത്തിന്റെ സൗഹൃദത്തിന്റെ
നേർത്ത നൂലിഴയായ് എന്നിൽ പെയ്തിറങ്ങുന്നു.

പാടിപ്പറിച്ചതും പറയാതെ പോയതും
പിണങ്ങി തെളിഞ്ഞതും
ഇന്നും മനസ്സിൽ അണയാത്ത ദീപസ്തംഭം
പങ്കുവെച്ച നിമിഷങ്ങൾ
ജീവന്റെ പൊതിച്ചോറുകൾ
എല്ലാ അവസാനിക്കാത്ത
സ്നേഹത്തിന്റെ അഗ്രം കാണുന്നുയ
ഇന്നിന്റെ പുലരികൾ
സൗഹൃദത്തിന് പുതിയ ഭരണഘടന
തയ്യാറാക്കുന്നു

ഭാഗം ഒന്നിൽ
ലാഭക്കൊതിയുടെ എൻഡോസൾഫാൻ

ഭാഗം രണ്ടിൽ
ജാതിയുടെ ചാണകവെള്ളം

ഭാഗം മൂന്നിൽ
വിശ്വാസിയോ അവിശ്വാസിയോ

ഭാഗം നാലിൽ
ബ്യൂട്ടി പാർലർ

ഭാഗം അഞ്ചിൽ
ലഹരിയോടുള്ള സമീപനം

ഭാഗം ആറിൽ
നീലിച്ച ചിന്തകൾ
ഇതിൽ കൂട്ടിച്ചേർക്കൽ ആവാം...
ഒഴിവാക്കാൻ വകുപ്പില്ല...

# CEANLET
## Release




**സീ**ൻലെറ്റിന്റെ 2011ലെ ഓണം വിശേഷാൽ പതിപ്പിന്റെ പ്രകാശനം മുൻ മന്ത്രി ശ്രീ. എം. വിജയകുമാർ സി-ഡിറ്റ് ഡയറക്ടർക്ക് ആദ്യപ്രതി നൽകി നിർവ്വഹിച്ചു.  സി-ഡിറ്റിന്റെ 2011 ലെ ഓണാഘോഷപരിപാടികളോടനുബന്ധിച്ച് പ്രത്യേകം തയ്യാറാക്കിയ പവിലിയനിൽ നടത്തപ്പെട്ട പ്രകാശനകർമ്മം വേറിട്ട അനുഭവമായി.  ചടങ്ങിൽ പ്രസിഡന്റ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു.

വിവരസാങ്കേതിക, കമ്മ്യൂണിക്കേഷൻ രംഗത്ത് സംസ്ഥാനത്തിനു പുതിയ ദിശാബോധം നൽകിയ സി-ഡിറ്റിലെ ജീവനക്കാരുടെ സംഘടന ഇത്തരം പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നതിൽ കാണിക്കുന്ന താൽപര്യം മാതൃകാപരമാണെന്നു പ്രകാശന കർമ്മം നിർവ്വഹിച്ചശേഷം നടത്തിയ പ്രസംഗത്തിൽ ശ്രീ. എം. വിജയകുമാർ പറഞ്ഞു. സി.ഇ.എ സെക്രട്ടറി ശ്രീ. ബി.സതീശൻ സ്വാഗതവും വൈസ് പ്രസിഡന്റ് ശ്രീ. സജി നാരായണൻ നന്ദിയും പറഞ്ഞു.








# സി–ഡിറ്റിനെ രക്ഷിക്കുക

**സി**-ഡിറ്റ് പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. യു.ഡി.എഫ്. ഭരണകാലങ്ങളിൽ സ്ഥാപനത്തെ രാഷ്ട്രീയ വൈര്യത്തോടെ ഭരണകാരികൾ വീക്ഷിക്കുകയും ശത്രുതാപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നത് തുടർകഥയായി മാറുകയാണ്. സംസ്ഥാന സർക്കാരിന്റെ സുപ്രധാന പദ്ധതികളിൽ പലതും ഏറ്റെടുത്ത് സേവന രംഗത്ത് നൽക്കുന്ന സി-ഡിറ്റിനെ രാഷ്ട്രീയ പകപോക്ക ലിന്റെ ഭാഗമായി തകർക്കാനാണ് ഇന്നത്തെ മാനേജ്മെന്റും സർക്കാരും ശ്രമിച്ചുവരുന്നത്. ഇതിനായുള്ള തുടക്ക നടപടിയെന്ന നിലയിലാണ് സ്ഥാപനത്തിലെ നിയമനവും ട്രാൻസ്ഫറും ഉൾപ്പടെ ഭരണപരമായ എല്ലാ ചുമതലയും ഭരണ കക്ഷി യൂണിയൻ സെക്രട്ടറിയിൽ നിക്ഷിപ്തമാക്കിയത്. ഇതിന്റെ ഫലമായി രജിസ്ട്രാർക്കും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കും സി-ഡിറ്റ് ഭരണത്തിൽ യാതൊരുവിധ പങ്കുമില്ലാതെ നോക്കുകുത്തികളായി മാറി. സാങ്കേതിക രംഗത്തും ഭരണ രംഗത്തും ഒരു ബന്ധവുമില്ലാത്ത ഡയറക്ടറുടെ ഭരണപരമായ ബലഹീനതയെ മുതലെടുത്ത് യൂണിയൻ സെക്രട്ടറി സ്ഥാപനം ഭരിക്കുന്ന സ്ഥിതിയാണ് സി-ഡിറ്റിലുള്ളത്.

വ്യക്തിപരവും രാഷ്ട്രീയപരവുമായ വൈരാഗ്യബുദ്ധിയാൽ ചെയ്യപ്പെട്ട പ്രസ്തുത ഭരണപരമായ അട്ടിമറിയുടെ ഫലമായി നിലവിലുള്ള നിരവധി പദ്ധതികൾ തുടർന്ന് നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ഇതിലൂടെ സി-ഡിറ്റിന്റെ വരുമാനം പൂർണ്ണമായും നിലക്കുന്ന സ്ഥിതിവന്നിരിക്കുന്നു. നിലവിലുള്ള പദ്ധതികളും ലഭിക്കാൻ പോകുന്ന പദ്ധതികളും സ്വകാര്യ കമ്പനികൾക്കും വ്യക്തികൾക്കും മറിച്ചു കൊടുത്ത് കോടികളുടെ തട്ടിപ്പ് നടത്തുക എന്നതാണ് മുഖ്യ അജണ്ട.

ഭരണകക്ഷി യൂണിയൻ നേതാക്കൾ സ്ഥാപനത്തിലില്ലാതിരുന്ന വർഷങ്ങൾ ഉണ്ടായിരുന്നു എന്ന് സങ്കല്പിച്ച് എണ്ണമറ്റ ഇൻക്രിമെന്റും പ്രമോഷനും മറ്റു ആനുകൂല്യവും മുൻകാല പ്രാബ്യലത്തോടെ നൽകാൻ ഉത്തരവുകൾ ദിനവും ഇറക്കുന്നു. രാഷ്ട്രീയ വിടുപണി ചെയ്യുന്ന ഗതികെട്ട ഭരണം സി-ഡിറ്റിന്റെ ചരിത്രത്തിൽ ഇതാദ്യം.

സി-ഡിറ്റിനെ തകർക്കാൻ നിലവിലുള്ള എല്ലാ സംവിധാനങ്ങളെയും അട്ടിമറിക്കുകയും ചെയ്യപ്പെടുന്നതിനെതിരെ സി-ഡിറ്റിനെ രക്ഷിക്കുക (സേവ് സി-ഡിറ്റ്) എന്ന മുദ്രാവാക്യമുയർത്തി ജീവനക്കാരെയും പൊതുജനങ്ങളെയും സംഘടിപ്പിച്ച് പ്രക്ഷോഭം തുടങ്ങുന്ന ഇതിന്റെ ഭാഗമായി മെയ് 24-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് ഹെഡ് ഓഫീസിന് മുന്നിൽ ജീവനക്കാർ പ്രതിഷേധ ധർണ്ണ നടത്തി. കൂട്ടധർണ്ണ സി.ഐ.ടി.യു ജില്ലാ സെക്രട്ടറി സ: എസ്. എസ്.പോറ്റി ഉത്ഘാടനം ചെയ്തു. കെ.എസ്.എഫ്.ഡി.സി. യൂണിയൻ സെക്രട്ടറി സ: അജിത്, സ:സജിനാരായണൻ, സ:ബി. സതീശൻ എന്നിവർ സംസാരിച്ചു




SAVE C-DIT





രജീഷ് ആർ. ആർ.

# മാനത്തെ സഞ്ചാരം



**മീ**ന എന്നും പറക്കുന്നതായി സ്വപ്നം കാണുമായിരുന്നു. ഒരു ദിവസം അവൾ സ്കൂൾവിട്ട് വരികയായിരുന്നു. വഴിയിൽ ഒരു ജോഡി ചിറകുള്ള ഷൂസ് കണ്ടു. അവൾ അതിനെ ഓടിച്ചെന്നെടുത്തണിഞ്ഞു. ഉടനവൾ ആകാശത്തേക്ക് പറക്കാൻ തുടങ്ങി. പക്ഷികളെപ്പോലെ പറന്ന് രസിച്ച് പറക്കുന്നത് കണ്ട് നാട്ടുകാരും, അയൽക്കാരും അതിശയപ്പെട്ടു. പറന്ന് പറന്ന് വീട്ടിലെത്തിയ അവൾ അച്ഛനേയും, അമ്മയേയും വിളിച്ച് തന്റെ മാന്ത്രിക ഷൂസിനെപ്പറ്റി പറഞ്ഞുകേൾപ്പിച്ചു. ഇത് കേട്ട മാതാപിതാക്കൾ അതിശയിച്ചുനിന്നു
പോയി. രാവിലെ എണീറ്റ് അവൾ സ്കൂളിലേക്ക് പറന്നുപോയി. വഴിവക്കിലുള്ളവരെല്ലാം ഈ കാഴ്ചകണ്ട് അതിശയിച്ചു. സ്കൂൾവളപ്പിൽ പറന്ന് വരുന്നത് കണ്ട് കുട്ടികളും, ടീച്ചർമാരും അത്ഭുതത്തോടു കൂടി നോക്കി അസൂയപ്പെട്ടു. ഇവൾ ഒറ്റയ്ക്ക് പറക്കുന്നത് കണ്ട് കൂട്ടകാർക്ക് അസൂയതോന്നി. എല്ലാപേരും ഇവളിൽ നിന്ന് അകന്നു. കൂട്ടുകാരില്ലാതെ അവൾ ഒറ്റപ്പെട്ടു. ദുഃഖിതയായ മീന തന്റെ കൂട്ടുകാർക്ക് ഇടാൻ കൊടുത്തു. കൂട്ടുകാർ ഷൂസിന്റെ അടിഭാഗം കീറുന്നത് കണ്ട് നെഞ്ചത്തടിച്ചു കരഞ്ഞു. അവളെ കൂട്ടുക്കാർ ആശ്വസിപ്പിച്ചു. അവൾ ഒന്ന് മനസ്സിലാക്കി. ആ ഷ്യൂസ് കാരണം എനിക്ക് എന്റെ പ്രിയ കൂട്ടുകാർ നഷ്ടപ്പെട്ടു. ഇപ്പോൾ അത് തിരിച്ചുകിട്ടി. അവൾ സന്തോഷപൂർവ്വം കൂട്ടുകാർക്കൊപ്പം വീട്ടിലേക്ക് മടങ്ങി. □





ഇതീഷ് ആർ. ആർ



# സൗന്ദര്യവും മഹത്വവും

വടക്കുവടക്കൊരു കാട്ടിൽ വസന്തം വന്ന സമയം. ചെടികളൊക്കെ പൂവണിഞ്ഞു. പൂക്കളായ പൂക്കളൊക്കെ ചിരിച്ചു മറിഞ്ഞു. കൂട്ടത്തിൽ ഏറ്റവും സുന്ദരിയായ ഒരു പനിനീർച്ചെടി ഞെളിഞ്ഞുനിന്നു. ചുറ്റും കണ്ണോടിച്ചു കൊണ്ട് അവൾ ഇങ്ങനെ പറഞ്ഞു. 'ഹേ! ഈ കാട്ടിൽ ഏറ്റവും ഭംഗിയുള്ള ആൾ ഞാൻ തന്നെ!'

ഈ സമയം ചുറ്റും നിന്ന ചെടികൾ കാറ്റത്ത് തലയാട്ടിക്കൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ട് പനിനീർച്ചെടി കരുതി: 'അതാ ഞാൻ പറഞ്ഞത് എല്ലാവരും തലയാട്ടി സമ്മതിക്കുന്നു'!

അപ്പോഴാണ് കുറച്ചുപ്പുറത്തായി ഒരു കള്ളിമുൾ ചെടി നിൽക്കുന്നത് അവൾ കണ്ടത്. കള്ളിമുൾ ചെടിയുടെ തടിച്ചുന്തിയ ശരീരവും അതിലുള്ള മുള്ളുകളും ഒക്കെ കണ്ടപ്പോൾ പനിനീർ ച്ചെടിക്ക് വല്ലാത്ത പുച്ഛം തോന്നി. 'ഹും സുന്ദരിയായ എന്റെയടുത്തു വന്ന് മുളയ്ക്കാൻ നിനക്ക് എങ്ങനെ ധൈര്യം വന്നു'? അവൾ കള്ളിമുൾ ചെടിയോട് ദേഷ്യപ്പെട്ടു.

അതു കേട്ട് ഒരു മരം പറഞ്ഞു: മറ്റുള്ളവരെ കളിയാക്കരുത് പനിനീർപ്പെണ്ണേ! മുള്ളകളുള്ളത് അവൾക്കു മാത്രമല്ലല്ലോ, നിന്റെ ദേഹത്തും മുള്ളുകളില്ലേ? നിനക്ക് സുഗന്ധമുള്ള പുഷ്പങ്ങൾ ഉള്ളതു പോലെ അവൾക്കു എന്തെങ്കിലും ഗുണം നല്കിയിട്ടുണ്ടാകും!


അപ്പോൾ പനിനീർച്ചെടി മുഖം വീർപ്പിച്ച് ഇങ്ങനെ പറഞ്ഞു: ഹും എനിക്ക് മുള്ളുകൾ തന്നിരിക്കുന്നത് എന്റെ ഭംഗിയുള്ള പുഷ്പങ്ങൾ പറിക്കാൻ വരുന്നവരെ കുത്താനാ! ഇവളുടെ മുള്ളുകളോ?

മരം ഒന്നും മിണ്ടിയില്ലി. പനിനീർച്ചെടിയാകട്ടെ കള്ളിമുൾച്ചെടിയുടെ അടുത്തു നിന്ന് ദൂരേക്ക് നീങ്ങി. പക്ഷേ അവൾക്കുണ്ടോ വേരുകളിളക്കി നീങ്ങാനായില്ല. പനിനീർച്ചെടി കള്ളിമുൾച്ചെടിയെ കളിയാക്കിക്കൊണ്ടിരിന്നു.

കാലം മാറി വസന്തവും വർഷവും ശിശിരവും കഴിഞ്ഞ് വേനലെത്തി. കാട്ടിലെ ചെടികളെല്ലാം കൊടിയ വെയിലത്ത് ഉണങ്ങാൻ തുടങ്ങി. പനിനീർച്ചെടിയിലെ ഇലകളെല്ലാം കരിയാൻ തുടങ്ങി. പൂക്കളെല്ലാം കൊഴിഞ്ഞു. ഒരിറ്റു ദാഹജലം തേടി അവളുടെ വേരുകൾ മണ്ണിനടിയിൽ അലഞ്ഞു നടന്നു. അപ്പോഴാണ് അവൾ കണ്ടത്, തൊട്ടപ്പുറത്ത് കള്ളിമുൾച്ചെടിയുടെ ദേഹതതു നിന്ന് കുരുവികൾ എന്തോ വലിച്ചു കുടിക്കുന്നു. അതു മറ്റൊന്നുമല്ലായിരുന്നു കള്ളിമുൾച്ചെടിയുടെ ദേഹത്തു സംഭരിച്ചുവച്ചിരുന്ന വെള്ളം കുടിക്കുകയാണ് അവ. ഹോ ഒരിറ്റു ജലം തനിക്കും കിട്ടിയിരുന്നെങ്കിൽ! പനിനീർ ച്ചെടി മോഹിച്ചു. പനിനീർ ച്ചെടിയുടെ മനസ്സിലിരിപ്പ് അറിഞ്ഞ മരം അവളോട് പറഞ്ഞു: കുരുവികളുടെ കൊക്കുകൊണ്ട് ദേഹത്ത് മുറിവേറ്റിട്ടും കള്ളിമുൾച്ചെടി അവയ്ക്ക് വെള്ളം കൊടുക്കുന്നത് നീ കണ്ടില്ലേ? സ്വന്തം സൗന്ദര്യത്തിൽ അഹങ്കരിച്ചിരുന്ന നീയോ? ഗതികെട്ട് ഇപ്പോൾ അവളുടെ കനിവിനു വേണ്ടി കൊതിക്കുന്നു. മരത്തിന്റെ വാക്കുകൾ കേട്ട പനിനീർച്ചെടി നാണിച്ചു തലതാഴ്ത്തി നിന്നു.

മരം പറഞ്ഞതെല്ലാം കള്ളിമുൾച്ചെടി കേൾക്കുന്നുണ്ടായിരുന്നു. കുരുവികളുടെ കൊക്കിൽ അവൾ കുറച്ചു ജലം പനിനീർച്ചെടിക്കു കൊടുത്തുവിട്ടു. കൊക്കിൽ പകർത്തി കൊണ്ടുവന്ന ജലം പനിനിർച്ചെടിയുടെ വേരുകളിലേക്ക് ഇറ്റിച്ചപ്പോൾ അവൾ കള്ളിമുൾച്ചെടിയോട് നന്ദി പറഞ്ഞു. ഒരാളുടെ രൂപത്തിലല്ല പ്രവൃത്തിയിലാണ് മറ്റുള്ളവരുടെ കഴിവിനെ നാം മനസ്സിലാക്കേണ്ടത് എന്ന് പനിനീർച്ചെടിക്ക് ബോധ്യമായി രൂപത്തിന്റെ പേരിൽ ആരെയും പരിഹസിക്കില്ലെന്ന് അവൾ അപ്പോൾ തന്നെ പ്രതിജ്ഞയെടുക്കുകയും ചെയ്തു.

□



Sukumaran Nair, an alumnus of Film and Television Institute of India, has directed films like Aparahnam,Kazhakam,Shayanam and Drushtantham. He believes that the structure and language of books and films are quite different and as a result, it is better to adapt the stories as per the requirement of the medium.

# An open chat with M.P. Sukumaran Nair

By DSDC Students of batch 2011-12

സമൂഹത്തിൽ ഏറ്റവുംമധികം സ്വാധീനം ചെലുത്താനും പുരോഗമനപരമായ പ്രയോഗത്തിലൂടെ സമൂഹത്തെ ഏറെ ചലന ാത്മകമാക്കാനും ശേഷിയുള്ള ശക്തമായ മാധ്യമമാണ് സിനിമ. സങ്കീർണ്ണമായ സാങ്കേതിക വിദ്യയുടെ സൃഷ്ടിയായ സിനിമ ലൂമിയർ സഹോദരന്മാരുടെ കാലത്ത് നിന്ന് വർത്തമാനകാലം വരെയെത്തിയത് ഏറെ വെല്ലുവിളികൾ ഏറ്റെടുത്തും അതിനെ അതിജീവിച്ചുമാണ്. “മൂലധനത്തിന്റെ കലയായ സിനിമയെ എന്നും നി യന്ത്രിച്ചിരുന്നത് സമ്പന്നവർഗ്ഗവും”.

ഇവിടെ ഇതിൽ നിന്നെല്ലാം വ്യത്യസ്തനായി ഒരു സംവിധായക പ്രതിഭ ജീവിച്ചിരിക്കുന്നു. കോട്ടയം ജില്ല... റബ്ബർമരങ്ങളുടെയും സമ്പന്നവർഗ്ഗങ്ങളുടെയും മീനച്ചിലാറിന്റെയും നാട്... അവിടെ മൂഴിക്കുളങ്ങര എന്ന ഗ്രാമം... തൊട്ടടുത്ത ഏറ്റുമാനൂർ പട്ടണത്തിനരികെ യാഥാസ്തിക നായർ തറവാട്. ഏറ്റവും ഇളയ മകനായി വളർന്ന ശ്രീ. എം.പി. സുകുമാരൻ നായർ എന്ന അതുല്യ പ്രതിഭ താണ്ടി യെത്തിയ ജീവിതവഴിത്താരയിൽ കഷ്ടതകൾ ഏറെയുണ്ടായിട്ടും പഠനമികവിന്റെ വിജയമുദ്ര തെളിയിച്ചാണ് സിനിമയുടെ അകക്കാമ്പ് തേടി പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പടവുകൾ ഇറങ്ങിയത്. നീണ്ട പത്ത് വർഷത്തെ കത്തിരിപ്പിന് ശേഷം തന്റെ മാത്രമായ സിനിമകൾ ആ കൈയ്യൊപ്പോടെ വെള്ളിത്തിരയിലെത്തിയപ്പോൾ അവാർഡുകളും അംഗീകാര പ്രശംസകളുമായി കാത്തിരുന്നത് ഇവിടെ 33/4 കോടി മലയാളികൾ മാത്രമല്ല ഇന്ത്യയിലെമ്പാടുമായി പ്രദർശനങ്ങളും കടലേഴും കടന്ന് വൻകരകളിലേയ്ക്കും ഉയർന്ന് കലാമൂല്യത്തിന്റെ ഉത്തുംഗതയിലേക്ക് വളർന്നിട്ടും തന്റേതുമായ നിലപാടുകളിലും ഉറച്ച വിശ്വാസത്തിലുമൂന്നി ഇവിടെ തിരുവനന്ത പുരം നഗരത്തിന് 8 കിലോമീറ്റർ മാറി പരുത്തിപ്പാറയ്ക്ക് സമീപം പാണൻവിള - തിലക് നഗറിൽ ആരാധകരുടേയും ചാനൽ, ക്യാമറ കണ്ണുകളുടെയും ശ്രദ്ധയിൽ നിന്നൊഴിഞ്ഞ് തന്നിലെ പ്രതിഭാതുല്യമായ അറിവ് സി-ഡിറ്റിലെ വിദ്യാർത്ഥികൾക്ക് പകർന്നുനൽകി ഗുരുപദം നേടി പുരുഷാ യുസ്സിൽ ചെയ്യാൻ ബാക്കിയാകുന്നില്ല ഈ മഹാമനുഷ്യൻ...

ശ്രീ. എം.പി. സുകുമാരൻ നായർ സാറുമായി
PGDSDC/PG DTNJ ലെ വിദ്യാർത്ഥികൾ നടത്തിയ
സംഭാഷണങ്ങൾക്കിടയിലൂടെ ഒരു സഞ്ചാരം


the open chat team / **salesh, abhilash, suchithra, nainu, chinju, arjun, sivakumar, paul, lijin & ansar**

**? *കോളേജ് പഠനകാലമാണോ സിനിമയിലേയ്ക്കുള്ള വഴികാട്ടിയാകുന്നത്?***

തീർച്ചയായും, കാരണം ഞാൻ ജനിച്ചുവളർന്നത് തികച്ചും യാഥാസ്തിക കുടുംബത്തിലായിരുന്നു. മാത്രമല്ല സിനിമയെന്നൊക്കെ പറയുന്നത് കേട്ടുകേൾവി മാത്രമായിരുന്നു കുട്ടിക്കാലത്ത്. കോളേജിന്റെ അന്തരീക്ഷത്തിൽ കൂട്ടുകാരുമൊന്നിച്ച് ക്ലാസ് കട്ട് ചെയ്ത് പോയിതുടങ്ങിയതും. അത് വെള്ളിയാഴ്ചകളിൽ പതിവാക്കിയതും നല്ല സിനിമകൾ ഏതെന്നും കാണുവാനും മനസ്സിലാക്കുവാനും സാധിച്ചത്. മിക്കവാറും കുഞ്ചാക്കോയുടെ സിനിമയാണ് അധികവും അക്കാലങ്ങളിൽ കണ്ടിരുന്നത്. എന്നാണ് എന്റെ ഓർമ്മ.

**? *കോളേജ് ക്യാമ്പസിനുള്ളിലെ സിനിമാചർച്ചകൾ എങ്ങനെയായിരുന്നു?***

ഇന്നും ഞാൻ സംസാരിക്കുന്നത് അതിനെക്കുറിച്ച് തന്നെ. ക്യാമ്പസിനുള്ളിൽ സിനിമ എന്നത് സജ്ജീവതയായി നിലനിന്നിരുന്ന കാലം, എങ്കിലും രണ്ട് തരം ആൾക്കാർ ഇന്നത്തെപ്പോലെ അന്നും ഉണ്ടായിരുന്നു. പ്രധാനമായും കാലഘട്ടത്തിനനുസരിച്ച് സിനിമയെ കണ്ടവരും വളരെ സീരിയസായി വായന, സംവാദം എന്നിവയിലൂടെ സിനിമയെ അറിഞ്ഞവരും. മാത്രമല്ല ഞാൻ പഠിക്കുന്ന കാലഘട്ടമാണ് കെ.എസ്.വൈ.എഫ്. ൽ നിന്ന് എസ്.എഫ്.ഐ. എന്ന സ്വതന്ത്ര്യ വിദ്യാർത്ഥി സംഘടന ക്യാമ്പസിനുള്ളിലേയ്ക്കെത്തുന്നതും സർഗാത്മകമായ സംവാദങ്ങളും ഗൗരവമേറിയ വായനയും ക്യാമ്പസുകളെ കീഴടക്കിയതും.

**? *"കോളേജ് വിദ്യാഭ്യാസവും സിനിമയും ഒരുമിച്ചാണ് എന്നല്ലേ" ആ കാലഘട്ടത്തെകുറിച്ച് സാറിന്റെ ഓർമ്മ?***

അങ്ങനെ ഒരുമിച്ച് എന്നതല്ല, മറിച്ച് ഇന്നത്തെപ്പോലെ വിനോദങ്ങൾക്ക് എന്തുണ്ടായിരുന്നു അക്കാലത്ത് എന്ന് ചിന്തിക്കുമ്പോഴാണ് ഏറ്റവും വലിയ വിനോദാപാധിയായി സിനിമയെ ഞാൻ നോക്കികാണുന്നത്.

**? *നാട്ടിലെ ഫിലിം സൊസൈറ്റികളുടെ പ്രവർത്തനത്തെ കുറിച്ച്...?***

കോട്ടയം കേന്ദ്രീകരിച്ച് അക്കാലത്ത് അതായത് എന്റെ വിദ്യാഭ്യാസ കാലഘട്ടത്ത് പ്രവർത്തനങ്ങൾ കുറവായിരുന്നു എന്ന് പറയാം. പക്ഷെ, ജി. അരവിന്ദൻ കോട്ടയത്ത് റബ്ബർ ബോർഡിൽ ജോലി ചെയ്തിരുന്ന സമയത്ത് അദ്ദേഹത്തിന്റെ ചില സുഹൃത്തുക്കളുമായി ചേർന്ന് തുടങ്ങിയ ഫിലിംസൊസൈറ്റിയാണ് ഡിഗ്രി വിദ്യാർത്ഥിയായിരുന്ന എനി യ്ക്ക് ഗൗരവമേറിയ സിനിമകൾ കാണാൻ അവസരം ഉണ്ടാക്കിയിരുന്നത്. ധാരാളം സൗഹൃദ കൂട്ടായ്മകളും അന്ന് ഉണ്ടായിരുന്നു. പിന്നെ 1965 ൽ തിരുവനന്ത പുരം കേന്ദ്രീകരിച്ച് ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ ചിത്രലേഖ എന്ന ഫിലിം സൊസൈറ്റിയുടെ പ്രവർത്തനം കേട്ടിരുന്നു. മിക്കവാറും ചില സെന്ററുകൾ കേന്ദ്രീകരിച്ചുമാത്രമായിരുന്നു അതിന്റെ പ്രവർത്തനവും. അതുമാത്രമല്ല സിനിമ സംബന്ധിയായ ആധികാരിക പുസ്തങ്ങൾ തീരെ കുറവും.

**? *ഒരു ജോലി നേടണം എന്നായിരുന്നോ അതോ സിനിമ മാത്രമായിരുന്നോ മനസ്സിൽ?***

ജോലിഎന്നത് എന്റെ സ്വപ്നമേ ആയിരുന്നില്ല. മറിച്ച് പൂനയിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് മാത്രമായിരുന്നു മനസ്സിൽ. അവിടെ പറ്റിയില്ലെങ്കിൽ മദ്രാസ്സിലേക്ക് വണ്ടികയറുക, അവിടാരുടെയെങ്കിലും അസിസ്റ്റന്റ് ആകുക ഇതൊക്കെയായിരുന്നു ലക്ഷ്യം. ഞാൻ ഇപ്പോഴും നിങ്ങളോടു പറയുന്നു 'സിനിമ ചെയ്യണം' എന്ന ഉദ്ദേശ്യമായിരുന്നില്ല. മറിച്ച് 'സിനിമ എന്താണെന്ന് പഠിക്കുക' എന്നതായിരുന്നു ലക്ഷ്യം

**? *ഡിഗ്രിക്കും പൂനയ്ക്കും ഇടയ്ക്ക് എവിടെയായിരുന്നു?***


ഞാൻ കോളേജ് കഴിഞ്ഞുടൻ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് പോയില്ല... ഇടയ്ക്ക് എന്റെ ജ്യേഷ്ഠൻ ബോംബെയിൽ ജോലി ചെയ്തിരുന്നിടത്ത് ഒരു മർച്ചന്റ് നേവി ട്രെയിനിംഗ് സ്കൂളിൽ അദ്ധ്യാപകനായി കുറച്ച് കാലം. ഇവിടെ നിന്നാണ് പൂനയിലേക്ക് എത്തിയത്.

**? *ഡിഗ്രിക്കും പൂനയ്ക്കും ഇടയ്ക്ക് എവിടെയായിരുന്നു?***

ഞാൻ കോളേജ് കഴിഞ്ഞുടൻ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പോയില്ല... ഇടയ്ക്ക് എന്റെ ജ്യേഷ്ഠൻ ബോംബെയിൽ ജോലി ചെയ്തിരുന്നിടത്ത് ഒരു മർച്ചന്റ് നേവി ട്രെയിനിംഗ് സ്കൂളിൽ അദ്ധ്യാപകനായി കുറച്ച് കാലം. ഇവിടെ നിന്നാണ് പൂനയിലേക്ക് എത്തിയത്.

An open chat with
**M P Sukumaran Nair**





**? പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവിതം?**

എനിക്ക് 1976 ലാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം ലഭിക്കുന്നത്. പക്ഷെ അതിന് ഒരു വർഷം മുൻപ് തന്നെ ആദ്യമായി അവിടെ ഫിലിം അപ്രീസിയേഷൻ കോഴ്സിൽ പങ്കെടുത്തിരുന്നതിനാലും ബോംബെയിൽ ജോലിയുള്ളതിനാൽ എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് മുതൽ ഞായറാഴ്ചവരെ അവിടെ എത്തി സിനിമകൾ കാണുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിചെയ്തിരുന്ന നാട്ടുകാരനായ സുഹൃത്തിന്റെ സഹായംകൊണ്ട് കഴിഞ്ഞിരുന്നു. അതുകൊണ്ട് തന്നെ നന്നായി പൊരുത്തപ്പെടാനും ഒരധ്യാപകന്റെ പരിഗണനയുമെല്ലാം ലഭിച്ചിരുന്നു.

**? ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം ജീവിതത്തെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട്?**

തീർച്ചയായും സ്വാധീനിച്ചിട്ടുണ്ട്. കാരണം പൂന അന്ന് പലരുടേയും സ്വപ്നമാണ്. അവിടെ എത്തുക എന്നത് ഭാഗ്യമായി കരുതുന്ന കാലഘട്ടവും. ഒരു വലിയ ലോകംതന്നെയായിരുന്നു ഇൻസ്റ്റിറ്റ്യൂട്ട്. ഞാൻ പഠിച്ചിരുന്ന കാലത്തെ ഇൻസ്റ്റിറ്റ്യൂട്ട് പ്രത്യേകിച്ച് മറക്കാനാകാത്തതും. അക്കാലങ്ങളിൽ എല്ലാ ദിവസവും രാവിലെ 6.30 മുതൽ സ്ക്രീനിംഗ്, ഫീച്ചർ ഫിലിമുകൾ തുടർച്ചയായി ഉണ്ടാകാറുണ്ട്. രാത്രി 12 നോട് അടുത്ത് സൗത്ത് ഇന്ത്യൻ ഭാഷകളിലെ സെൻസർക്ലിപ്പുകൾ എഡിറ്റ് ചെയ്തൊരു ഷോ ഇങ്ങനെ 24 മണിക്കൂറും എന്തിനും സ്വതന്ത്ര്യമുള്ള സജ്ജീവമായ ക്യാമ്പസ്. സർവ്വസജ്ജീകരണമുള്ള ലൈബ്രറി, ചർച്ചകൾ, സംവാദങ്ങൾ തുടങ്ങിയവ വേറെ. അക്കാലത്ത് അനുപംഖേർ, ഓംപുരി, നസ്സറുദ്ദീൻഷാ, സെയ്ദ് മിർസ്സ, ഷബാന ആസ്മി തുടങ്ങിയ പ്രതിഭകൾ ക്യാമ്പസിന്റെ വർണ്ണ ശബളമായ സാന്നിദ്ധ്യമായി മാറിയ കാലം. എന്റെ ചിത്രത്തിലാണ് അനുപംഖേർ ആദ്യമായി അഭിനയിക്കുന്നതും. ഇത്തരത്തിൽ ധാരാളം സിനിമകൾ കണ്ട് സംവാദങ്ങളിലൂടെ മുന്നേറിയ ആ വർഷങ്ങൾ വളരെ ഫ്രീയായിരുന്ന ക്യാമ്പസാണ് എപ്പോഴും ഓർമ്മയിൽ വരുന്നത്. ''പരീക്ഷക്കിടയിൽ ഒരു ചായകുടിക്കാനോ ഒന്നു പുകയ്ക്കാനോ പുറത്ത് പോകാൻ അനുവാദമുള്ള ഇന്ത്യയിലെ എന്നല്ല ലോകത്തിലെ തന്നെ വ്യത്യസ്തമായ ഒരേഒരു ക്യാമ്പസ്.

**? പഠനം കഴിഞ്ഞു പുറത്തിറങ്ങിയുടൻ സിനിമ ചെയ്ത് തുടങ്ങിയോ?**

ഈ പഠനം എന്നത് ഞാൻ ആദ്യമേ പറഞ്ഞല്ലോ രണ്ടാണെന്ന്. മാത്രമല്ല നമ്മൾ മലയാളികൾക്ക് 'ഹിന്ദി' അത്രവശമില്ലല്ലോ. അതു കൊണ്ട് കൂടെ പഠിച്ച ഉത്തരേന്ത്യക്കാർ മിക്കവാറും ബോംബെ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുതുടങ്ങും. വളരെ ഗ്ലാമറസ്സായ ഒരു ക്യാമ്പസ്സിൽ നിന്ന് പുറത്തിറങ്ങുമ്പോൾ പ്രതീക്ഷിക്കുന്ന അനുഭവമല്ല ഉണ്ടാകുന്നത്. എന്ന് മാത്രമല്ല നമ്മളാഗ്രഹിക്കുന്ന സിനിമയല്ലേ. ഉണ്ടാക്കാനാകു. അതിന് 10 കൊല്ലം വേണ്ടിവന്നു എന്റെ ആദ്യ സിനിമ പുറത്തിറക്കാൻ.

**? ഇതിനിടയിലുള്ള പത്ത് വർഷക്കാലം?**

മാറിനിന്നില്ല, 30 ഓളം ഡോക്യുമെന്ററികളും മറ്റുമായി വിവിധ ഭാഷകളിൽ ചെയ്ത് വരുമ്പോഴാണ് സിനിമ പിറക്കുന്നത്.

**? ചലച്ചിത്രമേഖലയിലെ പുത്തൻ പ്രവണതകളെ എങ്ങനെ കാണുന്നു?**

കാലത്തെ അതിജീവിക്കാൻ കഴിയുന്നതാണല്ലോ ഏത് കലയുടെയും പ്രസക്തി. അതു



കൊണ്ട് തന്നെ പുത്തൻ പ്രവണത എന്നത് ഞാൻ നോക്കി കാണുന്നത് സാങ്കേതികതയിൽ മാറ്റംവന്നു എന്ന് മാത്രമാണ്. ഫിലിമിൽ നിന്ന് മാറി വീഡിയോയിലേയ്ക്ക് എത്തി എന്നതും. ഇതല്ലാതെയൊരു പ്രവണത എനിക്ക് പുതുതായി കാണാൻ കഴിഞ്ഞിട്ടില്ല. പ്രേക്ഷകരെ പിടിച്ചിരുത്തുകയാണല്ലോ ഏതൊരു സംവിധായകന്റെയു1ം ലക്ഷ്യം. അതിനുവേണ്ടിയുള്ള ചിലമാറ്റങ്ങൾ അതുപോലെ ചാനൽ ഭാഷാ സംസ്ക്കാരം സിനിമയിലേക്ക് എത്തിയിട്ടുമുണ്ട്.

**? *സ്വന്തം സിനിമകളെപ്പറ്റി?***

അതിനുത്തരം ഞാനല്ലല്ലോ പറയേണ്ടത്? അത് കാണുന്നവരിൽ നിന്നുണ്ടാവേണ്ടതല്ലേ? നമ്മോട് ചേരുന്നതും, നമുക്ക് പറയാനും ആകുന്നതാകണം നമ്മുടെ സിനിമ. എന്റെ സിനിമയിൽ സ്ത്രീപുരുഷബന്ധങ്ങളെക്കുറിച്ചാണ് കൂടുതലും സംവാദിക്കുന്നത് മാത്രമല്ല എനിയ്ക്കിഷ്ടമാകുന്നത് മാത്രമേ സിനിമയാക്കൂ മറ്റാരുടേയും നിർദ്ദേശമോ അഭിപ്രായമോ കേൾക്കാറില്ല.

**? *സ്വന്തമായി അഞ്ച് സിനിമകൾ നിർമ്മിച്ച് സംവിധാനം ചെയ്തിരിക്കുന്നു അതേപ്പറ്റി?***

നമുക്കിഷ്ടപ്പെടുന്ന സിനിമ ചെയ്യാൻ നമുക്കല്ലേ പറ്റൂ മാത്രമല്ല എന്റെ സിനിമകൾക്ക് സാമ്പത്തിക നഷ്ടമുണ്ടാകാത്തതുകൊണ്ടാണ് ഒന്നിൽ നിന്ന് അഞ്ചിലേയ്ക്ക് എത്തിയതും. സാമ്പത്തിക ഭാരം ഉണ്ടായിട്ടില്ല. എന്നുള്ളത് പ്രധാന കാര്യമാണ്.

**? *ആറാമതൊരു ചിത്രത്തെ കുറിച്ച്...?***

ആറോ, ഏഴോ ഉണ്ടാകുന്നതിൽ കാര്യമില്ല എന്തെന്നാൽ നമ്മൾ ജീവിക്കുന്ന സാഹചര്യങ്ങളിലും കൂടിയാണ് സിനിമ പിറക്കുന്നത്.

**? *ചോദ്യം: സിനിമയെ കച്ചവടമായി കാണുന്നതാരാണ്?***

സിനിമയെ കച്ചവടമല്ലാതെ കാണേണ്ടകാര്യമെന്താണ്? സിനിമ ആരംഭിച്ചത് തന്നെ കച്ചവടമായാണ്. 'ഫാക്ടറിയിൽ നിന്നിറങ്ങിവരുന്നവരെ കാണാൻ അന്ന് ആളുകൾ ക്യൂ നിൽക്കുകയായിരുന്നില്ല? കച്ചവടം എവിടംവരെ എന്നാണ് എന്റെ ഒരു കാഴ്ചപ്പാട്.

**? *സിനിമയല്ലാതെ മറ്റ് മേഖലകൾ?***

ഡോക്യുമെന്ററികൾ, വായന, പരമാവധി കുടുംബവുമായി ഒരുമിച്ച് അങ്ങനെ...

**? *കുടുംബം?***

ഭാര്യ, ഒരു മകൻ അയാൾ ബി.ടെക് കഴിഞ്ഞ് ടെക്നോപാർക്കിൽ ജോലി ചെയ്യുന്നു...

ശ്രീ. എം.പി. സുകുമാരൻ നായർ സാർ വളരെ വിസ്മയിപ്പിക്കുന്ന ഒരേടായാണ് ഞങ്ങൾ വിലയിരുത്തുന്നത്... സംവിധാനം ചെയ്ത അഞ്ച് മലയാളചിത്രങ്ങളും അതി പ്രശംസനീയവും, കുലീനത്വവും അറിവും തന്റെ ആയുധമാക്കി ചരിത്ര സഞ്ചാരത്തിലേയ്ക്ക് നീളുന്ന അദ്രപാളിയിലെ ഈ മനുഷ്യന് വിശേഷങ്ങൾ ആവിശ്യമില്ലാത്തത് തന്നെ. ■



cinema

# മരണത്തിൽ നിന്നു മടക്കയാത്ര




**നീ**ലാകാശം പശ്ചാത്തലമായ ചിത്രപോലെ തോന്നിപ്പിക്കുന്ന സ്ഥലത്തെത്തുന്ന ജീവന് ന്യൂക്ലിയർപവർപ്ലാന്റിലേക്കുള്ള വഴി മധ്യേ എത്തിപ്പെട്ട ഏതോ അജ്ഞാതതീരം. കരിമ്പനകൾ അതിർത്തിയാകുന്ന പാതകൾ നീളുന്നതു അപരിചിതമായ തീരത്തേക്ക് പാതി വരച്ചൊരു ചിത്രം പോലെ സന്ധ്യ, അരുൺ, ലക്ഷ്മിയേടത്തി... ജീവന്റെ ജീവിതത്തിലേക്കു വിരുന്നെത്തുന്നവർ. ജീവിതത്തിന്റേയും മരണത്തിന്റെയും സ്വപ്നവും യാഥാർത്ഥ്യം ഇഴചേരുന്ന ഏതോ മുനമ്പിൽ നി ന്നൊരു കഥ പറയുന്നു ദ മാച്ച് ബോക്സ്. നവാഗതനായ കാർത്തിക സംവിധാനം ചെയ്ത ഷോർട്ട് ഫിലിം മാച്ച് ബോക്സ്, മരണത്തിൽ നിന്നു ചിന്തകളുടെ മടക്കയാത്രയാകുന്നു. ഏതോ അപകടത്തെരുവിൽ വച്ചു മരണം കാർന്നെടുത്ത മോഹങ്ങളുടെ അജ്ഞാതമായ പ്രേരണ യാലുള്ള പിൻസഞ്ചാരം. പതിവു ഷോർട് ഫിലിം സങ്കൽപ്പങ്ങളെ അതിജീവിച്ച് ലളിതമായി കഥ പറയുന്ന മാച്ച് ബോക്സ് എന്നതും ശ്രദ്ധേയം.

ക്യാമറ 300 ഡിഗ്രി കറങ്ങി തിരിഞ്ഞെത്തുമ്പോൾ പൂർണമാകുന്ന കാഴ്ചയാണു മാച്ച് ബോക്സ്. വളരെ ലളിതമായ ആഖ്യാനരീതി തന്നെയാണു മാച്ച് ബോക്സിന്റെ പ്രത്യേകത. പ്രധാന കഥാപാത്രമായ ജീവന് അവസാനമായി കേൾക്കുന്ന മധുമതിയിലെ ഗാനവും അവസാനമായി കാണുന്ന കാഴ്ചയിലെ കഥാപാത്രങ്ങളും വീണ്ടും സംഗമിക്കുന്നു. പ്രകൃതിരമണീയമായ ഒരു ഏകാന്തതീരം വളരെ മനോഹരമായി ഫ്രെയ്മുകളിൽ ഒതുക്കിയിരിക്കുന്നു. ഒരു പക്ഷേ ജീവന്റെ മനസിനെ എന്നും കൊതിപ്പിച്ച ഭൂപ്രദേശമായിരിക്കാം. നാലു വർഷം മുമ്പു മനസിൽ നാമ്പെടുത്ത വിഷയം പിന്നീടു ഷോർട്ട് കഥാപാത്രങ്ങളും വീണ്ടും സംഗമിക്കുന്നു. പ്രകൃതിരമണീയമായ ഒരു ഏകാന്തതീരം വളരെ മനോഹരമായി ഫ്രെയ്മുകളിൽ ഒതുക്കിയിരിക്കുന്നു. ഒരു പക്ഷേ ജീവന്റെ മനസിനെ എന്നും കൊതിപ്പിച്ച ഭൂപ്രദേശമായിരിക്കാം. നാലു വർഷം മുമ്പു മനസിൽ നാമ്പെടുത്ത വിഷയം പിന്നീടു ഷോർട്ട് ഫിലിമാവുകയായിരുന്നെന്നു തിരക്കഥാകൃത്തായ സപ്നേഷ് വരച്ചാലും സംവിധായകന് കാർത്തിക്കും പറയുന്നു. ഗോവയിലേക്കുള്ള ഫിലിം ഫെസ്റ്റിവൽ യാത്രാമധ്യേയാണ് ഇത്തരമൊരു ആശയം ഉടലെടുത്തത്, പുനലൂർ, തെങ്കാശി, തിരുവനന്തപുരം എന്നിവടങ്ങളിലായിരുന്നു ലൊക്കേഷൻ, സി-ഡിറ്റിലെ അനിമേറ്ററായ കാർത്തിക് നിരവധി ഡോക്യുമെന്ററികളിലും ഷോർട്ട് ഫിലിമുകളിലും പ്രവർത്തിച്ചിട്ടുണ്ട്.



അതിഭാവുകത്വത്തിലേക്കും അവിശ്വസനീയതയിലേക്കും വഴുതി പോകാവുന്ന വിഷയമായിട്ടും കൈയടക്കത്തോടെ കൈകാര്യം ചെയ്തിരിക്കുന്നു തിരക്കഥാകൃത്തുകളായ സപ്നേഷും കാർത്തിക്കും. പ്രശാന്ത് കൃഷ്ണയാണു ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത്. ചിത്രത്തിന്റെ മനോ ഹരമായ ദൃശ്യഭാഷയോടു ചേർന്നു നി ൽക്കുന്നു ബാലഭാസ്ക്കറിന്റെ സംഗീതം. സിബി മലയിൽ സംവിധാനം ചെയ്ത അപൂ ർവ്വരാഗം എന്ന ചിത്രത്തിന്റെ തിരക്കഥാകൃത്തായ നജിം കോയയാണു പ്രധാന കഥാപാത്രമായ ജീവനു ജീവനേകുന്നത്. സന്ധ്യ എന്ന കഥാപാത്രമാകുന്നതു ടി.വി അവതാരകയായ അമ്മു. ■






# സ്വാതന്ത്ര്യദിനാഘോഷം 2012

രാഷ്ട്രത്തിന്റെ 65-ാം സ്വാതന്ത്രദിനാഘോഷം സി-ഡിറ്റിൽ നടത്തപ്പെട്ടു. 2012 ആഗസ്റ്റ് 15ന് രാവിലെ സി-ഡിറ്റ് മെയിൻ ഓഫീസ് അങ്കണത്തിൽ ഡയറക്ടർ ഡോ. ബാബുഗോപാലകൃഷ്ണൻ ദേശീയ പതാക ഉയർത്തി അഭിവാദ്യം ചെയ്തു. ചടങ്ങിൽ രജിസ്ട്രാർ ശ്രീ. എസ്.എ. ഷാജഹാൻ, ജോയിന്റ് ഡയറക്ടർ ശ്രീ. പി.വി. ഉണ്ണികൃഷ്ണൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി സജിനി എസ് തുടങ്ങിയവർ സംബന്ധിച്ചു.







Kelvin Business Forms (P) Ltd.
TM
COMPUTER PAPER
Total Solution for Computer forms....
KERALA'S NO.1 COMPUTER PAPER UNIT
Visit Our Shop at
PALAYAM
avail discounts
MULTI COLOUR PRE-PRINTED COMPUTER FORMS
BLANK FORMS AS PER REQUIREMENTS
STICKER LABELS
LAZER FORMS
COMPUTER ROLLS
PAPER ROLLS
SECURITY FORMS
VAT BILLS
BANKING INSTRUMENTS
Regd. Office T.C. 14/2134, Meads Lane, Palayam, Thiruvananthapuram - 34
Tel: 2322477, 2324709, 6570709, Fax: 0471-2336535
e-mail: kelvinforms@sancharnet.in, Visit us at: www.kelvinforms.com



S.ANANTHU KRISHNAN

# Young and the restless

The seats are empty at the theatres featuring movies with a little discussion and thought at the end these days. Why? Because they believe in having a good time rather than having their minds get confused or as they call it "bored" for once. I have a different opinion on this as I believe the art of serious film making can change one's attitude towards life. The truth doesn't always come with a sugar coating, and facing the truth or contradicting does make one a better person.
The youngsters of today believe in the commercial success of a movie more than the upbringing of an art form to life. Want proof?? Visit any movie theatre near you playing a movie like Ivan Megharoopan or Aakashathinte Niram!!
I am also a fan of commercial cinema as I value good entertainment, but cinema is a bigger and better medium that can be used to reach a larger audience for better reasons.
For the next generation to come up with a good sense of opinion there must be some one to inform and educate them through a bad film and a good one.
I believe here's where the critics come to play. If there were some good critics in Molly wood who the youngsters could look up to, that could be a solution to the problem. A youngster has no source of information about the latest releases or any good guide as to who they can rely upon. A Rajeev Masand or an Anupama Chopra takes care of Bollywood and Hollywood for the youngsters, but what about a teenager in our midst. Molly wood cries out for an idol to come up!!! Don't you agree??

## Ivan Megharoopan

Take for instance, Ivan Megharoopan. The movie is basically and entirely about the character of the protagonist (Prakash Bare) in the film. K.P Madhavan Nair is a stereotypical character who leads an unconventional life – a life of a poet.
The poet leads a life of detachment, the passion that exists in him makes him lead the life of a womanizer even though is brought up in around an aristocratic



He sees his life experience gained from his non conventional way of life more valuable than any relationships formed on the way.
He believes in momentary pleasures as it brings the poet joy and more creative passion to his work.
The movie shows how that kind of life affects the people around him and even himself at times.
P Balachandran takes the movie to intellectual heights as he fills his character with knowledge and uses poetry to make the audience stay interested. The actors executed their jobs perfectly, and Prakash Bare and Padmapriya make an impact on the screen along with rest of the crew.
The cinema attracts the eyes of the audience as there is a lot of Indian culture and heritage shown in a non tiresome way even though there are predictable scenes.
Though 'Ivan Megharoopan' is a good piece of work, it ends on a very moralistic note, which looks a bit odd for at least some in the audience.
The end quotes the Bhagavad-Gita, opposing the non conventional way of life led by the poet. The anti climax shows the demise of such a character in an awfully sympathetic way rather than accepting the fact such a life existed. P. Balachandran's flick wraps up as a very predictable one.
The lyrics, music and choreography call for special mention.
As a youngster, I do have my own opinion and views on the new generation films as I have with the movies aiming for a little higher. Here's what I thought of a movie very different from the above.




## Thattathin Marayathu

Thattathin Marayathu is all about you. Vineeth Srinivasan's latest flick is about fighting conservative ideas and expressing strong and emotional relationships.
The movie communicates the message of creating a chance for the youth to build a new bright future filled with love and no boundaries for that love! The enchanting visuals that flow through Thattathin Marayathu bring unto you an amazing magical feel.
Aisha (Isha Talwar) says yes to the love struck kid who follows her without any knowledge of him whatsoever. So, it comes across as a purely strong case of fantasy! I frankly did fall for this kind of blind love – something that comes about as a refreshing change.
Well, love is a bit magical as all you lovers out there would know. Thattathin Marayathu contains a lovely sense of humor too and nice conceptual thoughts by Vineeth Sreenivasan that are matched with the heart warming musical choreography by Shaan Rahman. The perfect genre of a romantic comedy makes you laugh and bring love back to our souls yet again. It would be safe to say that the missing ingredient finds you and it's not the other way around!!
The real drama begins when a boy and a girl living in a conservative society go for an inter-faith marriage and starts living together. The movie communicates well about many a problem at large, and also experiments with the socio political scenario around narrating incidents that affect the psycho political aspects.
In effect, the flick sends the viewers home with a smile on their faces. But yet, we as a generation would have to realize that this is not just a movie and that cinema can be a real life play if the cards are played right!
Every holy book terms love as a medium of life and it is better than a life of hate for sure!!
Vineeth Sreenivasan, kudos for the achievement of connecting with younger minds and for a small step you have taken to bring about a big change. ■

Photo Story



# Onam Celebrations





സി-ഡിറ്റിന്റെ 2011 ലെ ഓണാഘോഷപരിപാടികൾ സമുചിതമായി നടത്തുന്നതിൽ സി.ഇ.എ അംഗങ്ങൾ പ്രധാനപങ്കുവഹിച്ചു. ടീം അടിസ്ഥാനത്തിൽ നടത്തപ്പെട്ട പൂക്കളമൽസരം ഏറെ ആവേശകരമായിരുന്നു. വെളുപ്പിനു മുതൽ ടീം അംഗങ്ങളായ ജീവനക്കാർ വ്യത്യസ്തങ്ങളായ പൂക്കൾ ശേഖരിക്കുവാനും പുതുമയുള്ള ഡിസൈനുകൾ തയ്യാറാക്കുന്നതിനുമായി ഇറങ്ങിയ കാഴ്ച രസകരമായിരുന്നു. പൂക്കളമൽസരത്തിനുശേഷം നടത്തപ്പെട്ട നാരങ്ങ സ്പൂൺ ഓട്ടം, തലയണ അടി, കസേര കളി, സുന്ദരിക്ക് പൊട്ട്, വടംവലി തുടങ്ങിയ മൽസരങ്ങൾ ആവേശം വാനംമുട്ടെ ഉയർത്തി. ഉച്ചക്ക് തൂശനിലയിൽ വിളമ്പിയ ഓണസദ്യയ്ക്കുശേഷം നടത്തപ്പെട്ട ഗാനമേളയിൽ ജീവനക്കാർ ആടിയും പാടിയും നൃത്തച്ചുവടുവച്ചും പങ്കെടുത്തു.








CyberSri



















# Onam

## Celebrations


Photo Story

## Staff Tour

May 1,2012




GIBY P ABRAHAM




# ഒരു പാപനാശം യാത്രയുടെ ഓർമ്മക്കുറിപ്പ്

**2012** മെയ് 1. ലോക തൊഴിലാളി ദിനം. കുറച്ചു വർഷങ്ങളായി സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷന്റെ സ്റ്റാഫ് ടൂർ ദിനം. 'രാവിലെ 6.00ന് ഗോർക്കി ഭവനിൽ നിന്നും പുറപ്പെടും.. കൃത്യ സമയത്തു എത്തണം പോലും'. ഉം... ...മ്മടെ സതീശൻ മാഷിന്റെ തിട്ടൂരം നമ്മൾ എത്ര കണ്ടതാ... 6 മണിക്ക് കിടക്കപ്പായ വിട്ടെഴുന്നേൽക്കുന്നവർവരെ എത്തണ്ടേ? ദോഷം പറയരു




3.30 PM
BANATHEERTHAM



തല്ലോ? 6 മണിക്ക് ഗോർക്കി ഭവനിൽ ആരുടെയും പൊടിപോലും കണ്ടണില്ല. അങ്ങനെ വന്നവർ വന്നവർ വരാത്തവരെ ഫോണിൽ ബന്ധപ്പെടാൻ തുടങ്ങി. ശാസ്തമംഗലത്തു റോഡ് ബ്ലോക്ക്, ശ്രീകാര്യത്ത് കൊടുങ്കാറ്റ് തുടങ്ങി ആണവകരാർ ഒപ്പിടുന്നതുവരെയുള്ള മുടന്തൻ ന്യായങ്ങൾ Late Birds പറഞ്ഞത്രേ. അങ്ങനെ 7.30 മണി യോടെ സി-ഡിറ്റിന്റെ രണ്ടു ബസ്സുകളിലായി ടൂർ ദാഹികൾ ഗോർക്കി ഭവൻ വിട്ടു. ആട്ടുകാൽ എത്തിയപ്പോൾ വണ്ടി പെ





CHECKPOST




light refreshment






ട്ടെന്നു നിന്നു. കാത്തു നിന്ന ബൈജു ഏത്തക്കുലയും രസകദളിപ്പഴക്കുലയും ബസ്സിന്റെ നടുവിൽ കെട്ടിയിട്ടു. അതൊരു ആചാരമാണത്രെ. ഡീസലില്ലേലും വണ്ടിയോടും. പഴക്കുലയില്ലെങ്കിൽ കളി മാറും. പാട്ടും ബഹളവുമൊക്കെയായി വണ്ടികൾ പാലോട് വഴി കുളത്തുപ്പുഴ എത്തി. അവിടെ അമ്പല നടയിൽ പ്രഭാത ഭക്ഷണം. പൊതിഞ്ഞുകൊണ്ടുപോയ തമ്പാനൂർ ഇഡലിയും വടയും മെരുങ്ങുന്നില്ലായെന്ന പരാതിയുള്ളവർ മറ്റൊരു വിനോദയാത്രാ സംഘത്തിന്റെ ഭക്ഷണ ക്യൂവിൽ നിൽക്കുന്നതും കണ്ടു. പാവങ്ങൾ... സോഫ്റ്റ് വെയർ ആയാലും വിശപ്പിന്റെ വിളി ഹാർഡ് 'വയറി'നല്ലേ അറിയൂ. പിന്നീട് ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ ഒരു കാത്തു കിടപ്പ്. തക്കം കിട്ടിയപ്പോൾ ചിലർ പച്ച മാങ്ങയും മുളകുപൊടിയും വാങ്ങി വിഴുങ്ങി. ഓസിനു കിട്ടിയാൽ ആസിഡും വിഴുങ്ങുന്ന ഇനങ്ങൾ. അങ്ങനെ വീണ്ടും വണ്ടി നീങ്ങി ചെങ്കോട്ട, കുറ്റാലം വഴി പാപനാശത്ത്. പാപികളെല്ലാം കൂടി എത്തിയതിനാലാവണം വെള്ളം തീരെ കുറവ്. 'ഞങ്ങൾ കഴിഞ്ഞ ആഴ്ച വന്നപ്പോൾ ഇഷ്ടം പോലെ വെള്ളം ഉണ്ടായിരുന്നു'വെന്ന് പറഞ്ഞ ആസ്ഥാന വഴികാട്ടികളായ പ്രശാന്തിനെയും പ്രദീപിനെയും

STAFF TOUR'12
C-DIT
May 1,2012

പിന്നെ മഷി ഇട്ടു നോക്കിയിട്ടും കാണാനില്ല. അവർ മുങ്ങിയത് നന്നായി... അല്ലേൽ പലരും പാപികളായി മാറിയേനേ... കാരണം ഉലകം ചുറ്റും വാലിബന്മാരായ അവരാണല്ലോ ബൈക്കിലെത്തി ഈ സ്ഥലം കണ്ടുപിടിച്ചത്. ഒടുവിൽ വിവരമുള്ള അനിലും കുമാറും കൂടി അരയറ്റം വെള്ളമുള്ള കിടങ്ങുകൾ കണ്ടുപിടിച്ചതുകൊണ്ട് പൊരിവെയിലിൽ ഒരു സമൂഹ സ്നാനം... അതും തമിഴ് സ്റ്റൈലിൽ (മുകേഷ് ക്ഷമിക്കുക). നാളിതുവരെ ബക്കറ്റിലെ വെള്ളത്തിൽ മാത്രം കുളിച്ചു ശീലിച്ച ചില സോഫ്റ്റ് വെയറുകൾ കാണിച്ച പരാക്രമം മനസ്സിൽ




MUNDANTHURAI

the old iron bridge which leads to karayar from papanasam



KARAYAR


off the boat in style...







# Route map from Trivandrum to Papanasam and return






ENROUTE PAPANASAM

നിന്നും പോകുന്നില്ല. അപ്പോഴേ ഒരു കാര്യം ഉറപ്പിച്ചു; അടുത്ത വർഷം ടൂർ രാജസ്ഥാൻ മരുഭുമിയിലേക്കു മതി. കുളികഴിഞ്ഞവർ ക്ഷീണം തീർക്കാനായി ഉച്ചയൂണു വിഴുങ്ങി. ചോറ്, ചപ്പാത്തി, പൂരി, കപ്പ, ബിരിയാണി എന്നുവേണ്ട ഷവർമ ഒഴിച്ചുള്ളതെല്ലാം വീട്ടിൽ തയ്യാറാക്കികൊണ്ടുവന്ന വനിതാ സഹപ്രവർത്തകർക്കു നമോവാകം. എല്ലാം ഉഗ്രൻ ടേസ്റ്റ്. ഉച്ച

Staff Tour

# ഒരു പാപനാശം യാത്രയുടെ ഓർമ്മക്കുറിപ്പ്





a small dip

PAPANASAM



BOATING AT KARAYAR DAM







TO THE LAST LEG OF THE JOURNEY / BANATHEERTHAM





യൂണു കഴിഞ്ഞു ക്ഷീണം പിടിച്ചവരെയും കൊണ്ടു വണ്ടി പിന്നെയും പാഞ്ഞു. കാരയാർ ഡാം കരയിൽ വണ്ടി നിർത്തി. കാരയാർ ഡാമിൽ നിന്നും രണ്ട് കി.മീ. വനത്തിനുള്ളിലൂടെ നടന്നു Boat landing station ൽ എത്തണം. അവിടെനിന്നാണ് ബാണതീർത്ഥത്തിലേക്കു ബോട്ട് യാത്ര. വനമധ്യത്തിലുടെയുള്ള യാത്രയിൽ ക്രൂരമൃഗങ്ങൾ വന്നേക്കുമോ എന്ന ആശങ്കയോടെ നടന്നു നീങ്ങുമ്പോൾ ഒരു മുരൾച്ച എല്ലാവരും കേട്ടു... മ്മടെ ദീപ പറഞ്ഞു 'ദേ എല്ലാവരും നിൽക്ക്... ഒരു സിംഹത്തിന്റെ ഗർജനം കേൾക്കുന്നില്ലേ' ഉം... ശരിയാണ്. എല്ലാവരും കാതോർത്തു... പരസ് പരം നോക്കി. ഒന്ന് നിന്നശേഷം സർവ്വ ധൈര്യവും പേറി എല്ലാവരും മുമ്പോട്ടു നീങ്ങി. നടക്കുന്തോറും ഗർജനശബ്ദം അടുത്തടുത്തു വരുന്നു. ഒടുവിൽ 'ലഡു'പൊട്ടി. സർവ്വീസ് നടത്തുന്ന ബോട്ടിന്റെ ശബ്ദമാണ് ദീപയെ പേടിപ്പിച്ചത്. പാവം ഇപ്പോൾതിരിച്ചറിവു പോലുമില്ലാതായി.


photo shoot / PAPANASAM LOWER


BANATHEERTHAM WATERFALLS











Diesel Engine ഘടിപ്പിച്ച സിംഹവും... പറയാൻ പറ്റില്ല 24 മണിക്കൂറും ഇരുന്ന് ഗർജ്ജിക്കാൻ ആർക്കാണ് നേരം...? കാട്ടിലും റീസ്ട്രക്ചറിംഗ് തുടങ്ങിയോ ആവോ?

ബാണതീർത്ഥത്തിലേക്കു ഒരു ജലയാത്ര. സർക്കാർ ബോട്ടിൽ ഓട്ടയുള്ള സേഫ്റ്റി ജാക്കറ്റും ധരിച്ചുള്ള ആ യാത്ര മറക്കാനാവില്ല. ബാണതീർത്ഥമെന്നാൽ തമിഴ്നാട്ടിലെ ഏറ്റവും മനോഹരമായ വെള്ളച്ചാട്ടം. നമ്മുടെ കുറ്റാലം മാറിനിൽക്കും. 60 അടി ഉയരത്തിൽ നിന്നും








തിമിർത്തു പതിക്കുന്ന വെള്ളച്ചാട്ടത്തിൽ കുളി ഒരു അനുഭൂതി തന്നെ. ഇതിനു ധൈര്യമുള്ളവർ മാത്രം മലകൾ താണ്ടി അങ്ങോട്ടു നീങ്ങി. അല്ലാത്തവർ സതീശൻ മാഷിന്റെ നേതൃത്വത്തിൽ താഴ്‌വാരത്തു കുളിക്കാനായി പോയി. പാവങ്ങൾ... ജീവിച്ചുപോവട്ടെ.

സന്ധ്യമയങ്ങിയതോടെ ബാണതീർത്ഥമിറങ്ങി കാരയാർ ഡാമിലെ അവസാന ബോട്ടിൽ കരയെത്തി 2 കീ.മി. വനത്തിലൂടെ നടന്ന് വണ്ടിയിലെത്തി. ഈ യാത്രയിൽ ചിലർ കുരങ്ങൻമാരോട് 'ചാറ്റ്' ചെയ്യുന്നതും കാണാമായിരുന്നു. വീണ്ടും വണ്ടിയിലേക്ക്. മടക്കയാത്രയിൽ














STAFF tour 12
C-DIT
May 1,2012










ബസ്സിൽ ദംഷറാഡ് പൊടി പൊടിക്കുന്നു. അനീസിനു കിട്ടിയത് 'ചാണക്യൻ' വേഷം. അഭിനയിച്ചുപൊലിപ്പിക്കാൻ തന്നെ ഇക്കാക്ക ഉറച്ചു. പക്ഷെ അഭിനയം വരുന്നില്ല. ഒടുവിൽ ഗതികെട്ടു 'പശു ചാണകം ഇടുന്നതു' കാണിച്ചു ചരിത്രത്തിലേക്കു വഴി നടന്നു. 'Software ആപ്ലിക്കേഷനി ൽ ഒരു Hardware output...' തീർന്നില്ല ...മ്മടെ സതീശനു കിട്ടിയത് 'ജംബുലിംഗം'. എന്തൊക്കെയോ കാണിച്ചുവത്രേ. പരാക്രമം മൂത്തു അവിവേകം കാണിക്കുമോ എന്ന് എല്ലാവർക്കും ആശങ്ക. സംഗതിയുടെ ഗൗരവം മനസ്സിലാക്കി അമ്പയർ ഉടൻ ഫൈനൽ വിസിലൂതി, പ്രഖ്യാപിച്ചു. 'സതീശനും, അനീസും ടൂറിലെ ചുണക്കുട്ടികൾ'. അങ്ങനെ സി-ഡിറ്റിന്റെ മാനം രക്ഷപ്പെട്ടു.





വണ്ടി നെയ്യാറ്റിൻകര വിട്ടപ്പോൾ എല്ലാതിരക്കുകൾക്കും അവധി കൊടുത്ത് എല്ലാം മറന്നുള്ള വിനോദ യാത്രയ്ക്കായി ഇനി ഒരു വർഷം കൂടി കാത്തിരിക്കണമല്ലോ എന്ന ചിന്ത എല്ലാവരെയും പിടികൂടിയില്ലെ എന്നു സംശയം. മറ്റൊരു മെയ്ദിനത്തെ വരവേൽക്കാമെന്ന പ്രതീക്ഷയോടെ കൊണ്ടും കൊടുത്തും അന്താക്ഷരി കളിച്ചും ദംഷറാഡ് കളിപ്പിച്ചും കൊണ്ടുള്ള യാത്ര ഗോർക്കി ഭവനിൽ എത്തിയപ്പോൾ സമയം പാതിരാവോട് അടുത്തിരുന്നു.



**the end**
of the trip. ■

# സ്മരണ...



**സുകുമാർ അഴിക്കോട്**

ആറ് പതിറ്റാണ്ടിലേറെ മലയാളികളുടെ ചിന്തയിൽ വെളിച്ചം പകർന്ന അഴിക്കോട് മാഷ് 2012 ജനുവരി 24 ന് നിര്യാതനായി. എഴുത്തുകാരൻ, വിമർശകൻ, പ്രഭാഷകൻ, അധ്യാപകൻ, പത്രപ്രവൃത്തകൻ, വിദ്യാഭ്യാസചിന്തകൻ, ഗാന്ധിയൻ, ഗവേഷകൻ തുടങ്ങിയ ഒട്ടേറെ തലങ്ങളി ഔന്നത്യം പുലർത്തി ആശാന്റെ സീതാകാവും, രാമയണവും മലയാള കവിതയും തത്വമസി തുടങ്ങിയ പ്രധാനകൃതികൾ വയലാർ അവാർഡ്, കേരള സാഹിത്യ അക്കാഡമി അവാർഡ്, എഴുത്തച്ഛൻ പുസ്കാരം തുടങ്ങിയ ഒട്ടേറെ പുരസ്കാരങ്ങൾ മാഷിനു ലഭിച്ചു.



**സി.കെ ചന്ദ്രപ്പൻ**

പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവും മികച്ച പാർലമെന്റേറിയനും സംഘാടകനും സി.പി.ഐ സംസ്ഥാന സെക്രട്ടറിയും ആയിരുന്ന സ: സി.കെ ചന്ദ്രപ്പൻ 2012 മാർച്ച് 22 ന് അന്തരിച്ചു. നിരവധിയുവജനസ്മരണങ്ങൾക്ക് നേതൃത്വം നൽകുകയും തീഹാർജയിൽ അടക്കം നിരവധി ജയിലുകളിൽ തടവിൽ കിടന്നിട്ടുണ്ട്.



**ക്യാപ്റ്റൻ ലക്ഷ്മി**

സ്വാതന്ത്ര്യസമര പോരാട്ടിലെ ധീരസാന്നിധ്യവും ഇന്ത്യൻ നാഷ്ണൽ ആർമിയുടെ (ഐ.എൻ.എ) പ്രവൃത്തകയും സർവ്വോപരി ഇടതുപക്ഷ ചിന്താഗതിക്കാരിയും ആയിരുന്ന ക്യാപ്റ്റൻ ലക്ഷ്മി 2012 ജൂലൈയ് 23 ന് നമ്മെ വിട്ടുപോയി.

# സ്മരണ...



**മെഹ്‌റ്റി ഹസൻ**

അതിരുകൾ മായ്ച്ച സ്വരരാഗം മെഹ്‌റ്റി ഹസൻ 2012 ജൂൺ 13 ന് അന്തരിച്ചു. ഗഡൽ ലോകത്തെ മാസമരിക സാന്നിധ്യമായിരുന്നു. മെഹ്‌റ്റി അറുപതുകളിലും എഴുപതുകളാലും ഗസലിൽ തന്റെ തായതരംഗം തീർക്കാൻ ഈ പ്രതിഭയ്ക്ക് കഴിഞ്ഞു.



**ദേവ്ആനന്ദ്**

ബോളിവുഡ് ചലച്ചിത്രരംഗത്തെ പ്രമുഖ നടൻ ദേവ് ആനന്ദ് 2011 ഡിസംബർ 6 ന് ലണ്ടനിൽ ഹൃദയാഘാതത്തെ തുടർന്ന് നിര്യായതകനായി നടൻ, സംവിധായകൻ, നിർമ്മാതാവ് എന്നീനിലകളിൽ ശ്രദ്ധേയനായിരുന്നു.



**ഭൂവൻ ഹസാരിക**

പ്രശസ്ത സംഗീതജ്ഞനും കവിയും സിനിമസംവിധായകനും നടനുമായ ഭൂവൻ ഹസാരിക 2011 നവംബർ 5-ാം തീയതി ശ്വാസകോശസബന്ധമായ അസുഖത്തെ തുടർന്ന് അന്തരീച്ചു. അദ്ദേഹം ആലപിച്ച "ദിൽ ഹും ഹും കരേ" എക്കാലത്തെയും ജനപ്രിയ ഗാനങ്ങളിൽ ഒന്നാണ്.1977 ൽ പത്മശ്രീ പുസ്കാരം നൽകി രാഷ്ട്രം ആദരിച്ചു.



**രാജേഷ് ഖന്ന**

ബോളിവുഡ് ചലച്ചിത്രലോകത്തെ പ്രമുഖനടൻ രാജേഷ് ഖന്ന 2012 ജൂലൈ 18 ന് അന്തരിച്ചു. അമർപ്രേം, നയേകദം, ആരാധന, ആനന്ദ് തുടങ്ങിയ 163 ഓളം ചിത്രങ്ങളിൽ അഭിനയിച്ചു.




**ജോൺസൺമാഷ്**

തേൻ തുളുമ്പുന്ന ഒട്ടേറെ ഈണങ്ങൾ മലയാളിക്ക് സമ്മാനിച്ച പ്രിയജോൺസൺ മാഷ് 2011 ഓഗസ്റ്റ് 18-ാം തീയതി നിത്യാതനായി. നമുക്ക് പാർക്കാൻ മുന്തിരി തോപ്പുകൾ, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം, വടക്ക് നോക്കി യന്ത്രം, ഞാൻ ഗന്ധർവ്വൻ, കിരീടം, ചമയം തുടങ്ങിയ ഹിറ്റ്ചിത്രങ്ങൾ ഓർക്കുന്നത് മാഷിന്റെ മധുരിതമായ ഈണങ്ങൾ കൊണ്ട് കൂടിയാണ്. ദേശീയചലച്ചിത്രപുരസ്കാരങ്ങളടക്കം നിരവധി പുരസ്കാരങ്ങൾക്ക് മാഷ് അർഹനായി.



**വയലാർ വാസുദേവനപിള്ള**

കേരളത്തിലെ പ്രമുഖ നാടകപ്രവൃത്തകൻ വയലാർ വാസുദേവൻ പിള്ള 2011 ഓഗസ്റ്റ് 29 ന് നിര്യാതനായി. പാശ്ചാത്യ നാടക സങ്കൽപങ്ങളെ മലയാളിക്കു പരിചയപ്പെടുത്തുന്നതിൽ വയലാർ നിർണ്ണായക പങ്ക് വഹിച്ചു. ഒമ്പത് തവണ സംസ്ഥാന പുരസ്കാരം മൂന്ന് തവണ ദേശീയ പുരസ്കാരം തുടങ്ങിയ നിരവധി പുരസ്കാരങ്ങൾക്ക് അർഹനായി അവസാന നാളുകളിൽ തൃശൂർ സ്കൂൾ ഓഫ് ഡയറക്ടർ ആയിരുന്നു.




**എം.കെ. പാന്ഥെ**

ഇന്ത്യയിലെ പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവും ഡി.ഐ.റ്റിയുവിന്റെ ദേശീയ പ്രസിഡന്റുമായിരുന്ന പാന്ഥെ 2011 ഒഗസ്റ്റ് 20ന് അന്തരിച്ചു. ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിന്റെ മുൻനിരനേതാക്കളിൽ ഒരായിരുന്ന പാന്ഥെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് മാർക്പിസ്റ്റിന്റെ പോളിറ്റ് ബ്യൂറോ അംഗവുമായിരുന്നു.



**കാക്കനാടൻ**

പരമ്പരാഗത മൂല്യസങ്കൽപങ്ങളെ നിരാകരിച്ച് ആധുനികതയുടെ പുതിയ ഇടങ്ങൾ മലയാളിലേക്ക് കൊണ്ടു വന്ന പ്രിയ സാഹിത്യകാരൻ കാക്കനാടൻ 2011 ഒക്ടോബർ 19 ന് നിര്യാതനായി അഞ്ജതയുടെ താഴ്വരം, ഒറോതവസൂരി, പറങ്കിമല, അടിയറവ്, ചിതലുകൾ തുടങ്ങിയവ പ്രധാനകൃതികൾ



**മുല്ലനേഴി**

കവിയും, ഗാനരചിതാവും, അഭിനേതാവുമായ മുല്ലനേഴി 2011 ഒക്ടോബർ 22-ാം തീയതി അന്തരിച്ചു. 1995 ലെയും 2010 ലെയും കേരള സാഹിത്യ അക്കാഡമി അവാർഡുകൾ അടക്കം നിരവധിപുരസ്കാരങ്ങൾക്ക് മുല്ലനേഴി അർഹനായി. അടുക്കളിയിൽ നിന്ന് അരങ്ങത്തേക്ക്, ചാവേർ പടതുടങ്ങിയ നാടകങ്ങളിൽ ശ്രദ്ധേയ ഗവേഷണർ ചെയ്തു.


സ്മരണ...

# ഓർമ്മയിൽ എന്നും...

ജീവിതവഴിയിൽ നമ്മെ വിട്ടുപോയ
സഹപ്രവർത്തകരായ
സ : ശശി,
സ: ഗണേശൻ,
സ : ജിഷി
എന്നിവരുടെ സമ്മരണയ്ക്കായ്......



# ചാമരൻ



## ⊙ ബുദ്ധിക്ക് കാറ്റടിക്കൽ ചികിത്സ കേമമായി...

ചരിത്ര പ്രസിദ്ധമായ സി-ഡിറ്റിന്റെ പൂവാർ "Brain Storming" ചികിത്സ പല വിദേശികൾക്കും മാതൃകയായത്രെ.

ഭരണമാറ്റം മൂലം നിശ്ചലമായി പോകുന്ന ജീവികളുടെ ബുദ്ധി ചലിപ്പിക്കുന്നതിനുള്ള പ്രത്യക ചികിത്സയാണ് ഇത്. കടൽ കാറ്റ് നേരിട്ട് ലഭിക്കും വിധം സജ്ജമാക്കിയിട്ടുള്ള സ്റ്റാർ സംവിധാനത്തിൽ ഏതെങ്കിലും കൊള്ളാവുന്ന കോർപ്പറേറ്റ് ബോറന്മാരെ കൊണ്ട് ബുദ്ധിയെ പ്രകോപിക്കും - പിന്നെ മെച്ചപ്പെട്ട ഭക്ഷണം നൽകിയശേഷം കടൽക്കരയിൽ കെട്ടിയിട്ട വെള്ളത്തിൽ തണുപ്പിക്കും. രാത്രിയുടെ ഇരുട്ടിൽ തടികഷ്ണങ്ങൾ കത്തിച്ച് ചൂട് പകർന്ന് പാട്ടും ആട്ടവുമായി റിലാക്സ് ചെയ്യിപ്പിച്ച് ഉറക്കും. അടുത്ത ദിവസം ഉണർത്തി ബൗദ്ധികമായ മത്സരത്തിന് ഒരുക്കും - ഇതാണ് രണ്ടു ദിവസത്തെ ചികിത്സാക്രമം.

വിശേഷാൽ കാറ്റടി കാരണം ചിലർക്ക് ബുദ്ധിയുടെ ചലനയളവ് കൂടിയതിനാൽ വയലന്റായതായും ചിലരാകട്ടെ ബുദ്ധിക്കും മനസ്സിനും ഒരു മാറ്റമുണ്ടാകാത്തതിനാൽ ശബ്ദമെങ്കിലും ശരിയാക്കാമെന്ന് കരുതി കഴുത്തോളം വെള്ളത്തിലും കിടന്നുവത്രെ.

*"കരയിലായാലും വെള്ളത്തിലായാലും"*
*ജാത്തിയാലുള്ളത് കാറ്റടിച്ചാൽ മാറുമോ?*

## ⊙ കൃഷ്ണന്റെ വരവും കാത്ത്....

എങ്ങനെ എവിടെ എന്നറിയാതെ സി-ഡിറ്റിലെ ഔദ്യോഗിക ശാസ്ത്ര കോതുക്കൽ അലയുകയാണ്. മൂത്ത കൃഷ്ണനെ കൺസൾട്ട് ചെയ്യാൻ കഴിയാതെ ഗോപിക ഗോപാലന്മാർ പുൽമേടുകളിലൂടെ രാധാമാധവ ഗീതവും പാടി വാലാകോല നടക്കുകയാണത്രെ...

മൂത്തയാൾ വരാത്ത വിടവിൽ ഉണ്ണി ആശാൻ കല്പിച്ചതനുസരിച്ച് സൂര്യമണ്ഡത്തിലെ പ്രകാശകിരണങ്ങളെ നോക്കി നടക്കുകയാണെന്ന്. സോളാർ എസ്.പി.ബഹിരാകാശ പേടകത്തിൽ കയറി യാത്രക്കുള്ള തയ്യാറെടുപ്പിലാണത്രെ ഗവേഷക കൂട്ടം. കാത്തിരിപ്പിന്റെ ബോറടിമാറ്റാൻ ഇടവേളകളിൽ 'ഗുരു'വിന്റെ കീഴിൽ ക്യാന്റീനിലെ പരിപ്പുവടയിലും വാഴക്കപ്പത്തിലും 'ഉണ്ണി'യപ്പത്തിലും ഇല അപ്പത്തിലും അടങ്ങിയിട്ടുള്ള സൗരോർജ്ജം ശേഖരിക്കുന്നതിനുള്ള കുറിച്ചുള്ള ഗവേഷണത്തിലാണുപോലും...


ഗ്രഹണസമയമാണെന്നറിയാതെ സൗരോർജ്ജത്തിനായി മേലോട്ട് നോക്കി നടന്നതിനാൽ പലരുടെയും കണ്ണടിച്ച് പോയതായും ചിലർ കൂടുതൽ കരിഞ്ഞ് കറുത്തുപോയതായും പരാതി ഉയർന്നിട്ടുണ്ട്. സോളാർ വൈദ്യുതി ഉത്പ്പാദിപ്പിച്ച് അധികം കിട്ടുന്ന തുകയുടെ 50% ഇൻഷ്വറൻസിനായി ഇവർക്ക് നൽകണമെന്ന ആവശ്യവുമുണ്ടത്രെ...

*-തുമ്പിയെകൊണ്ട് കല്ല് എടുപ്പിക്കല്ലേ കൃഷ്ണാ -*
*"കൃഷ്ണാ നീ ബേഗനേ ബാറോ"*

### ⦿ ദേശാടനകിളികൾ കൂട് കീഴടക്കിയതായി പരാതി...

പഞ്ഞകാലത്ത് കൂടുവിട്ട് കൂട് മാറി അന്യദേശങ്ങളിൽ പോയി പാറിപറന്ന് നടന്നിരുന്ന ദേശാടനകിളികൾ കൂട്ടമായി തിരിച്ചെത്തി ഉണ്ടായിരുന്ന കുഞ്ഞാറ്റകളെ പുറത്താക്കി കൂട്ടിനുള്ളിൽ കയറി ഇരിപ്പായെന്ന്...

സ്റ്റാച്ച്യു, പട്ടം, വെള്ളയമ്പലം, പൂജപ്പുര, കഴക്കൂട്ടം എന്നീ പ്രദേശങ്ങളിലായിരുന്ന ദേശാടന കിളികളിൽ 'ഫ്രാഡ്' ഇനത്തിൽപ്പെട്ട 'വെട്ട്' കിളികൾ, നാട്ടിലിറങ്ങി കമ്പും കോലും അന്നവും ചില്ലയുമെല്ലാം കൊണ്ടുവരുന്ന കുഞ്ഞാറ്റകളെ അവയെല്ലാം കൈക്കലാക്കിയതിനുശേഷം കൂട്ടില് കയറ്റാതെ കൊത്തി ഓടിക്കുന്നതായി പരാതി.



കാലാവസ്ഥാ വ്യതിയാനം വരുമ്പോൾ വെട്ട് കിളികൾ പുറത്ത് ചാടും അതുവരെ നഗരങ്ങളിലെ ചില്ലകളിൽപ്പോയി രാപ്പാർക്കാം -

*"കാറ്റത്തെ കിളിക്കൂട്"*
*-പത്മരാജൻ-*

### ⦿ ഒന്നാം നില കെട്ടിടം ആവശ്യമുണ്ട്.!!!

കേരളത്തിൽ മറ്റൊരിടത്തും സി-ഡിറ്റിന് ഒന്നാം നിലയില്ലാത്തതിനാൽ റേഷൻകാർഡ് Raw materials ന്റെ കയറ്റിയിറക്ക് തിരുവനന്തപുരത്തുനിന്ന് കായംകുളത്തേയ്ക്ക് മാറ്റിയെന്നും സഹായവിലയ്ക്ക് കാർഡ് വിതരണം തുടങ്ങിയെന്നുമാണ് കേൾവി.

ഒന്നാം നില തെറ്റിനിൽക്കുന്നതിനാൽ കയറ്റി ഇറക്കു പദ്ധതികൾ മൊത്തം ചുമന്ന് മാറ്റികൊണ്ട് പോകുന്നത് ഒരു ശീലമാക്കിയ കൊച്ചുണ്ണി ശിഷ്യന്മാരെ ഏല്പിക്കുന്നതാണ് ഉചിതം.

അവിടുന്ന് പലതിനെയും മറ്റിടത്തേക്ക് കയറ്റിയിറക്കാതിരുന്നാൽ മതി. ഇടക്ക് ഇടക്ക് ഹെഡ് ഓഫീസിലേയ്ക്ക് വന്നു പോകുന്ന മുന്തിയ ഇനത്തിനെ താങ്ങാനെ കഴിയുന്നില്ല. പിന്നെയാണോ മറ്റേത്?

കുറച്ചു ചുമട്ടു ട്രെയിനികളെ കണ്ടെത്താനും ഭരണയൂണിയനിൽ ശേഷിക്കുന്നവരെ കൂടി AM (L&U) (Loading & Unloading) Sr. M (Pickup) Centre M (L&W) Looking Wages, നോക്കുകൂലി) എന്നിങ്ങനെ ഡെസിഗിനേറ്റ് ചെയ്തു കൊടുക്കാനും കഴിയും.

ഏറെ ചുമന്ന് നടുവൊടിഞ്ഞവർക്കും പിന്നാലെ കുറെ ഓടിയവർക്കും റഷ്യയിൽ നിന്നും കുടിയൊഴിപ്പിച്ചവർക്കും ഒരു ആശ്വാസമാകും.

*"ഉർവ്വശിശാപം ഉപകാരം"*

### ⦿ പൂട്ടിലും വെട്ടിപ്പോ?

സി..ഇ.പി. പരീക്ഷ നടത്താൻ ഒരു സർക്കാർ സ്കൂളിന്റെ ഹാളിനു മുന്നിലെത്തിയ പുതിയ സാറന്മാർ കണ്ടത് പൂട്ടിയിട്ടിരിക്കുന്ന ഹാളായിരുന്നു എന്ന്. പരീക്ഷക്ക് സമയമായതോടെ ആസ്ഥാനപൊളിപ്പന്മാരിൽ ഒരു പൊളിപ്പൻ ഒരു പൂട്ട് പൊളിച്ചത്രെ...

പക്ഷെ പൊളിപ്പൻ ബില്ല് വന്നപ്പഴല്ലേ അറിയുന്നത്,സാറ് ഒറ്റയടിക്ക് പൊളിച്ചത് മൂന്ന് പൂട്ടായിരുന്നു എന്ന്.... ദൃക്സാക്ഷികളിൽ പലരും ബില്ല് കണ്ട് ഞെട്ടി ചേട്ടാ !!!

*"വല്ലഭന് പൂട്ടും ആയുധം"*

### ⦿ വിജിലൻസ് കോടതി ബഞ്ച് തിരുവല്ലത്ത് വേണം!!!

സർക്കാർ വക അന്വേഷണങ്ങൾ സജീവമായതോടെ സി-ഡിറ്റിലെ ചെറുതും വലുതുമായ ശാസ്ത്ര പണ്ഡിതന്മാരുടെ ഗവേഷണം കോടതി വരാന്തയിലാണത്രെ...

ശാസ്ത്ര ലോകത്തെ ഉണ്ണികളും ബിജുക്കളും കൂടി കോടതി വരാന്തയിൽ എഫ്.ഐ.ആർ. പ്രസന്റേഷനിലെ ലിങ്കുകൾ തേടി അലയുകയാണെന്ന്.

കുളത്തിലെ അബ്ദുള്ളയും മലപ്പുറത്തെ കുഞ്ഞാലിയുമാണ് യഥാർത്ഥ പ്രതികളെന്നും അഴിമതി കീടത്തെ കണ്ടാൽപ്പോലും തിരിച്ചറിയാൻ കഴിയാത്ത പാവം ജനകീയ ശാസ്ത്രജ്ഞരെ കുടുക്കിയതാണെന്നു മാണ് സംസാരം.

സ്വന്തം കാര്യത്തിനൊഴികെ മറ്റുള്ളവരുടെ അഴിമതികൾകണ്ടെത്തി നിർമ്മാർജ്ജനം തൊഴിലാക്കിയ ഒരു "വിധ്വംസക ഗവേഷക"ന്റെ കുടിപകയാണ് ഇതിന്റെ പിന്നിലെന്ന് ഇവർ കണ്ടെത്തിയ ഒരു ലിങ്ക് പറയുന്നത് എന്ന്.

സർക്കാരിനും മാനേജ്മെന്റിനുംവേണ്ടി സ്ഥാപനത്തെ പൊളിച്ചടുക്കാനുള്ള ഗവേഷണം നടത്തികൊണ്ടിരിക്കുന്ന ശാസ്ത്ര പണ്ഡിതരുടെ സൗകര്യത്തിനായി തിരുവല്ലം കുന്നിൽ ഒരു വിജിലൻസ് കോടതി ബഞ്ച് അനുവദിക്കണമെന്നാണ് സ്ഥാപനവാസികളുടെ ആവശ്യം.

*" ബഞ്ച് ഉടൻ വരും"*
*-എ.കെ. ആന്റണി -*

### ⦿ ആളും ജോലിയും വേണമെന്നില്ല സങ്കൽപ്പിച്ചാൽ മതി....

സർവ്വീസ് ഇൻക്രിമെന്റ്, പ്രമോഷൻ എന്നിവക്ക് സി-ഡിറ്റിൽ സർവ്വീസിലുണ്ടാവണമെന്നില്ല. സർവ്വീസ് ഭരണരംഗത്തെ വിദ്വാന്റെ മണ്ടക്ക് സങ്കൽപ്പിക്കാൻ കഴിഞ്ഞാൽ മതിയെന്ന്. അർഹതപ്പെട്ടവർക്കുള്ളതെല്ലാം വെട്ടിനിരത്തുന്ന മഹാൻ സങ്കല്പിച്ച് നൽകുന്നതൊക്കെ കസേരയുടെ ശക്തി കൂട്ടാനും ഉറപ്പ് വരുത്താനുമല്ലേ....

ഇതിനെക്കാൾ നല്ലത് "വേറെ പണി"യാണെന്ന് ജനസംസാരം.

*സർവ്വീസുകളെമ്പാടും ഒറ്റയ്ക്ക് നൽകി മാമ*
*അമ്മാവൻ നൽകിയതെല്ലാം തമ്പിക്കായ്.....*
*-ഉസ്താദ് ഹോട്ടൽ-*

## ⦿ ഗണപതി ഭഗവാനും പണിക്കര് സ്വാമിക്കും കഷ്ടകാലം

യു.ഡി.എഫിന്റെ സഹയാത്രികരായ ദേവസന്താനങ്ങൾക്ക് ഈയിടെ മോശം കാലമാണത്രെ. ഭൂമിയിൽ പ്രജകളുടെ കൊച്ചു നാട്ടുരാജ്യം തീയിട്ട് നശിപ്പിക്കാൻ അസുരന്മാർ ഇറങ്ങിയതിനെതിരെ ദേവലോകത്ത് ചാണ്ടി രാജാവിനോടും കെ.സി മഹർഷിയോടും സങ്കടം ബോധിപ്പിക്കാൻപ്പോയ വിവരം നാരദ മഹർഷി അസുരദേവന്മാരുടെ ചെവിയിലെത്തിച്ചെന്നും കോപാകുലരായ അസുര രാജാവ് ഇവരെ മലമുകളിൽ നാല് വർഷത്തെ കഠിന തപസ്സിനു വിധിക്കുകയുമാണുണ്ടായതെന്ന്...

*ദേവ പുത്രന്മാർക്കിതാണ് സ്ഥിതിയെങ്കിൽ...*
*"നാരായണ നാരായണശംഭോ മഹാദേവ"*

## ⦿ നിഷ്... പഡോഗിയിൽ നിന്നും മോചനമില്ലേ?

ആഹാരം നൽകാതെ ഉറങ്ങാൻ അനുവദിക്കാതെ കുറ്റവാളികളിൽ നിന്നും സത്യം പുറത്തുകൊണ്ടുവരാൻ നടത്തുന്ന പോലീസ് പ്രയോഗംപോലാണത്രെ സി-ഡിറ്റിൽ ജാർക്കണ്ടുകളുടെ മീറ്റിംഗ്. എന്തെങ്കിലും പണിയെടുത്ത് ജീവിക്കാൻ, സമ്മതിക്കാതെ ദിവസവും വിളിച്ചിരുത്തി പഡോഗിയടിച്ച് പാവം ടെക്കുകളെ പീഡിപ്പിക്കുന്നതായി പരാതി. ജർക്കണ്ട് മീറ്റിംഗ് കഴിഞ്ഞ് മടങ്ങുന്ന പല ടെക്കുകളും ക്രാ, നിഷ്, പിച്ച്, പടഗോഗി എന്നെല്ലാം തനിയെ പിച്ചു ഭ്രാന്തു പറഞ്ഞു നടക്കുന്നതായും ചിലര് വട്ടായിപ്പോയി എന്നുമാണ് കേൾവി.

*"വരാനുള്ളത് വഴിയിൽതങ്ങില്ല"*
*-ജയരാജഗുരു-*

## ⦿ ആധുനിക സർവ്വ വിജ്ഞാന കോശത്തിന്റെ "സുതാര്യം" നഷ്ടപ്പെട്ടു!!!

സി-ഡിറ്റിൽ ഇപ്പോഴുള്ള ഏക ഐ.ടി വിജ്ഞാന കോശത്തിന്റെ പണി മുഖ്യനെ സുതാര്യമായി കേരളത്തിൽ എത്തിക്കുകയായിരുന്നു. പലവിധത്തിലുള്ള പണികൾ ഇതിനായി മാന്യദേഹം ചെയ്തു വെങ്കിലും സുതാര്യത അത്രകണ്ട് ബോധ്യമായില്ലെത്രെ.

ചിലന്തിവലകളിലൂടെ അനന്തമായ വിവരങ്ങൾ വിതരണം ചെയ്ത് സോഷ്യലിസ്റ്റ് ഇൻഫർമേഷൻ സമൂഹം പടുത്തുയർത്താനുള്ള "പണി" കൊടുത്തതിനാൽ ഉണ്ടായിരുന്ന സുതാര്യതയുംപോയി എന്നാണ് കേൾവി...

*"നഷ്ടപ്പെടുവാനില്ലിനി*
*കൈവിലങ്ങുകൾ അല്ലാതെ*
*കിട്ടാനുള്ളൊരു പുതിയൊരുലോകം*
*നമ്മൾ കൊതിക്കും ലോകം*
*ഇൻഫർമേഷൻ ലോകം"*

## ⦿ ഹോട്ടൽ കൊച്ചിയിലെ മാനേജർ ഉറക്കത്തിലാണ്...

70 ലക്ഷം സി-ഡിറ്റ് കൊച്ചിയിൽ മുടക്കി ഒരു ഹോട്ടൽ കെട്ടി മുറികൾ വാടകയ്ക്കായി ബോർഡും തൂക്കി മാനേജർ ഉറക്കത്തിലുമായി. സദാ ആളൊഴിഞ്ഞ പെട്ടികൂട് മുറികളുടെ മുന്നിൽ പാവം "CAT FOSS" കൾ നിശ്ചലമായി നോക്കി നിൽക്കുന്നു എന്ന്.

"മൈക്രോ" ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള അക്കാഡമിയാകട്ടെ മറിച്ച് വിൽക്കാനുള്ള പരസ്യവും നൽകിയത്രെ (Expression of Interest).




ആദ്യം അടിച്ചുമാറ്റുക പിന്നെ മറിച്ചു വിൽക്കുക എന്നത് കുലതൊഴിലാക്കിയവരാകട്ടെ മാനേജരെ ഉണർത്തുന്നുമില്ല. ഇവരുടെ പഴയതുണിയലക്കുകാരനായതിനാലാണ്പോലും കുമ്പകർണ്ണനായ മാനേജരെ ഉണർത്തി ശല്യം ചെയ്യാത്തത് എന്ന് സംസാരം.

ലക്ഷങ്ങൾ നശിപ്പിച്ചും മറിച്ചു വിറ്റും എല്ലാം പൂട്ടികെട്ടിയതിനുശേഷം ഇരുന്ന് ഉറങ്ങുന്നവന്മാർക്ക് നല്ല ചൂരൽ കഷായം കൊടുത്ത് ഉണർത്താൻ ഇവിടെ ആരും ഇല്ലേ?

*"മനസ്സാക്ഷിയുടെ നൊമ്പരം" -*
*-കേളപ്പജി-*

## ⦿ സി.ഇ.പി.കാർക്ക് " പൂരപ്പാട്ട് ഫ്രീ"

സി-ഡിറ്റിൽ തെറിയഭിഷേകത്തിൽ വ്യക്തിമുദ്രപതിപ്പിച്ച പണ്ഡിതന്മാർ ചുമതലയെടുത്ത ഉടനെ സി.ഇ.പി.കളെ വിളിച്ചുവരുത്തി പൂരപ്പാട്ടിന്റെ പുത്തൻപതിപ്പ് ഫ്രീയായി എല്ലാവർക്കും ഓരോ കുട്ട കൊടുത്തുവിട്ടു. നാടൻ ശീലുകളിലുള്ള വാക്കുകൾക്കു പുറമെ അടുത്തിടെ പുറത്തിറങ്ങിയ മുന്തിയ വിദേശ ഇനങ്ങളും കുട്ടയിലുണ്ടായിരുന്നു എന്നാണ് കേൾവി.

കുട്ട കിട്ടാത്തവർക്ക് ഇന്റർനെറ്റിൽ നിന്ന് കിട്ടുന്ന ഇനങ്ങൾ അന്ന് അന്ന് തന്നെ വഞ്ചിയൂരിൽ ബന്ധപ്പെടുന്നവർക്ക് ഫോണിംഗ് പ്രോഗ്രാമായി നൽകുന്നുണ്ടത്രെ....

ഒരു ഭരണകക്ഷി എം.എൽ.എക്കും കിട്ടിയത്രെ ഇതിൽ ഒരു കുട്ട. പക്ഷെ എം.എൽ.എ. പത്ത് ആളിനെ വിളിച്ചുകൂട്ടി മൈക്കിലൂടെ തിരിച്ച് ഒരു വലിയ ഭാഷാ നിഘണ്ടു കൊടുത്തു എന്നാണ് വാർത്ത.

*"പറക്കുന്ന കിളിയെ പിടിക്കാൻ പോകരുത് പണികിട്ടും"*
*-സന്തോഷ് പണ്ഡിറ്റ് -*

## ⦿ റഷ്യ സന്ദർശിച്ച മുഖ്യനെ തണുപ്പിക്കാത്തതിന് Memo –

ലക്ഷങ്ങളുടെ ഇന്ത്യൻ റുപ്പി കറണ്ടിനും തണുപ്പിക്കാനും റഷ്യക്ക് കൊടുക്കുന്നുണ്ടെങ്കിലും ആവശ്യത്തിന് പുറത്ത് നിന്ന് വാടകയ്ക്ക് ആശ്രയിക്കുകയാണത്രെ...

സുതാര്യമായി ജനങ്ങളെ ക്യാമറയിലൂടെ കാണാൻ വന്ന മുഖ്യൻ വിയർത്തുകുളിച്ച് ഇറങ്ങി ഓടിയെന്നും പാവപ്പെട്ടവനായ പഴയ മുഖ്യന്റെ ഷൂട്ട് നടന്ന സ്ഥലമായ ഇന്നത്തെ ഊട്ടുപുരയിലേയ്ക്ക് വീണ്ടും ഷൂട്ട് മാറ്റിയെന്നും അതിനാൽ

ഡെപ്യൂട്ടിക്ക് മെമ്മോ കിട്ടിയെന്നുമാണ് കേൾവി.

ഹൈടെക് വിദ്വാനായ ചുമതലകാരനാകട്ടെ തണുപ്പിൽ വിശ്വാസമില്ലാത്തയാളും ചൂടിൽ താൽപര്യമുള്ളവനുമാണ ത്രെ...

Out sourcing – ന്റെ ബ്രാന്റ് അംബാസഡർമ്മാരായ 'KK' കൾക്ക് Cooling agency കളെ സമയത്ത് കിട്ടിയില്ലെന്നും Memo വന്നതും കാണാത്ത ഫയലുകൾ പലതും ഓടിയെ ത്തിയെന്നുമാണ് വാർത്ത.

*''സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട''*

### ⦿ സി–ഡിറ്റ് കോഴ്സുകളെ 'കുക്കറി' സർവ്വകലാശാല യാക്കി ഉയർത്തും – വാർത്ത

വിഷ്വൽ മീഡിയ, കമ്മ്യൂണിക്കേഷൻ എന്നിങ്ങനെ നിലവി ലുള്ള സി-ഡിറ്റിന്റെ കോഴ്സുകൾ നിർത്തലാക്കിയും ഓഫ് ക്യാമ്പസുകൾ ഓഫാക്കിയും പുത്തൻ കുക്കറി സർവ്വകലാ ശാല തുടങ്ങുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ പ്രസ്തുത മേഖലയിൽ വേണ്ടത്ര പഞ്ചില്ലാത്തയാളിനെ ഒഴിവാക്കി കഴി ഞ്ഞു. കമ്മ്യൂണിക്കേഷനിൽ രാജ്യാന്തര പ്രശസ്തിയുള്ള ഡയറക്ടറെ ഉടൻ പുകച്ചു പുറത്ത് ചാടിക്കുന്നതിനുള്ള തീ രുമാനം ഉന്നത തലയോഗത്തിലുണ്ടായിട്ടുണ്ട്.

അടുക്കളപാചകകലയിൽ പണ്ടേ പ്രാവീണ്യം നേടിയതും കണ്ടിന്യൂ ആയി ബിരുദാനന്തരബിരുദവും പി.എച്ച്.ഡിക്ക് കാത്തിരിക്കുന്നതുമായ ഒരു ഉന്നതനായ കെയർ ടെക്കർ കം ക്യാമറാമാനെ പുതിയ കല്പിത സർവ്വകലാശാലയുടെ വി.സി. ആക്കാനുമുള്ള ശ്രമത്തിലാണ് അധികാരികൾ. ചെക്ക് സൈനിംഗ്, സാമ്പത്തിക ഭരണാധികാരം ഭരണനിർ വ്വഹണം എന്നിവയിലുള്ള പരിശീലനം അദ്ദേഹത്തിന് നൽകിവരുന്നു. .

പാചക കലയിൽ വ്യത്യസ്തങ്ങളായ മുന്തിയ ഇനം ഹ്രസ്വ കാല കോഴ്സുകളും ദീർഘകാല കോഴ്സുകളും ഉടൻ ആരംഭിക്കുന്നതാണ്. ചാനലുകളിലും പത്രമാധ്യമങ്ങളിലും നിറഞ്ഞുനിൽക്കുന്ന ചില പേരുകേട്ട പാചക റാണിമാരെ കൺസൾട്ടന്റുമാരായും ഗ്രൂപ്പ് ഡയറക്ടർമ്മാരായും നിയമി ക്കുന്നതിനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു.

*പാചക റാണി മേളയിൽ നിന്നും*
*ക്യാമറമാൻ ശവമണിക്കൊപ്പം ലക്ഷ്മികുട്ടൻ*
*സി–ഡിറ്റ് വിഷൻ, തിരുവനന്തപുരം.*

### ⦿ വിലയ്ക്ക് വാങ്ങിയ വിനയാകാതെ, റിട്ടയേർഡ് മാമൻമ്മാരിൽ മാന്യന്മാരും...

അധികാരകോട്ട വെട്ടിപിടിക്കാനായി പുറം ദേശങ്ങളിൽ നിന്നും കൊണ്ടുവന്ന റിട്ടയേർഡ് കൂലിപടയാളികളിൽ ചിലർ മാന്യന്മാരാണത്രെ.

കൃഷ്ണകാരണവർ ഒന്നു വന്നു കണ്ടു എല്ലാം മനസ്സിലായി തിരിച്ചുപോയി. പീഡനങ്ങൾ മാത്രം നിരന്തരം അനുഭവി ക്കുന്ന ഗാന്ധിയൻ അമ്മാവനാകട്ടെ ഭൂക്ഷണമല്ലന്ന് കണ്ട് 'ശശി'യാവാതിരിക്കാനുള്ള ശ്രമത്തിലുമാണ്.

ഊശാൻതാടി വെച്ച പാവം അമ്മാവന്റെ നെറ്റ്‌വർക്ക് താടി യുടെ ഷേയിപ്പും മാറുന്നു, അത് വളരുന്നുമില്ല. ചില സ്വകാര്യ കമ്പനികൾക്ക് പഴയ പൈസ കൊടുപ്പിക്കുന്നതിലും പുതിയ പദ്ധതികൾ നൽകുന്ന പണിയിലും ഏർപ്പെട്ടതി നാൽ തളർച്ചയും അദ്ദേഹത്തെ ബാധിച്ചുവത്രെ. കുറച്ചു പൈ തങ്ങളും പിന്നെ ക്യാന്റീനിലെ പരിപ്പുവടയിലും കട്ടൻചായ യിലുമാണ് തൽക്കാലം പിടിച്ചുനിൽക്കുന്നത്.

ഹാർഡ് വെയർ ഊരിൽ നിന്നുമുള്ള കുട്ടേട്ടനാകട്ടെ കേട്ട റിഞ്ഞ് ഈ വഴിക്ക് വന്നിട്ടേ ഇല്ല.

*''വിവേകം'' വൈകിവരുന്ന വസന്തംപോലെ*
*- സ്വാമി വിവേകാനന്ദൻ -*

### ⦿ "സ്ത്രീ പീഡനവും നിയമ നടപടികളും" ക്ലാസ്സ് കലക്കി!!!

അടുത്തകാലത്തായി റൊട്ടിക്കട മുക്ക്, കോടതിനട, കൈത ത്തോട്, ജഡ്ജിക്കുന്നിനു സമീപം എന്നിവിടങ്ങളിൽ സ്ത്രീ പീഢനം കൂടുന്നതായി പരാതി എന്ന്...

പരിഹാരമാർഗ്ഗമായി പീഢന വാസനയുള്ളവരും അല്ലാത്തവ രുമായ കുറച്ചുപേർക്ക് സ്ത്രീ പീഢനവും ഭവിഷ്യത്തുകളും എന്ന വിഷയത്തിൽ കോടതി വളപ്പിനു സമീപമുള്ള മാഡ ത്തെകൊണ്ട് വന്ന് റൊട്ടിക്കടയിൽ വച്ച് ചില്ലറ വകുപ്പുകളും ശിക്ഷാ രീതികളും ബോധിപ്പിച്ചത്രെ...

ക്ലാസ്സിലെ ചില പ്രശസ്ത ഭാഗങ്ങൾ.:

കൂടെ ജോലിചെയ്തുവരുന്ന സഹജീവികളായ സ്ത്ര ീകളോട് പെരുമാറുമ്പോൾ,

Sec: 2K പ്രകാരമുള്ള ശിക്ഷകൾ:–

1. നോട്ടം: നേരെ മാത്രം, സുതാര്യമായിരിക്കണം.

3D നോട്ടം ശിക്ഷാർഹം (Termination with 3 വർഷം കഠിന തടവും 2 ലക്ഷം രൂപ പിഴയും).

കണ്ണടയ്ക്കൽ,

ഇറുക്കൽ Fraud വിചാരങ്ങൾ ഉൾപ്പെട്ട കണ്ണിന്റെ മറ്റു ചലന ങ്ങൾ (Termination with 2 വർഷം കഠിന തടവും 1 ലക്ഷം രൂപ പിഴയും)

2. സംസാരം: മനസ്സിലാകുന്ന ഭാഷയിലായിരിക്കണം, ഭാഷാ നിഘണ്ടുവിലുള്ള വാക്കുകൾ മാത്രം. മറ്റ് ചുവയുള്ളതോ കലർന്നതോ Fraud ഉദ്ദേശത്തോടെയുള്ളവയാണെങ്കിൽ (Termination with 2 വർഷം തടവും 50,000 രൂപ പിഴയും)

3. പെരുമാറ്റം: കുറഞ്ഞത് ഒരടി ഗ്യാപ്പ് ഉണ്ടായിരിക്കണം. പ രസ്പരം കാണാൻ കഴിയുന്നിടത്തായിരിക്കണം. സുതാര്യ മായിരിക്കണം.

ചിരിച്ചുകൊണ്ടോ അല്ലാതെയോ ഉള്ള കാൽപ്പാദങ്ങളിൽ ചവിട്ടൽ, മൗസിനോട് ചേർത്തുള്ള വിരൽ സ്പർശനം, ശരീ രത്ത് തോണ്ടൽ, പിച്ചൽ, തൊടൽ, Fraud Shake hand (Termination with 5 വർഷം കഠിന തടവും 5 ലക്ഷം രൂപ പിഴയും)

(പരാതി ഇല്ലെങ്കിലും നടപടിയെടുക്കാം)

ക്ലാസ്സ് ഗംഭീരം. ലേശം സംശയം ഉണ്ടായിരുന്നവർക്ക് എല്ലാ "ക്ലിയർ" ആയി. മാഡത്തിന് നിറഞ്ഞ കയ്യടി - 2K പാസ്സാ യി. ക്ലാസ്സ് കഴിഞ്ഞ് കോടതിനടയിലെത്തിയ സംഘാടക നേ താവ് വനിതാ ജീവനക്കാരിയെ മൗസ് പ്രയോഗത്തിലൂടെ ആക്രമിച്ചു. മാഡത്തെ വിളിച്ചുവരുത്തി വകുപ്പുകൾ പ രിശോധിച്ചു. അപ്പോഴല്ലേ അറിയുന്നത് മൗസിന് മറ്റ് ഉദ്ദേശ ങ്ങളൊന്നുമില്ലായിരുന്നതിനാൽ നടപടിക്ക് വകുപ്പില്ലെന്ന്.

നേതാവിന്റെ പരാതി സ്വീകരിച്ച പോലീസ് പാവം മൗസിനെ തിരെ പരാതി നൽകിയ ജീവനക്കാരിയെ പ്രതിയാക്കി കേസ് എടുത്ത് കോടതിക്ക് വിട്ടു.

*''എങ്ങനെയുണ്ട് നിയമവാഴ്ച''"2K നീണാൾ വാഴട്ടെ''*
*"Ignorance of Law is not an excuse". ഇന്ത്യൻ ഭരണഘടന*

### ⦿ കെ.പി.സി.സി. പ്രസിഡന്റിന് വേറെ ജോലിയില്ലേ?

സി-ഡിറ്റിൽ ചിലർക്ക് റൂം, എ.സി., ഫോൺ, ഇന്റർനെറ്റ് കുഷ്യനിട്ട കസേര എന്നിങ്ങനെയുള്ള Infrastructure Facilities ഉറപ്പിക്കുന്നകാര്യത്തിൽ കെ.പി.സി.സി പ്രസിഡന്റ് നിതാന്ത ശ്രദ്ധാലുവാണുപ്പോലും.

റീസ്ട്രക്ചറിംഗ് എന്ന പേരിൽ മൊത്തം നശിപ്പിച്ച് സ്മശാനമാക്കി മാറ്റുകയും ജീവനക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ ഒന്നും നൽകാതെ മൂരാച്ചികളായ കപട കമ്മ്യൂണിസ്റ്റുകളുടെ കൂട്ട് പിടിച്ച് നല്ലൊരു സ്ഥാപനത്തെ തകർക്കുന്നതും അങ്ങ് കാണുന്നില്ലേ?

*-ഒരു പിതാവിന്റെ രോദനം-*
*-വന്ദേമാതരം -*

## ⦿ വഞ്ചിയൂർ മൗസുകൾക്ക് കഷ്ടകാലം...

വനിതകളോട് പ്രതികരിക്കാൻ മൗസ് പ്രയോഗം തുടങ്ങിയതോടെ ചിലരെ കണ്ടാൽ വഞ്ചിയൂരിലെ മൗസുകൾ ഓടി മാളത്തിൽ ഒളിക്കുന്നു എന്നും പണി ഒന്നും നടക്കുന്നില്ലെന്നും പരാതി...

തമ്പിതിരിപുകച്ച് മാളത്തിൽ നിന്നും ചില മൗസുകളെ പുറത്തുചാടിച്ചിട്ടുണ്ട്.




എടുത്ത് എറിഞ്ഞാൽ തിരിച്ചുവരാത്ത കുറച്ചു സോഫ്റ്റായ മൗസുകളെ ആശാനും ഹാർഡുവെയർ ശിഷ്യനും ചേർന്ന് കൊണ്ടുവന്നെങ്കിലും പോലീസിനോടും പുറത്തുള്ളവരോടും സംസാരിക്കാത്ത മൗസുകളെയാണ് പുതിയ അധികാരിക്ക് വേണ്ടത് എന്ന്.

*സ്വാശ്രയസെന്ററാക്കി...*
*നല്ലോരു തരികിട സർവ്വകലാശാലയായി മാറട്ടെ*
*-'2ജി'-*

## ⦿ ഊമയും ബധിരനുമായ സഖാവിനും കിട്ടി അവസരം...

ഈയിടെ കഴിഞ്ഞുപോയ പി.എൻ. പണിക്കർ വായനാവാരം. കനക്കുന്നിൽ വായനക്കാർക്കായി നിരവധി സ്റ്റാളുകൾ. സർക്കാർവക വായന ആയതിനാൽ സി-ഡിറ്റും, സ്റ്റാളിട്ടു. സി-ഡിറ്റിന്റെ പ്രവർത്തന മികവു കാട്ടാൻ പ്രസിദ്ധീകരണങ്ങളും ഡോക്യുമെന്ററികളും നിരവധി നിരത്തി. ദിവസങ്ങൾ നീണ്ടുനിന്ന വായനയിൽ ആയിരങ്ങൾ സി-ഡിറ്റിന്റെ സ്റ്റാൾ സന്ദർശിച്ചതായിട്ടാണ് കണക്ക്. വന്നുകയറിയ സന്ദർശകർക്ക് കാര്യങ്ങൾ വിശദീകരിക്കാൻ ഡ്യൂട്ടിയിട്ടതാകട്ടെ പാവം ഊമയും ബധിരനുമായ ഒരു താൽക്കാലിക ജീവനക്കാരനെ.

കഴിയുന്ന രീതിയിൽ നന്നായി വിശദീകരിച്ചു കൊടുത്തതിനുശേഷം കൂലിവാങ്ങാൻ Voucher മായി ഗോർക്കിയിൽ വന്നപ്പോഴല്ലെ മാന്യജനങ്ങൾ അറിയുന്നത് വായനവാരം കഴിഞ്ഞുവെന്ന്.

ഡയറക്ടർജിയുടെ പത്രസമ്മേളനത്തിന്റെ വെളിച്ചത്തിൽ ബുദ്ധിജീവികൾ അലോചിച്ച് ചുമതലപ്പെടുത്തിയതാണത്രെ. ഇന്നത്തെ സി-ഡിറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളോട് വിശദീകരിക്കാൻ ഇദ്ദേഹമാണ് അനുയോജ്യനെന്ന്.

*'എങ്ങനെയുണ്ട് ഇവരുടെ ബുദ്ധി'*
*-''ബുദ്ധികൊണ്ട് ജീവിക്കുന്നവർ ബുദ്ധി ജീവികൾ''-*

## ⦿ Tax, Advance, settle എന്നിവ ചെയ്തില്ലെങ്കിൽ 12% പിഴ. അസിസ്റ്റന്റുകളെ ജാഗ്രതൈ!!

മറ്റിടങ്ങളിൽ നിന്നും ഏറെ വർഷങ്ങൾ ടാക്സ് വാങ്ങി കീശയിൽ സൂക്ഷിച്ച് മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ചിലവഴിച്ച വകയിൽ കോടികൾ അധികമായി സർക്കാരിന് അടക്കേണ്ടി വന്ന പഴയതും പുതിയതുമായ യേമാന്മാർക്ക് എത്ര ശതമാനം പിഴ ശമ്പളം മുഴുവനായി അഡ്വാൻസായി എടുത്ത് പിഴയടച്ചാലും മതിയാവില്ലെന്നാണ് ജനസംസാരം.

എന്തും കെട്ടിവയ്ക്കാൻ വിറകുവെട്ടികളും വെള്ളം കോരികളുമായ അസിസ്റ്റന്റുകളുടെ തലകൾമാത്രം...

തലക്ക് മുകളിൽ ലേശവും വളർച്ചയില്ലാത്തതും തൊഴിലാളിദ്രോഹ ചിന്തകളിൽ അകത്ത് നല്ല പുഷ്ടിയുള്ളതുമായ ഒരുവനാണ് ഈ കപട ബുദ്ധിക്ക് പിന്നിലെന്നാണ് കേൾവി.

''പന്തീരാണ്ട് കഴിഞ്ഞാലും വാല് വളഞ്ഞേ ഇരിക്കൂ!!! 3 . സെക്യൂരിറ്റിക്കാർക്കും കിട്ടിയത്രെ റീസ്ട്രക്ചറിംഗ് 'പണി'

സി-ഡിറ്റിന്റെ സെന്ററിൽ പുതിയ രജിസ്ട്രാർ വന്നത് മനസ്സിലാകാതെ സെക്യൂരിറ്റി എണിക്കാൻ വിട്ടുപോയത്രെ -

സംസ്ഥാനത്തിന്റെ പല ഭാഗത്തുള്ള സി.ഇ.പി.കൾ വന്നുപോകുന്ന സ്ഥലമായതിനാൽ കണ്ടാൽ CEP മട്ടുള്ള സാറിനെ ഗൗനിച്ചില്ലെന്ന്...

ചിലർക്കു വേണ്ടി പഞ്ചിംഗ് ജോലി കൃത്യമായി ചെയ്തിരുന്നവർക്കും അല്ലാത്തവർക്കും കൊടുത്തു ഒരു ഷിഫ്റ്റിംഗ് പണി.

*''കാവൽക്കാരൻ കാതോർത്ത് നിൽക്കണം''*

## ⦿ കായംകുളത്ത് പട്ടാളത്തെ ഇറക്കാൻ ആലോചന...

ആഭ്യന്തരകലാപം പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് സി-ഡിറ്റ് റിജണൽ സെന്റർ പ്രദേശത്ത് പട്ടാളത്തെ അയക്കാൻ എ.കെ. ആലോചിക്കുന്നതായി വാർത്ത.

അക്രമിയും സ്ത്രീ അവഹേളന പരമ്പരയിലെ നായകനും പ്രാദേശിക നേതാവുമായ മാനേജരിൽ നിന്നും അധികാരം അട്ടിമറിക്കാൻ വനിതകൾ ഗ്രൂപ്പുകളായി തിരിഞ്ഞ് വംശീയ കലാപം തുടങ്ങിയത്രെ. സ്ത്രീകൾക്കും പുരുഷന്മാർക്കും നേരെ പരസ്പരം തിരിഞ്ഞുള്ള ആക്രമണം മാനേജരുടെ എക്സ് മിലിട്ടറി സെക്യൂരിറ്റിക്ക് നേരെയും എത്തിയത്രെ.

സി-ഡിറ്റിലെ സ്ത്രീ സംരക്ഷണ കോട്ടേഷൻ സംഘം സെന്റ

റിന്റെ മുഖ്യതലവന്റെ നേതൃത്വത്തിൽ സ്ഥലം സന്ദർശിച്ചു. പ്രദേശം ഭീഷണിയിലാണെന്നും ആരും സെക്വാർ അല്ലെന്നു മുള്ള റിപ്പോർട്ട് നൽകി. അധികാരികൾ ഉടൻ പ്രതിരോധ മന്ത്രിയോട് ശരിക്കുള്ള പട്ടാളത്തെ അയക്കണമെന്ന് ആവ ശ്യപ്പെട്ടിരിക്കുകയാണെന്ന്.

കായംകുളത്ത് പട്ടാളത്തെ ഇറക്കാൻ..
"AK 47" ഒരു ഉപകരണം മാത്രം
ആയുധങ്ങൾക്ക് ഒന്നിനെയും കീഴടക്കാൻ കഴിയില്ല.
- മഹാത്മജി –

**⦿ റീസ്ട്രക്ചറിംഗ് ബടായി ഓഫറുകൾ പാരയായി തുടങ്ങി..**

കോടികളുടെ പദ്ധതികൾകൊണ്ടുവരുന്നവർക്ക് മൊത്തം തുകയുടെ 10%, 25%,50% എന്നിങ്ങനെയുള്ള ബഡായി ഓഫ റുകൾ പാരയായി തുടങ്ങിയത്രെ... ചിലരൊക്കെ മുൻകാല പ്രാബല്യത്തോടെ ശതമാനം ചോദിച്ച് എത്തിയിട്ടുണ്ടെന്നാ ണ് കേൾവി.

കുരങ്ങന് ആപ്പ് കയറിയപോലായി എന്നാണ് സംസാരം.

*"കൈവിട്ട ആയുധവും വാവിട്ട വാക്കും*
*തിരിച്ചെടുക്കാൻ കഴിയില്ല"*

**⦿ M (ചവറ്) തിരക്കിലാണെന്ന്...**

പലദേശങ്ങളിൽ നിന്നും അടിമക്കൂട്ടങ്ങൾ കൂട്ടത്തോടെ തിരുവല്ലം കുന്നിലും നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങളിലും എത്തിയതോടെ AM (ചവറ് & ഡംബിംഗ്) വന്നവരോടൊപ്പം നിക്കാനും ഇരിക്കാനും പറ്റാതെ വലയുകയാണെന്ന് . വരാന്ത കളിലും വഴിയോരങ്ങളിലും കലാപരമായി സ്റ്റോർ ചെയ്തു വച്ചിട്ടുള്ള പുരാതന കളിപ്പാട്ട ശേഖരങ്ങളെ മാറ്റി സ്ഥാ പിച്ച് നിലവിലുള്ള 'വേയ്സ്റ്റുകൾക്കു' പുറമെ മറ്റിടങ്ങളിൽ നിന്നും എത്തിയ വേയ്സ്റ്റുകൾക്കും കൂടി ഇരിപ്പടം ഉണ്ടാ ക്കുന്ന തിരക്കിലാണത്രെ.

കൂടെ കൂടെ ഇരിപ്പടം പരീക്ഷിക്കുന്നതിനാൽ സ്വന്തമായി ഒരി ടത്ത് സ്ഥിരമായി ഇരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത AM (Waste Management) കഷ്ടത്തിലാണ്.

AC യുള്ള മുന്തിയ വാടക കെട്ടിടങ്ങളിൽ വഞ്ചിയൂർ, ബേക്കറി തുടങ്ങി പലയിടങ്ങളിൽ നിന്നും ലഭിക്കുന്ന അമൂല്യ വേസ്റ്റുകളെ സ്റ്റോർ ചെയ്യുന്ന പരീക്ഷണവും കൂടിയായ പ്പോൾ തറയിൽ തൊടാൻ സമയമില്ലപ്പോലും.

വഞ്ചിയൂരിലുള്ള പ്രമുഖ സോഫ്റ്റ് വെയർ വികസന വിദ്വാ നേകണ്ടാൽ വിളപ്പിൽശാല പ്രശ്നം ഉൾപ്പടെ എല്ലാത്തിനും പരിഹാരമാകും!

*''കാലം കഴിഞ്ഞാൽ എല്ലാം പുരാതനം''*

**⦿ കോഴിക്കോട്ടേ തന്റേടത്തിൽ സി-ഡിറ്റിന് ഇടമില്ലാ യിരുന്നെന്ന്!**

വലുതും ചെറുതുമായ സി-ഡിറ്റിലെ വൻ പടതന്നെ അങ്ങ് ദൂരെ കോഴിക്കോട്ട് പോയി സ്ത്രീ ശാക്തീകരണം നടത്തി യത്രെ. പക്ഷെ ഒരിടവും കിട്ടാതെ അദൃശ്യ ശക്തികളായി ഹോട്ടൽ മുറികളിൽ ഭക്ഷണവും കഴിച്ച് വരയും കുറിയും പിന്നെ കുറച്ചു സംഘാടനവുമായി ചിലർ ശാക്തീകരണം പൂർത്തീകരിച്ചുവത്രെ...

*"കൊന്നാൽ പാപം തിന്നാൽ തീരും"*

**⦿ പരിപ്പ് വടയും കടുൻ ചായയും വിടപറയുന്നു.**

കേരളത്തിന്റെ സൈന്ധാന്തിക ഭക്ഷണ പ്രതീകമായ പരിപ്പു വടയും കട്ടൻചായയും മനഃപൂർവ്വം നഗരത്തിന്റെ പല പ്ര ദേശങ്ങളിൽ നിന്നും ഒഴിവാക്കുന്നതായി പരാതി. ജനറൽ ആശുപത്രിയുടെ താഴോട്ടുള്ള ചില പ്രദേശങ്ങളിൽ മുന്തിയ ഇനം പിസാ കൂട്ടങ്ങൾ വന്നു കയറിയതിനാൽ പാവം പരി പ്പുവടയും കട്ടൻചായയും രംഗംവിടുകയാണെന്ന്.

*കിട്ടിയവസരം നോക്കിഷവർമ്മയും പിസയുമെല്ലാം*
*അകത്താക്കിതട്ടിപ്പോകാതെ നോക്കണം*
*സർക്കുലർ 2012 AM (Food).*

**⦿ മുന്തിയ ഇനം കാറുകൾ വാങ്ങി വെള്ളയടിക്കുന്നു എന്ന് പരാതി.**

ലക്ഷങ്ങൾ മുടക്കി മുന്തിയ ഇനം കാറുകൾ വാങ്ങി നിറം ഇഷ്ടപ്പെടാത്തതിനാൽ വെള്ള പെയിന്റടിച്ച് ആയിരങ്ങൾ കളയുന്നത്രെ.

മുന്തിയ ഇനങ്ങളും മേൽത്തരം ട്രെയിനികളും വന്നതോടെ പഴയ അംബാസഡറും ഡ്രൈവറും ടിവിയുള്ള വീട്ടിലെ റേഡിയോയുടെ സ്ഥിതിയായെന്ന്.

കറങ്ങുന്നകാറിൽ ഏത് പെയിന്റടിച്ചാലും ഇരിക്കുന്ന കസേ രയില്ലെങ്കിൽ ഐസ് കട്ടയിൽ പെയിന്റടിച്ചതുപോലെ -

*'' കാട്ടിലെ തടി തേവരുടെ ആന...''*

**⦿ ചാത്തൻ, മർദ വിളയാട്ടം വിശ്വാസികൾ വലയുന്നു...**

കൈതമുക്ക് ക്ഷേത്രത്തിൽ കുടിയിരുന്ന ചാത്തനും തിരു വല്ലം കോവിലിലെ മർദയും തമ്മിലുള്ള പോര് കാരണം രണ്ടിടത്തെയും ഐ.ടി. വിശ്വാസികൾ വലയുകയാണ്.

ചാത്തനും മർദയും തമ്മിൽകണ്ട് ഏറ്റുമുട്ടാതിരിക്കാൻ കുന്നിൻ മുകളിലെ മന്ത്രവാദികളുടെ പരിഹാരമാർഗ്ഗമാ ണത്രെ, ചാത്തൻ സേവയ്ക്കുള്ള വിശ്വാസികളെ കൈത മുക്ക് ക്ഷേത്ര പരിസരത്ത് നിന്നും തിരുവല്ലത്തേക്ക് മാറ്റി



പാർപ്പിക്കൽ.

കൈതമുക്ക് ക്ഷേത്രത്തിൽ യക്ഷികളുടെ സാമീ പ്യമുള്ളതിനാൽ ചുറ്റും നെഗറ്റീവ് എനർജിയാണെന്നും കേൾക്കുന്നുണ്ടെന്ന്.

വിശ്വാസികൾ ചാത്തനെയും മാടനെയും നരികളെയും കുട്ടിപിശാശുകളെയും പേടിച്ച് പുറത്തിറങ്ങുന്നില്ലെന്നാണ് കേൾവി.

*പേടി മാറാൻ ചൊല്ലുക മന്ത്രം*
*''റീസ്ട്രക്ചറിംഗ് ആയേ നമഃ'' –*

### ⦿ പൊന്നപ്പൻ തങ്കപ്പനെ തട്ടി!!!

പൊളിച്ചടുക്കാൻ ദിനവും ഭരണ ചക്രം തിരിച്ചും മറിച്ചും കറക്കുന്ന സി-ഡിറ്റ് പോന്നപ്പൻ സ്വന്തം തങ്കപ്പനെ തട്ടി ടെസ്റ്റ് ചെയ്യാൻ വിട്ടു. ചവിട്ടിപിടുത്തവും ചോർച്ചയും തടയാനുള്ള പുത്തൻ സോഫ്റ്റ് വെയറിലാണത്രെ തങ്കപ്പനെ ടെസ്റ്റ് ചെയ്യുന്നത്.

എല്ലാറ്റിനും കൂട്ട് നിന്നില്ലെങ്കിൽ ആരെയും തട്ടും... അടുത്ത ഊഴം തട്ടത്തിൻ മറയത്തിനാണെന്നാണ് കേൾവി.

സി-ഡിറ്റിലെ പരിശീലത്തിനായി പാർട്ടി ഓഫീസുകളിൽ കാത്ത് നിൽക്കുന്നവർക്ക് തട്ടകം ഒരുക്കാനാണെന്നാണ് സംസാരം.

> "സംശയ രോഗം ബാധിച്ചാൽ
> പിന്നെ ഉടുതുണിയും കാണില്ല!!!"
> എല്ലാറ്റിനും കാരണം ചൊവ്വാദോഷം!!!

### ⦿ പരിശോധന വഴിമാറി, പെൺകുട്ടി ഉടക്കി, പുറത്ത് സംഘർഷം – പത്രവാർത്ത

സി-ഡിറ്റിലെ പുനഃസംഘടനാ ശില്പികളുടെ നേതൃത്വത്തിൽ സി.ഇ.പി. പരീക്ഷാ പരിശോധന പരിഷ്കരിച്ചു. തലവൻമാരുടെ ചില പ്രാദേശിക സുഹൃത്തുക്കളായ ക്വട്ടേഷൻ സംഘാംഗങ്ങളെയും സെന്ററുകാർ പരിശോധിക്കുവാനുള്ള ക്വട്ടേഷൻ കൊടുത്തു.

കൊല്ലത്തു നാട്ടിൽ അറിയപ്പെടുന്ന ഒരു പരിശോദനാവിദഗ്ദൻ പെൺകുട്ടികളുടൊപ്പമുണ്ടായിരുന്ന സ്വാകാര്യ ബാഗുകളിലേക്ക് പരിശോധനാ വിരുത് കാട്ടിയെന്നും അതിർത്തികടന്ന് പരിശോധന നീളുമോ എന്ന് ഭയന്ന പെൺകുട്ടി ബഹളം വെച്ചതായും ഹാളിനുള്ളിൽ കശപിശയുണ്ടായി. എന്നും വിവരമറിഞ്ഞ പെൺകുട്ടിയുടെ ബന്ധുക്കൾ സെന്ററിന്റെ മുന്നിൽ എത്തി സി-ഡിറ്റിന്റെ പരിശോധനാ ക്വട്ടേഷൻ സംഘവുമായി പൊരിഞ്ഞ തല്ല് ഉണ്ടായെന്നും പരിക്കേറ്റ പരിക്ഷാർത്ഥികൾ പലരും ആശുപത്രിയിലുമായെന്നുമാണ് വാർത്ത.

'ചന്ദ്രൻ' മോഹനത്തിൽ ഹേതുവായും, ടി.ഇ.ടി. സഹോദര നക്ഷത്രങ്ങൾ രാഹുവായും നിൽക്കുന്നതിനാൽ സ്ത്രീകൾക്ക് പൊതുവെ മോശം കാലമാണത്രെ....

> *"മുമ്പേ പോകും ഗോപുതന്റെ പിൻമ്പേ*
> *പോകും ബഹുഗോക്കളെല്ലാം"*

### ⦿ സീനിയറെന്ന പദത്തിലെന്തർത്ഥം....

സീനിയർ ജൂനിയർ തർക്കം ചൂടുപിടിക്കുന്നു. സീനിയറിന് ജൂനിയറിന്റെയും ജൂനിയറിന് സീനിയറിന്റെയും ശമ്പളം നൽകിയെന്ന് പരാതി. ചിലരെ കരാറിലേക്ക് മാറ്റിയപ്പോൾ ജനിച്ചതുമുതലുള്ളത് കൂട്ടിയെടുക്കുന്നതിലുണ്ടായ പിശകാണെന്നും, പ്രായം നോക്കിയപ്പോൾ ജൂനിയറായിപ്പോയതാണെന്നും അതല്ല കൊച്ചുണ്ണിയുടെ നാട്ടിലെ നേതാവ് മനഃപൂർവ്വം ഒരു സീനിയറിനെ "തേച്ചതാണെന്നും" പരാതിയിൽപ്പെടുന്നു.

ഡയറക്ടർജിയെ പറ്റിച്ചുണ്ടാക്കിയ കണക്ക് ഐ.എ.എസ്. ആസാമി എതിർത്തെങ്കിലും വേലുപിള്ള പ്രഭാകരന്റെ വിരലടയാളംകൊണ്ട് ഒപ്പിച്ചെടുത്ത കണക്കിലാണത്രെ സീനിയർ ജൂനിയർ മറിമായം നടന്നത്.

ജൂനിയറായിപ്പോയ ബന്ധുശ്രീയുടെ പ്രശ്നം ഡയറക്ടർജി പോലും അറിയാതെ രജിസ്ട്രാർ ഉത്തരവു ഇറക്കിയെന്നും മറ്റുള്ള പല സീനിയേഴ്സും ഇതറിഞ്ഞ് തടഞ്ഞു എന്നുമാണ് കേൾവി.

വർഷങ്ങളായി കുറഞ്ഞ വേതനത്തിന് പണിയെടുത്ത് ജൂനിയറായിപ്പോയവരുടെ വേദന ആര് അറിയാൻ...

> *"സ്വന്തമെന്ന പദത്തിനെന്തർത്ഥം*
> *ബന്ധുവാര് ശത്രുവാര്..."*
> *-ശ്രീകുമാരൻ തമ്പി -*

### ⦿ പ്രതിപക്ഷത്തായിരുന്നപ്പോൾ പൂച്ചെണ്ട്, ഭരണത്തിലായപ്പോൾ കൊലവെറി???

യാതൊരു ID യുമില്ലാത്ത ഒരുവന്റെ നേതൃത്വത്തിൽ VSCC ID കാർഡ് മാത്രം ചെയ്തുകൊണ്ടിരിക്കുകയും സോഫ്റ്റ് വെയറിൽ 3 പേരും 10,000 രൂപയുടെ പദ്ധതിയും മാത്രമായിരുന്നിടത്തുനിന്നും 30 പേരും  കോടിയുമായി വളർത്തി ടീമിന് ദേശീയ അംഗീകാരവും നേടികൊടുത്തു മേധസംഘം.

കഴിഞ്ഞ ഭരണകാലാവസാനം പ്രസ്സ് ക്ലബ്ബിൽ അന്നത്തെ പ്രതിപക്ഷ നേതാവ്, എം.എൽ.എ മാർ എന്നിവർ സമ്മേളിച്ച് ടീമിലെ പദ്ധതികൾക്ക് ദേശീയ അംഗീകാരം കിട്ടിയതിന് ഐ.എൻ.ടി.യു.സി.കുഞ്ഞാടുകളുടെ നേതൃത്വത്തിൽ അനുമോദനവും ഉപഹാരസമർപ്പണവും പൊന്നാടയണിയിക്കലുമൊക്കെയായി വൻ പുകിലായിരുന്നുത്രെ.

അനുമോദനവർഷംകൊണ്ട് പുളകിതരായ വലിയ മേധവും ചെറിയ മേധവും പരിവാരങ്ങളുമായിപ്പോയി ഉപഹാരവും വാങ്ങി പലഹാരവും കഴിച്ചു. ഉപഹാരം ടീമിലെ കണ്ണാടി കൂട്ടിൽ പ്രദർശിപ്പിക്കുകയും ചെയ്തുവെന്ന്.

ഭരണം മാറി പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയും ചെയർമാനുമായി, കുഞ്ഞാടുകൾ ഭരണകർത്താക്കളുമായി. അധികം താമസിക്കാതെ മേധസംഘത്തിന് കിട്ടി വൻ 'തേപ്പ്'.

പൊന്നാടയണിയിച്ചവർക്ക് ഇപ്പോഴാണ് മനസ്സിലായത് അവർക്ക് വേണ്ട ഔഷധം ഈ ഇനത്തിൽ ഇല്ലാ എന്ന് – പിന്നെ വെട്ടിനിരത്തുക തന്നെ.

> *"Why this Kolaveri"*
> *"എന്നെ കൊല്ലരുത്*
> *നിങ്ങൾക്കു വേണ്ട ഔഷധം എന്നിലില്ല"*
> *– സംസ്ഥാന വനംവകുപ്പ് 1987 –*

### ⦿ പഞ്ചിംഗ് സ്ഥിരമായി കേടാവുന്നു എന്ന് പരാതി...

ഒരിടത്ത് പഞ്ചിംഗ് കേടാവുന്നു. മറ്റൊരിടത്ത് തമ്പുമില്ല ഇമ്പ്രഷനുമില്ല. ഡെപ്യൂട്ടേഷൻ മാഡം ഇടതും വലതും കൈകൾക്കൊണ്ട് മത്സരിച്ച് ഒപ്പിടുമ്പോൾ എന്തിന് പഞ്ചിംഗ്?

മറ്റേടത്ത് ഭരണ ഏമ്മാന്മാരുടെ തമ്പിലെ ഇമ്പ്രഷൻ മിഷ്യനിൽ പതിയാത്തവയാണെന്നതിനാൽ മിഷ്യന് പ്രവേശനമില്ലെന്ന്.

> *"കള്ളന് കഞ്ഞിവെച്ചവർക്ക് ചൂട്ട് പിടിക്കുന്ന കാലം".*

### ⦿ മന്ത്രിയാഫീസുകളിലെ സീൽകണ്ട് പൊറുതിമുട്ടിയത്രെ...

ഒണക്കാലമായതോടെ പരസ്യ ഉറവയായ സി-ഡിറ്റിലേയ്ക്ക് പരസ്യ മാഫിയകളുടെ കൂത്തരങ്ങായി. ഓരോ മന്ത്രിയാഫീസിലെയും സീല് പതിച്ച് വരുന്ന പരസ്യ തുകകൾ കൊടുത്ത് മുടിയുന്ന സ്ഥിതിയാണെന്ന് ഉദ്യോഗസ്ഥരുടെ ഗദ്ഗദം.

> *" കുലം നശിച്ചാലും വേണ്ടില്ല*
> *മേൽവിലാസം പോകാതിരുന്നാൽ മതി"*

### ⦿ കഥ പറയുന്ന 'കുപ്പിയും പാലും'

കൈതകൂട്ടം റോഡിലെ 'ചായ കഥകൾ' പലത്. മറ്റൊന്നും ചെയ്തില്ലെങ്കിലും സഹജീവികൾക്ക് സമയാസമയം ചായ കൊടുക്കുന്ന കാര്യത്തിൽ സീനിയേഴ്സിന്റെ സീനിയറായ AM (Tea & Snacks) വളരെ ശുഷ്കാന്തിയിലാണ് പോലും,

'പോത്തീസ്' തേയില ഉപയോഗിച്ചുള്ള ചായ, രുചിയിലും ഗിഫ്റ്റ് കൂപ്പണിലും കേമമാണെന്ന്.

അവിടുത്തെ പാലിൻ ഗുണം പലതാണ് പോലും…ചായയിലും ചേർക്കാം അന്തിയോളം പണിയെടുത്ത് മടങ്ങുമ്പോൾ ബസ് യാത്രയ്ക്കിടയിൽ കുപ്പിപ്പാലായി സേവിക്കുകയും ചെയ്യാം.

നിപ്പിളിട്ട പാൽ കുപ്പികൾ വേണമെന്ന കുറിപ്പ് Sr M പർച്ചേസിന് കൊടുത്തു എന്നാണ് കേൾവി...

*'ആരോഗ്യകേരളം സുന്ദരകേരളം'*

### ⊙ ജയരാജഗുരുക്കളും ശ്രീകണ്ഠേശ്വരരും കൊമ്പ്കോർത്തു.

ഗോർക്കി കൊട്ടാരത്തിൽ പൊളിച്ചടുക്കലിനും കുടിയൊഴിപ്പിക്കലിനും ശേഷം നാടുവാഴികൾ പരിശോധനയ്ക്കായി എത്തിപോലും. പടതലവനും അടിതട ആശാനും കൂട്ടത്തിൽ ചില ശിങ്കിടികളും കൂടി വട്ടമേശക്കു ചുറ്റും ചർച്ച തുടങ്ങി. എല്ലാം പിടിച്ചടുക്കിയ അഹങ്കാരത്തിന്റെ ജയവിളിയുമായി രാജൻ ഗുരുക്കൾ അറഞ്ഞുതുള്ളിയെന്നും സീനിയറായ ശ്രീകണ്ഠര് സ്വയസിദ്ധമായ ശൈലിയിൽ മൂട് ഇളക്കി മലർത്തിയടിച്ചുവത്രെ.

രാഷ്ട്രീയകരിയാപ്പിലയാക്കിതിന്റെ ദേഷ്യം കണ്ഠരര് കണക്കിന് തീർത്തുവെന്നാണ് കേട്ടത്.

വളഞ്ഞിരുന്നവരിൽ ചിലർ വായും കണ്ണും ചെവിയും പൊത്തി 'ശിവ' 'ശിവ' എന്നരുളി പുറത്തുചാടി ഓടിയെന്ന്.

*''കൊടുത്താൽ കൊല്ലത്തും കിട്ടും''*

### ⊙ വഞ്ചിയൂർ പ്രദേശത്ത് ഭയങ്കര എലി ശല്യം!!!

കട്ടിംഗ് പേപ്പർ കട്ട് തിന്നുന്ന എലികളെ പിടിക്കാൻ മുന്തിയ ഇനം പൂച്ചകൾ ഇറങ്ങിയത്രെ… എലിക്കൂട്ടത്തെ കൂട്ടിലാക്കാൻ കരിം പൂച്ചകൾക്ക് പുറമെ എലിപ്പിടിത്തക്കാരെയും സ്ഥാപിച്ചുകഴിഞ്ഞു എന്ന്….

വിൽക്കുന്ന കട്ടിംഗ് പേപ്പറുകൾ കണക്കിൽ കാണുന്നില്ലെന്ന ജനങ്ങളുടെ വ്യാപകമായ പരാതിയെ തുടർന്നാണ് കോർപ്പറേഷൻ കടുത്ത നടപടിയിലേയ്ക്ക് നീങ്ങിയതെന്ന്!!!

*''എലിപ്പത്തായം''*
*-അടൂർ ഗോപാലകൃഷ്ണൻ-*

### ⊙ വെട്ടിനിരത്തിലിനുശേഷം വഞ്ചിയൂർ ആപ്പീസിൽ ചുമതലയേറ്റ പുത്തൻ മേധാവി കാര്യങ്ങൾ കൺകുളിർക്കെ കണ്ടുമനസ്സിലാക്കി അരുളിയത്രെ.

ഈ ആപ്പീസിലെ ചൊവ്വാദോഷം കണ്ടുപിടിച്ചുവെന്ന്...

മുൻമേധാവി എല്ലാം കയ്യടക്കിവച്ചിരിക്കുകയായിരുന്നു. ഒന്നും അദ്ദേഹം അറിയാതെ നടന്നിരുന്നില്ല. അതാണീ ദോഷങ്ങൾക്കെല്ലാം മൂലകാരണം. പക്ഷെ ഞാൻ അത്തരക്കാരനല്ല. എല്ലാവരും സ്വന്തം കാലിൽ നിൽക്കണം, കാര്യങ്ങൾ ചെയ്യണം. എന്നെ ഒന്നിനും ബുദ്ധിമുട്ടിക്കരുത്.

ആഴ്ച ഒന്നു കഴിഞ്ഞില്ല. സി.ഇ.പി. ഫലം പുറത്തുവന്നു. ഫലം എട്ടുനിലയിൽ ചീറ്റി. സംഗതി വഷളായതോടെ ഫലം വെബ്സൈറ്റിൽ നിന്നും രായ്ക്കു രാമാനം പിൻവലിച്ചു തലയൂരി. ഇതെല്ലാം കഴിഞ്ഞപ്പോൾ പുത്തൻമേധാവി ഇങ്ങനെ പ്രതികരിച്ചത്രെ.

'ഞാൻ ഇതൊന്നും അറിഞ്ഞതേയില്ല. ഞാൻ അറിഞ്ഞിരുന്നെങ്കിൽ ഇങ്ങനെയൊന്നും നടക്കുമായിരുന്നില്ല. എനിക്കീ രക്തത്തിൽ പങ്കില്ല'.

വീട്ടിൽ കിടന്നുറങ്ങി ആപ്പീസ് ഭരിക്കുന്ന ഈ മേധാവിയുടെ പ്രതികരണം കേട്ടപ്പോൾ അദ്ദേഹത്തെ മുൻപരിചയം ഇല്ലാത്ത പാവം ജീവനക്കാർ ഞെട്ടിപോയെന്നു വാർത്ത.

*''തൊട്ടതെല്ലാം പൊന്നാക്കും''*

### ⊙ നേതാവിന്റെ മകന് വി.വി.ഐ.പി. പരിഗണന.

ഓഫീസിൽ വരികേ വേണ്ട. ഇനി ആ വഴിക്കെങ്ങാനും പോകുമ്പോൾ ഒന്നു കയറിയാൽ തന്നെ ഉടുമുണ്ട് ഉടയാതിരിക്കുവാനായി ഇരിക്കുകപോലും വേണ്ട. അണ്ണനും കൂട്ടരും എഴുന്നേറ്റ് നിന്ന് വണങ്ങിക്കൊള്ളും. 'ഹായ്' പറഞ്ഞു പോകാം. മിഷനുകൾ നന്നാക്കാനുണ്ടെങ്കിൽ അദ്ദേഹത്തെ ഫോണിൽ അറിയിച്ചാൽ മതി, ഉടൻ 'വിവര'മുള്ളവർ പറന്നെത്തി റെഡിയാക്കി കാശുവാങ്ങി മറയും. പക്ഷെ അറ്റൻഡൻസ് സ്റ്റേറ്റ്മെന്റിൽ ഫുൾ പ്രസന്റ്. അതൊക്കെ ചെയ്യാൻ കാശു കൊടുത്തു യൂണിഫോമിൽ ആളെ നിർത്തിയിട്ടുണ്ടെടേ… അവർക്കും പണിവേണ്ടേ.

രാപകലില്ലാതെ പണിയെടുക്കുന്ന പാവം ത്രികാലദോഷികളായ മറ്റു ജീവനക്കാർ അവധി ദിവസങ്ങളിൽ വന്നില്ലെങ്കിൽ പോലും പുത്തൻ മേധാവി മെമ്മോ സമ്മാനിക്കും.

ജനിക്കുകയാണെങ്കിൽ നേതാവിന്റെ മകനായി ജനിക്കണം. എന്നിട്ടു കോടതി നടയിലെ ആപ്പീസ്സിൽ തന്നെ 'പണി' എടുക്കണം.

*"വേണ്ടുവോളം തിമിർക്കുനീ*
*അല്പമീ വേള"*

### ⊙ 'പണി'കിട്ടിയ ഡെപ്യൂട്ടിയുടെ പണികണ്ടു തരളിതനായെന്ന്...

സീനിയർ ക്യാമറമാനായി 20 വർഷങ്ങൾക്കുമുമ്പ് സി-ഡിറ്റിൽ വന്ന ദേശീയ പുരസ്കാരിയായ ഡെപ്യൂട്ടിയ്ക്ക് കിട്ടിയ റിസ്ട്രക്ചറിംഗ് പണി ഏറ്റോ എന്ന് നേരിട്ട് മനസ്സിലാക്കാൻ ചില ഷ്യൂട്ടിംഗ് ലോക്കേഷനിൽ പുതിയ രജിസ്ട്രാർ പോയെന്നും അദ്ദേഹത്തിന്റെ ഡെഡിക്കേറ്റഡ് മൂവ്മെന്റുകൾ കണ്ട് തരളിതനായി പോയത്രെ…

ശിഷ്യഗണങ്ങളുടെ മക്കളുമാർ ചെയ്തുവരുന്ന ജോലി ഉത്തരവിറക്കി അദ്ദേഹത്തെകൊണ്ട് ചെയ്യിപ്പിച്ചിട്ട് അഭിമാനംകൊള്ളുകയാണ്പോലും.

*''കലികാലത്തെ അവതാരങ്ങൾ''*

### ⊙ വിധ്വംസക പ്രവർത്തനങ്ങൾക്ക് മാതൃക!!!

സി-ഡിറ്റ് ചിലവിൽ ഒരു വിദ്വാന്റെ വിധ്വംസക പ്രവർത്തനങ്ങൾ പൊടി പൊടിക്കുന്നു. പുറമെ ശാന്തമെന്നു കരുതാമെങ്കിലും തുരപ്പൻ പണി ഉഷാറാണത്രെ –

മറ്റ് പണിയൊന്നുമില്ലാത്തതിനാൽ നാട്ടിലെ സകല അട്ടിമറി പണികൾക്കും ചുക്കാൻ പിടിച്ച് അഭിമാനം കൊള്ളുകയാണ് പോലും…

ഈ മാന്യന്റെ ഇത്തരം കഴിവുകൾ സി-ഡിറ്റ് അധികാരികൾ ശരിക്കും പ്രയോജനപ്പെടുത്തുന്നില്ലെന്ന പരാതിയുണ്ടത്രെ.

ഇടയ്ക്കിടെ വെളിപാട് വരുന്നതുപ്പോലുള്ള കച്ചേരികൾ ഒഴിവാക്കുന്നതിന് സെക്യൂരിറ്റി ഓഫീസറായ ഇദ്ദേഹത്തെ സർക്കാർവക വിധ്വംസക കേന്ദ്രം സ്ഥാപിച്ച് ഡയറക്ടറാക്കാൻ ശ്രമിക്കുന്നുണ്ടെന്നും വാർത്ത.

*''അല്പന് ആസനത്തിൽ*
*ആല് കിളിർത്താലും തണലാകും''*

### ⊙ കണ്ണൂർ തിയറ്ററുകളിൽ നിന്നും യന്തിരനും ചിട്ടിയും ഇനിയും മാറിയിട്ടില്ലെന്ന്..

കുറേ യന്ത്ര മനുഷ്യന്മാരെ സഷ്ടിക്കുന്നതിനുള്ള റീസ്ട്രക്ച്ചറിംഗ് ഗവേഷണത്തിലെ തുടക്കകാരായ ചില യന്ത്രങ്ങൾ വരുന്നതിനു മുമ്പ് തന്നെ യന്ത്രമനുഷ്യന്മാരെ പ്രബന്ധങ്ങളാക്കി പലയിടത്തും സമർപ്പിച്ചു. ഗവേഷണത്തിനെ ആധാരമാക്കി നിർമ്മിച്ച സിനിമാ സ്കോപ്പ് ചിത്രമായ യന്തിരനും ചിട്ടിയുമെല്ലാം തീയറ്ററുകളിൽ നിന്നും മാറുന്നില്ലെന്ന് ജനസംസാരം.

*"ആദ്യ റീൽ തീരും മുമ്പേ പൊട്ടിയ പടത്തിന്റെ*
*അവസാന റീലിനായി കാത്തിരിപ്പു കൺമണി"*

## ⊙ ഓഫീസറന്മാരുടെ വടംവലി.. സൈബർശ്രീകൾ വലയുന്നു!!!

പാവം പട്ടികജാതിക്കാരെ ഐ.ടി. ഉന്നതങ്ങളിൽ എത്തിക്കാൻ ഓഫീസറന്മാർ തമ്മിൽ കടുത്ത മത്സരമാണു പോലും...

പിടിച്ചെടുക്കൽ യുദ്ധം മൂർച്ചിച്ചിരിക്കെ സൈബർശ്രീകൾക്ക് വെള്ളവും വെളിച്ചവും ആഹാരവുമൊന്നും കിട്ടാതെ കുന്നിൻപുറത്തും നഗരങ്ങളിലുമായി വലഞ്ഞ് അലയുകയാണെന്ന്. ചില പുതിയ 'ശ്രീ'മ്മാരുടെ വരവോടെ പാവം പിള്ളാർക്കും പണികിട്ടിയെന്നും ഏമ്മാന്മാരുടെ മുന്നിൽ അടിയാന്മാരായി നിൽക്കേണ്ട ഗതികേടിലാണത്രെ..

കുശുമ്പും അസൂയയും മൂത്ത മാടമ്പിമാർ എല്ലാം തകർത്ത് കീഴടക്കുന്ന കൂട്ടത്തിൽ പാവം 'ശ്രീ' കളെയും വിട്ടില്ലെന്ന്

-രാമൻ വാണാലും
രാവണൻ വാണാലും
കോരന് കഞ്ഞി കുമ്പിളിൽ തന്നെ-

## ⊙ യൂണിവേഴ്സിറ്റികളിൽ നിന്നും ഉദ്യോഗസ്ഥ സംഘം സി-ഡിറ്റിലേയ്ക്ക്...

ഈയിടെ സി.ഇ.പി. ഫലം പ്രസിദ്ധീകരിച്ച സി-ഡിറ്റിനെ പരിചയപ്പെടാനായി ഒരു കൂട്ടം അന്യ സംസ്ഥാന യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥർ എത്തുന്നതായി വാർത്ത.

പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിക്കാനുള്ള പുതു പുത്തൻ കിടിലം സോഫ്റ്റ് വെയർ വികസിപ്പിച്ചതിനെ കുറിച്ച് അറിയാനാണുപോലും വരുന്നത്. മാനുവലായി തിരിമിറ നടത്തി പലവട്ടം പിടിക്കപ്പെട്ട ഉദ്യോഗസ്ഥ സംഘത്തിന് ഇതിനായി സി-ഡിറ്റ് വികസിപ്പിച്ച "ഭരത്ഹരിചന്ദ്ര" എന്ന സോഫ്റ്റ് വെയർ വാങ്ങാനുള്ള ലക്ഷ്യവുമുണ്ടത്രെ.

പരീക്ഷ എഴുതാത്തവർക്ക് റാങ്കും ജയിച്ചവരെ തോൽപ്പിക്കാനും ഇഷ്ടംപോലെ മാർക്കുകൾ കൂട്ടാനും കുറയ്ക്കാനുമെല്ലാം ഓപ്ഷൻസുള്ള സോഫ്റ്റ് വെയറിൽ ശത്രുതയുള്ളവരുടെ നമ്പറിന്റെ ഫലം അറിയാൻ Enter Key അമർത്തിയാൽ സ്ക്രീനിൽ ഒന്നും തെളിയാത്തതും ഫലങ്ങൾ ഉടൻ അപ്രത്യക്ഷമാകുന്നതുമായ പ്രത്യേകതയുമാണ് ഇവരെ ആകർഷിച്ചത് എന്നാണ് കേൾവി.

*"അറിയാത്ത പിള്ളയ്ക്ക്*
*ചൊറിയുമ്പോൾ അറിയും!!!"*

## ⊙ ട്രെയിനികൾക്ക് സുവർണാവസരം... -പരസ്യം-

പരിശീലനങ്ങൾക്ക് പണ്ടേ പേര് കേട്ട ശാസ്ത്ര ഗവേഷണ സ്ഥാപനമായ സി-ഡിറ്റിൽ പലയിനം ട്രെയിനിംഗ് നൽകുന്നു. CA, PA, OA, Dr, Hr, PPA, Sr എന്നിവയ്ക്കു പുറമെ മൈക്ക് അനൗൺസ്മെന്റ് മുതൽ പുല്ലുവെട്ടിനുവരെ ട്രെയിനിംഗ് നൽകുന്നതാണ്.

പരിശീലനകാലയളവിൽ CSIR Scale നു തുല്യമായ ശമ്പളം ലഭിക്കുന്നതാണ്.

യോഗ്യത : പ്രത്യേകിച്ച് നിർബന്ധമില്ല, വെബ്സൈറ്റ് നോക്കാനറിഞ്ഞിരിക്കണം.

മുൻപരിചയം : KPCC, DCC, മന്ത്രി ഓഫീസുകൾ എന്നിവിടങ്ങളിൽ വച്ച് പരിചയപ്പെട്ടവരോ അവരുടെ ബന്ധുക്കളോ ആയിരിക്കണം.

മുൻഗണന : വനിതകൾക്കും, രക്ത ബന്ധുക്കൾക്കും

ഹാജരാക്കേണ്ട രേഖകൾ : C-DIT INTUC ഭാരവാഹികൾ മന്ത്രി ഓഫീസ്, പാർട്ടി ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച കത്തിന്റെ പകർപ്പ്.




കാലാവധി : 0 വയസ്സ് അല്ലെങ്കിൽപരിശീലനം തീരുന്ന സമയം. ഇതിൽ ഏതാണോ ആദ്യം കഴിയുന്നത് അതുവരെ.

പ്രായം : 200 നു മുൻമ്പ് ജനിച്ചവരായിരിക്കണം.

അപേക്ഷ അയക്കേണ്ട വിലാസം : ഡയറക്ടർ/രജിസ്ട്രാർ/AM (INTUC) (designated)/ DDP

അവസാന തീയതി : സർക്കാരിന്റെ കാലാവധി തീരുന്നതുവരെ

-ശുഭം-

### പുനഃസംഘടന പുലികൾ മാളത്തിൽ കയറി...

ഓണമായിട്ട് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ കാശില്ലാതെ വന്നപ്പോൾ കൂടിയ പുലികളെല്ലാം ഒളിവിൽപ്പോയത്രെ...

പിടിച്ചു നിൽക്കാൻ ടീം ലീഡറന്മാരായിരുന്ന എലികളെ രംഗത്തിറക്കിയെന്നും അതിൽ ചിലർ സഹായിച്ചതിനാലാണുപോലും കേട് പാടില്ലാതെ രക്ഷപ്പെട്ടത് എന്നും സംസാരം.

AC Room ൽ ഇരുന്ന് ഗമണ്ടൻ വാചകമടിച്ചാൽ കാശുവരില്ല – ഉത്തരവുകൾ ഇറക്കി അധികാരം പിടിച്ചെടുത്താൽ കാശ് വരില്ല. മറ്റുള്ളവരെ സ്ഥാനഭ്രഷ്ടരാക്കി അവിടെ കയറിയിരുന്നാൽ കാശ് വരില്ല സാറന്മാരെ!!!


*കാശ് വരണമെങ്കിൽ പണി അറിയാവുന്നവർ ചെയ്യണം*
*-ഗുണപാഠം-*

വിശേഷങ്ങളുടെ ബാഹുല്യവും കുഞ്ഞ്മറവിയും ലേശം പരിമിതി നിർബന്ധിക്കുന്നുണ്ട്. എങ്കിലും പങ്കുവയ്ക്കാൻ കഴിഞ്ഞവയിലുള്ള പരിഭവങ്ങളും ആക്രമണങ്ങളും പ്രതീക്ഷിക്കുന്നു.

നിങ്ങളുടെ സ്വന്തം
പാമരൻ


Hykon®
Powering the Nation
Power failure..? No problem...!
SINE PLUS HOME UPS
TUBULAR BATTERY
SOLAR WATER HEATER
ONLINE UPS
ISO 9001: 2008
HYKON SOLAR
HYKON INDIA (P) Ltd.
Vydhuthi Bhavan Road, Pattom, Thiruvananthapuram. PH: 0471 2440820, 2556776
HO : HYKON HOUSE ,TRICHUR, KERALA - 680001, PH: 0487 2444163, 2444183
mail : tvm@hykonindia.com web : www.hykonindia.com


Symbol of
Quality & Service
Specialised in complete LED Solar Solution for Home & Office
zion
LED LIGHTINGS & SOLAR
2/23(V),Near Ulloor Bridge,Kesavadasapuram,Pattom.P.O Trivandrum-695004
Ph:0471-600 6661,+91 9562517809, +91 9388171234


4th Dimension
giving future a new shape...
Fourth Dimension
First Floor 14/2179, Kalluvilakom ,Purayidom,
Opposite Power Health Club, Jubilee Hospital Lane
Palayam , University PO
Trivandrum ,695034
Fourth Dimension is a unique initiative brought up by a group of young and enthusiastic engineers with experience and the love for engineering. Our mission is to assist the thousands of students ,who have chosen engineering as their career to become a perfect engineer,who can contribute towards a better future of the country and serve the society with their ingenious knowledge .
Coaching for B-Tech subjects for all branches by Exerienced and Expert faculties
Improve your understanding and marks
Placement Trainning
Get Ready for the Industry
With our placement trainning ,
Soft Skill development program
Mock Inteview Group discussion
Special Courses for C/C++ , MATLAB , Embeded Systems , JAVA ,
Web Devlopment , Android application development , Engineering Drawing
Project guidence for all B-Tech Projects & M-Tech Projects
Guidence for Technical Paper Publication R&D Projects
Complete Assistance for Ph.D Candidate in Literature Survey , Research Experiments Paper Publication and Thesis Writing
www.fourthdimension.in
Email : info@fourthdimension.org.in
Phone : 09787340868



മഴ പ്രകൃതിയുടെ സുകൃതം
കരുതാം നാളേയ്ക്കായ്
മഴവെള്ളം സംഭരിക്കൂ...
ജലസമൃദ്ധി നേടൂ...
CLEAN WATER . CLEAN LIFE
ജലശ്രീ
WATER FOR ALL ALWAYS
സി.സി.ഡി.യൂ | ജലവിഭവ വകുപ്പ് | കേരള സർക്കാർ

impressario
ad

***1 more color page advertisement will be mailed***